കലാകൗമുദി

ഒക്ടോബർ 27, 1985 വില: 2 രൂപ

528

കാഫ്കയുടെ ലോകംപോലെ 6
സ്റ്റാഫ് ലേഖകൻ

വിക്ടോർ യൂഗോയെപ്പററി ഒരു ഫീച്ചർ:

1. യൂഗോയുടെ ഒരു കവിത 8
പരിഭാഷ:
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ

2. യൂഗോയുടെ ജീവചരിത്ര—ക്കുറിപ്പ് 10
ശ്രീ. മുച്ചിക്കൽ പത്മനാഭൻ

3. ഒരു സ്നേഹദൂതന്റെ കാവ്യജീവിതം
ശ്രീ. ഇ. വി. ശ്രീധരൻ

സാഹിത്യവാരഫലം 46
ശ്രീ. എം. കൃഷ്ണൻനായർ

ആത്മകഥ 44
ശ്രീ. കെ. സുരേന്ദ്രൻ

തലച്ചോറും മനസ്സും ശാസ്ത്രവും 12
ശ്രീ. ജയകൃഷ്ണൻ

ഡോ. ബാലമുരളീകൃഷ്ണയുമായി ഇൻറർവ്യൂ 16
ശ്രീ. നെയ്യാററിൻകര വാസുദേവൻ

കമ്പസാരമറിയാത്തവർക്കായി ഒരു പാതിരാ കർബാന 18
ശ്രീ. സുന്ദരം ശ്രീ. സദാശിവനും

കവിത

ഒരു കുടിയാട്ടത്തിന്റെ കഥ 20
ശ്രീ. എം. ഗോവിന്ദൻ

ലേഖനം

ഒരു മൂന്നാംലോക ആധുനികതയ്ക്കുവേണ്ടി 22
ശ്രീ. സച്ചിദാനന്ദൻ

പറക്കും തവള 24
ശ്രീ. കെ. രാജേന്ദ്രബാബു

പരീക്ഷാവിജയവും പള്ളിക്കൂടങ്ങളും 41
ഡോ. ബാലകൃഷ്ണ കരുണാകരൻ നായർ

കഥ

പിന്നിലായിപ്പോകുന്നവർ 25
ശ്രീമതി പി. ആർ. ശ്യാമള

നോവലെററ്

നിമജ്ജനം 32
ശ്രീ. മഞ്ചേരി ഈശ്വരൻ

നോവൽ

നമുക്ക് ഗ്രാമങ്ങളിൽ ചെന്ന് രാപാർക്കാം 29
ശ്രീ. കെ. കെ. സുധാകരൻ

സ്വന്തമാപിനികളേ, നന്ദി! 36
ശ്രീ. സി. രാധാകൃഷ്ണൻ

മീഡിയ 15
ശ്രീ. കെ. ഗോവിന്ദൻകുട്ടി

കത്തുകൾ 4

എഡിറേറാറിയൽ 5

മുഖചിത്രം

ഡിസൈൻ:
ശ്രീ. എൻ. ശങ്കരൻകുട്ടി

Editor:
M.S. Mani

Assistant Editors:
S. Jayachandran Nair
N.R.S. Babu

Chief Sub-Editors:
Kallikkadu Ramachandran
E.V. Sreedharan

Sub-Editors:
Kusuma kumari
Prasad Lekshmanan
S. Ashok Kumar

Special Correspondents:
P. Faziluddin
P.K. Sreenivasan
P.K. Kunhanandan Nair
P.J. Mathew

Correspondents:
K. Velappan
E.M. Ashraf
S. Sundar Das
K.K. Sreedevi

Artist:
Namboothiri

Photographer;
N. Sankaran Kutty

Production Supervisor:
N.V. Rajagopal

Advertisement Manager;
V. Salim Kumar

Circulation Manager;
K. Sreekumar

Printer & Publisher; M.S. Sreenivasan

Printed at Kala Kaumudi Press, Trivandrum.

Postal Address:
Kala Kaumudi Group of Publications,
Kaumudi Buildings, Pettah,
Trivandrum 695 024.

'മാന്യനായ നഹാസാഹിബ്''

സെപ്റ്റംബർ 29-ലെ കലാകൗമുദി - എഡിറേറാറിയൽ ''മാന്യനായ നഹാസാഹിബ്'' എനിക്കു വളരെ ഇഷ്ടപ്പെട്ടു. മനസ്സിൽ പല കാലമായി കിടന്നു് തിളച്ചിരുന്ന ഒരു പ്രമേയം. ഏററവും മാന്യമായ രീതിയിൽ കലാകൗമുദി പ്രകടിപ്പിച്ചിരിക്കുന്നു!

ഭീമമായ തുക റോഡ് നികുതിയായും, വാഹന നികുതിയായും വാങ്ങുന്ന സർക്കാരിനു് റോഡുകൾ സഞ്ചാരയോഗ്യമായി വയ്ക്കേണ്ട ചുമതലയും ഉണ്ടാകണമല്ലോ? കുറച്ചു ദിവസങ്ങൾക്കു മുമ്പ് കെ. ആർ. ഗൗരിയമ്മയുടേതായ ഒരഭിപ്രായം പത്രങ്ങളിൽ വായിക്കാനിടയായി. റോഡ് നന്നാക്കിയിടാൻ കൂട്ടാക്കാത്ത സർക്കാരിനു് വാഹന നികുതി കൊടുക്കത്തെന്നായിരുന്നു ഉള്ളടക്കം. കേരളത്തിലെ വാഹന ഉടമകൾ സംഘടിതമായി ഈ ആവശ്യം സർക്കാരിനെ അറിയിക്കുവാനും അനന്തര നടപടികൾ കൈക്കൊള്ളുവാനും മുന്നോട്ടു വരുമോ? പാർട്ടി പരിഗണനകൾ കൂടാതെ ഇതിനു് ആരെങ്കിലും മുൻകൈ എടുത്തു് സംഘടിപ്പിച്ചിരുന്നെങ്കിൽ എന്നു് ആശിച്ചുപോകുന്നു. ഇരുത്തംവന്ന ഒരു നേതാവിന്റെ നിലയിൽ ഗൗരിയമ്മതന്നെ ഇതിന്റെ നേതൃത്വം ഏറ്റെടുക്കുമോ?

എല്ലാ മാസ ഒന്നാം തീയതിയും മൈലുകൾ താണ്ടി ഗുരുവായൂരെത്തുന്ന മുഖ്യമന്ത്രി റോഡിൽക്കൂടിയല്ലേ യാത്ര ചെയ്യുന്നതു്?

ഏതായാലും നഹാസാഹിബ് പൊതുജനങ്ങളോട് കരുണ കാണിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

പി. ജയപ്രകാശ്,
ബാംഗ്ളൂർ.

ചങ്ങമ്പുഴ പുരസ്കാരം

മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെപേരിൽ മലയാള കവിതയ്ക്കു് ഒരു വാർഷിക പുരസ്കാരം ഏർപ്പെടുത്താൻ ധനശേഖരം നടത്തിവരികയാണു്. ചങ്ങമ്പുഴയുടെ സുഹൃത്തുക്കളും സഹപാഠികളും ആരാധകരും ഉൾപ്പെടെ പലരും ഇതിനകം സംഭാവന എത്തിച്ചുതന്നിട്ടുണ്ടു്; പലരുടെയും വാഗ്ദാനങ്ങൾ കിട്ടിയിട്ടുമുണ്ടു്. ഉദാരമായ സംഭാവന അയച്ചുതന്നു് ഈ സദുദ്യമത്തെ വിജയിപ്പിക്കണമെന്നു് സഹൃദയരായ കേരളീയരോടു് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ചുരുങ്ങിയതു് ആയിരം രൂപ വാർഷിക പുരസ്കാരമായി നല്കാനാണുദ്ദേശിക്കുന്നതു്. ഈ പരിപാടി നടപ്പാക്കാൻ ഒരു ട്രസ്റ്റ് ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ടു്. ഒന്നാമത്തെ ചങ്ങമ്പുഴ പുരസ്കാരം 1986 ഒക്ടോബറിൽ നല്കുവാനാണുദ്ദേശ്യം.

ഇതിലേക്കുള്ള സംഭാവനകൾ ''സുകുമാർൻ പൊറെറക്കാട്ട്, കലൂർ, കൊച്ചിൻ 17'' എന്ന വിലാസത്തിൽ ഉടനെ അയച്ചുതരുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

എം. പി. അപ്പൻ
ഒ. എൻ. വി. കുറുപ്പ്
ജി. കുമാരപിള്ള
പെരുന്ന കെ.എൻ. നായർ
അക്കിത്തം
പി. ഭാസ്കരൻ
സി. കൃഷ്ണൻനായർ
മുടാടി ദാമോദരൻ
സുകുമാരൻ പൊറെറക്കാട്ട്
(കൺവീനർ)

ഇനി നമുക്കു് നിഷേധി— കളാവാം

'ഇനി നമുക്കു് സത്യങ്ങൾ കാണാം.' ലേഖനം വായിച്ചു. മഹാരാജാസ്കോളേജ് മാഗസിൻ പ്രസിദ്ധീകരണം തടഞ്ഞുവച്ച പ്രശ്നം ഒരൊററപ്പെട്ട സംഭവമല്ല.

കണ്ടുതീരുംമുമ്പ് കണ്ണു തുറന്നെടുക്കാൻ, ചിന്തിക്കുംമുമ്പേ തലച്ചോർ തല്ലിച്ചതയ്ക്കാൻ, തുലികയെടുക്കുംമുമ്പേ കൈവിലങ്ങിടാൻ, ഒരുമ്പെട്ടിറങ്ങിയിരിക്കുന്ന ഇരുട്ടിന്റെ ശക്തികളാണു ചുററും.

അല്ലുട്ടരെ എന്തു പേരിട്ടാണു വിളിക്കേണ്ടതു്?

എല്ലാ മേഖലകളിലുമുള്ള അടിമകളുടെ ഐക്യമാണു് വേണ്ടതു്. ചങ്ങലക്കെട്ടുകളെ ഐക്യത്തിന്റെ ചങ്ങലക്കെട്ടുകൊണ്ടു് തകർക്കുക. അതേ കരണീയമായുള്ളൂ ഇനി. ഇവിടെ നിഷേധികളാവാൻ കഴിഞ്ഞാൽ നമുക്കിനിയും പലതും നഷ്ടമായേക്കും. അതുകൊണ്ടു് കൂട്ടരെ, ഇനി നമുക്കു് നിഷേധികളാവാം.

ടി. ഹാരിസ്.
മലപ്പുറം,

'രീതി'യെപ്പററി

524-ാം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ എൻ.ഇ. ബാലറാമിന്റെ 'രീതി' എന്ന ലേഖനം വായിച്ചു. സംസ്കൃത സൗന്ദര്യ ശാസ്ത്രത്തിലെ പ്രമുഖ സമ്പ്രദായങ്ങളിലൊന്നാണല്ലോ രീതി. പ്രസ്തുത ലേഖനത്തിൽ ''ടിപ്പിക്കലായ പ്രതിഭാസം അനാവരണം ചെയ്യുന്ന കലയുടെ കാതലായ വശമാണു് രീതി'' എന്നു് ബാലറാം നിർവ്വചിച്ചിരിക്കുന്നു.

എന്നാൽ ശിംഗഭൂപാലനെപ്പോലുള്ളവർ പറഞ്ഞതു് ''പദവിന്യാസഭംഗിയാണു് രീതി'' എന്നാണല്ലോ. ശിംഗഭൂപാലന്റെ ഈ നിഗമനം തെററാണെന്നു തെളിയിക്കാൻ ബാലറാം വാമനന്റെ അഭിപ്രായങ്ങളും സമന്വയിപ്പിച്ചിട്ടുണ്ടു്. എ. ആർ. രാജരാജവർമ്മ രീതി എന്ന പ്രബന്ധത്തിൽ രീതിയെ നിർവ്വചിച്ചിരിക്കുന്നതു് ഇങ്ങനെയാണു്: ''പദങ്ങളെ ചേർക്കുന്ന മാതിരി ഭേദംകൊണ്ടു് കൃതികൾക്കു് തരഭേദമുണ്ടാകും. ഇതിനെയാണു് രീതി എന്നു പറയുന്നതു്.'' തത്ത്വികമായി രാജരാജവർമ്മയുടെ അഭിപ്രായവും ശിംഗഭൂപാലന്റെ അഭിപ്രായവും ഒന്നാണല്ലോ. ശിംഗഭൂപാലന്റെ അഭിപ്രായം തെററാണെന്നു് സമർത്ഥിക്കുന്നതുമൂലം എ. ആർ. രാജരാജവർമ്മയുടെ 'രീതി സമീക്ഷ'യും തെററാണെന്നു വരുമോ? ഇതെപ്പററി കൂടുതലറിയാനാഗ്രഹിക്കുന്നു.

മനോജ്, കുമളി.

പവനന്റെ ലേഖനപരമ്പര

പവനൻ എഴുതിയ 'സർക്കാരും സംസ്കാരവും' എന്ന ലേഖനപരമ്പര നന്നായി. സർക്കാരിന്റെ കണ്ണു തുറപ്പിക്കാൻ പാകത്തിൽത്തന്നെയാണു് എഴുത്തു്. പക്ഷേ, ഒരു സംശയം. ഇതെഴുതേണ്ട ആവശ്യം ഇത്രയും കാലം സാഹിത്യ അക്കാദമി എന്ന സക്കാർ ഏജൻസിയുടെ കാര്യദർശിയായിരുന്ന പവനൻതന്നെയാണോ?

പി. പി. മാത്യു,
കോട്ടയം.

II

പവനന്റെ ലേഖന പരമ്പര ഒരത്യാവശ്യംതന്നെ ആയിരുന്നു. സാംസ്കാരികവകുപ്പിലെ അന്തർനാടകങ്ങൾ അവയുടെ ശരിയായ രൂപത്തിലും ഭാവത്തിലും പറയാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇത്തരം തുറന്നെഴുത്തുകൾ നൽകുന്ന സംഭാവന വളരെ വിലപ്പെട്ടതാണു്.

ബഷീർ,
ഇരുമ്പുഴി.

'ശ്രീനാരായണ വിദ്യാലയങ്ങൾ'

525-ാം ലക്കത്തിൽ ഡോ. ബാലകൃഷ്ണ കരുണാകരൻനായർ എഴുതിയ 'ശ്രീനാരായണ വിദ്യാലയങ്ങളെ' കുറിച്ചുള്ള ലേഖനം വായിച്ചു. വളരെയേറെ വസ്തുനിഷ്ഠമായി എഴുതിയ ആ ലേഖനത്തിൽ കടന്നുകൂടിയ ചില തെററുകൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

1. എസ്. എൻ. ജി. എസ്. ഹൈസ്കൂൾ എന്നതു് ശ്രീനാരായണ ഗ്രൂപ്പുസമാജം എന്ന പേരിനെയാണു് സൂചിപ്പിക്കുന്നതു്. ലേഖനത്തിൽ കാണുന്നതുപോലെ എസ്. എൻ. ജി. സംസ്കൃത സ്കൂൾ അല്ല.

2. 1985 മാർച്ചിൽ പരീക്ഷയെഴുതിയവർ ഈ സ്കൂളിലെ ആദ്യത്തെ എസ്. എസ്. എൽ. സി. ബാച്ചാണു്. 114 പേർ എഴുതി; 94 പേർ പാസ്സാവുകയും അതിൽ 16 പേർക്കു് ഫസ്റ്റ്ക്ലാസ് ലഭിക്കുകയും ചെയ്തു. ലേഖനത്തിൽ കണ്ടതുപോലെ 14 പേർക്കു് അല്ല. ഇതുംകൂടെ കണക്കിലെടുത്താൽ എസ്. എൻ. ഹൈസ്കൂളുകളിൽ ഞങ്ങൾ രണ്ടാം സ്ഥാനത്തു വരില്ലേ?

ഹെഡ്മാസ്റ്റർ,
എസ്. എൻ. ജി. എസ്.
ഹൈസ്കൂൾ, കാരമുക്കു്.

എഡിറേറാറിയൽ

എറാൻ മൂളികളാകരുതു്

കേരളസാഹിത്യ അക്കാദമിയുടെ സ്വയം ഭരണ സ്വഭാവവും പ്രവർത്തന സ്വാതന്ത്ര്യവും ഇല്ലാതാക്കാൻ സംസ്ഥാനഗവണ്മെൻറ് ആലോചിച്ചുവരുന്നതായി സാഹിത്യകാരന്മാർ പരാതിപ്പെട്ടിരിക്കുന്നു. അക്കാദമിയിലേക്കു് അംഗങ്ങളെ മുഴുവൻ നോമിനേററുചെയ്യുക, ജനറൽ കൗൺസിലിലേക്കും എക്സിക്യൂട്ടീവ് കമ്മിററിയിലേക്കും പ്രഗല്ഭ സാഹിത്യകാരന്മാരെ തിരഞ്ഞെടുക്കാനുള്ള ജനറൽ കൗൺസിലിന്റെ അധികാരം റദ്ദാക്കുക, അക്കാദമിയുടെ നയപരിപാടികൾ നിശ്ചയിക്കാനുള്ള അധികാരവും ഭിന്നാഭിപ്രായം പ്രകടിപ്പിക്കുന്ന അക്കാദമി അംഗങ്ങളെ പുറത്താക്കാനുള്ള സ്വാതന്ത്ര്യവും ഗവണ്മെൻറിൽ നിക്ഷിപ്തമാക്കുക, ഗവണ്മെൻറിനു് അഹിതമാണെന്നു വ്യാഖ്യാനിക്കപ്പെടാവുന്ന കാര്യങ്ങൾ ചെയ്യുമ്പോൾ അക്കാദമിയെ പിരിച്ചുവിടാനുള്ള അധികാരം ഗവണ്മെൻറിനുണ്ടായിരിക്കുക—അക്കാദമിയുടെ ഭരണഘടനയ്ക്കു് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതികൾ ഇവയാണു്. ഈ ഭേദഗതികൾ നടപ്പാകുന്നതോടെ അക്കാദമി ഗവണ്മെൻറിന്റെ ഒരു വകുപ്പായിത്തീരുമെന്നു് മനസ്സിലാക്കാൻ പാഴൂർ വരെ പോകണമെന്നില്ല.

കഴിഞ്ഞ അനേകം വർഷങ്ങളായി നിലവിലിരിക്കുന്ന അക്കാദമിയുടെ ഭരണഘടന, ഈവിധം പൊളിച്ചെഴുതാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ചിരിക്കുന്ന ചേതോവികാരം ഏതായാലും, സാഹിത്യത്തോടോ സാഹിത്യകാരന്മാരോടോ ഉള്ള സ്നേഹബഹുമാനങ്ങളുടെ ഫലമല്ലായെന്നതു് തീർച്ചയാണു്. മറിച്ചു് ഗവണ്മെൻറിൽ നിന്നും പണം പററി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമല്ലേ—ആ നിലയ്ക്കു് തങ്ങൾ പറയുംപോലെ കാര്യങ്ങൾ നടന്നാൽ മതിയെന്ന ചെററ രാഷ്ട്രീയക്കാരന്റെ പീറത്തരമാണു് ഇതിനു പിന്നിലുള്ളതു്. നക്കാപിച്ച എറിഞ്ഞുകൊടുത്താൽ ഏതു മഹാനായ സാഹിത്യകാരനെയും വിലയ്ക്കുവാങ്ങാമെന്ന ചിന്ത ഭരണാധികാരികളെ ഏതു ധാർഷ്ട്യത്തിനും പ്രേരിപ്പിക്കുമെന്നും കൂടി ഇതു കാണിക്കുന്നു.

കേരളത്തിനു് സമ്പന്നമായൊരു സാഹിത്യ പൈതൃകമുണ്ടു്. അക്കാദമികളോ ഗവണ്മെൻറിന്റെ പേടകണേജോ അല്ല, അത്തരമൊരു പൈതൃകത്തെ വളർത്തിയെടുത്തതു്. പൊററുവീണ മണ്ണിനെ സ്നേഹിക്കുകയും, പറഞ്ഞു വളർന്ന സ്വന്തം ഭാഷയെ പെററമ്മയെപ്പോലെ പൂജിക്കുകയും ചെയ്തവർ ജീവിതം മുഴുവൻ ഹോമിച്ചു് കരുപ്പിടിപ്പിച്ചെടുത്തതാണു് അഭിമാനകരമായ നമ്മുടെ സാഹിത്യസമ്പത്തു്. അവരെ പോററാൻ രാജസദസ്സുകളോ പ്രഭുമന്ദിരങ്ങളോ ഉണ്ടായിരുന്നില്ല. ഉണ്ടും ഉണ്ണാതെയും ഉടുത്തും ഉടുക്കാതെയുമാണു് ഓരോ ഇഷ്ടികയായെടുത്തു വച്ചു്, ഇന്നു കാണുന്ന ഈ മഹാഗോപുരം കെട്ടിപ്പടുത്തതു്. പക്ഷേ, അടുത്തകാലത്തായി ആ പാരമ്പര്യത്തിൽ നിന്നും ആധുനിക തലമുറ വ്യതിചലിച്ചു. ഒരു എം. എ. ഡിഗ്രിയും മാന്യമായ ഏതെങ്കിലും ഒരു തൊഴിലിന്റെ മേൽവിലാസവുമുണ്ടെങ്കിൽ ഉടനെ പേന ഉന്തിത്തുടങ്ങാമെന്ന നില വന്നു. വായിച്ചിട്ടു് മനസ്സിലാകാത്തതും വേണ്ടത്ര ദഹിക്കാത്തതുമായ കാര്യങ്ങൾ അവർ സാഹിത്യമെന്ന പേരിൽ പ്രചരിപ്പിച്ചു. ആധുനികതയുടെ മുട്ടുപടം അണിയിച്ചു് ഭാഷയെ കീറിമുറിച്ചു അവർ, സാഹിത്യത്തെ അങ്ങനെ വികൃതവും വികലവുമാക്കിയപ്പോൾ അവരിൽ നിന്നും അകന്നുപോയതു് ഭാഷയെയും സാഹിത്യത്തെയും സ്നേഹിച്ചിരുന്ന അനുവാചകരായിരുന്നു. സദസ്സില്ലാതെ അരങ്ങത്തെത്തിയ അവരാകട്ടെ അംഗീകാരത്തിനും സ്തുതിവചനങ്ങൾക്കും വേണ്ടി ആശ്രയിച്ചതു് ഗവണ്മെൻറിനെയും അതിനെ ചുററിപ്പററി നില്ക്കുന്ന സേവകപ്പരിഷകളെയുമാണു്. അതോടെ, അധികാരത്തിൽ വരുന്നവരും തെററിദ്ധരിച്ചു. സാഹിത്യകാരന്മാർ വിലയ്ക്കു വാങ്ങാൻ കിട്ടുന്നവരാണെന്നു്. ഏതു ചെളിക്കുണ്ടിലും കാലാഴ്ത്തുന്ന ബ്യൂറോക്രസി അതോടൊപ്പം സാഹിത്യത്തെയും അവരുടെ ഒരു 'ജില്ല'യാക്കി മാററി.

സാഹിത്യകാരന്മാരെ സ്വന്തം തൊഴുത്തിൽ കെട്ടിയിടാനുള്ള കാലിക്കൂട്ടങ്ങളാക്കാനായിരുന്നില്ല അക്കാദമിക്കു് ജവഹർലാൽ നെഹ്രു രൂപം കൊടുത്തതു്. സാഹിത്യത്തിനും സാഹിത്യകാരന്മാർക്കും സ്വതന്ത്രമായി വികസിക്കാനും വളരാനുമുള്ള ഒരു വേദിയായിരുന്നു അദ്ദേഹത്തിന്റെ സങ്കല്പത്തിൽ അക്കാദമി. പക്ഷേ, ആ സങ്കല്പമെല്ലാം ഇന്നു് കാണാമറയത്തായിരിക്കുന്നു. അക്കാദമികൾ ചിലക്കു് അംഗീകാരം കരസ്ഥമാക്കാനുള്ള എണിപ്പടികളോ അധികാരകേന്ദ്രങ്ങളോടു് ഒട്ടിനിൽക്കാനുള്ള തന്ത്രശാലകളോ ആയി തരംതാണിരിക്കുന്നു. അതിന്റെ ഏററവും ഒടുവിലത്തെ ഉദാഹരണമാണു് നിർദ്ദിഷ്ടമായ ഭേദഗതികൾ.

തൃശ്ശൂർ രാമനിലയത്തിലെ ഒന്നാം നമ്പർ മുറിയിലിരുന്നു് സാഹിത്യകാരന്മാരെ ഉണ്ടാക്കാനും ഇല്ലാതാക്കാനും നടത്തുന്ന ഈ ദുഷ്ടനീക്കം കാണേണ്ടവർ കണ്ടില്ലെങ്കിൽ, കാക്കനെയ്യപ്പം കൊത്തി കടലിൽത്തന്നെയിടും.

കാഫ്കയുടെ ലോകംപോലെ

കാലത്തു് പത്രപാരായണ ശീലമില്ലാത്തവർപോലും ഒക്ടോബർ 8–ാം തീയതി ഇറങ്ങിയ മലയാള പത്രങ്ങൾ വായിച്ചിട്ടുണ്ടാകണം. തലേന്നു നടന്ന ബന്ദിൻെറയും പണിമുടക്കിൻെറയും വിവരങ്ങളുമായിട്ടാണല്ലോ അന്നത്തെ പത്രങ്ങൾ ഇറങ്ങിയതു്. ജീവിതം സ്തംഭിച്ച ചിത്രങ്ങൾ ജനങ്ങൾ കണ്ടു. നഗ്നമാക്കപ്പെട്ട എറണാകുളത്തെ മഹാത്മാഗാന്ധി റോഡിൻെറ ചിത്രം ചില പത്രങ്ങൾ ജനങ്ങളുടെ മുമ്പിലെത്തിച്ചു. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട പൊലീസുകാരുടെ ചിത്രം അച്ചടിച്ചു കാണിക്കുന്നതിലായിരുന്നു ചില പത്രങ്ങളുടെ താല്പര്യം. പൊലീസ് പൗരന്മാരെ/ തൂക്കിയെടുത്തുകൊണ്ടു പോകുന്ന ചിത്രങ്ങളും നാം കണ്ടു. ഇത്തരം രംഗങ്ങളാണല്ലോ ബന്ദിനു് ദൃശ്യഭംഗിയുണ്ടാക്കുന്നതു്.

കാലമെത്ര മുന്നോട്ടു പോയിട്ടും നമ്മുടെ പൊലീസ് ഒരു മർദ്ദന യന്ത്രംതന്നെ. ബന്ദ്, പണിമുടക്കു ദിനങ്ങളിൽ ഈ മർദ്ദനയന്ത്രം കാട്ടിക്കൂട്ടുന്ന പേക്കൂത്തുകളെപ്പററി.

പൊലീസുകാർക്കും കിട്ടി അടിയും ഇടിയും കല്ലേറും; പതിവുപോലെ ജനങ്ങൾക്കും കിട്ടി. ജനങ്ങളായ, പ്രജകളായ പൗരന്മാർക്കു് അടികിട്ടുന്നതു് വലിയ കാര്യമല്ല; ചരിത്രപരമായും, ഭരണപരമായും, വർഗ്ഗപരമായും ജനങ്ങൾ അടികൊള്ളുന്നവരാണു്. അടി കൊടുക്കുന്നവരാണല്ലോ പൊലീസ്. പൊലീസും ജനങ്ങളുമായുള്ള ബന്ധം ഇത്രയുമാണു് നമ്മുടെ നാട്ടിൽ—അടി കൊടുക്കുന്നവരും, വാങ്ങുന്നവരും. ഈയിടെയായി ഇക്കാര്യത്തിൽ ചില മാററങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണു്. പൊലീസിനും ചില കല്ലേറൊക്കെ കിട്ടുന്നുണ്ടു്.

തലസ്ഥാന നഗരിയിൽനിന്നു് വളരെയൊന്നും ദൂരെയല്ലാത്ത നേമം പൊലീസ് സ്റ്റേഷനിൽ കയറിച്ചെന്നു് പട്ടാളക്കാർ പൊലീസുകാരെ പൊതിരെ തല്ലിയ ഒരു വാർത്തയും ബന്ദിൻെറ തലേന്നാളുകളിൽ കേരളത്തിൻെറ വാർത്താന്തരീക്ഷത്തിൽ ഉണ്ടായിരുന്നുവല്ലോ. പൊലീസിനു് കിട്ടിയതുകൊള്ളാം എന്നോർത്തു സന്തോഷിക്കുന്ന ഒരു വിഭാഗം ജനങ്ങൾ. പട്ടാളം ഇങ്ങനെ ഇറങ്ങിയാൽ എന്താവും നാടിൻെറ ഗതി യെന്നോർത്തു ദുഃഖിക്കുന്ന മറെറാരുവിഭാഗം ജനം. പൊലീസ് പട്ടാളക്കാരനെ പിടിച്ചു കൊണ്ടുപോകുന്നു. പട്ടാളക്കാർ പൊലീസ്സ്റ്റേഷനിൽ കയറിച്ചെന്നു് പൊലീസുകാരെ തല്ലുന്നു. പൊലീസ് ജനങ്ങളെതല്ലുന്നു; ജനങ്ങൾ പൊലീസിനെ കല്ലെറിഞ്ഞു പരിക്കേല്പിക്കുന്നു. സർവ്വത്ര അടിയും കല്ലേറും. പത്രങ്ങളുടെ നല്ല കാലം.

ഒന്നിനുമൊരു നിശ്ചയവുമില്ലെന്നു പറഞ്ഞതുപോലെ, പൊലീസിൻെറ അടിയും ഇടിയും എപ്പോഴാണു് ജനങ്ങളായ നമ്മളെത്തേടിവരുന്നതെന്നൊന്നും പറയാൻ വയ്യ. ചിലപ്പോൾ വീട്ടിൽ കിടന്നുറങ്ങുമ്പോഴായിരിക്കും; ഓഫീസിലേക്കു നടന്നു പോകുമ്പോഴായിരിക്കും; വിദ്യാർത്ഥികളാണെങ്കിൽ കോളേജിലേക്കു് പോകുമ്പോഴായിരിക്കും. പൗരന്മാർ കുററം ചെയ്യണമെന്നൊന്നുമില്ല. നമ്മളെ എന്തിനു റിമാൻഡിൽ വയ്ക്കുന്നുവെന്നു് നമ്മളറിയുന്നില്ല. എന്തിനാണു് നമ്മളെ കോടതിയിൽ ഹാജരാക്കുന്നതെന്നു് നമ്മളറിയുന്നില്ല. ഫ്രാൻസ് കാഫ്കയുടെ 'ട്രയൽ' എന്ന നോവലിലെ ജോസഫ് കെ. യുടേതുപോലെ ഗൂഢഹതയിൽനിന്നു് ഗൂഢഹതയിലേക്കു് നമ്മുടെ പ്രശ്നം നീളുന്നു. 'ട്രയൽ' ഒരു നോവൽ മാത്രമായിരുന്നു. പക്ഷേ, ഇതാ ഇവിടെ അതു് ജീവിതമായാവർത്തിക്കപ്പെടുന്നു. പൊലീസ്വണ്ടി നാമറിയാതെ, നമ്മുടെ പിന്നാലെ ഓടുകയാണു്. ഏതു നിമിഷവും നമ്മെ അതിനകത്തേക്കു് വലിച്ചിഴയ്ക്കപ്പെട്ടേക്കാം; ലോക്കപ്പിൽ കിടക്കേണ്ടി വന്നേക്കാം; കോടതിയിൽ ഹാജരാകേണ്ടി വന്നേക്കാം.

ഒക്ടോബർ 8–ാം തീയതി തലസ്ഥാന നഗരിയിൽ നിന്നിറങ്ങിയ ഒരു പ്രധാന ദിനപത്രത്തിൽ 'റോഡ് തടസ്സം മാററാത്തതിനു് യുവാവിനു് പൊലീസ് മർദ്ദനം.' എന്ന തലക്കെട്ടിൽ ഒരു വാർത്തയുണ്ടായിരുന്നു. ജയലക്ഷ്മണകുമാരൻ നായർ എന്ന യുവാവാണു് ഈ വാർത്തയിലെ നായകൻ. പ്രതിനായകൻ പൂജപ്പുര പൊലീസ് ഇൻസ്പെക്ടറും.

ജയലക്ഷ്മണ കുമാരൻനായർ ചാക്ക സ്വദേശിയാണു്. മുപ്പത്തൊന്നുവയസ്സുള്ള ജയലക്ഷ്മണ കുമാരൻനായർ യൂണിവേഴ്സിററി ഓഫീസിലെ ഒരു ഗുമസ്തനാണു്.

ബന്ദ് ദിവസം കാലത്തു് ജയലക്ഷ്മണകുമാരൻനായർ കുണ്ടമൺ കടവിനു സമീപത്തുവച്ചു് താൻ പണിയിപ്പിച്ചു കൊണ്ടിരിക്കുന്ന കോൺക്രീററ് കെട്ടിടത്തിൽ വെള്ളം തുറന്നുവിടുന്നതിനു് സ്കൂട്ടറിൽ പോവുകയായിരുന്നു. ഇനി നമുക്കു് പത്രവാർത്തയിലൂടെ സംഭവത്തിലേക്കു കടക്കാം. ''തിരുമല ഇറക്കം കഴിഞ്ഞതോടെ ഒരു പൊലീസ് വാൻ കിടക്കുന്നതു കണ്ടു. റോഡ് തടഞ്ഞിരിക്കുന്ന കല്ലും മരങ്ങളും വഴിയേ പോകുന്ന യാത്രക്കാരെക്കൊണ്ടു് ഇൻസ്പെക്ടർ മാററിക്കുകയായിരുന്നു. സൈക്കിളിൽ വന്ന പാവങ്ങൾ മുഴുവൻ അടിപേടിച്ചു് കല്ല് മാററുന്നുണ്ടായിരുന്നു. ജയലക്ഷ്മണകുമാരനോടു് ഇൻസ്പെക്ടർ കല്ല് മാററാൻ അസഭ്യമായ ഭാഷയിൽ ആവശ്യപ്പെട്ടു. തനിക്കു് വീടുവയ്ക്കുന്ന സ്ഥലത്തു പോയിട്ടു് ഓഫീസിൽ പോകണമെന്നു പറയുന്നതിനു മുമ്പ് മുഖത്തു് ഇടിവീണുകഴിഞ്ഞു. നിന്നെ കാണിച്ചു തരാമെന്നലറിക്കൊണ്ടു് യുവാവിനെ പൊലീസ് വാനിലിട്ടു് പൂജപ്പുര സ്റ്റേഷനിൽ കൊണ്ടുപോയി. അവിടെവച്ചു് ഉടുപ്പ് ഊരിമാററി കനിച്ചുനിറുത്തി ഇടിച്ചു...''

മാത്രമോ? 1984–ലോ മറെറാ ഒരു ട്രാൻസ്ഫോമർകത്തിച്ച കേസ് കണ്ടുപിടിച്ചു്, അതിൽ കുരുക്കി ജയലക്ഷ്മണകുമാരനെ കോടതിയിൽ ഹാജരാക്കി. ജയലക്ഷ്മണകുമാരനെ പിന്നീടു് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

നിർഭാഗ്യവാനായ ഈ മനുഷ്യൻ അനുഭവിച്ച ഇടിയുടെ വേദനമാററിവച്ചാലോചിച്ചാൽ, ഇതിൽ ഒരു കൊച്ചുതമാശ കൂടിയുണ്ടു്. നമ്മുടെ സർക്കാരും മററും അറിയേണ്ടുന്ന ഒരു കാര്യം. ജയലക്ഷ്മണകുമാരൻ പണിമുടക്കിയ യൂണിയനിലെ അംഗമല്ല. സർക്കാരിനെ സേവിക്കാൻ കൃത്യസമയത്തുതന്നെ ഓഫീസിലെത്താൻ മനസ്സുവച്ചയാളാണു്. പക്ഷേ, പൊലീസ് അദ്ദേഹത്തെ അയച്ചതു് ആശുപത്രിയിലേക്കാണു്. പോരാഞ്ഞിട്ടു്, ജയലക്ഷ്മണകുമാരൻനായരുടെ പേരിലൊരു കേസും. ജയലക്ഷ്മണകുമാരൻനായരിപ്പോൾ അദ്ദേഹത്തിൻെറ ജാതകത്തെക്കുറിച്ചാലോചിക്കുകയായിരിക്കും. ശരീരം വേദനിക്കുമ്പോൾ ദൈവത്തെ വിളിക്കുകയായിരിക്കും. പൊലീസ് ജയലക്ഷ്മണകുമാരന്മാരായ പൗരന്മാരെ തല്ലുന്നു; പൊലീസുകാരെ പട്ടാളം തല്ലുന്നു; പട്ടാളക്കാരെ തല്ലുന്നതു് ഇനി ആരായിരിക്കും? എല്ലാവരും അപ്പപ്പോൾ ആശുപത്രിയിലെത്തുന്നു.

ഒക്ടോബർ 8–ാം തീയതി വന്ന മറെറാരു വാർത്ത. മുഖ്യമന്ത്രി കരുണാകരൻ തിരുവനന്തപുരത്തെ റോഡിൽ ഓടിയ സുന്ദരദിനം. ഭൂരിഭാഗം വിദ്യാർത്ഥികളും പഠിപ്പുമുടക്കിലാണെങ്കിലും ക്ലാസ്സിലിരുന്നു പഠിക്കണമെന്ന ആഗ്രഹംകൊണ്ടു് കോളേജിലേക്കു് പോയവരായിരുന്നു, ആ കുട്ടികൾ. ഉച്ചയ്ക്കുശേഷമുള്ള ഷിഫ്ററിലാകുമ്പോൾ ബഹളമൊന്നുമില്ലാതെ പഠിത്തം നടക്കുമല്ലോ എന്ന വിചാരത്തിലാണു് എം. ജി. കോളേജിലെ ഒന്നാംവർഷ പ്രീഡിഗ്രി വിദ്യാർത്ഥിയായ വി. ആർ. അജയകുമാറിനെ അവൻെറ പിതാവു് കോളേജിലേക്കു് പറഞ്ഞുവിട്ടതു്. അജയകുമാറിനോടൊപ്പം അവൻെറ സഹപാഠികളും കോളേജിലേക്കു് പുറപ്പെട്ടു. അവർ യാത്രചെയ്തിരുന്ന ബസ്സ് പ്ലാമൂട്ടിലെത്തിയപ്പോൾ ഒരു സബ്ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പൊലീസ്സംഘം തടഞ്ഞുനിർത്തി. ബസ്സിൽ നല്ല തിരക്കുണ്ടായിരുന്നു. കുട്ടികൾ കുറേപ്പേർ പുറത്തിറങ്ങാൻ എസ്. ഐ. ആജ്ഞാപിച്ചു. തിരക്കുകുറഞ്ഞ മറെറാരു ബസ്സിൽ കയററിവിടാമെന്നു പറഞ്ഞുകൊണ്ടാണു് പൊലീസ് കുട്ടികളെ പിടിച്ചിറക്കിയതു്. ബസ്സിൽനിന്നിറക്കിയ അജയനെയും മററു ചില കുട്ടികളെയും എസ്. ഐ. ഉടനെ പിടിച്ചു് വാനിലിട്ടു് തമ്പാനൂർ പൊലീസ് സ്റേറഷനിലേക്കു് കൊണ്ടുപോയി. ഉച്ചയ്ക്കു് ഒന്നരയ്ക്കു് സ്റേറഷനിലേക്കുകൊണ്ടുപോയ കുട്ടികളെ അഞ്ചുമണിക്കൂർനേരം ലോക്കപ്പിലിട്ടു പീഡിപ്പിച്ചു. ബസ്സിനു് കല്ലെറിഞ്ഞുവെന്ന കേസുണ്ടാക്കി അവരെ സന്ധ്യയ്ക്കു് ആറരമണിയോടെ മജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരാക്കി. ഒക്ടോബർ 16 വരെ അവരെ റിമാൻഡിൽ വയ്ക്കാൻ ഉത്തരവുണ്ടായി. പൊലീസ് അവരെ സബ്ജയിലിലേക്കു കൊണ്ടുപോയി. കള്ളന്മാരുടെയും പിടിച്ചുപറിക്കാരുടെയും ഇടയിൽ അവരെയെത്തിച്ചു. തങ്ങളുടെ രക്ഷാകർത്താക്കളെ വിവരമറിയിക്കാൻ കുട്ടികൾ അപേക്ഷിച്ചെങ്കിലും പൊലീസ് അവരുടെ അപേക്ഷ ചെവിക്കൊണ്ടില്ല.

അവരുടെ രക്ഷാകർത്താക്കളാകട്ടെ തിരുവനന്തപുരംനഗരം മുഴുവൻ തങ്ങളുടെ മക്കളെനോക്കി നടക്കുകയായിരുന്നു. അക്കൂട്ടത്തിൽ ഒരു പൊലീസുകാരൻെറ മകനുള്ള വിവരം എങ്ങനെയോ പുറത്തുപരന്നു. അങ്ങനെ മററു കുട്ടികളുടെ പേരും പുറത്തായി. പിന്നീടു്, വളരെ ബദ്ധപ്പെട്ടിട്ടാണു് പൊലീസ് തട്ടിക്കൊണ്ടുപോയ കുട്ടികളെ രക്ഷാകർത്താക്കൾക്കു് ജാമ്യത്തിലെങ്കിലും കിട്ടിയതു്. ഇവിടെ നമ്മുടെ പൊലീസ് നടത്തിയതു് ഒരു തട്ടിക്കൊണ്ടുപോകലാണു്.

റോഡിലൂടെ സ്കൂട്ടറോടിച്ചുപോകുന്ന മനുഷ്യരെ പിടിച്ചുനിറുത്തി വെറുതെ മർദ്ദിക്കുക, ബസ്സിൽ യാത്രചെയ്യുന്ന വിദ്യാർത്ഥികളെ തട്ടിക്കൊണ്ടുപോവുക എന്നിങ്ങനെയുള്ള കർമ്മങ്ങളിൽ ഏർപ്പെട്ടുകൊണ്ടു് നമ്മുടെ പൊലീസ് ഇന്നാട്ടിൽ ജനസേവനം നടത്തിപ്പോരുന്നു.

ഇവിടെ നമുക്കു് ചിന്തിക്കാതിരുന്നുകൂടാ. പൊലീസ് മർദ്ദനത്തിനു് നെറികെട്ട ഒരു ചരിത്രമുള്ള നാടാണിതു്. ഭൂതകാലപൊലീസ് കാട്ടുമൃഗങ്ങളെപ്പോലെ പെരുമാറിയതിൻെറ ചരിത്രം. പൊലീസ് വണ്ടി അന്നു് ഇടിവണ്ടിയായിരുന്നു. കാലം മാറി; പല വണ്ടികളും മാറി. പൊലീസിൻെറ കാലംമാത്രം മാറിയില്ല, ഇടിവണ്ടി മാത്രം മാറിയില്ല. ആ ഇടിവണ്ടി ഇപ്പോഴും സ്വേച്ഛാധിപത്യത്തിൻെറ പാതയിലൂടെയാണു് ഓടുന്നതു്. വേഷങ്ങളിൽ നവീകരിക്കപ്പെട്ടുവെങ്കിലും പൊലീസ് സേനയുടെ ആത്മാവു് ഇപ്പോഴും ഏറെക്കുറെ പഴയതുതന്നെ.

ജനങ്ങളോടു് എങ്ങനെ പെരുമാറണമെന്നു് ഈ പൊലീസുകാരെ പഠിപ്പിക്കാൻ ആരും മുന്നോട്ടു വരില്ലേ? ഇവിടെ പൊലീസ് ട്രെയിനിങ് കോളേജുകൾ എന്തിനാണു്? ജനങ്ങളെ എങ്ങനെയെല്ലാം മർദ്ദിക്കണമെന്നാണോ അതിനകത്തുവച്ചു് പഠിപ്പിക്കുന്നതു്? ഇവിടത്തെ ചില ഉയർന്ന പൊലീസ് ഉദ്യോഗസ്ഥന്മാർ വിദേശത്തുപോലും പോയി പരിശീലനം നടത്തിവരുന്നുണ്ടല്ലോ. അവരെക്കൊണ്ടെങ്കിലും ഈ പൊലീസുകാരെ നന്നാക്കാൻ പററില്ലേ? ജനങ്ങളോടിടപെടേണ്ടതെങ്ങനെയെന്നു് പഠിപ്പിക്കാൻ പററില്ലേ? നമ്മുടെ പൊലീസിൻെറ ഉന്നതതലത്തിൽ മനുഷ്യൻെറ നല്ല മാതൃകകളായിട്ടു് ചിലരുണ്ടല്ലോ. അവർക്കാർക്കുമൊന്നും പറയാനില്ലേ?

— സ്റ്റാഫ് ലേഖകൻ



ഇതു പ്രജയോ കശാപ്പുമൃഗമോ?
സമരം ചെയ്യുവരെ പൊലീസ് നേരിട്ട വിധം



യൂഗോ: യുഗങ്ങൾക്ക് ഒരു കവി

മഹാകവി വിക്തോർ യൂഗോയുടെ ചരമശതാബ്ദിയാഘോഷം ലോകത്താകെ നടന്നുകൊണ്ടിരിക്കുകയാണ്. മലയാളസാഹിത്യത്തെ പലവിധത്തിലും ഈ നൂററാണ്ടിന്റെ തുടക്കം മുതൽ സ്വാധീനിച്ചുവന്ന കവിയാണ് യൂഗോ. കടമ്മനിട്ട രാമകൃഷ്ണൻ പരിഭാഷപ്പെടുത്തിയ ഒരു കവിതയും മുച്ചിക്കൽ പത്മനാഭൻ എഴുതിയ യൂഗോയുടെ ജീവചരിത്രത്തിന്റെ മുഖവുരയും യൂഗോയെക്കുറിച്ചുള്ള മററൊരു കുറിപ്പും:

വിക്തോർ യൂഗോ

പരിഭാഷ:

കടമ്മനിട്ട രാമകൃഷ്ണൻ

മകളുടെശവക്കുഴിക്കരികിൽ

ഇപ്പോൾ പാരീസും, അതിന്റെ നടപ്പാതകളും, വെണ്ണക്കല്ലുകളും മൂടൽമഞ്ഞും മേൽക്കൂരകളും എന്റെ കൺവെട്ടത്തിനേറെയകലെ; ഞാനിപ്പോൾ മരച്ചില്ലക്കീഴിൽ, സ്വർഗ്ഗങ്ങളുടെ സൗന്ദര്യത്തെക്കുറിച്ചാലോചിക്കാനെനിക്കു കഴിയുന്നു.

എന്റെ ആത്മാവിനെ ഇരുട്ടിച്ച ദുഃഖത്തിൽനിന്നും വിജയിയായി വിളറി ഞാൻ വെളിപ്പെട്ടിരിക്കുന്നു. മഹത്തായ പ്രകൃതിയുടെ സമാധാനം എന്റെ ഹൃദയത്തിലേക്കു കടന്നുവരുന്നു ഞാനറിയുന്നു.

പ്രൗഢവും പ്രശാന്തവുമായ ചക്രവാളത്താൽ മഥിക്കപ്പെട്ട്, ഈ തിരമാലകൾക്കടുത്തിരുന്ന് എന്നിലുള്ള അഗാധസത്യങ്ങൾ എനിക്കാലോചിക്കാം, പുല്ലിലെ പൂക്കളെ നോക്കിക്കാണാം.

ഇപ്പോൾ, ഓ, എന്റെ ദൈവമേ! ഈ തണലിൽ അവൾ നിത്യനിദ്രകൊള്ളുന്നിടമെന്നെനിക്കറിയാവുന്ന ആ കല്ല് എന്റെ കണ്ണുകൾ കൊണ്ടു കാണാൻ കഴിയത്തക്കവണ്ണം ഇരുണ്ട ശാന്തത എനിക്കു കൈവന്നിരിക്കുന്നു.

സമതലങ്ങൾ, കാടുകൾ, പാറകൾ, താഴ്‌വാരങ്ങൾ, വെള്ളിപോലുള്ള നദി, ഈ സ്വർഗ്ഗീയ കാഴ്ചകളാൽ മൂടലമാക്കപ്പെട്ട്, എന്റെ അല്പത്വവും, നിന്റെ മഹത്വവും കണ്ടുകൊണ്ട്, പ്രകൃതിയുടെ മികവിനു മുമ്പിൽ ഞാൻ എന്റെ സാമാന്യ ബുദ്ധി വീണ്ടെടുത്തിരിക്കുന്നു.

ഞാൻ നിന്നിലേക്കു വരുന്നു, പ്രഭോ, നീ തകർത്തുകളഞ്ഞ എന്റെ ഹൃദയത്തിന്റെ കഷണങ്ങൾ ഞാൻ നിനക്കായ് കൊണ്ടുവരുന്നു, നിന്റെ നിറഞ്ഞ മഹത്വവുമായ്, ശാന്തനായ്.

ഞാൻ നിന്നിലേക്കു വരുന്നു, നാഥാ, നീ നല്ലവൻ, ദയാമയൻ, ദാക്ഷിണ്യവാൻ, ശാന്തൻ, ഞാനേററു പറയുന്നു. ഓ ജീവനുള്ള ദൈവമേ, നീ ചെയ്യുന്നതെന്താണെന്ന് നിനക്കു മാത്രമേയറിയാവൂ—ഞാൻ സമ്മതിക്കുന്നു. കാററുള്ളതു വിറകൊള്ളുന്ന പുൽത്തണ്ടല്ലാതെ മറെറാന്നുമല്ല മനുഷ്യൻ—ഞാൻ സമ്മതിക്കുന്നു.

ശവമടക്കിയ കല്ലറ ആകാശം തുറക്കുന്നു—ഞാൻ പറയുന്നു—ഈ ഭൂമിയിൽ അവസാനത്തേതെന്നെണ്ണുന്നതെല്ലാം ആരംഭം മാത്രമാണ്.

മുട്ടിന്മേൽ നിന്നുകൊണ്ടു ഞാൻ സമ്മതിക്കുന്നു. നീ മാത്രമാണ്, അഭിവന്ദ്യ പിതാവേ, അനന്തവും, സത്യവും പരിപൂർണ്ണവുമായതിനെല്ലാം അവകാശി. എന്റെ ഹൃദയം മുറിപ്പെട്ടതു്, അതുനന്നെന്നു ഞാൻ സമ്മതിക്കുന്നു. അതു നീതിയാണെന്നു ഞാൻ സമ്മതിക്കുന്നു—അതു ദൈവേച്ഛയാണ്—ഞാൻ സമ്മതിക്കുന്നു.

നിന്റെ ഇച്ഛയാൽ എനിക്കു സംഭവിക്കുന്ന ഒന്നിനെയും മേലാൽ ഞാൻ തടയുന്നതല്ല, ആത്മാവ് ദുഃഖത്തിൽനിന്ന് ദുഃഖത്തിലേക്ക്, മനുഷ്യൻ കരയിൽനിന്നു കരയിലേക്ക് നിത്യതയിലേക്കുസഞ്ചരിക്കുന്നു.

നാം വസ്തുക്കളുടെ ഒരുവശം മാത്രമേ എന്നും കാണുന്നുള്ളു, മറുവശം ഭീകരമായ നിഗൂഢതയുടെ രാത്രിയിലേക്ക് ആഴ്ന്നുപോകുന്നു. കാരണമറിയാതെ മനുഷ്യൻ നുകത്തിനു കീഴിലമർന്നുകൊടുക്കുന്നു. അല്പവും അർത്ഥശൂന്യവും ക്ഷണികവുമായതു മാത്രമാണ് അവൻ കാണുന്നതു്.

അവന്റെ കാലടികൾക്കു ചുററും നീ ഏകാന്തത ചമയ്ക്കുന്നു. ഈ ഭൂമിയിൽ അവനു് ഉറപ്പോ, സന്തോഷമോ കൈവരിക്കാൻ നീ ആഗ്രഹിക്കുന്നില്ല.

അവൻ ഒരു നിധി കൈക്കലാക്കുമ്പോഴേക്കും വിധി അതു വീണ്ടും തട്ടിയെടുക്കുന്നു. വേഗമേറിയ അവന്റെ ദിവസങ്ങളിൽ, ഒരു ആവാസം ഉറപ്പിക്കാൻ നീ അവനൊന്നും കൊടുക്കുന്നില്ല. ഇവിടെയാണ് എന്റെ വീട്, എന്റെ നിലം എന്റെ പ്രേമങ്ങൾ എന്നുപറയാനവനൊന്നും കൊടുക്കുന്നില്ല.

അവന്റെ കണ്ണുകൾ കാണുന്നതെല്ലാം അല്പസമയത്തേക്കേ ആകാവൂ; താങ്ങില്ലാതെ അവൻ വൃദ്ധനാകുന്നു. ഇവയെല്ലാം അങ്ങനെയായതിനാൽ അങ്ങനെയേ ആകാവൂ; ഞാൻ അതു സമ്മതിക്കുന്നു, ഞാനതു സമ്മതിക്കുന്നു,

ഈ ലോകം ഇരുണ്ടതാണ്, ദൈവമേ മാററമില്ലാത്ത ഈ സമന്വയം കണ്ണുനീരും ഗാനങ്ങളും കൊണ്ടുണ്ടാക്കിയതാണ്. ഈ അനന്തമായ നിഴലത്തു് മനുഷ്യൻ ഒരു നക്ഷത്രമാകുന്നു് [illegible] രാത്രിയിൽ നല്ലവൻ മേലോട്ടുയരുന്ന [illegible] വീണുപോകുന്നു.

ഞങ്ങളോടു സംസാരിക്കുന്നതിനേക്കാൾ വേറെ നിനക്കു പലതും ചെയ്യാനുണ്ടെന്നെനിക്കറിയാം. മരിക്കുന്നകുട്ടി, അതിന്റെ അമ്മയുടെ നിരാശത—അവ നിന്നെ [illegible] ക്കുന്നുമല്ലെന്നെനിക്കറിയാം.

കലങ്ങുന്ന കാററത്തു് കനി അടർന്നു വീഴുന്നു. പക്ഷിക്കതിന്റെ തൂവൽ നഷ്ടപ്പെടുന്നു., പൂവിന് അഴകിന്റെ സുഗന്ധം. ആരെയെങ്കിലും ചതച്ചരയ്ക്കാൻ ഉരുളാൻ കഴിയാത്ത ഒരു വലിയ ചക്രമാണ് സൃഷ്ടി [illegible]ന്നെനിക്കറിയാം.

മാസങ്ങൾ, ദിവസങ്ങൾ, കടലിലെ തിരമാലകൾ, കരയുന്ന കണ്ണുകൾ—എല്ലാം നീലാകാശത്തിൻ കീഴിൽ കടന്നുപോകുന്നു. പൂക്കൾ വളരണം. കുഞ്ഞുങ്ങൾ മരിക്കണം എന്റെ ദൈവമേ, എനിക്കതറിയാം.

നിന്റെ സ്വർഗ്ഗങ്ങളിൽ മേഘാവൃതമായ മേഖലയ്ക്കുമപ്പുറത്തു് നിശ്ചലവും നിതാന്ത്സാഹവുമായ നീലയുടെ ആഴത്തിൽ മനുഷ്യദുഃഖം വെറുമൊരു ചേതുവമാത്രമായിട്ടുള്ള അറിയപ്പെടാത്ത വസ്തുക്കൾ ഒരുപക്ഷേ നീ സൃഷ്ടിക്കുന്നുണ്ടാവാം.

കാത്ത സംഭവങ്ങളുടെ മ്ളാനമായ ചുഴലിയിൽ അപ്പഞ്ഞ് മാരുതയാർന്ന ജീവികൾ കടന്നുപോകണമെന്നുള്ളതു, ഒരുപക്ഷേ, നിന്റെ അസംഖ്യം പദ്ധതികൾക്കു് ആവശ്യമായിരിക്കാം.

ഞങ്ങളുടെ ഇരുണ്ട വിധികൾ യാതൊന്നിനാലും പൊളിക്കാനോ മയപ്പെടുത്താനോ ആവാത്ത വിശാലമായ നിയമങ്ങൾക്കു കീഴിൽ നീങ്ങുന്നു. ദൈവമേ, ശാന്താത്മാവേ, ലോകത്തെ തകിടം മറിക്കുന്ന ശീഘ്രകാരുണ്യം നിനക്കുണ്ടാക്കാൻ കഴിയില്ലല്ലോ.

ദൈവമേ, എന്റെ ജീവന്റെമേൽ നിന്റെ ദൃഷ്ടി പതിപ്പിക്കേണമേ എന്നു ഞാൻ യാചിക്കുന്നു. ഒരു കുട്ടിയെപ്പോലെ വിനീതവും സ്ത്രീയെപ്പോലെ ശാന്തവുമായിട്ടുണ്ട് ഞാൻ നിന്നെ ആരാധിക്കാനെത്തിയിരിക്കുന്നതെന്നു നീ കരുതേണമേ.

പ്രഭാതം മുതൽ മനുഷ്യനറിയാത്ത പ്രകൃതിയെക്കുറിച്ചു വുനോട്ടു വിശദീകരിച്ചു, നിന്റെ പ്രകാശത്താൽ എല്ലാം പ്രകാശിപ്പിച്ചു ഞാൻ അദ്ധ്വാനിച്ചു, പടപൊരുതി, ചിന്തിച്ചു മുന്നോട്ടു നീങ്ങി, കഷ്ടപ്പെട്ടു എന്നു നീ കരുതേണമേ!

വിദ്വേഷവും ക്രോധവും നേരിട്ടുകൊണ്ട് ഞാനീ ഭൂമിയിൽ എന്റെ ചുമതല നിർവ്വഹിച്ചിരിക്കുന്നു. ഇത്തരമൊരു പ്രതിഫലം പ്രതീക്ഷിക്കാൻ എനിക്കു കഴിയുമായിരുന്നില്ല എന്നു നീ കരുതേണമേ!

എന്റെ കനിയുന്ന തലയ്ക്കുമേൽ നീയും നിന്റെ പ്രതാപമാർന്ന ആയുധം ഇത്ര കഠിനമാക്കുമെന്നു മുൻകൂട്ടിക്കാണാൻ എനിക്കു കഴിയുമായിരുന്നില്ല. എന്റേതായ ചെറിയ സന്തോഷം കണ്ട നീ, എന്റെ കുട്ടിയെ ഇത്രയും വേഗം തിരിച്ചെടുക്കുമെന്നു മുൻകൂട്ടിക്കാണാൻ എനിക്കു കഴിയുമായിരുന്നില്ല.

ഇത്രയധികം പീഡിതമായ ഒരു ജീവനു് പരാതിപ്പെടാൻ അർഹതയുണ്ടെന്നും, ഞാൻ ഒരുപക്ഷേ, നിന്ദിച്ചതും എന്റെ നിലവിളികൾ നിന്റെ നേരെ എറിഞ്ഞതും ഒരു കുട്ടി കടലിലേക്കു കല്ലെറിഞ്ഞതുപോലെയാണെന്നും നീ കരുതേണമേ!

എന്റെ ദൈവമേ, ദുരിതമനുഭവിക്കുമ്പോൾ ഞങ്ങൾ സംശയിക്കുമെന്നും, അധികം കരയുന്ന കണ്ണുകൾ അവസാനം അന്ധമാകുമെന്നും, തന്റെ സങ്കടംകൊണ്ടു് ഏററവുമഗാധതയിലേക്കാഴ്ന്നുപോകുന്ന ഒരു ജീവിക്കു് നിന്റെ നേരെ നോക്കാൻ കഴിയുന്നതല്ലെന്നും, അവൻ നിന്നെ മേലിൽ കാണുന്നില്ലെന്നും നീ കരുതേണമേ.

കഠിനമായ വേദനയിൽ മുഴുകുന്ന ഒരാളുടെ ഹൃദയത്തിൽ നക്ഷത്ര സമൂഹങ്ങളുടെ കുത്ത ശാന്തതയുണ്ടാകുന്നെങ്കിൽ ആ മനുഷ്യൻ അയാളാകാൻ തരമില്ല.

ഇന്നു് ഒരു അമ്മയെപ്പോലെ അവശയായ ഞാൻ നിന്റെ തുറസ്സായ സ്വർഗ്ഗങ്ങൾക്കു മുമ്പിൽ വച്ച് നിന്റെ കാലടികളിൽ നമിക്കുന്നു. പ്രപഞ്ചത്തിനുനേരെ അയച്ച കൂട്ടത്തിൽ അനുകൂലമായ ഒരു കടാക്ഷത്താൽ കയ്പേറിയ എന്റെ ദുഃഖത്തിൽ ഞാൻ പ്രകാശിതനായി എന്നെനിക്കു തോന്നുന്നു.

മനുഷ്യൻ പരാതിപ്പെടാൻ [illegible] മുതിരുമ്പോൾ [illegible] പലമായി സംസാരിക്കുമെന്നു്, [illegible] ഞാൻ തിരിച്ചറിയുന്നു. ഞാൻ [illegible] കുററപ്പെടുത്തൽ ഒഴിവാക്കുന്നു. പക്ഷേ, എന്നെ കരയാൻ അനുവദിക്കുക!

കഷ്ടം! എന്റെ കൺപോളകളിൽനിന്നും കണ്ണുനീരൊഴുകട്ടെ—നീ മനുഷ്യനെ നിർമ്മിച്ചതിനുവേണ്ടിയാണല്ലോ! ഞാൻ ഈ തണുത്തകല്ലിനു മുകളിൽ കുനിയട്ടെ! ഞാനെന്റെ കുട്ടിയോടു പറയട്ടെ:—ഞാനിവിടെയുണ്ടെന്നു നിനക്കു തോന്നുന്നുവോ?

ഈ സായാഹ്നത്തിനു എല്ലാം മൂകമായിരിക്കുമ്പോൾ അവളുടെ അവശിഷ്ടങ്ങൾക്കു കുനിഞ്ഞുകൊണ്ടു ഞാൻ അവളോടു സംസാരിക്കട്ടെ ആ മാലാഖ അവളുടെ നിശയിൽ അവളുടെ സ്വർഗ്ഗീയ നേത്രങ്ങൾ തുറന്നു് ഞാൻ പറയുന്നതു കേട്ടതുപോലെ.

കഷ്ടം! താഴെ, ഇവിടെയീ ഭൂമിയിൽ എന്തു ആശ്വസിപ്പിക്കാനൊന്നുമില്ലാതെ, ആഗ്രഹത്തിന്റെ ഒരു കണ്ണു് പിന്നോട്ടുതിരിച്ചു കൊണ്ടു് ഞാൻ, അവൾ ചിറകുവിടർത്തി പറന്നകലുന്നതു നോക്കിനിന്ന എന്റെ ജീവിതത്തിലെ ഒരു നിമിഷം ഇപ്പോഴും കാണുന്നു.

ഞാൻ മരിക്കുന്നതുവരെ ആ നിമിഷം കാണും—ആ നിമിഷം, അനാവശ്യമായ കണ്ണുനീർ! ഞാൻ കരഞ്ഞപ്പോൾ! ഇപ്പോൾപ്പോലും എനിക്കുണ്ടായിരുന്ന കുട്ടി! എന്തു്, അതെനിക്കിനി ഉണ്ടായിരിക്കയില്ലേന്നോ?

എന്റെ ദൈവമേ! ഞാനങ്ങനെ പെരുമാറിയതിൽ കോപിക്കരുതേ. ഈ മുറിവ് ഇതുവരെയും ചോര ചുരത്തിയിരിക്കുന്നു. ഇപ്പോഴും എന്റെ ഹൃദയത്തിൽ വേദന വളരെ ശക്തമാണ്, എന്റെ ഹൃദയം വഴങ്ങുമെങ്കിലും കീഴടങ്ങുന്നതല്ല.

കോപിക്കരുതേ, ദുഃഖമവകാശപ്പെട്ടപുരികങ്ങൾ, ക്ഷുഭിതജീവികൾക്കർഹതപ്പെട്ടതും കണ്ണുനീർ, ഈ മഹാദുഃഖത്തിൽ നിന്നും ഞങ്ങളുടെ ആത്മാവിനെ മോചിപ്പിക്കാൻ പ്രയാസമാണ്.

പ്രഭോ, നീയറിയുക, ഞങ്ങളുടെ കുഞ്ഞുങ്ങൾ ഞങ്ങൾക്കേററവും വേണ്ടപ്പെട്ടതാണ്. നിന്റെ ജീവിതത്തിലെ ഒരു പ്രഭാതത്തിൽ മടുപ്പുകൾക്കു നടുവിൽ, ഞങ്ങളുടെ പാപം ദുരിതവും, ഞങ്ങളുടെ മേൽവീഴുന്ന വിധിയുടെ നിഴലും നീ കാണുമ്പോൾ ഒരു കൊച്ചുകുട്ടി പ്രത്യക്ഷമാകുന്നു. പ്രിയപ്പെട്ട പരിപാവനമായ ഒരുശിരസ്സ്, സന്തുഷ്ടയായ ഒരു കൊച്ചു പ്രാണി, മനോഹരി. അതിന്റെ വരവിൽ സ്വർഗ്ഗത്തിന്റെ ഒരു കവാടം തുറക്കപ്പെടട്ടെ എന്നു നീ ആലോചിച്ചു.

സ്നേഹാർദ്രമായ വശ്യതയും മധുരമായ വിവേകവും വേറൊരു ജീവിയിൽ വളരുന്നതു് പതിനാറു കൊല്ലമായി നീ കാണുമ്പോൾ. ഞങ്ങളുടെ ജീവനിലും ഞങ്ങളുടെ വീട്ടിലെ പകൽ വെളിച്ചം തരുന്നതു് നീ പ്രേമിക്കുന്ന ഈ കുട്ടിയാണെന്നു നീ തിരിച്ചറിയുമ്പോൾ നീ സ്വപ്നംകണ്ട ഒരേ ഒരു സന്തോഷം താഴെ ഈ ഭൂമിയിൽ അതുമാത്രമാണ്, അതുമാണുപോകുന്നതു് എത്ര ദുഃഖകരമാണെന്നു് നീ കണക്കാക്കേണമേ!

മുച്ചിക്കൽ പത്മനാഭൻ

വിക്ടോർ യൂഗോ

വിക്ടോർ യൂഗോ! രണ്ടു പദങ്ങളടങ്ങിയതാണ് ആ പേർ. എന്നാൽ ഫ്രഞ്ചുകാർ അതുച്ചരിക്കുന്നതു് ഒററ വാക്കായിട്ടാണ്: 'വിക്ടോർവൂഗോ.' അപ്പോൾ അവർ അതിൽ ഒരു സൗന്ദര്യം കാണുന്നു. ഒരു സാഹിത്യം ആസ്വദിക്കുന്നു. ഒരു സംഗീതം കേൾക്കുന്നു. കവി പറഞ്ഞതുപോലെ ''പൊൻ ചിറകുള്ള ആ നാമം.'' കാലദേശ വ്യത്യാസമെന്യേ അനശ്വര സ്വരണയിലൂടെ അധരങ്ങളിൽനിന്നു് അധരങ്ങളിലേക്കു് അന്നുതൊട്ടു് ഇന്നുവരെ പറന്നുകളിക്കുകയാണ്. എന്നും പറന്നുകളിക്കുന്നതാണ്.

വിക്ടോർ യൂഗോവിനെപ്പോലെ സമ്പൂർണ്ണ സാഹിത്യവിജയം ലഭിച്ച മറെറാരു കവിയില്ല. അദ്ദേഹത്തിൻെറ ജീവിതത്തെ ഗോയ്ഥേയുടെതിനോടു് നമുക്കു് ഉപമിക്കാവുന്നതാണ്. എന്നാൽ ജർമ്മൻ കവിയുടേതു് ഫ്രഞ്ചുകവിയുടേതിനേക്കാൾ സമാധാനപരമായിരുന്നു. വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും കുറഞ്ഞതായിരുന്നു. പക്ഷേ, രണ്ടിനും ഒരേ ദൈർഘ്യമാണുള്ളതു്. രണ്ടും അവനവൻെറ കാലത്തെയും നാട്ടിനെയും പ്രതിബിംബിപ്പിക്കുന്നുണ്ട്.

യൂഗോ പതിനഞ്ചു് വയസ്സിനു മുമ്പ് കവിതയെഴുതി. പതിനേഴു വയസ്സിൽ അറിയപ്പെട്ടു. ഇരുപതിൽ ഫ്രാൻസിലും മുപ്പതിൽ യൂറോപ്പിലും അറുപതിൽ ലോകത്തും പ്രശസ്തനായി.

ലൂയി 18–ാമൻ രാജാവു് അദ്ദേഹത്തെ ബഹുമാനിച്ചു് പാരിതോഷികം നൽകി. ഷാർലു് 10–ാമൻ അദ്ദേഹത്തെ 'ലെഗ്യോങ് ദോനോർ' എന്ന അത്യുന്നത പദവിലേക്കുയർത്തി; പിന്നീടു് കവി രാജാവിനെ എതിർത്തു. ലൂയി ഫിലിപ്പ് ഒന്നാമൻെറ കാലത്തു് അദ്ദേഹം നിയമനിർമ്മാണ സഭയിലേക്കു് തിരഞ്ഞെടുക്കപ്പെട്ടു. പ്രഭുസഭയിൽ നിയമിതനായി. രണ്ടാം റിപ്പബ്ലിക്കിൽ അദ്ദേഹം ഭരണഘടനാ നിർമ്മാണസഭയിലും പിന്നീടു് നിയമനിർമ്മാണസഭയിലും അംഗമായി സേവനമനുഷ്ഠിച്ചു. ചക്രവർത്തി ലൂയി നപ്പോലിയോൻെറ കാലത്തു് അദ്ദേഹത്തിനു് നാടുവിട്ടോടേണ്ടിവന്നു. അതദ്ദേഹത്തിൻെറ പ്രശസ്തിക്കു് മകുടംചാർത്തി. ചക്രവർത്തിയുടെ പതനത്തിനുശേഷം ഒരു പ്രവാചകനെന്നോണം സ്വരാജ്യത്തു് തിരിച്ചുവന്നു്, ദേശീയസഭയിൽ പാരീസിലെ ഒരു നിയോജകമണ്ഡലത്തിൽ നിന്നു് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. പല നിയോജകമണ്ഡലങ്ങളിലും സ്ഥാനാർത്ഥിയായിനിന്നു് എവിടെയും തോല്പാതിരുന്ന വിപ്ലവനേതാവു് ഗാരിബാൽദി ഇററലിക്കാരനായതിനാൽ ഫ്രഞ്ചുദേശീയസഭയിൽ പ്രവേശനമനുവദിക്കാത്തതിൽ പ്രതിഷേധിച്ചു് വിക്ടോർ യൂഗോ തൻെറ അംഗത്വം രാജിവച്ചു. മൂന്നാം റിപ്പബ്ളിക്കിൻെറ കാലത്തു് ഫ്രഞ്ച് പാർലമെൻറിൻെറ ഉപരിസഭാംഗമായിത്തീർന്ന കവി മാർഷൽ മാക്കു് മഹോങ് ജനാധിപത്യത്തെ തകർത്തുകൊണ്ടു് രാജകീയവാഴ്ച ഫ്രാൻസിൽ പുനഃസ്ഥാപിക്കുവാൻ ചെയ്തിരുന്ന ഗൂഢാലോചന പൊളിക്കുന്നതിൽ സജീവ പങ്കുവഹിച്ചു.

1885–ൽ തൻെറ 83–ാമത്തെ വയസ്സിൽ മൃതിയടഞ്ഞ കവി പാംതെയോങ് ശ്മശാനം മതേതരമാക്കിയതിനുശേഷം അവിടെ അന്ത്യവിശ്രമം കൊള്ളുകയാണ്.

യൂഗോവിൻെറ ജീവിതകഥ ഒരു ഇതിഹാസമാണ്. അദ്ദേഹത്തിൻെറ നാട്ടിൻെറയും നൂററാണ്ടിൻെറയും ഇതിഹാസം!

[''വിക്ടോർയൂഗോ'' എന്ന പേരിൽ യൂഗോവിൻെറ ജീവചരിത്രം മലയാളത്തിലെഴുതിയ മാഹി സ്വദേശിയായ മുച്ചിക്കൽ പത്മനാഭൻ ഫ്രഞ്ചുഭാഷയിലും സാഹിത്യത്തിലും തികഞ്ഞ അറിവുള്ള ഒരാളായിരുന്നു. യൂഗോവിൻേറതടക്കമുള്ള പല ഫ്രഞ്ചുസാഹിത്യകൃതികളും അദ്ദേഹം മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പത്മനാഭൻ എഴുതിയ 'വിക്ടോർയൂഗോ'യുടെ മുഖവുരയാണ് മുകളിൽ എടുത്തു ചേർത്തിരിക്കുന്നതു്.]

ഒരു സ്നേഹദൂതന്റെ കാവ്യജീവിതം

നൂററാണ്ടുകളെ മാററിവച്ചു് പറയാം—ഇംഗ്ലണ്ടിനു് ഷേക്സ്പിയറെന്നപോലെയാണ്, ഇന്ത്യയ്ക്കു് കാളിദാസനെന്നപോലെയാണ്, ജർമ്മനിക്കു് ഗൊയ്ഥെയെന്നപോലെയാണ്, ഫ്രാൻസിനു് വിക്ടോർ യൂഗോ. തന്നെ മനുഷ്യരാശിക്കുമുഴുവനുമായി സമർപ്പിച്ച വിക്ടോർ യൂഗോ, തൻെറ മനുഷ്യരാശിയുടെ ഒരു മാർഗ്ഗദർശിയാണെന്നുകൂടി കരുതുകയുണ്ടായി. മഹാകവി വിക്ടോർ യൂഗോ തൻെറ ജീവിതത്തിൻെറ അവസാനവർഷങ്ങളിൽ ഫ്രഞ്ച് ജനതയുടെ മനസ്സിൽ ഒരർദ്ധപ്രവാചകനായി മാറിക്കഴിഞ്ഞിരുന്നു. 1885 മെയ് 22–ാം തീയതി തൻെറ 83–ാം വയസ്സിൽ യൂഗോ ലോകത്തോടു് വിടപറഞ്ഞു. ''രാവും പകലും തമ്മിലുള്ള യുദ്ധം ഇതാ, ഇവിടെ അവസാനിക്കുന്നു''വെന്നു് ഉരുവിട്ടുകൊണ്ടാണ് അദ്ദേഹം അന്ത്യശ്വാസം വലിച്ചതു്. സ്നേഹദൂതനായ യൂഗോയുടെ അന്ത്യാഭിലാഷം ഇതായിരുന്നു: ''ഞാൻ യാതൊരു മതത്തിൻെറയും രാഷ്ട്രത്തിൻെറയും കാലത്തിൻെറയും ആളായിരിക്കുവാൻ ഇഷ്ടപ്പെടുന്നില്ല.'' ആയതിനാൽ വിശ്വവന്ദ്യനായിരുന്ന ആ മഹാകവിക്കു് അന്ത്യകൂദാശ നൽകാൻ ആഗ്രഹിച്ചിരുന്ന റേമ്സിലെ കർദ്ദിനാളിനു് ആ കർമ്മം ചെയ്യാൻ കഴിഞ്ഞില്ല. ആ മഹാകവി അന്ത്യനിദ്രകൊള്ളുന്ന പാങ്തെയോങ് ശ്മശാനം പോലും മതേതരമാക്കപ്പെട്ടു. താൻ മനുഷ്യരാശിയുടെയും എല്ലാ കാലങ്ങളുടെയും ഒരു പൊതുസ്വത്താണെന്നു് തൻെറ 'പാവങ്ങൾ' എന്ന നോവലിനെ മുൻനിറുത്തി, മറെറാരു രീതിയിലും യൂഗോ പ്രഖ്യാപിക്കുകയുണ്ടായി: ''മനുഷ്യൻ അജ്ഞനും നിരാശനുമായി എവിടെ ഉണ്ടു്, ഭക്ഷണത്തിനുവേണ്ടി സ്ത്രീകൾ എവിടെ വില്ക്കപ്പെടുന്നു, അറിവുണ്ടാക്കാനുള്ള ഗ്രന്ഥവും തണുപ്പു മാററാനുള്ള അടുപ്പും കിട്ടാതെ കുട്ടികൾ എവിടെ കഷ്ടപ്പെടുന്നു, അവിടെയെല്ലാം 'പാവങ്ങൾ' എന്ന പുസ്തകം വാതിലു്ക്കൽ മുട്ടിവിളിച്ചു പറയും: ''എനിക്കു് വാതിൽ തുറന്നു തരിക; ഞാൻ വരുന്നതു് നിങ്ങളെ കാണാനാണ്.'' നാമിപ്പോൾ കടന്നുപോരുന്നതും ഇപ്പോഴും അത്രമേൽ ദുഃഖമയവുമായ പരിഷ്കാരഘട്ടത്തിൽ പാവങ്ങളുടെ പേർ മനുഷ്യരെന്നാണ്; അവർ എല്ലാ രാജ്യത്തും കിടന്നു കഷ്ടപ്പെടുന്നു, എന്നല്ല അവർ എല്ലാ ഭാഷകളിലും നിലവിളിക്കുന്നു.''

ലോകത്തെല്ലായിടത്തും യൂഗോയുടെ ചരമശതാബ്ദി ആഘോഷിക്കുകയാണിപ്പോൾ. മഹാകവി വിക്ടോർ യൂഗോവിനു് രാഷ്ട്രാതിർത്തികളില്ല. അദ്ദേഹത്തിൻെറ കൃതികൾ സ്നേഹത്തോടുകൂടി ലോകം ഈ ചരമശതാബ്ദിയാഘോഷക്കാലത്തു് സ്മരിക്കുന്നു. മലയാളികൾക്കു് വളരെ നേരത്തേതന്നെ വിക്ടോർ യൂഗോ സുപരിചിതനായിത്തീർന്നിരുന്നു— ആ മഹാകവിയുടെ കവിതകളിലൂടെയല്ല, ലോക പ്രശസ്തമായിത്തീർന്ന 'പാവങ്ങൾ' എന്ന നോവലിലൂടെ. 'പാവങ്ങൾ' പരിഭാഷപ്പെടുത്തിയതിലൂടെ നാലപ്പാട്ടു് നാരായണമേനോൻ മലയാളഭാഷയ്ക്കു ചെയ്തതു് ഒരു മഹാസേവനമാണ്. ഈ നോവലിൻെറ പരിഭാഷ മലയാളഗദ്യത്തിൻെറ പില്ക്കാല വികാസത്തെ നന്നായി സ്വാധീനിച്ചു. ആ വലിയ കൃതി പുറത്തു കൊണ്ടുവരാൻ നാലപ്പാടനും മഹാകവി വള്ളത്തോളും പെട്ട പാടുകളെക്കുറിച്ചു് യൂഗോവിൻെറ ഈ ചരമശതാബ്ദിയാഘോഷക്കാലത്തു് നാമോർക്കുകതന്നെ വേണം. 'പാവങ്ങ'ളുടെ പരിഭാഷയിലൂടെ നാലപ്പാടൻ മലയാളത്തിൽ ജന്മം നല്കിയ ശൈലികൾ പിന്നീടു് നാമെടുത്തു പെരുമാറി. യാഥാസ്ഥിതിക മലയാളശൈലിയെ ഈ പരിഭാഷയിലൂടെ നാലപ്പാടൻ വെല്ലുവിളിച്ചതുതന്നെയാവണം. നമ്മുടെ പഴയ ചില എഴുത്തുകാർക്കു് പ്രമേയസ്വീകരണത്തിനുള്ള മഹാഭാരതമായിത്തീർന്നിട്ടുണ്ട് ഒരു കാലത്തു് 'പാവങ്ങൾ.' ആധുനികഫ്രഞ്ചുനിരൂപകന്മാർ ഇന്നു് വലിയ സ്ഥാനമൊന്നും കല്പിക്കാത്ത ഈ നോവൽ ലോകത്തിലെ പല ഭാഷകളിലെയും എഴുത്തുകാരെ ഇവ്വിധം സ്വാധീനിച്ചു. ഫ്രഞ്ച് നോവലിൻെറ ബഹുമുഖമായ മുന്നേററത്തിനിടയിൽ യൂഗോവിൻെറ 'പാവങ്ങ'ളെ പലരും തള്ളിപ്പറഞ്ഞുവെങ്കിലും ഒരു കൈവിളക്കായി ഈ നോവൽ ഇന്നും നിലനില്ക്കുന്നു. മനുഷ്യനോടും അവൻേറതായിട്ടുള്ള എല്ലാററിനോടുമുള്ള മഹാമമതയുടെ മേൽവിലാസമാണ് യൂഗോസാഹിത്യത്തിൻേറതു്.

നാടകകാരനും നോവലിസ്ററും സാഹിത്യചിന്തകനുമായിരുന്ന മഹാകവിയുടെ ആത്മസന്തതികളുടെ ലോകം ഒരു സാമ്രാജ്യംപോലെ വിസ്തൃതമാണ്. യൂഗോസാഹിത്യത്തിൽ മുന്നിട്ടുനില്ക്കുന്നതു് അദ്ദേഹത്തിൻെറ കവിതകളാണല്ലോ. അഗ്നിപരീക്ഷണത്തിലൂടെ പരിശുദ്ധിയിലേക്കുള്ള തീർത്ഥയാത്ര യൂഗോസാഹിത്യത്തിൻെറ ഒരു മുഖമുദ്രയാണ്. യൂഗോ എന്ന മനുഷ്യൻെറ ജീവിതവും കടന്നുവന്നതു് നിരവധി അഗ്നിപരീക്ഷണങ്ങളിലൂടെയാണ്. റൊമാൻറിസിസത്തിൻെറ കരിഞ്ഞുവീഴുന്ന സ്വപ്നതലംപോലെയായിരുന്നിട്ടുണ്ട് പലപ്പോഴും യൂഗോയ്ക്കു് തൻെറ ജീവിതം. ജീവിതം ഈ മഹാനായ കവിക്കു നൽകിയ കണ്ണുനീരിനു് അളവില്ല. പിതാവു് വലിച്ചെറിഞ്ഞു; ജീവിതസർവ്വസ്വമായിരുന്ന സഹധർമ്മിണി ചതിച്ചു; തൻെറ സാഹിത്യം നിരൂപണം ചെയ്തു് പ്രശസ്തനായിത്തീർന്ന സോന്ത് ബോവ് എന്ന നിരൂപകൻ സഹധർമ്മിണിയുടെ കാമുകനായിത്തീർന്നതു കണ്ടപ്പോൾ വിക്ടോർ യൂഗോ നെഞ്ചുപിളർന്നു പൊട്ടിക്കരഞ്ഞു. പിന്നീടു്, പല സ്ത്രീകളെയും തൻെറ മനസ്സിൻെറ കാമുകീസ്ഥലങ്ങളിൽ കവി കയററി ഇരുത്തിയെങ്കിലും അപ്പപ്പോൾ മേഘങ്ങളിൽ മറയുന്ന ചന്ദ്രബിംബമായിട്ടേ സ്ത്രീയുടെ മനസ്സിനെ അദ്ദേഹത്തിനു് കാണാൻ കഴിഞ്ഞിട്ടുള്ളു—പുരുഷനെ ചതിക്കാനുള്ള വാസന സ്ത്രീയുടെ കൂടപ്പിറപ്പാണെന്നുപോലും യൂഗോ കരുതിയിട്ടുണ്ട്. എന്നാലും സ്ത്രീകൾ യൂഗോയുടെ ജീവിതത്തിൻെറ വലിയൊരു ഭാഗമായിരുന്നു. ഫ്രഞ്ച് റൊമാൻറിസിസത്തിൻെറ ഈ നായകനെ അക്കാലത്തെ ഫ്രഞ്ച് വനിതകൾ ഒരനശ്വര കാമുകനായിട്ടാണ് കരുതിയതു്. സാഹിത്യത്തിലൂടെ യൂഗോ നേടിയെടുത്ത ഈ ആരാധനയിൽ അസൂയകൊണ്ടിട്ടാവാം സോന്ത് ബോവ് യൂഗോയുടെ സഹധർമ്മിണി അദേലയെ കാമിച്ചു വശപ്പെടുത്തിയതെന്നു് യൂഗോവിൻെറ ഒരു ജീവചരിത്രകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. യൂഗോയോടുള്ള പ്രതികാരം തീർക്കാൻ, ആദ്യകാലത്തു് റൊമാൻറിസിസത്തിൻെറ വക്താവായിരുന്ന സോന്ത്ബോവ് റിയലിസപക്ഷത്തേക്കു മാറി. യൂഗോയെ കരിപൂശിക്കൊണ്ടു് ഒരു പുസ്തകമെഴുതി. മഹാകവിയെ ഈ പുസ്തകം വളരെയേറെ വേദനിപ്പിച്ചു. പക്ഷേ, ഈ പുസ്തകം ഫ്രഞ്ച് നിരൂപണസാഹിത്യത്തിൽ ഒരുമൂല്യ രത്നമായിത്തീർന്നു. സാഹിത്യത്തെയും ജീവിതത്തെയും സംബന്ധിച്ചിടത്തോളം റൊമാൻറിസിസം അന്നൊരു വിപ്ളവപ്രസ്ഥാനംതന്നെയായിരുന്നു. സാഹിത്യമെഴുത്തും ജീവിതവീക്ഷണവും ജീവിതരീതിയും റൊമാൻറിസിസം മാററിപ്പണിയുകയായിരുന്നു. തൻെറ നാടകങ്ങളെയാണ് ഈ കർമ്മത്തിനായി യൂഗോ ഒരുക്കിയതു്. 'ഹെർനാനി' എന്ന യൂഗോയുടെ നാടകം ഫ്രഞ്ച് റൊമാൻറിസിസത്തിനു ലഭിച്ച ഒരു വാളായിരുന്നു. ആദ്യകാലത്തു് 'ഹെർനാനി' അവതരിപ്പിക്കുമ്പോൾ സദസ്സിൽ അടിയും ബഹളവുമൊക്കെ ഉണ്ടാകാറു് പതിവുണ്ട്. ക്ലാസ്സിസിസത്തിൻെറയും റിയലിസത്തിൻെറയും റൊമാൻറിസിസത്തിൻെറയും വക്താക്കൾ ചേരികളായിപ്പിരിഞ്ഞു് വാഗ്വാദങ്ങളിലും തർക്കങ്ങളിലും ഏർപ്പെട്ടു. വൃദ്ധ തലമുറ ക്ളാസ്സിസിസത്തിൻെറ പക്ഷത്തു നിൽക്കും. യുവതലമുറ റൊമാൻറിസിസത്തിൻെറയും. അരങ്ങത്തു് വിക്ടോർ യൂഗോയുടെ നാടകം; സദസ്സിൽ ഫ്രഞ്ച് ജനതയുടെ ജീവിതാവബോധ നാടകം. യൂഗോയുടെ റൂബ്ലാ, ഹെർനാനി തുടങ്ങിയ നാടകങ്ങൾ ഫ്രഞ്ച് റൊമാൻറിസിസത്തിൻെറ ക്ലാസ്സിക്കുകളായി ഇന്നും ചവ്വ് ചെയ്യപ്പെടുന്നു. ഒരു പ്രസ്ഥാന നായകനായിത്തീർന്ന വിക്ടോർ യൂഗോ അന്നത്തെ ഫ്രഞ്ച് സാഹിത്യ ചർച്ചയുടെ കേന്ദ്രമായിത്തീരുന്നു. ലെ മിറാബ്ലെ, നോത്രദാമ് ദ പറി, തൊണ്ണൂററിമൂന്നു് മുതലായ നോവലുകൾ ലോകപ്രശസ്തമായിത്തീർന്ന കാലമായിരുന്നു അതു്. ' നോവലിലൂടെ ചരിത്രത്തെയും വർത്തമാനത്തെയും വാരിപ്പൊത്തിപ്പിടിക്കുകയായിരുന്നു യൂഗോ. യൂഗോയുടെ തൂലികയ്ക്കു് എന്തും വഴങ്ങി. ധ്യാനനിരതമായ എഴുത്തായിരുന്നു—താൻ ഇതിനുവേണ്ടി മാത്രമാണ് ജനിച്ചതെന്ന മട്ടിൽ, താൻ മനുഷ്യരാശിയുടെ ഒരു വഴികാട്ടിയാണെന്ന മട്ടിൽ, താൻ കാലാകാലങ്ങളുടേതാണെന്ന മട്ടിൽ.

പത്തൊമ്പതാമത്തെ വയസ്സിലാണ് യൂഗോ അദേലയെ കല്യാണം കഴിച്ചതു്. പതിനഞ്ചാം വയസ്സിൽ തുടങ്ങിയ ഭ്രാന്തഭ്രാന്തവും തീവ്രതീവ്രവുമായ ഒരു അനുരാഗത്തിൻെറ പരിസമാപ്തിയായിരുന്നു ആ കല്യാണം. യൂഗോയുടെ ആത്മകഥയിൽ തുന്നിച്ചേർത്ത ഒന്നാന്തരമൊരു പ്രണയനോവലാണ് കല്യാണം വരെയുള്ള കഥ. ആ കഥ വർഷങ്ങൾക്കുശേഷം ഒരു ദുരന്തനാടകമായി വീണ്ടും നീളുകയായിരുന്നു. പതിനഞ്ചാമത്തെ വയസ്സിൽത്തന്നെ കവിതയുള്ള അക്കാദമിബഹുമതി യൂഗോയ്ക്കു് ലഭിച്ചിരുന്നു. പതിനഞ്ചാമത്തെ വയസ്സിൽ യൂഗോ പത്രാധിപരുമായി. കാമുകിക്കുള്ള കത്തുകൾ ഈ പത്രത്തിൽ കത്തുകളായെഴുതുമായിരുന്നു. യൂഗോയുടെ ആദ്യത്തെ കവിതാസമാഹാരം ലൂയി പതിനെട്ടാമനെ വല്ലാതെ ആകർഷിച്ചു. കവിയായ തൻെറ പ്രജയ്ക്കു് 1200 ഫ്രാങ്ക് മാസന്തോറും പാരിതോഷികം നൽകാൻ ഉടനെ ഉത്തരവുണ്ടായി. ലൂയി പതിനെട്ടാമനെ യൂഗോ ആരാധിച്ചിരുന്നു. ആ ചക്രവർത്തി മരിച്ചപ്പോൾ യൂഗോ മനംനൊന്തു ദുഃഖിച്ചു. —1841–ൽ അക്കാദമി അംഗമായി തിരഞ്ഞെടുക്കപ്പെട്ട യൂഗോവിനെ ലൂയി ഫിലിപ്പ് ചക്രവർത്തി പ്രഭുസ്ഥാനം നല്കി ആദരിച്ചു. ഫ്രഞ്ച് കൗൺസിൽ അംഗവുമായിരുന്നു അദ്ദേഹം.

നോവലിസ്ററും നാടകകാരനും സാഹിത്യതത്വചിന്തകനുമായ യൂഗോയെപ്പററിയല്ല ഇന്നു് സാഹിത്യചിന്തകന്മാർ സംസാരിക്കുന്നതു്. മഹാകവി യൂഗോയെക്കുറിച്ചാണ്. കവിതയിലൂടെ സൗന്ദര്യത്തിൻെറ ഒരു കൊടുമുടിയായിത്തീർന്ന യൂഗോയെ ലോകത്തിനൊരിക്കലും വിസ്മരിക്കാനാവില്ല. കാരണം, നൂററാണ്ടുകളുടെ മതിലുകളിൽ മുട്ടിവിളിച്ച മഹാകവിയാണ് വിക്ടോർ യൂഗോ.

—ഇ. വി. ശ്രീധരൻ

മനസ്സ് ഇതേവരെയും ഒരു കടങ്കഥ പോലെ വൈദ്യുത പ്രവർത്തനങ്ങളുടെ ആകത്തുക ആയിരുന്നു. എന്നാൽ ഇപ്പോൾ ശാസ്ത്രം കാണിച്ച തരികയാണ്: തലച്ചോറിലെ രാസ-യാണ് മനസ്സ്.

ജയകൃഷ്ണൻ

തലച്ചോറും മനസ്സും ശാസ്ത്രവും

പത്തൊൻപതാം നൂററാണ്ടിൻെറ അവസാനകാലത്തു് പടിഞ്ഞാറൻ ബുദ്ധിജീവികൾക്കിടയിൽ പ്രചരിച്ചിരുന്ന ഒരു തമാശയുണ്ട്. ചോദ്യോത്തര രൂപത്തിലാണതു്. ഇംഗ്ലീഷിൽത്തന്നെ ഇതു പറയണം:

''What is the matter?''
''Never mind.''
''What is mind?''
''No matter.''

(''പദാർത്ഥം എന്നാൽ എന്തു്?'' ''നെവർ മൈൻഡ്, കളയൂ.'' ''മൈൻഡ് (മനസ്സ്) എന്നാലോ?'' ''അതും കളയൂ, അങ്ങനെ ഒരു പദാർത്ഥമില്ല.'').

പദാർത്ഥം വേറെ, മനസ്സുവേറെ എന്ന ഫിലോസഫിയാണ് ഈ തമാശയിൽ പൊതിഞ്ഞു് ഇങ്ങനെ പ്രചരിച്ചതു്. ജഡം വേറെ ചിത്തു വേറെ എന്നു് പൗരസ്ത്യദർശനത്തിൽ ചിലേടത്തും കാണാമല്ലോ.

മനസ്സ് എന്നാൽ എന്തു് എന്ന അന്വേഷണം തുടങ്ങിയിട്ടു് ശതാബ്ദങ്ങളല്ല, സഹസ്രാബ്ദങ്ങൾ തന്നെ പലതായി. മനസ്സ് എന്ന മഹാവിസ്മയമാണ് മനുഷ്യൻെറ അവസാനത്തെ അതിരു് എന്നതു മാത്രം ഈ അന്വേഷണത്തിൽ വെളിപ്പെട്ടു കിട്ടുന്നു.

ഇന്ത്യൻ തത്ത്വചിന്തകർ മനസ്സിനെപ്പററി ഏറെ അന്വേഷിച്ചവരാണ്. ''ഈ പ്രപഞ്ചമെല്ലാം എന്നിൽ അടങ്ങിയിരിക്കുന്നു'' എന്ന അർത്ഥത്തിൽ പ്രതീകസുന്ദരമായി ഭഗവത്ഗീതയിൽ ശ്രീകൃഷ്ണനെക്കൊണ്ടു് പറയിപ്പിച്ച മഹാമുനി, മനുഷ്യമനസ്സിനെപ്പററിയുള്ള ഏററവും നല്ല നിർവചനമാണ് നൽകിയതു്. മനുഷ്യസംസ്കാരവും പ്രപഞ്ചത്തെപ്പററിയുള്ള മനുഷ്യൻെറ സമസ്ത ധാരണയും മനസ്സിൻെറ സംഭാവനയാണല്ലോ. 'ജഡ'ത്തെപ്പററി ചിന്തിച്ചവരും 'ചിത്തി'നെപ്പററി ചിന്തിച്ചവരും 'ചിജ്ജഡചിന്തന'മായി അതിനെ സമന്വയിപ്പിച്ചവരും, അദ്വൈതചിന്തയിലൂടെ ചെന്നു് ശൂന്യതാവാദത്തിലെത്തിയവരുമൊക്കെ പല വഴിയിലൂടെ മനസ്സിനെത്തേടുകയായിരുന്നു.

പടിഞ്ഞാറൻ തത്ത്വചിന്തകരും മനസ്സിനെത്തേടി ഒരുപാടു ക്ലേശിച്ചിരുന്നു—2400 കൊല്ലംമുമ്പു് ജീവിച്ചിരുന്ന യാളും. പടിഞ്ഞാറൻ വൈദ്യശാസ്ത്രത്തിൻെറ പിതാവുമായ ഹിപ്പോക്രാററിസ് തൊട്ട്, പ്ലേറോറായിലൂടെ, അരിസ്റ്റോട്ടിലിലൂടെ, മദ്ധ്യകാല ചിന്തകരിലൂടെ, നവോത്ഥാന നായകരിലൂടെ, ദെകാർത്തെയിലൂടെ, ഫ്രോയിഡിലൂടെ, യുങ്ങിലൂടെ മനസ്സിനെത്തേടിയുള്ള ഓട്ടം തുടർന്നുകൊണ്ടേയിരുന്നു.

പടിഞ്ഞാറൻ ചരിത്രത്തിലെ മദ്ധ്യകാലഘട്ടത്തിൽ പ്രചാരത്തിലിരുന്ന ഒരു ധാരണ, മനസ്സ് തലയിൽനിന്നു് മൂന്നാലിഞ്ചു മുകളിൽ സ്ഥിതിചെയ്യുന്ന അദൃശ്യമായ ഒരു ദിവ്യവലയമാണെന്നും, ദൈവത്തിൽനിന്നും ആജ്ഞകൾ സ്വീകരിക്കുകയാണ് ഇതിൻെറ ജോലി എന്നുമായിരുന്നു! (ബുദ്ധി എന്നതു് തലയോട്ടിക്കുള്ളിൽ എവിടെയോ ആണെന്നു് ഹിപ്പോക്രാററിസ് പറഞ്ഞിരുന്നുവെങ്കിലും ബുദ്ധിയും മനസ്സും ഒന്നല്ലല്ലോ എന്ന ചിന്ത മനസ്സിനു ചാററുനല്ല വേലികെട്ടിനിറുത്തി.) പ്ലേറോറായുടെ ശിഷ്യനും അലക്സാണ്ടർ ചക്രവർത്തിയുടെ ആചാര്യനും അക്കാലത്തു് ഏററവും വലിയ അറിവുകാരനുമായിരുന്ന അരിസ്റോട്ടിൽ പറഞ്ഞതെന്തെന്നോ? മനസ്സ് ഹൃദയത്തിലാകുന്നു. തലച്ചോറോ? അതു് ഹൃദയം ചൂടാകാതെ സൂക്ഷിക്കാനുള്ള ഒരു ശീതീകരണി! പതിനാറാം നൂററാണ്ടുവരെ, പടിഞ്ഞാറൻ വിജ്ഞാനലോകത്തു് കൊടികുത്തിവാണ പേരാണ് അരിസ്റോട്ടിലിൻേറതു് എന്നും ഓർക്കുക.

പിന്നെ ലിയന്നാർഡോ ഡാവിഞ്ചി (അതേ, ഡാവിഞ്ചി) മനസ്സിനെ തലയോട്ടിക്കുള്ളിൽ കുടിയിരുത്തി, ആദ്യമായി. ഡാർവിൻ വന്നു, ഡാർവിൻെറ ബന്ധുവായ ഫ്രാൻസിസ് ഗാൽട്ടൻ വന്നു (1822—1911). മനസ്സിനെയും മനസ്സിൻെറ പ്രധാന ധർമ്മങ്ങളിലൊന്നായ ഓർമ്മയെയുംപററി ഗാൽട്ടൻ എഴുതിയ ഗ്രന്ഥം Inquiries into Human Faculty. ഈ മേഖലയിലെ ആദ്യത്തെ നാഴികക്കല്ലുകളിലൊന്നാണ്. മാർക്സിസ്ററു ചിന്തയിൽ മനസ്സ് ഒരു യാഥാർത്ഥ്യമാണ്—a reflected reality. പിന്നെ ഫ്രോയിഡായി, യുങ്ങായി. ഇതോടെയാണ് മനസ്സിനെയും തലച്ചോറിനെയുംപററിയുള്ള ചിട്ടയൊത്ത അന്വേഷണങ്ങളും അതിനെത്തുടർന്നു് വ്യക്തമായ ചില ധാരണകളും ഉണ്ടായതു്. എങ്കിലും ഈ നൂററാണ്ടിൻെറ പകുതി കഴിയുവോളവും മനസ്സ് പിടികളിൽനിന്നെല്ലാം തെന്നി മാറിക്കൊണ്ടുതന്നെയിരുന്നു.

കഴിഞ്ഞ മൂന്നു ദശാബ്ദമായി ലോകത്തിൻെറ വിവിധഭാഗങ്ങളിലെ നൂറോളം ഗവേഷണകേന്ദ്രങ്ങളിൽ, മനുഷ്യമനസ്സ് എന്ന വിസ്മയത്തെ മനസ്സിലാക്കാൻ സർവവും അർപ്പിച്ചു് ശ്രമങ്ങൾ നടന്നുവരികയായിരുന്നു. ഇതിനകം നടത്തിക്കഴിഞ്ഞ കണ്ടെത്തലുകൾ ഈ ഗവേഷകരെ ആത്മവിശ്വാസത്തിലാക്കിയിരിക്കുകയാണ്. അജയ്യമായി ക്കഴിഞ്ഞിരുന്ന മനസ്സ്, ഒടുവിലിതാ വിനീതമാവാൻ പോകുന്നു എന്ന വിശ്വാസം ഗവേഷണകേന്ദ്രങ്ങളിൽ ബലപ്പെട്ടു കഴിഞ്ഞു. നക്ഷത്രങ്ങളുടെ തിളക്കം നിരന്തരമായ ന്യൂക്ലിയർ സ്ഫോടനമാണെന്നും, ജീവൻതന്നെ ബയോ—കെമിക്കൽ പ്രതിപ്രവർത്തനമാണെന്നും, ഈ പ്രപഞ്ചത്തിൽ നിലനില്ക്കുന്നതും പ്രപഞ്ചത്തെ നിലനിറുത്തുന്നതുമായ അടിസ്ഥാനശക്തികളെല്ലാം ഒരേ ഒരു ശക്തിയുടെ ഭാവഭേദങ്ങളാണെന്നും ശാസ്ത്രം മനസ്സിലാക്കിക്കഴിഞ്ഞുവല്ലോ. അതേ ശാസ്ത്രത്തിന് മനസ്സിനെ ചൂണ്ടി ''ഇതാ, ഇതാണതു്'' എന്നു പറയുവാൻ ഏറെ നാൾ വേണ്ടിവരികയില്ല എന്നാണ് കരുതപ്പെടുന്നതു്. ''മനസ്സ് എന്നതു് തലച്ചോറിനുള്ളിലെ ചില വൈദ്യുത പ്രവർത്തനങ്ങളുടെയും രാസപ്രവർത്തനങ്ങളുടെയും ആകത്തുകയാണ്'' എന്നു് ഇതിനകം ശാസ്ത്രം കാണിച്ചുകഴിഞ്ഞു. ഇന്നോളമുള്ള ഫിലോസഫിയുടെ അടിത്തറയെ പിടിച്ചു കുലുക്കിയിരിക്കുകയാണ് ഈ കണ്ടെത്തലുകൾ. മനോരോഗ ചികിത്സയെ വമ്പിച്ച ഒരു വിപ്ളവത്തിൻെറ പാതയിലേക്കു് ഇതു തെളിക്കുകയുംചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശാസ്ത്രവും ദൈവത്തിലേക്കുള്ള വഴി എന്നു് മതവിശ്വാസികളും ഈശ്വരവിശ്വാസികളും, അങ്കലാപ്പോടെയാണെങ്കിലും, അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ മതവിശ്വാസികളും ഈശ്വരവിശ്വാസികളും കുറേക്കാലത്തേക്കുകൂടി സംശയദൃഷ്ടിയോടെ നോക്കുകയും പുച്ഛിക്കുകയും എതിർക്കുകയും ചെയ്യാവുന്ന ഈ കണ്ടെത്തലുകളെപ്പററി ചുരുക്കിയൊന്നു പറയുവാൻ ശ്രമിക്കുകയാണ് ഈ ലേഖനത്തിൽ ചെയ്യുന്നതു്.

തലയോട്ടിക്കുള്ളിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്ന ഒരവയവമാണ് തലച്ചോർ. മൂന്നു പൗണ്ടോളം ഭാരംവരും ഇതിന്. ആണിൻെറ തലച്ചോറിനെക്കാൾ ചെറുതായിരിക്കും പെണ്ണിൻെറ തലച്ചോർ—പെണ്ണിൻെറ തല ചെറുതാണ് എന്നതാണ് ഇതിനു പറയുന്ന ഒരു കാരണം. തലച്ചോറിൻെറ വലിപ്പച്ചെറുപ്പങ്ങൾ അതിൻെറ പ്രവർത്തനശേഷിയുടെ മാനദണ്ഡമല്ല. മഹാബുദ്ധിശാലികളെന്നു് പ്രസിദ്ധരായ പലരുടെയും തലച്ചോറു് സാധാരണയിലേറെ ചെറുതായിരുന്നു. മരണശേഷം ഇവരുടെ തലയോട്ടി പൊട്ടിച്ചു് പരിശോധിച്ചാണ് ഈ വിവരം മനസ്സിലാക്കിയിട്ടുള്ളതു്.

തലച്ചോറിൻെറ പ്രധാന ജോലി വിവരങ്ങൾ ശേഖരിക്കുകയും അടുക്കിവയ്ക്കുകയും ആ വിവരങ്ങൾക്കനുസരിച്ചു് ശരീരധർമ്മങ്ങൾ നിയന്ത്രിക്കുകയുമാണ്. കണ്ണു്, മൂക്കു്, ചെവി, നാക്കു്, തൊലി എന്നിവയിലൂടെയാണ് തലച്ചോറിലേക്കു് വിവരങ്ങളെത്തുന്നതു്.

തലച്ചോറിനുള്ളിൽ മാനസിക പ്രവർത്തനങ്ങൾ നടക്കുന്നു. ഓർമ്മിച്ചുവയ്ക്കൽ, ആലോചിക്കൽ, തീരുമാനിക്കൽ, വികാരംകൊള്ളൽ, സ്വപ്നം കാണൽ, ഭാവനാത്മകമാകൽ എന്നിങ്ങനെ പലതാണിതു്. മററു ജീവികളിൽനിന്നു മനുഷ്യനെ വ്യത്യസ്തമാക്കുന്ന കാര്യങ്ങളാണിവ.

തലച്ചോറിൻെറ സാധാരണ പ്രവർത്തനമായ വിവരണസംഭരണം തുടങ്ങിയവയിൽക്കൂടി, അസാധാരണ പ്രവർത്തനങ്ങളായ മാനസിക വ്യാപാരങ്ങളിലേക്കു് എത്തുക എന്നതാണ് ശാസ്ത്രത്തിൻെറ അന്വേഷണവഴി.

കഠിനമായ ഒരു വെല്ലുവിളിയാണ് ഈ അന്വേഷണം. ജീവനുള്ള ഒരാളിൻെറ തലച്ചോറിൽ ഗവേഷണം നടത്തുവാനുള്ള സാദ്ധ്യതകൾ വളരെ പരിമിതമാണല്ലോ. അതിനാൽ ഒരു പ്രാരംഭപടി എന്ന രീതിൽ മൃഗങ്ങളെ വച്ചാണ് പഠനത്തിൻെറ തുടക്കം. ഒരു മുയൽ, അകലെ ഒരു കടുവയെക്കാണുന്നു എന്നുവയ്ക്കുക. കണ്ണിൽനിന്നു് ആ വിവരം തലച്ചോറിൻെറ ഏതു ഭാഗത്തേക്കു പോകുന്നു എന്നു് ചാർട്ടുചെയ്യാൻ ശാസ്ത്രത്തിനറിയാം. അതുപോലെ ഒരു ഗന്ധം കിട്ടുമ്പോഴോ ഒരു സ്പർശമേൽക്കുമ്പോഴോ ആ വിവരം തലച്ചോറിൻെറ ഏതു ഭാഗത്തേക്കാണ് ചെല്ലുന്നതു് എന്നു മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ട്.

ഇങ്ങനെ തുടങ്ങിയ ഗവേഷണം പിന്നെ മനുഷ്യരിലാവുന്നു. റേഡിയോ പ്രസരണശേഷിയുള്ള രാസവസ്തുക്കൾ തലച്ചോറിലേക്കു കുത്തിവച്ചു് കാഴ്ച, ഗന്ധം, സ്പർശം, കേൾവി, രുചി എന്നിവ ഉളവാക്കുന്ന പ്രതികരണങ്ങൾ പഠിക്കുന്നു. ഇവിടെനിന്നാണ് മനസ്സിലേക്കുള്ള യാത്രയുടെ തുടക്കം.

മനുഷ്യൻ ചിന്തിക്കുന്നതെങ്ങനെയാണ്? സംസാരിക്കുന്നതെങ്ങനെയാണ്? ഓർമ്മിക്കുന്നതും കിനാവുകാണുന്നതും എങ്ങനെയാണ്? കോപിക്കുന്നതും കാവ്യാത്മകഭാവങ്ങളിൽ വ്യാപരിക്കുന്നതു മെങ്ങനെയാണ്? ആവേശകരമായ ഈ മഹാ അന്വേഷണത്തിൽ പങ്കാളികളായിട്ടുള്ളതു് ജൈവശാസ്ത്രജ്ഞന്മാർ മാത്രമല്ല. ഭൗതികശാസ്ത്രജ്ഞരും, കമ്പ്യൂട്ടർ ഗവേഷകരും, രാസശാസ്ത്രജ്ഞരും, എൻജിനീയർമാരും, ഭാഷാശാസ്ത്രജ്ഞരും ഒക്കെ ഇവരിൽപ്പെടുന്നു. ഇവരുടെയെല്ലാം പഠനഫലങ്ങൾ ഏകോപിപ്പിച്ചാണ് തലച്ചോറിനെയും മനസ്സിനെയുംകുറിച്ചുള്ള ധാരണകൾ സ്വരൂപിച്ചിട്ടുള്ളതു്.



തലച്ചോറു് എന്താണ്?

തലച്ചോറിൻെറ കോശങ്ങളെ—സെല്ലുകളെ — രണ്ടുതരമായി തിരിക്കാം. ഒന്നു് ഗ്ലിയ (glia) എന്ന പേരിൽ. മറേറതു് ന്യൂറോൺസ് (neurons) എന്ന പേരിലും. ഇതിൽ ന്യൂറോണുകളാണ് പഞ്ചേന്ദ്രിയങ്ങളിൽ നിന്നുവരുന്ന വിവരങ്ങൾ വേണ്ട രീതിയിൽ അടുക്കിപ്പെറുക്കുന്നതു്. ഗ്ലിയയാവട്ടെ, ശരീരത്തിൻെറ ബയോ—കെമിക്കൽ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.

ന്യൂറോണുകൾ എത്രയുണ്ടെന്നറിയാമോ? ഇപ്പോഴത്തെ കണക്കനുസരിച്ചു് നൂറു ബില്യൻ. ഒരു ബില്യനെന്നാൽ ആയിരംകോടി. നൂറു ബില്യൻ എന്നതു് ഒരു ലക്ഷം കോടി. ഈ ഒരുലക്ഷം കോടി ന്യൂറോണുകൾ തൊട്ടുതൊട്ടിരിക്കുന്നു. ഇവ 'വിവരം' സ്വീകരിക്കുന്നതും വിവരം പ്രസരിപ്പിക്കുന്നതും ന്യൂറോ ട്രാൻസ്മിററുകൾ എന്ന ഉപഘടകങ്ങളെക്കൊണ്ടാണ്. ഓരോ ന്യൂറോ ട്രാൻസ്മിററും ഒരോ കമ്പ്യൂട്ടർ തന്നെയാണെന്നു് ഒരു ഉപമയ്ക്കുവേണ്ടി പറയാം. അപ്പോൾ എത്രകോടി കമ്പ്യൂട്ടറുകളാണ് മനുഷ്യമസ്തിഷ്കത്തിൽ ഇരുപത്തിനാലുമണിക്കൂറും, ഉണർവിലും ഉറക്കത്തിലും, പ്രവർത്തനനിരതമായിരിക്കുന്നതു് എന്നു് ഊഹിച്ചുനോക്കൂ.

ന്യൂറോണുകളിൽ പലതരം രാസവസ്തുക്കളുണ്ട്. ഇതേവരെയുള്ള ഗവേഷണത്തിൽക്കൂടി എൺപതോളം രാസവസ്തുക്കൾ തിരിച്ചറിഞ്ഞിട്ടുണ്ട്. പഞ്ചേന്ദ്രിയങ്ങളിൽനിന്നോ, തലച്ചോറിൻെറ 'മസ്റ്റർ—കമാൻഡ്'' മേഖലകളിൽനിന്നോ വരുന്ന വിവരങ്ങളെ, അതിനു യോജിച്ച ന്യൂറോണുകളാണ് കൈകാര്യം ചെയ്യുന്നതു്. ഇതിന്നു് ന്യൂറോൺ ശൃംഖല, പല ഗ്രൂപ്പുകളായി തിരിഞ്ഞിട്ടുണ്ട്. ഓരോ ഗ്രൂപ്പിനും ഓരോതരം രാസവസ്തുവാണ് 'ആയുധം.' അതിനനുസരിച്ചുള്ള ന്യൂറോ ട്രാൻസ്മിററർ പ്രവർത്തനവും നടക്കുന്നു. മസ്തിഷ്ക പ്രവർത്തനത്തിലെ ഈ മഹാസങ്കീർണ്ണതകളുടെ ഒരു ഏകദേശരൂപം ഇങ്ങനെ പറഞ്ഞുവെന്നേ ഉള്ളൂ.

മസ്തിഷ്കത്തിൻെറ, അഥവാ തലച്ചോറിൻെറ വിവിധ ഭാഗങ്ങൾ ഓരോന്നും ഓരോതരം 'ജോലി'യിലാണ് വൈദഗ്ദ്ധ്യം നേടിയിരിക്കുന്നതു്. സംസാരം 'സെറിബ്രൽ കോർട്ടക്സി'ൻെറ നിയന്ത്രണത്തിലാണ്. വികാരങ്ങൾ 'ലിംബിക്'' മേഖലയുടെ നിയന്ത്രണത്തിൽ...ഇങ്ങനെ. പക്ഷേ, ഒന്നിലേറെ ഭാഗങ്ങൾ ഏകോപിച്ചു് ചെയ്യേണ്ട കാര്യങ്ങളുണ്ട്. ഉദാഹരണം ഓർമ്മകൾ. മസ്തിഷ്കത്തിൻെറ വിവിധ കേന്ദ്രങ്ങളിൽ നിന്നു തുടങ്ങി കോർട്ടെക്സിൽ ചെന്നവസാനിക്കുന്ന അതീവ സങ്കീർണ്ണമായ ഒരു പ്രക്രിയയാണ് ഓർമ്മവയ്ക്കലും ഓർമ്മയിൽ നിന്നെടുക്കലും. ചില ശീലങ്ങൾ മസ്തിഷ്കമാകമാനം പരന്നുകിടക്കുന്നു.

ചിന്ത

ചിന്തിക്കുമ്പോൾ എന്തുസംഭവിക്കുന്നു? അപ്പോൾ മസ്തിഷ്കത്തിൽ രണ്ടുതരം കാര്യങ്ങൾ സംഭവിക്കുന്നു. ഒന്നു്, കോടിക്കണക്കിനുള്ള ന്യൂറോണുകളിൽ ഒരു വിഭാഗം സങ്കീർണ്ണസ്വഭാവത്തിലുള്ള രാസമാററങ്ങൾക്കു് അതിലൂടെ വൈദ്യുതപ്രവാഹത്തിനു വിധേയമാകുന്നു. രണ്ടു്, ഈ രാസവൈദ്യുതമാററങ്ങളുടെ ഫലമായ സങ്കീർണ്ണവും പ്രതീകാത്മകവുമായ ചില രൂപങ്ങൾ മസ്തിഷ്കകേന്ദ്രത്തിൽ സ്ഥാനമാകുന്നു.

ഓർമ്മ, വികാരം എന്നിവയെക്കാൾ ഉയർന്ന തരത്തിലുള്ള ഒന്നാണല്ലോ

ചിന്ത. ചിന്തയോടു തൊട്ട് ആസൂത്രണമുണ്ട്. ഭാവനയുണ്ട്.

ഉയർന്ന തരത്തിലുള്ള ഈ പ്രവർത്തനങ്ങൾ കോർടെക്സുമായി ബന്ധപ്പെട്ടതാണെന്ന് നേരത്തേ സൂചിപ്പിച്ചു. മസ്തിഷ്കത്തിന്റെ മുൻഭാഗവും മുകൾഭാഗവും ചേർന്ന മേഖലയിലാണ് കോർടെക്സ്. ഈ ഭാഗം കേടുവന്നവർക്ക് തെളിഞ്ഞ ഓർമ്മയുണ്ടെന്നും വരാം. പക്ഷേ, അവർക്ക് ചിന്താശേഷി നഷ്ടപ്പെട്ടിരിക്കും എന്നാണ് വെളിവായിട്ടുള്ളത്. കണ്ണടച്ചുപിടിക്കുമ്പോൾ ചിന്താപ്രക്രിയ വർദ്ധിക്കുന്നുവെന്ന് കണ്ടിട്ടുണ്ട്. ബാഹ്യലോകത്തിലെ അവസ്ഥകളിലും ചലനങ്ങളിലും നിന്ന് അടുത്തോ അകന്നോ മാറുമ്പോൾ ചിന്ത കൂടും. ചിന്ത കേന്ദ്രീകൃതമാകും. (ചിന്തിക്കുന്നവരെ ശല്യപ്പെടുത്തിയാൽ അവർക്ക് ഈർഷ്യ വരുന്നതു നമുക്കറിയാം.)

കോർടെക്സിന്റെ മുൻഭാഗത്തുനിന്നാണ് ആശയങ്ങൾ ഉറവെടുക്കുന്നതു് എന്നു വ്യക്തമായിട്ടുണ്ട്. ഭാഷയും ഇതിനോടു ബന്ധപ്പെട്ടുകിടക്കുന്നു. ഒരു പുസ്തകത്തിലെ ഒരു വാക്യം കണ്ണിൽ 'കണ്ട' പാടേ തന്നെ അതു് ന്യൂറോ ട്രാൻസ്മിറ്ററുകൾവഴി കോർടെക്സിലെത്തുന്നു; അവിടെ എത്തിയപാടേ അതു് വേണ്ടരീതിയിൽ തരംതിരിച്ച് ആശയങ്ങളായി രൂപപ്പെടുന്നു. അനുനിമിഷം നാം കേൾക്കുന്ന ശബ്ദങ്ങളുടെ പെരുക്കൂട്ടത്തിൽനിന്ന് ഓരോ ശബ്ദവും വേർതിരിച്ച് മാറ്റി 'രേഖ'പ്പെടുത്തുന്നതും ഈ വിഭാഗത്തിന്റെ പണിതന്നെ. ഓർമ്മയും ഇവിടവുമായി ബന്ധപ്പെട്ടുകിടക്കുന്നുണ്ട്. ചുണ്ട്, നാവ്, അണ്ണാക്ക്, ശബ്ദപേശികൾ എന്നീ സംഭാഷണ അവയവങ്ങളെ നിയന്ത്രിക്കുന്നതും, ചിന്തകളെയും, ഓർമ്മകളെയും വാക്കുകളായോ, വാക്കുകൾക്കു സമാനമായ പ്രതീകങ്ങളായോ മാറ്റുന്നതും ഇവിടംതന്നെ! സംഭാഷണമെന്നപോലെതന്നെയാണ് മുഖഭാവങ്ങൾ, ആംഗ്യങ്ങൾ എന്നിവയും ഇവിടെ 'ഡികോഡ്' ചെയ്യപ്പെടുന്നു.

ഓർമ്മ

ഓർമ്മ എന്നതു് പഠിച്ചെടുക്കലിന്റെയും അതു് പതിച്ചെടുക്കലിന്റെയും അതു തിരിച്ചെടുക്കലിന്റെയും ഇടയിൽകിടക്കുന്നു. മസ്തിഷ്കത്തിന്റെ സൂക്ഷ്മ പ്രവർത്തന കോടികളിൽ ഉയന്തരത്തിലുള്ള ഒന്നുതന്നെയാണിതും. രണ്ട് അക്കങ്ങളെ കൂട്ടുകയോ ഗുണിക്കുകയോ ചെയ്യുന്നതു മുതൽ ആത്മബോധം വരെയുള്ള കാര്യങ്ങൾ ഇതിൽ അന്തർഭവിക്കുന്നുണ്ട്. പരസ്പരബന്ധമില്ലാത്ത പ്രതിബിംബങ്ങളുടെ പരാവാരത്തിൽനിന്ന്, മനുഷ്യനെ ഉയർത്തി, നൈരന്തര്യ ബോധത്തിലേക്കു മാറ്റുന്നതും, കഴിഞ്ഞ കാലവുമായി ബന്ധിപ്പിക്കുന്നതും ഓർമ്മയുടെ ധർമ്മമാണ്. മസ്തിഷ്കത്തിലെ തെളിഞ്ഞ കേന്ദ്രങ്ങളിലാണ് അല്പകാലം മാത്രം നിലനില്ക്കുന്ന ഓർമ്മകൾ പതിയുന്നതു്. ദീർഘകാല താല്പര്യമുള്ള ഓർമ്മകളാവട്ടെ, കുറേക്കൂടി അടിയിൽ, കുറേക്കൂടി മങ്ങിയ കോശങ്ങൾക്കുള്ളിൽ പതിയപ്പെടുന്നു. നാം ഒരു വസ്തുവിനെ കാണുമ്പോൾ തലച്ചോറിൽ ഒരു ഭാഗത്തെ ന്യൂറോണുകൾക്കുള്ളിൽ പാടേ രാസമാറ്റം സംഭവിക്കുന്നു. ഇതിൽ ചില മാറ്റങ്ങൾ സ്ഥിരമുള്ള മാറ്റങ്ങളാണ്; അവ സ്ഥിരമായ ഓർമ്മകളാവുന്നു. ചില മാറ്റങ്ങൾ താല്ക്കാലികമാണ്; അവ കുറേക്കഴിഞ്ഞു് മായുന്ന ഓർമ്മകളാവുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, പഞ്ചേന്ദ്രിയ പ്രവർത്തനങ്ങൾക്കനുസരിച്ച് തലച്ചോറിന്റെ ഭാഗങ്ങൾ മാറിക്കൊണ്ടേയിരിക്കുന്നു.

ഓർമ്മകൾക്കെല്ലാം ഉറവിടം മനസ്സിനു പുറത്തുള്ള ലോകമാണ്. കണ്ണിൽക്കൂടി വരുന്ന പ്രതിബിംബങ്ങൾ, 'റെററിന'യിൽ ഒരു സെക്കൻഡിൽ താണസമയം മാത്രം നിന്ന് അകത്തേക്കു പോകുന്നു. ശബ്ദങ്ങളാവട്ടെ, അതിന്റെ ഒച്ച താണതാണ്, ഒരുതരം ചെറിയ മുഴക്കങ്ങളായി നാലു സെക്കൻഡിൽ താണസമയംകൊണ്ട് ന്യൂറോണുകൾ ഏറ്റെടുക്കുന്നു. ഇതെല്ലാം ഓർമ്മകളായി മാറുകയാണ്. ഓർമ്മകൾ ഉണ്ടുന്നതാവട്ടെ വൈദ്യുതതരംഗങ്ങളുടെ രൂപത്തിലാണ്. വൈദ്യുത ഷോക്ക് ഏൽക്കുന്നവർക്ക് പെട്ടെന്ന് സ്മരണകൾ ഉണ്ടുന്ന അനുഭവം ഉണ്ടെന്ന് തെളിഞ്ഞിട്ടുണ്ട്. ഷോക്ക് ചികിൽസ എന്നതു്, ചില ഓർമ്മകളെ മായ്ച്ചുകളയാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് എന്നതും ഇവിടെ ഓർക്കുക. വൈദ്യുതീരൂപത്തിൽ നിലനില്ക്കുന്ന ഓർമ്മകൾ പെട്ടെന്നു മായും. വൈദ്യുതീരൂപത്തിൽ നിന്ന് രാസരൂപത്തിൽ പതിയുന്ന ഓർമ്മകൾ നിലനിൽക്കും.

ചില സുപ്രധാന സംഭവങ്ങൾ ഓർമ്മയിൽ നിന്നു മറയാതെ നിൽക്കാറുണ്ടല്ലോ. നിങ്ങൾ പരീക്ഷയിൽ ഒന്നാമനായി ജയിച്ചു വിവരം അറിഞ്ഞ നിമിഷം, അല്ലെങ്കിൽ നിങ്ങളുടെ വിവാഹനിമിഷം. അല്ലെങ്കിൽ ഇന്ദിരാഗാന്ധി വെടിവച്ചുകൊല്ലപ്പെട്ട സംഭവം. ഇതൊക്കെ ഓർമ്മയിൽനിന്നു മറയാത്തതെന്താണ്? ഉൽക്കടവികാരങ്ങൾ ജനിപ്പിക്കുന്നതു് ന്യൂറോണിലെ ചില ന്യൂറോ ട്രാൻസ്മിറ്ററുകളിലുള്ള അസെററികോളിൻ (acetycholine) എന്ന രാസവസ്തുവാണ്. ഈ രാസവസ്തു സ്രവിപ്പിക്കുന്ന ഓർമ്മകൾ പെട്ടെന്നൊന്നും മായുന്നതല്ല.

മനസ്സിൽ ഓർമ്മകൾ എഴുതപ്പെടുന്നതു് രാസവസ്തുവാകുന്ന മഷികൊണ്ടാണെന്നു വ്യക്തമായല്ലോ. ഓർമ്മശക്തി വർദ്ധിപ്പിക്കാൻ വേണ്ടതരത്തിലുള്ള രാസവസ്തു മസ്തിഷ്കത്തിൽ ഉണ്ടാക്കിയാൽ മതി എന്ന് ഇതിൽനിന്നു സിദ്ധിക്കുന്നു. മുകളിൽപ്പറഞ്ഞ 'അസെററികോളിൻ' എന്ന രാസവസ്തുപോലെ, തെളിഞ്ഞ ഓർമ്മകൾക്കു സഹായിക്കുന്ന മറ്റൊന്നും കണ്ടെത്തിയിട്ടുണ്ട്. 'നോർഅഡ്രീനലിൻ' എന്നാണ് ഇതിന്റെ പേര്. മസ്തിഷ്കത്തിൽ ആവശ്യത്തിലേറെ നോർ അഡ്രീനലിൻ ഉള്ളവർ ഒരിക്കലും മങ്ങാത്ത ഓർമ്മകളുടെ ഉടമകളാവും!

വികാരങ്ങൾ

സ്നേഹം, വിദ്വേഷം, കോപം, ഉൽക്കണ്ഠ, ഭയം, അസൂയ—വികാരങ്ങൾ നിരവധിയാണ്.

മനുഷ്യവികാരങ്ങളെപ്പററിയുള്ള പഠനം വേഗമാർജ്ജിച്ചു തുടങ്ങിയിട്ടേ ഉള്ളൂ. എങ്കിലും ഓരോരോ വികാരം തോന്നുമ്പോഴും അതിനനുസൃതമായി മസ്തിഷ്കത്തിന്റെ ഓരോ കേന്ദ്രത്തിൽ നടക്കുന്ന തിരക്കിട്ട ചലനങ്ങളും മാററങ്ങളും നിരീക്ഷണവിധേയമാക്കിയിട്ടുണ്ട്. വൈകാരിക മാററങ്ങൾക്കിടയാക്കുന്ന ന്യൂറോ ട്രാൻസ്മിററുകൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ട്. വൈകാരികരോഗങ്ങളുടെ ചികിത്സയ്ക്ക് കൃത്രിമമായ ചില മരുന്നുകൾകൊണ്ട് ന്യൂറോ ട്രാൻസ്മിററുകളെ ഉദ്ദീപിപ്പിക്കുന്ന ഒരു രീതി ഇതിനകം നടപ്പിൽ വന്നിട്ടുണ്ട്.

ചിലതരം ന്യൂറോട്രാൻസ്മിററുകളുടെ അഭാവം വിഷാദരോഗം, മനസ്സിന്റെ പിരിമുറുക്കം മുതലായവ ഉണ്ടാക്കുമെന്നു തെളിഞ്ഞു. നേരിട്ട് വികാരങ്ങൾ ഉളവാക്കുന്ന ചില രാസവസ്തുക്കളെ വേർതിരിച്ചെടുക്കാനും ആയിട്ടുണ്ട്. കരങ്ങുകളിൽ ഈ രാസവസ്തുവിലൊന്നിന്റെ മോളിക്യൂളുകൾ കുത്തിവച്ചപ്പോൾ, കരങ്ങൾക്കു ഭയന്നു വിറയ്ക്കുന്നതായി കാണാൻ കഴിഞ്ഞു—ഇതിന്റെ ചികിത്സാ സാദ്ധ്യതകളെപ്പററി പറയേണ്ടതില്ലല്ലോ.

●

ഇങ്ങനെ മസ്തിഷ്കത്തെയും മനസ്സിനെയും കുറിച്ചുള്ള അറിവുകൾ പെരുകി വരികയാണ്. "What is mind" എന്ന ചോദ്യത്തിന് "No matter" എന്ന ഉത്തരം പറഞ്ഞിരുന്ന കാലം മാറിപ്പോയിരിക്കുന്നു. മനസ്സ്, ഒരു ആവിയന്ത്രം പോലെ ആണെന്നു കരുതിയ കാലവും മാറിപ്പോയി. മനസ്സ് ഒരു സൂപ്പർ കമ്പ്യൂട്ടർ ആണെന്ന് അടുത്ത കാലത്തു് ഒരു ഉപമ ഉണ്ടായിരുന്നു. അതുംപോയി. ഇന്നേവരെ ഇങ്ങനെ ഒരു കമ്പ്യൂട്ടർ ഉണ്ടായിട്ടില്ല. എന്നല്ല, മനസ്സ് എന്ന കമ്പ്യൂട്ടറിനുള്ളിൽ, ഇന്നു ഭൂമിയിലുള്ള മനുഷ്യനിർമ്മിത കമ്പ്യൂട്ടറുകളുടെ എണ്ണത്തിന്റെ ശതകോടി ഇരട്ടി കമ്പ്യൂട്ടറുകൾ സ്ഥിതിചെയ്യുകയും ചെയ്യുന്നു. എല്ലാം രാസ–വൈദ്യുതമാലകളായി നിരന്തരം പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

ആ ദിനങ്ങൾ വരാൻപോകുന്നതായി ശാസ്ത്രകാരന്മാർ പറയുന്നു—'ഇതാ നിങ്ങളുടെ മനസ്സ്' എന്ന് വ്യക്തമായ ചിത്രം തരുന്ന ദിനങ്ങൾ.



കെ. ഗോവിന്ദൻകുട്ടി

റെബേലോ ഇൻക്വിസിററരോ?

കാള പെറെറന്നു കേട്ടാൽ കയർ മാത്രമല്ല, പാൽക്കുടം കൂടി എടുത്തോടുന്ന ഒരു രാഷ്ട്രീയപ്രവണത വ്യാപകമാകുന്ന സന്ദർഭം. തെളിവിന്റെ മേഖലയിൽ നിന്നുകൊണ്ടു മാത്രം പറയാവുന്ന വിധിപറയൽ സാദ്ധ്യതയുടെ മേഖലയിൽ ഒതുങ്ങിനിന്നുകൊണ്ട് നടത്തുവാനുള്ള ശ്രമം. പത്രലേഖകർ സാദ്ധ്യത സത്യമാണെന്നു ശഠിക്കരുതെന്ന് കെ. ഗോവിന്ദൻകുട്ടി വാദിക്കുന്നു. ഇന്ത്യൻ എക്സ്പ്രസ്സിന്റെ തിരുവനന്തപുരം ലേഖകനാണ് ഗോവിന്ദൻകുട്ടി.

ആരേയും തെറി വിളിക്കാം. ഏതു് സാമൂഹ്യവിഗ്രഹവും എറിഞ്ഞുടയ്ക്കാം. പക്ഷേ, ആരുടേയും ഇൻറഗ്രിററി ചോദ്യം ചെയ്യുകട. ദുർബ്ബലമായ അനുമാനത്തിന്റേയോ ആത്മനിഷ്ഠമായ നിഗമനത്തിന്റേയോ പിൻബലത്തിൽ, ദൈവത്തിന്റെയായാലും ചെകുത്താന്റേതായാലും, ഇൻറഗ്രിററി ചോദ്യം ചെയ്യുകട. ഇൻറഗ്രിററിയിലുള്ള പരസ്പര വിശ്വാസമാകുന്നു, ഒരുമ്പെട്ടതിൽ, നാഗരികതയുടെ ആധാരം. തള്ളിക്കളയാനാവാത്ത തെളിവിന്റെ വെളിച്ചത്തിൽ മാത്രമേ ആരും ആരുടേയും ഇൻറഗ്രിററി ചോദ്യം ചെയ്യാൻ മുതിരാവൂ.

ഈ വചനത്തിൽ ഒരതിസാധാരണ തത്ത്വത്തിന്റെ വൈരസ്യം ഉണ്ടെങ്കിൽ പൊറുക്കുക. ഒററപ്പെട്ടുപോകുന്ന, ഒററപ്പെടുന്നുവെന്ന് വേദനയോടെ സ്വയം സംശയിക്കുകയെങ്കിലും ചെയ്യുന്ന, ഒരു റിപ്പോർട്ടറുടെ വികാരം മാത്രമേ ഇതിനു പിറകിലുള്ളുവെന്ന് കരുതിയാൽ മതി.

റിപ്പോർട്ടറെ ഒരു റെബലായേ ഞാൻ എന്നും കാണാനാഗ്രഹിച്ചിട്ടുള്ളൂ. കലാപത്തിന്റെ കൊടിയേന്തേണ്ടവൻ, സ്ഥിതിപാഠകനായും കൂട്ടിക്കൊടുപ്പുകാരനായും ഇൻക്വിസിററായും ന്യായാധിപനായും പ്രവാചകനായും രൂപവും ഭാവവും മാറി മാറി വരുന്നതുകാണുമ്പോൾ ഞാൻ അന്ധാളിച്ചുപോകുന്നു. ബാലകൃഷ്ണപിള്ള ചെയ്തതായിപ്പറയുന്ന പഞ്ചാബ് മോഡൽ പ്രസംഗവും കരുണാകരൻ നടത്തിയതായി കേൾക്കുന്ന ഫോൺ വിളിയും ഒരുക്കിയ അരങ്ങിൽ മീഡിയ ആടിയ താണ്ഡവത്തിൽ ഭീഷണമായ ആ രൂപഭാവങ്ങൾ കാണാം. ആ ശൈലി സമൂഹത്തിന് ആപൽക്കരവും; പത്രപ്രവർത്തനത്തിന് അപമാനകരവും.

ബാലകൃഷ്ണപിള്ളയുടെ ഭാവിയോ കരുണാകരന്റെ കീർത്തിയോ അല്ല പ്രശ്നം. അവരിൽ ആരോപിക്കപ്പെട്ടിട്ടുള്ള ചെയ്തികളെച്ചൊല്ലി കത്തിപ്പടരുന്ന കലഹത്തിൽ, നമ്മുടെ ചില മൂല്യസങ്കല്പങ്ങളും മാനദണ്ഡങ്ങളും കരുതിയായിപ്പോകുന്നുവെന്നതാണ് യഥാർത്ഥ പ്രശ്നം. സംശയത്തിന്റെ വാഴ്ച നടക്കുന്ന കാലഘട്ടത്തിൽ, ബാലകൃഷ്ണപിള്ളയ്ക്കും കരുണാകരനും ഒരേസമയം സഹായകമായിത്തീർന്നേക്കാവുന്ന നിലപാടെടുക്കുകവഴി ഞാൻ അവരുടെ പുതിയ വൈതാളികനായി ചിത്രീകരിക്കപ്പെട്ടാൽ, അതവരുടെ വിധി. ഏതായാലും, സദാചാരത്തിന്റെ പേരിൽ, സാമൂഹ്യദാർഢ്യത്തിന്റെ പേരിൽ ആ വിവാദത്തെപ്പററി ഒരു വ്യത്യസ്ത വീക്ഷണം അവതരിപ്പിക്കേണ്ടിയിരിക്കുന്നു.

ആദ്യം ബാലകൃഷ്ണപിള്ളയുടെ കാര്യം എടുക്കട്ടെ. പഞ്ചാബ്മോഡൽ പ്രക്ഷോഭത്തിന്റെ ന്യായാന്യായങ്ങളോ അത്തരമൊരു കലാപത്തിനുവേണ്ടി പിള്ള കാഹളം മുഴക്കിയെന്ന കിംവദന്തിയുടെ നിജസ്ഥിതിയോ ആലോചിക്കാൻ ഈ പ്രകരണത്തിൽ ഉദ്ദേശിക്കുന്നില്ല. പത്രോസ് മൂന്നുവട്ടം തള്ളിപ്പറഞ്ഞതു് യേശുവിനെയാണെങ്കിൽ, പത്രോസിനെ കടത്തിവെട്ടിയ പിള്ള മൂന്നുവട്ടവും അതിലധികവും സ്വയം തള്ളിപ്പറഞ്ഞു, ഖേദം പ്രകടിപ്പിച്ചു. ആ നിഷേധത്തിന്റേയും ഖേദപ്രകടനത്തിന്റേയും മാറ്റൊലിപോലും ഉയരാൻ ഇടംകൊടുക്കാതെ, അദ്ദേഹം രാജ്യദ്രോഹിയാണെന്ന രൗദ്രമായ പ്രചരണം പത്രപംക്തികളിലും പ്രസംഗവേദികളിലും പൊടിപൊടിച്ചു. ആ പ്രചരണത്തിൽ നീറിപ്പിടിച്ചുനിന്ന വികാരം രാജ്യസ്നേഹമായിരുന്നോ അതോ ബാലകൃഷ്ണപിള്ളതന്നെ സ്വന്തം ചെയ്തികൾകൊണ്ടും സ്വഭാവവിശേഷംകൊണ്ടും വളമിട്ടു വളർത്തിയ വ്യക്തിവൈരാഗ്യവും രാഷ്ട്രീയ വിരോധവുമായിരുന്നോ?

പ്രസംഗം കേട്ടവരോ കേട്ടറിഞ്ഞവരോ ആയ പത്രലേഖകരുടെ സംയുക്ത പ്രസ്താവനയായിരുന്നു ആ പ്രചരണത്തിന് ഉപോൽബലകം. വായുവിൽ ലയിച്ചുപോയ വാക്കുകൾഉരുവിട്ടയാൾ വീണ്ടും വീണ്ടും നിഷേധിച്ചിട്ടും, പത്രലേഖകരുടെ ഭാഷ്യം സുവിശേഷ സത്യമായി കൊണ്ടാടിയ ചരിത്രം അടുത്തൊന്നു മുണ്ടായതായി തോന്നുന്നില്ല. പരശ്ശതം ആളുകൾ പങ്കെടുത്ത ഒരു യോഗത്തിലെ പ്രസംഗത്തിന്റെ നിജസ്ഥിതി നിശ്ചയിക്കുന്ന ന്യായാധിപൻ ആരായിരിക്കണം—പത്രലേഖകനോ പ്രസംഗകനോ ശ്രോതാക്കളിൽ ഒരു വിഭാഗമോ? പ്രസംഗകന്റെ നിഷേധവും ഖേദപ്രകടനവും യഥാർത്ഥോദ്ദേശ്യത്തിന്റെ ആവിഷ്കരണമായി കണക്കാക്കാതെ, അദ്ദേഹത്തിന്റെ ഇൻറഗ്രിററി ചോദ്യം ചെയ്തു സമകാലീന ചരിത്രത്തിൽ ഗ്രസ്വമായൊരു രാജ്യദ്രോഹകാണ്ഡമെഴുതിച്ചേർത്തതും രാഷ്ട്രീയരംഗം കൂടുതൽ മലീമസമാക്കാൻ പുതിയ പത്രപ്രവർത്തനശൈലി ഏറെ ഉതകിയിട്ടുണ്ട്.

ബാലകൃഷ്ണപിള്ളയുടെ മുൻകാല ചെയ്തികളും പെരുമാററമുകളും ഓർക്കുമ്പോൾ, അദ്ദേഹം അങ്ങനെ ഒരു പ്രസംഗം ചെയ്തുകൂടെന്നില്ലെന്നും അസൗകര്യം വരുമ്പോൾ ഒഴിഞ്ഞുമാറിക്കളഞ്ഞുന്നില്ലെന്നും ആത്മാർത്ഥമായി വിശ്വസിക്കുകയും പറഞ്ഞു നടക്കുകയും ചെയ്യുന്ന ഏറെപ്പേരെ എനിക്കറിയാം. പകുതി ആത്മനിഷ്ഠവും പകുതി വസ്തുനിഷ്ഠവുമായ ആ ധാരണയുടെ പ്രേരണമൂലം,

(ശേഷം 50–ാം പേജിൽ)

നെയ്യാററിൻകര വാസുദേവൻ

സംഗീതക്കച്ചേരികൾ ഇന്ന് വെറും കമ്പവടം

ഡോ. ബാലമുരളീകൃഷ്ണയുമായി ഒരു അഭിമുഖം

നെയ്യാററിൻകര വാസുദേവൻ: താങ്കളുടെ 'വിടവാങ്ങൽ കച്ചേരി'യായിരുന്നല്ലോ 'സൂര്യ'യുടെ വേദിയിൽ നടന്നതു്. പണം വാങ്ങി ഇനി കച്ചേരി നടത്തില്ല എന്നു തീരുമാനിക്കാൻ കാരണമെന്തു്?

ബാലമുരളീകൃഷ്ണ: സംഗീതം ദൈവീകമാണെന്നു പറഞ്ഞിട്ടു്, വന്നുവന്നു് അതിപ്പോൾ ഒരു കച്ചവടമയി മാറിയിരിക്കുന്നു. പണം സമ്പാദിക്കാൻ സംഗീതമല്ലാതെ മറെറാരു വഴിയുമില്ല എന്ന അളവുവരെ ആ പ്രവണത എത്തിയിരിക്കുന്നു. സംഗീതത്തിൽ ഗ്രൂപ്പിസവും ജാസ്സിയായിപ്പോയി. യുവതലമുറ നല്ല പാട്ടുപാടി വരുമ്പോൾ അവർ ഉയരാതിരിക്കാൻ എന്തൊക്കെ തടസ്സങ്ങൾ ഉണ്ടാക്കാമോ അതെല്ലാം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. പഴയ തലമുറതന്നെ എപ്പോഴും പാടിക്കൊണ്ടേയിരുന്നാൽ പുതിയ തലമുറയ്ക്കു് എങ്ങനെ മുന്നോട്ടു വരാൻ കഴിയും?

വാസുദേവൻ: പുതിയ തലമുറയ്ക്കു വഴിയൊരുക്കാൻ വേണ്ടിയാണോ ഈ വിടവാങ്ങൽ?

ാലമുരളി: ഇപ്പറയുന്ന പഴയതലമുറയിലോ, പുതിയ തലമുറയിലോ പെടുന്ന ആളല്ല ഞാൻ. രണ്ടു തലമുറയുടെയും നടുവിലാണു് എൻെറ സ്ഥാനം. എനിക്കിപ്പോൾ സംഗീതരംഗത്തു് 47 വർഷത്തെ സേവനമായി. പക്ഷേ, ഞാൻ വയസ്സനായിട്ടില്ല. പ്രശ്നം ഞാൻ പറയാം. ഇന്നു കച്ചേരിക്കുവേണ്ടി കച്ചേരി നടത്തുന്നു. അതു കണ്ടിട്ടു് യുവതലമുറയിൽപ്പെട്ടവർ പോയി സംഗീത സഭാ സെക്രട്ടറിയുടെ കാലിൽ വീഴുന്നു. ചിലർ അവരുടെ വീട്ടിൽ സേവചെയ്യുന്നു. പണക്കാർ ചിലർ പണം അങ്ങോട്ടു കൊടുത്തിട്ടു് കച്ചേരിനടത്തുന്നു. കച്ചേരി നടത്തുന്ന ഒരു പത്തുപേരുടെ ലിസ്റ്റു് സംഗീതസഭയിൽ കാണും. അതുമാതിരി പത്തുപേർ പാടുന്ന ഒരു ലിസ്റ്റിൽ ഒരു ഗായകനായി പേരു് വച്ചിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാനൊരു മൃസിഷ്യൻ മാത്രമല്ല; സൃഗ്സൃഷ്ടി നടത്തുന്ന ഒരാൾകൂടിയാണു്. എൻെറ പേരു് വരുംതലമുറ അറിയേണ്ടതു് ഇങ്ങനെയാവണം എന്നു് ഞാൻ ആഗ്രഹിക്കുന്നു. മുത്തയ്യാഭാഗവതർ, മുത്തുസ്വാമിദീക്ഷിതർ, ത്യാഗരാജൻ, സ്വാതിതിരുനാൾ എന്നീവാഗ്ഗേയകാരന്മാരോടൊപ്പമാണു് ഞാൻ വരേണ്ടതു്, ഞാൻ അതു വലിയവനല്ല എങ്കിലും. അതല്ലാതെ അരയക്കടി രാമാനുജയ്യങ്കാർ, ശെമ്മാങ്കുടി, മഹാരാജപുരം, ജി. എൻ. ബി. തുടങ്ങിയവരുടെ ഗണത്തിൽപ്പെടാൻ എനിക്കാഗ്രഹമില്ല.

വാസുദേവൻ: ഭാരതീയ സംഗീതത്തിൽ വലിയ ഒരു പരിവർത്തനമാണു് താങ്കൾ ഉണ്ടാക്കിയിരിക്കുന്നതു്. കർണ്ണാടക സംഗീതത്തിൽ ബാലമുരളീ ശൈലി എന്നൊന്നുതന്നെ രൂപംകൊണ്ടിരിക്കുന്നു. പുതു പുതു രാഗങ്ങൾ, കീർത്തനങ്ങൾ, അപൂർവ്വ രാഗങ്ങൾ അങ്ങനെ പലതും കണ്ടെത്തു് തേച്ചുമിനുക്കി വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ടു്. അവയുടെ സ്വരപ്രസ്തുതവും രാഗവിസ്താരവും താങ്കൾ എത്ര ലാഘവത്തോടെ എങ്കിലും ഗൗരവവും തന്മയത്വവും വിടാതെ അവതരിപ്പിക്കുന്നു. ഇതിൻെറ വൈഭവം എന്താണു്?

ബാലമുരളി: അങ്ങനെ ചെയ്യാൻ എത്രമാത്രം തടസ്സവും എതിർപ്പും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടെന്നോ, എനിക്കു്! ഞാൻ ശക്തമായ എതിർപ്പിനെ നേരിട്ടുകൊണ്ടിരിക്കുന്നു. എനിക്കൊരു ഗ്രൂപ്പോ വലിയ സഭകളുടെ ആദരവോ ഒന്നുമില്ല. എല്ലാം എതിർപ്പുതന്നെ. ഇത്രയേറെ എതിർപ്പിലും എനിക്കൊരു ആത്മവിശ്വാസം ഉണ്ടു്. ഞാൻ ചെയ്യുന്നതു് തെററല്ല എന്നൊരു വിശ്വാസം എനിക്കുണ്ടു്. വളരെയേറെ കഷ്ടപ്പെട്ടുതന്നെയാണു് ഞാൻ ഉയർന്നുവന്നതു്. അല്ലാതെ, ആരുടെയും പിന്തുണയാലല്ല. അതിനാൽ എല്ലായ്പോഴും എനിക്കെൻെറ വ്യക്തിത്വം നിലനിറുത്താൻ കഴിയുന്നു. അങ്ങനെ ഒരു വ്യക്തിത്വമുള്ളതുകൊണ്ടു തന്നെയാണു് എനിക്കു് മൗലികമായൊരു ശൈലിയും കൈവന്നതു്. ഞാൻ പുതുതായി എന്തൊക്കെ ചെയ്തുഎന്നു് പറയാൻ കഴിയില്ല. ചില രാഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ടു്. താളത്തിൽ ഒരു പുതിയ വേഗത കണ്ടുപിടിച്ചു, ഞാൻ ഒന്നും വലുതായി പാടിയിട്ടില്ല. വലുതായി . ഒന്നും ചെയ്തിട്ടുമില്ല. എന്നാൽ എനിക്കൊരു വിശ്വാസം ഉണ്ടു്. പാടുമ്പോൾ പ്രയോഗംകൊണ്ടു് അപ്പപ്പോൾ എന്തു വിചാരിക്കുമോ അതു വരുന്നു, അതു് ഈശ്വരൻെറ അനുഗ്രഹം. ഗുരുവിൻെറ ആശീർവാദഫലം. ഒരു സംഗതി, അല്ലെങ്കിൽ ഒരു രാഗം, അതുമല്ലെങ്കിൽ ഒരു കീർത്തനം. അതിൽ മററുള്ളവർ പാടുന്നതിൽ എന്തൊക്കെ ദോഷങ്ങൾ ഉണ്ടു് എന്നു മനസ്സിലാക്കിക്കൊണ്ടു് അവയെ പരമാവധി ഒഴിവാക്കിക്കൊണ്ടു് ഞാൻ പാടുന്നു. അത്രതന്നെ.

വാസുദേവൻ: അരങ്ങിലിരുന്നു പാടുമ്പോൾ എനിക്കു് അവാച്യമായ ഒരു അനുഭൂതി ഉണ്ടാകാറുണ്ടു്. സദസ്സിലിരിക്കുന്ന ശ്രോതാക്കൾക്കും ആ അനുഭവം തന്നെയായിരിക്കുമെന്നു് ഞാൻ കരുതുന്നു.

ബാലമുരളി: എൻെറ പാട്ടിൽ രണ്ടു മൂന്നു വിധമുണ്ടു്. കല്യാണമണ്ഡപങ്ങളിൽ കച്ചേരി നടക്കുമ്പോൾ അവിടെ കൂടിയിരിക്കുന്നവർ ആരും ശ്രദ്ധയോടെ സംഗീതം കേൾക്കുകയല്ല ചെയ്യുന്നതു്. അപ്പോൾ ഞാൻ എനിക്കായാണു് പാടുക. പിന്നെ വധൂവരന്മാർക്കു് മംഗളമുണ്ടാകാനും. ജനങ്ങൾ ശ്രദ്ധയോടെ കേൾക്കാനുണ്ടെങ്കിൽ ഞാൻ അവർക്കു് നല്ല മാതിരി സംഗീതം. ചൊല്ലിക്കൊടുക്കും. അപ്പോൾ, ഞാൻ എനിക്കുവേണ്ടിയല്ല സദസ്സിനു വേണ്ടിയാണു് പാടുന്നതു്.

വാസുദേവൻ: അരങ്ങിലിരുന്നു രാഗാലാപനം നടത്തുമ്പോൾ ചില നേരങ്ങളിൽ വല്ലാത്ത ഒരു അനുഭൂതി ഉണ്ടാകും. അല്ലേ?

ബാലമുരളി: ചിലപ്പോൾ രാഗാലാപനം നടത്തുമ്പോൾ അനുഭൂതിയൊന്നുമുണ്ടാകില്ല. എന്തെന്നാൽ ആ അന്തരീക്ഷത്തിനു് അനുയോജ്യമാകണം ആ വൈബ്രേഷനുകൾ. ചിലപ്പോൾ നമ്മൾ കുറച്ചു പാടിയാൽ മതിയെന്നുവിചാരിച്ചു് പാടിത്തുടങ്ങിയാലും അങ്ങനെ പാടിക്കൊണ്ടേയിരുന്നുപോകും. ഞാൻ ഒരു രാഗം പാടുമ്പോൾ ഇന്ന രാഗം ഇന്നയിന്ന ആരോഹണാവരോഹണങ്ങൾ, സ്വരങ്ങൾ എന്നൊന്നും ആലോചിക്കില്ല. ഉദാഹരണത്തിനു് കല്യാണിരാഗം എടുക്കാം. കല്യാണി, അമ്മയായി മുന്നിൽ വന്നു നിൽക്കും. അതിനെ നോക്കി ഞാൻ പാടുന്നു. ഞാൻ ആ രാഗത്തെ മാത്രമാണു് കാണുന്നതു്. പാട്ടും, അതു വരും. ഓരോനാളും ഓരോഅലങ്കാരങ്ങളണിഞ്ഞുവരും. അതുകൊണ്ടു് ആ രാഗമല്ലെന്നു പറയാമോ?

വാസുദേവൻ: താളസംബന്ധമായി താങ്കൾ പലതും പുതുതായി സൃഷ്ടിച്ചിട്ടുണ്ടല്ലോ.

ബാലമുരളി: താളത്തിൽ പുതിയതായി ഒരു തത്വം ഞാൻ കണ്ടുപിടിച്ചു. അംഗങ്ങൾ, ജാതി, ക്രിയ എന്നിവ മുഖ്യമായി പരിഗണിച്ചാൽ സശബ്ദക്രിയ, നിശ്ശബ്ദക്രിയ എന്നു് രണ്ടെണ്ണമുണ്ടു്. ജാതിഭേദം താളത്തിൽ എങ്ങനെയാണു വരുന്നതു്? അതിദ്രുതം, ദ്രുതം എന്നതിൽ ജാതിഭേദം ഇല്ല അല്ലേ? അപ്പോൾ ഞാൻ ഗതിയെ പ്രധാനമായി എടുക്കുന്നു. ഗതിയെന്നാൽ ഇടനേരം. ഈ ഗതിഭേദം സശബ്ദക്രിയയ്ക്കേ ഉള്ളൂ. നിശ്ശബ്ദക്രിയയ്ക്കില്ല. എന്തെന്നാൽ നിശ്ശബ്ദക്രിയയ്ക്കു് ഒരാധാരം ഇല്ല. ആധാരമില്ലാതെ ഗതിനിർണ്ണയം എങ്ങനെ വരും? ആധാരമായി ഒന്നു് എന്നൊന്നിരുന്നാലല്ലേ രണ്ടു വരൂ. സശബ്ദക്രിയയ്ക്കു് ഒരു ശബ്ദമുണ്ടു്. അതിൽ നിന്നു് ആരംഭിക്കാം. നിശ്ശബ്ദക്രിയയുടെ കാര്യം അങ്ങനെയല്ല. അതിനു് ഗതിഭേദം ഇല്ല. എങ്ങനെ ദ്രുതം അതിദ്രുതത്തിനു് ജാതിഭേദം ഇല്ലയോ അതുപോലെ നിശ്ശബ്ദക്രിയയ്ക്കു് ഗതിഭേദവുമില്ല. ഇതുതന്നെയാണു് പ്രിൻസിപ്പിൾ. അതുതന്നെ.

വാസുദേവൻ: പഴയ സമ്പ്രദായത്തിൽ താങ്കൾ എത്രകണ്ടു് മാററങ്ങൾ വരുത്താൻ മുതിർന്നിട്ടുണ്ടു് എന്നു വിവരിക്കാമോ?

ബാലമുരളി: പഴയ സമ്പ്രദായം ഒരേ മാതിരിയല്ല. ഓരോ വിദ്വാനും ഓരോ വിധത്തിൽ പാടുന്നു. അപ്പോൾ പിന്നെ എങ്ങനെ, ആരു് പാടുന്നതെന്നുള്ള ഐഡൻറിഫിക്കേഷൻ തിരിച്ചറിയാനാവും? രാമാനുജയ്യങ്കാർ പാടുന്നു എന്നിരിക്കട്ടെ. അതു് നിങ്ങളുടെ സദായം എന്നുമിരിക്കട്ടെ. എന്നാൽ ഈ രാമാനുജയ്യങ്കാർ ആരുടെ സമ്പ്രദായം അടിസ്ഥാനമാക്കിയാണു പാടിയതു്?

വാസുദേവൻ: അദ്ദേഹത്തിൻെറ ഗുരുനാഥൻെറ.

ബാലമുരളി: അദ്ദേഹത്തിൻെറ ഗുരുനാഥൻ ഇങ്ങനെതന്നെ പാടിയിരിക്കുമോ?

വാസുദേവൻ: അതറിയില്ല.

ബാലമുരളി: ശരി. ഇപ്പോൾ രാമാനുജയ്യങ്കാരുടെ മാതിരി ചിലർ പാടുന്നുണ്ടു്. അവർ മുൻനിരയിലെത്തിയോ? അയ്യങ്കാരെമാതിരി ആരെങ്കിലും ആയോ? അതിരിക്കട്ടെ, രാമാനുജയ്യങ്കാർ പാടുന്നതാണു് സമ്പ്രദായം, മഹാരാജപുരം പാടുന്നതു് സമ്പ്രദായമല്ല എന്നു് പറയാൻ കഴിയുമോ? ചെമ്പൈ പാടിയതു് സമ്പ്രദായമല്ലെന്നു് പറയാമോ? ജി. എൻ. ബി. ആരെമാതിരി പാടി? രാമാനുജയ്യങ്കാരുടെ മാതിരിയല്ലല്ലോ. അതുകൊണ്ടു് അതൊന്നും സമ്പ്രദായമല്ലെന്നു വരുമോ? അതിനാൽ സമ്പ്രദായം എന്ന വാക്കിനു് അർത്ഥമില്ല. സമ്പ്രദായം എന്നാൽ വളരെ ചെറിയ വിഷയം. സമ്പ്രദായം എന്നാൽ സരിഗമപധനിസ.

വാസുദേവൻ: യുവതലമുറയ്ക്കു് താങ്കൾ നൽകുന്ന ഉപദേശം എന്താണു്?

ബാലമുരളി: യുവതലമുറ വളരെ കഷ്ടപ്പെട്ട ഒരു അവസ്ഥയിലാണു്. എന്തെന്നാൽ സംഗീതം ഒരു തൊഴിലായി സ്വീകരിക്കാൻ വയ്യാത്ത നിലയാണിപ്പോൾ. ജീവനോപാധി തേടണ്ടേ? അതിനായി പലതും റേഡിയോയിലും ടെലിവിഷനിലും മ്യൂസിക്കോളേജിലുമൊക്കെ ജോലിക്കു പോകുന്നു. സംഗീതരംഗത്തേക്കു വരാനാഗ്രഹിക്കുന്ന യുവാക്കൾ അതിനുമുമ്പു് ഒന്നു തീരുമാനിക്കേണ്ടതുണ്ടു്. സംഗീതം തൊഴിലാക്കണമോ; ഒരു പ്രൊഫഷണൽമ്യൂസിഷ്യൻ ആകണമോ എന്നു്. മ്യൂസിഷ്യനാവണമെങ്കിൽ എല്ലാം ത്യജിക്കണം. പൂർണ്ണമായും ഗുരുശുശ്രൂഷയിൽ ഏർപ്പെടണം. ഗുരുകുലവിദ്യയിലൂടെ മാത്രമേ സംഗീതം വരൂ. കോളേജുകളിൽക്കൂടി വരില്ല. ആൺകുട്ടിയായാലും പെൺകുട്ടിയായാലും ഗുരുശുശ്രൂഷ ചെയ്തുകൊണ്ടുതന്നെ സംഗീതം പഠിക്കണം. അതല്ല മ്യൂസിക്കോളജിസ്ററ് ആകണമെങ്കിൽ അതിനുള്ള അഭ്യസനം വേറൊന്നാണു്. കലാനിരൂപകനാകാൻ വേറൊരു രീതിയിൽ. അപ്പോൾ എന്തിനുവേണ്ടിയാണു് സംഗീതം പഠിക്കുന്നതു് എന്ന കാര്യം ആദ്യമേതന്നെ തീർച്ചപ്പെടുത്തണം.

നെയ്യാററിൻകര വാസുദേവനും ബാലമുരളീകൃഷ്ണയും

ഡോ. ബാലമുരളീകൃഷ്ണ കാശ്രു് വാങ്ങിക്കൊണ്ടുള്ള സംഗീതക്കച്ചേരി സെപ്തംബർ 30-ാം തീയതി തിരുവനന്തപുരത്തുവച്ചു് നടന്ന കച്ചേരിയോടുകൂടി അവസാനിപ്പിച്ചു. ഇങ്ങനെയൊരു തീരുമാനമെടുക്കാൻണ്ടായ കാരണങ്ങളെപ്പററി അദ്ദേഹം മറെറാരു കർണ്ണാടക സംഗീതജ്ഞനായ നെയ്യാററിൻകര വാസുദേവനുമായി സംസാരിക്കുകയാണു് ഇവിടെ. കേരളത്തിലെ ഏററവും വലിയ കർണ്ണാടകസംഗീതജ്ഞനാണു് വാസുദേവനെന്നു് ബാലമുരളീ കൃഷ്ണയ്ക്കു് അഭിപ്രായമുണ്ടു്.

സുന്ദരും സദാശിവനും

കുമ്പസാരം അറിയാത്തവർക്കാ മി ഒരുപാതിരാകുർബാന

നമ്മുടെ സമൂഹത്തിലെ ഏററവും ഭാഗ്യഹീനരായ മനുഷ്യരാണ് മാനസികരോഗികൾ. ചിത്തരോഗാശുപത്രികളോ? അവർക്കു കിടക്കാനൊരുക്കിയ തടവറകൾ. ഇതിന്നിടയിൽ നടന്ന ഇന്ത്യൻ സൈക്കിയാട്രിക് സൊസൈററിയുടെ ദക്ഷിണമേഖലാ വാർഷികസമ്മേളനത്തെക്കുറിച്ചും അവിടെ ഉയർന്നുകേട്ട സാമൂഹ്യ നായകന്മാരുടെ അമർഷങ്ങളെക്കുറിച്ചും:

കേരളത്തിലെ മാനസിക രോഗാശുപത്രികളെക്കുറിച്ചുള്ള അസുഖകരമായ വാർത്തകൾ ഉളവാക്കിയ പ്രതിക്രിയകൾ ഇന്ത്യൻ സൈപ്തംബർ ഏഴ്, എട്ട് തീയതികളിൽ ഇന്ത്യൻ സൈക്യാട്രിക് സൊസൈററിയുടെ ദക്ഷിണ മേഖലാ വാർഷികസമ്മേളനം തൃശൂരിൽ നടന്നു.

ഏഴാം തീയതി രാവിലെ തൃശൂരിലെ പ്രതികരണസംഘം, യുവമോർച്ച, സിമി, എസ്. ഐ. ഒ. തുടങ്ങിയ സംഘടനകളിലെ അറുപതോളം യുവാക്കൾ ''രോഗിക്ക് അരപ്പിരി, ഡോക്ടർക്ക് മുക്കാപ്പിരി, ആശുപത്രിക്ക് മുഴപ്പിരി'' എന്ന മുദ്രാവാക്യം മുഴക്കി സമ്മേളനം നടക്കുന്ന ടൗൺഹാളിലെത്തി. പൊലീസ് അവരെ തടഞ്ഞു. നമ്മുടെ മനഃശാസ്ത്രജ്ഞന്മാർക്കറിയാത്ത യുവാക്കൾ, ശ്രീധരൻ തേറമ്പിൽ എന്ന മെല്ലിച്ച മനുഷ്യന്റെ നേതൃത്വത്തിൽ ടൗൺഹാളിനു മുന്നിൽ ഉച്ചവരെ കുത്തിയിരുന്നു. ഇതിനിടയിൽ, ''ഭൂമിയിൽ നരകമെന്നൊന്നുണ്ടെങ്കിൽ അതിവിടെയാണ്, മനോരോഗാശുപത്രികളിലാണത്. ആ നരകത്തിന്റെ കാവല്ക്കാരായ വൈദ്യശാസ്ത്ര വിശാരദന്മാരോട്, സ്നേഹപൂർവ്വം,'' അവർ, തൃശൂരിലെ യുവാക്കൾ വെളുത്ത കടലാസ്സിൽ, കറുത്ത ലിപികളിൽ, മനം നൊന്ത് ചോദിച്ചു:

''നിങ്ങൾ കാവല്ക്കാരായ ഈ നരകങ്ങളിൽ ഒരു കുഞ്ഞു മാലാഖ ചിറകു വീശുന്നത് സ്വപ്നം കാണാനെങ്കിലും നിങ്ങൾക്കാവില്ലേ? പ്രിയ ഡോക്ടർ, അതുയെങ്കിലും പ്ലീസ്...?''

മനഃശാസ്ത്രജ്ഞന്മാർ അന്നു രാവിലെ മുതൽ ഉച്ചവരെ ആൽക്കഹോളിസത്തെക്കുറിച്ചും, മററ് മാനസിക പ്രശ്നങ്ങളെക്കുറിച്ചും ചർച്ച നടത്തി 'പേപ്പറുകൾ പ്രസൻറ് ചെയ്തു'', 'പരസ്പരം കൈകുലുക്കിക്കാണണം, അനോന്യം അഭിനന്ദിച്ചു കാണണം.

ടൗൺഹാളിൽ നാലുമണിക്ക് പൊതുസമ്മേളനം. പുറത്ത് ഒരു പോസ്റ്റർ പോലുമില്ല. ഒരു നോട്ടീസുപോലും പതിച്ചിട്ടില്ല. വോളൻറിയർ ബാഡ്ജ് ധരിച്ചവർക്കുപോലും, എപ്പോഴെവിടെ എന്താണെന്നറിയില്ല. അഞ്ചുമണിക്ക് യോഗം തുടങ്ങുന്നു. തൃശൂരിൽ നാലാളെക്കൂട്ടുന്ന നമ്മളറിയുന്ന, സി. അച്യുതമേനോനുണ്ട്, ജി. കുമാരപിള്ളയുണ്ട്, സുഗതകുമാരിയുണ്ട്. എന്നിട്ടും കുറെ മലയാളി ഡോക്ടർമാരും, വിരലിലെണ്ണാവുന്ന പൊതുജനങ്ങളും മാത്രം. അന്വേഷിച്ചപ്പോൾ, ആരും ഈ പൊതുസമ്മേളനത്തെക്കുറിച്ചറിഞ്ഞിട്ടില്ല. ഒരു പക്ഷേ, പ്രകടനം നടത്തിയ യുവാക്കൾപോലെ അറിയാതിരിക്കാൻ സംഘാടകർ ശ്രമിച്ചുകാണും.

ആധുനിക സമൂഹത്തിൽ മാനസിക രോഗാശുപത്രികളുടെ പ്രസക്തിയായിരുന്നു വിഷയം. സ്റ്റേജിൽ രണ്ടു ബാനറുകൾ—ഒന്ന് പച്ച, ഒന്ന് ചുവപ്പ്. സ്വാഗതപ്രസംഗം നടത്തിയ തൃശൂർ മെൻറൽ ഹോസ്പിററൽ സൂപ്രണ്ട് ഡോക്ടർ ഫ്രാൻസിസ് പറഞ്ഞു: വീട്ടുകാർക്ക് വേണ്ടാത്ത രോഗികളാണ് അധികപേരും. രോഗികളെ പ്രവേശിപ്പിക്കുന്നതു് സുപ്രണ്ടല്ല, ഔദ്യോഗിക, അനൗദ്യോഗിക അംഗങ്ങളടങ്ങിയ ഒരു സംഘമാണെന്നും, 1912-ൽ ബ്രിട്ടീഷുകാർ എഴുതിയ 'ലൂനസി ആക്ടാ'ണ് നമ്മുടെ ഇപ്പോഴും തുടരുന്നതെന്നും സൂപ്രണ്ട് പറഞ്ഞു. മനുഷ്യത്വം നഷ്ടപ്പെടാത്തവരും, സഹൃദയരും മററു മനോരോഗാശുപത്രിയിൽ ജോലി ചെയ്യുന്നവരിലുമുണ്ട്. ഒരു മൂലയ്ക്ക് ആരാലും ശ്രദ്ധിക്കപ്പെടാതിരിക്കുന്ന സംഗീതവും സാഹിത്യവുമറിയുന്ന ഒരു സൈക്യാട്രിസ്റ്റിനെ ഞങ്ങളും കണ്ടു. അപവാദങ്ങൾ ചൂണ്ടിക്കാട്ടുക, കസ്തൂരിയുടെ തലത്തിലേക്ക് താഴ്ന്നു, ഡോക്ടർ പറഞ്ഞു. (അനീതിയും അപവാദങ്ങളുമല്ലാതെ എന്താണ് ഡോക്ടർ ഞങ്ങൾക്കറിയാത്തതു്?)

അളന്നു മുറിച്ച വാക്കുകളിൽ അച്യുതമേനോൻ ഉദ്ഘാടന പ്രസംഗം നടത്തി. മാനസികരോഗാശുപത്രികളുടെ പ്രസക്തിയെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ ആവശ്യമില്ലെന്നും, പക്ഷെ ചികിത്സാരീതി ശരിയല്ലെന്നും അച്യുതമേനോൻ പറഞ്ഞു. ചിരികൾക്കിടയിൽ, ആറുരൂപവച്ച് ഡോക്ടർക്ക് കൊടുക്കുന്നതുകൊണ്ടാണ് ആശുപത്രികൾ തിങ്ങിനിറഞ്ഞു നില്ക്കുന്നതെന്ന് മാതൃഭൂമിയിൽ വായിച്ചുവെന്നും, തനിക്കതറിയില്ലെന്നും, ഇത്തരം കാര്യങ്ങൾ 'ഇൻവെസ്റ്റിഗേററ്' ചെയ്യണമെന്നും അച്യുതമേനോൻ പറഞ്ഞു. ഡോക്ടർമാരിൽ ഏറിയ പങ്കും അഴിമതിക്കാരാണ്. പക്ഷേ എല്ലാവരും അങ്ങനെയല്ല. ബന്ധുക്കൾ കരണ കാട്ടണം. വീട്ടിൽവച്ചുള്ള ചികിത്സയ്ക്ക് വേണ്ട കാര്യങ്ങൾ ചെയ്യണം, അച്യുതമേനോൻ പറഞ്ഞു.

വളരെയധികം പേരെ വിട്ടയയ്ക്കുക എന്നതല്ല, ആശുപത്രികൾ നന്നാകുകയാണ് വേണ്ടതെന്നും, പ്രാഥമികകാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം മുതൽ ഭക്ഷണം, വസ്ത്രം, തുടങ്ങിയ എല്ലാ സൗകര്യങ്ങളുമുണ്ടാവണമെന്നും അദ്ദേഹം തറപ്പിച്ചു പറഞ്ഞു. തന്റെ ജ്യേഷ്ഠനെ മാനസികരോഗാശുപത്രിയിൽ കിടത്തേണ്ടിവന്ന സംഭവം ഓർത്തു് അച്യുതമേനോൻ പറഞ്ഞു: രണ്ടു ദിവസം കഴിഞ്ഞ് ഡിസ്ചാർജ്ചെയ്തു. അല്ലെങ്കിൽ എന്താകുമായിരുന്നു?

ഗവൺമെൻറാണ് ചിത്തരോഗാശുപത്രികളുടെ ശോചനീയാവസ്ഥയ്ക്ക് പ്രധാന കാരണമെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ ബിഷപ്പ് ഡോക്ടർ ജോസഫ് കണ്ടുകളം പ്രസ്താവിച്ചു.

തുടക്കത്തിൽ ശാന്തനായിരുന്ന ജി. കുമാരപിള്ള. പിന്നീട് ധാർമ്മികരോഷംകൊണ്ട് സ്വരം ഉച്ചത്തിലായി. 1912-ലെ ബ്രിട്ടീഷുകാരുടെ 'ലൂനസി ആക്ട്സ്' പരാമർശിച്ച് ജി. കുമാരപിള്ള പറഞ്ഞു—''ഇന്ത്യയിൽത്തന്നെ ചില സ്ഥലങ്ങളിൽ മാനസികരോഗാശുപത്രികൾ നന്നായി നടക്കുന്നുണ്ട്. മദ്രാസിലെയും ബാംഗ്ളൂരിലെയും ആശുപത്രികൾതന്നെ ഉദാഹരണം. പൊതുജനങ്ങളുമായി ഒരു ഭ്രാന്താശുപത്രിക്ക് സമ്പർക്കം ഉണ്ടാവേണ്ടതു് ആവശ്യമാണ്.''

സ്വരം പിന്നെ ഉച്ചത്തിലായി. മൂല്യബോധം നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ സമൂഹത്തിലെ ഏററവും ഭാഗ്യഹീനരാണ് മനോരോഗികൾ.

സാമൂഹ്യമായ മാററത്തിനുവേണ്ടി പ്രവർത്തിക്കുന്നവരോട്, ഇതു് സമൂഹത്തിന്റെ സമഗ്രവീക്ഷണം ഉൾക്കൊള്ളുന്ന ഒരു പ്രവണതയല്ല എന്നു പറഞ്ഞ് അടിസ്ഥാനപരമായ മാററത്തിനും, വിപ്ലവത്തിനും വേണ്ടി കൈകെട്ടിയിരിക്കുന്ന ബുദ്ധിജീവികളോട് ആ മനോഭാവം കളഞ്ഞു് പ്രവർത്തിക്കാൻ ജി. കുമാരപിള്ള ആവശ്യപ്പെട്ടു.

അടിയന്തര ചികിത്സവേണ്ട മാരകരോഗം പിടിപെട്ടിരിക്കുകയാണ് നമ്മുടെ ഭ്രാന്താശുപത്രികൾക്ക് എന്ന സുധീരൻ കമ്മിററി റിപ്പോർട്ടിലെ വാചകം രണ്ടു കുറി ആവർത്തിച്ചു പറഞ്ഞ് സമഗ്രമായ മാററത്തിനായി കാത്തുനിൽക്കാതെ മുന്നോട്ടുവരാൻ കുമാരപിള്ള ഡോക്ടർമാരെ ക്ഷണിച്ചു.

സുഗതകുമാരിയുടെ സ്വരം കരുണയുടെയും പ്രതിഷേധത്തിന്റെയും സ്വരമായിരുന്നു. സമൂഹത്തെ കളങ്കം ബാധിച്ചിരിക്കുന്നതുകൊണ്ട് ഈ രംഗത്തെ മാത്രം വിമർശിക്കരുതു് എന്ന ഡോക്ടർ ഫ്രാൻസിസിന്റെ അപേക്ഷയ്ക്കുള്ള മറുപടിയായി എല്ലാ കാര്യങ്ങളും ശരിയാവുന്നതുവരെ കാത്തിരിക്കാൻ നമുക്കു സമയമില്ലെന്നും വികാരത്തിന്റെയും ധാർമ്മികരോഷത്തിന്റെയും വേദനയുടെയും ഭാഷ സംസാരിക്കുന്നവരുണ്ടെങ്കിൽ മാത്രമേ ഈ രാജ്യത്തിന്റെ മനസ്സാക്ഷിയുണരുള്ളു എന്നും അവർ പറഞ്ഞു.

നിർഭാഗ്യവാന്മാരായ രോഗികൾ, അതു് എന്നു പറയാൻ കഴിവില്ലാത്തവർ, അവരോട് ചെയ്യുന്ന എന്തു് അപരാധത്തിനും, ഞങ്ങൾ വികാരംകൊള്ളും, അവരെക്കുറിച്ച് പഠിക്കും, എഴുതും, ഇവിടത്തെ ഡോക്ടർമാരോടവർ വിനീതമായി പറഞ്ഞു.

ഡോക്ടർമാർക്കെതിരെയല്ല, ഭരണവ്യവസ്ഥിതിക്കെതിരെ തിരിയാനും, വ്യവസ്ഥിതി മാററാനും അഡ്വക്കേറ്റ് പുഴങ്കര 'ബാലനാരായണൻ ആഹ്വാനം ചെയ്തു. ''ഞാനൊരു സത്യം പറയാം, ഞങ്ങൾക്ക് വലിയ വിവരമൊന്നുമില്ല. ഈ കാര്യത്തിൽ നിങ്ങളെക്കാൾ വലിയ വിവരമൊന്നുമില്ല,'' പിന്നീട് പ്രസംഗിച്ച ഡോക്ടർ കരുവിള വിനയത്തോടെ പറഞ്ഞു.

സത്യസന്ധനായ ഒരു ധിക്കാരിയുടെ സ്വരം

ഈ സമ്മേളനത്തിൽ മുഴങ്ങിക്കേട്ടതു് ഡോ. പി.എൻ. ഗോപാലകൃഷ്ണന്റെ ശബ്ദമായിരുന്നു. സമയം തീരാറായി എന്ന് കാണിക്കുന്ന പച്ചവിളക്കിന്റെ വെളിച്ചം ഡോക്ടറെ ക്ഷുഭിതനാക്കി. അദ്ധ്യക്ഷനായ ബിഷപ്പിനോടദ്ദേഹം പറഞ്ഞു: ''ഞാൻ നിങ്ങളുടെ വിളക്കുകളെ ബഹുമാനിക്കുന്നില്ല.''

തിരുവനന്തപുരം മാനസികരോഗാശുപത്രിയുടെ ഇപ്പോഴത്തെ ഈ സൂപ്രണ്ട് മാനസികരോഗാശുപത്രികളെക്കുറിച്ചും, ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും ഏറെ നേരം സംസാരിച്ചു.

ഇന്ത്യൻ ലൂനസി ആക്ടിനെക്കുറിച്ച്:

1912-ലെ നാലാം ആക്ടായ ലൂനസി ആക്ടനുസരിച്ചാണ് ഞങ്ങളുടെ കൈയ്യ് വിലങ്ങിട്ടിരിക്കുന്നതെന്ന് പറയുന്നു. ഞങ്ങളുടെ കൈയ്യ് ഒരു വിലങ്ങുമില്ല.

മെൻറൽ ഹോസ്പിററലിലെ അഡ്മിഷൻ നടത്തുന്നതു് ലൂനസി ആക്ടനുസരിച്ചാണത്രേ. ഒരു രോഗി ആശുപത്രിയിൽ വരുന്നു. എനിക്ക് ഭ്രാന്താണ്, എന്നെ ഈ ആശുപത്രിയിൽ കിടത്തി ചികിൽസിക്കണമെന്ന് ഒരു അപേക്ഷ വിസിറേററ്സ് ബോർഡിന് സമർപ്പിക്കുന്നു. അയാൾ പ്പെട്ടു തരുന്നു. മാനസികമായി സമനില തെററിയ ഒരു മനുഷ്യൻ എങ്ങനെ ഇതെഴുതിത്തരും? അയാൾ ഒപ്പിടില്ല. ബലപ്രയോഗിച്ച് വിരലടയാളം പതിപ്പിക്കുന്നു. ഇതു് ഇന്ത്യൻ ലൂനസി ആക്ടനുസരിച്ചുള്ള നിയമമാണോ?

പൊതുജനങ്ങൾ ആശുപത്രിയിൽ കയറാൻ പേടിക്കുന്നു എന്ന് ലൂനസി ആക്ടിലൊരിടത്തും പറഞ്ഞിട്ടില്ല. പക്ഷേ, നിങ്ങളെ ഞങ്ങൾ അകത്തു കേററില്ല. ഫോട്ടോ എടുക്കാൻ അനുവദിക്കില്ല. കാരണം ഇതുയും രോഗികളുടെ ഉത്തരവാദിത്വം, ഞങ്ങളിലാണ്.

രോഗിയെ ഇടംവലം തിരിയാത്തതെന്ന് പറയും. സെല്ലുകളിലിട്ട് പൂട്ടും, ചികിത്സയൊന്നും കൊടുത്തില്ലെന്നിരിക്കും. ചികിത്സ കൊടുത്താലുമില്ലെങ്കിലും ബന്ധുക്കൾ വന്നാൽ തിരിച്ച് ഏൽപിച്ചുകൊടുക്കുന്നു. അതിന്റെ ബാദ്ധ്യത ഞങ്ങൾക്കുണ്ട്. അതിനിടയ്ക്ക് ചവിട്ടി, അടിച്ചു കൊന്നു എന്നൊക്കെ വരും. പരിഹാസത്തിന്റെയും വേദനയുടെയും സ്വരത്തിൽ ഡോക്ടർ പറഞ്ഞു. അതിന് ആരാണ് ഉത്തരവാദി, ഡോക്ടർ ചോദിക്കുന്നു. ഞങ്ങളാണോ, നിങ്ങളാണോ?

പൊതുജനവും ഡോക്ടർമാരും രോഗികളും

ഇന്ന് രാവിലെ ഇവിടെയൊരു കരിങ്കൊടി പ്രകടനം നടത്തിയെന്ന് കേട്ടു. അതിനെതിരെ ഡിഫൻറ് ചെയ്ത് സംസാരിക്കണമെന്ന് ഒരു സംഘം ഡോക്ടർമാർ എന്നോടു് പറഞ്ഞു. എന്തിനാണ് നാം പൊതുജനത്തെ ഭയപ്പെടുന്നതു്? നാം പൊതുജനത്തിന്റെയൊരു ഭാഗമല്ലേ? നാം അഴിമതി ചെയ്യുന്നുണ്ടെങ്കിൽ അതു് ചൂണ്ടിക്കാണിക്കുമ്പോൾ എന്തിന് വിറയ്ക്കുന്നു?

ഞാൻ എന്റെ സഹപ്രവർത്തകർക്കെതിരെ സംസാരിക്കുകയല്ല, അതിനകത്തു നടക്കുന്ന കാര്യങ്ങൾ പുറത്തറിയാതിരിക്കേണ്ടതു്, എന്റെയും മററു് സൂപ്രണ്ടന്മാരുടെയും ആവശ്യമാണ്. അതു് നിങ്ങളറിഞ്ഞാൽ ഞങ്ങളെ കരിശിലേററിയെന്നുവരും. മാനസികരോഗാശുപത്രികൾക്ക് പുറത്ത് പണിയെടുക്കുന്നമനഃശാസ്ത്രജ്ഞന്മാരോടദ്ദേഹം പറഞ്ഞു.

ജനങ്ങൾക്ക് കൂട്ടുത്തരവാദിത്വമാണുള്ളതു്. നൂറ് കത്തയച്ചാലും നിങ്ങൾ രോഗിയെ വന്നു കൊണ്ടുപോകില്ല. പുറത്തിറക്കിവിട്ടാൽ രാഷ്ട്രീയസമ്മർദ്ദം ചെലുത്തി ഞങ്ങളെ ട്രാൻസ്ഫർ ചെയ്യും. ഇവിടെ പ്രവേശിപ്പിക്കുന്ന ഒരു രോഗിയുടെകൂടെ ആൾ നില്ക്കണമെന്നു് പറഞ്ഞാൽ സൗകര്യമില്ലെന്നു പറയുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിങ്ങളുടെ സഹോദരനു് ഹൃദ്രോഗമാണെങ്കിൽ കൊണ്ടുപോയാൽ ഒന്നല്ല പത്തു പേർകൂടെ നില്ക്കും—അതിന്റെ സാമൂഹ്യ പശ്ചാത്തലം വിവരിച്ച് ഡോക്ടർ പറഞ്ഞു.

ഒരു പത്തുവർഷം മുമ്പ് തൃശൂർ മാനസികരോഗാശുപത്രിയിലെ ഒരു രോഗിണി ഗർഭിണിയായി. അന്നവിടത്തെ ഒരു ഡോക്ടറെ സ്ഥലംമാററി. ആ ഡോക്ടറായിരുന്നോ ആ രോഗിക്ക് ഗർഭമുണ്ടാകാൻ കാരണം? ട്രാൻസ്ഫർ ഓർഡർ ഞാൻ കണ്ടതാണ്. അതുയ്ക്ക് നീചമായ രീതിയിൽ ജനം ഞങ്ങളെ കൈകാര്യം ചെയ്യുന്നു.

തിരുവനന്തപുരം ചിത്തരോഗാശുപത്രിയിലെ ദൃശ്യങ്ങൾ ഉളവാക്കിയ ധാർമ്മികരോഷംകൊണ്ടാവണം, ഡോക്ടർ ഗോപാലകൃഷ്ണൻ ചോദിച്ചു: നിങ്ങൾക്ക് കലാപരിപാടികൾ കാണണോ? എന്റെ ഭ്രാന്താശുപത്രിയിലേക്ക് വരിക, നഗ്നരായി കിടക്കുന്ന ഭ്രാന്തന്മാരെ കാണാം. സ്ത്രീകളവിടെ വന്നാൽ പറയും: എന്തുയോ സഹോദരന്മാരാണ് ഇവിടെ തുണിയില്ലാതെ കഴിയുന്നതു്. പുരുഷന്മാർ അവിടെ വന്നാൽ പറയും: എന്തുയോ സഹോദരിമാരാണ് ഇവിടെ തുണിയില്ലാതെ കഴിയുന്നതു്.

നിങ്ങൾ എന്തുകൊണ്ടവർക്ക് തുണി കൊടുത്തില്ല?

ഒരു കൂടിയാട്ടത്തിന്റെ കഥ

എം. ഗോവിന്ദൻ

ആറാം ഭാഗം

താത്രി കളങ്ങരെ രാത്രി മുഴുവനും?
എത്ര, എങ്ങെല്ലാം തിരഞ്ഞു ഞങ്ങൾ
ചൂണ്ടുവിരലിന്മേൽ ഏഷണി, ഭീഷണി,
ചുണ്ടിൽത്തെറി; അവർക്കെന്തൊരുർജ്ജം!
''ഗാത്രത്തിലൊക്കെയും ചട്ടി, കഥകളി
പ്പെട്ടിക്കാരന്റെ വെപ്പാട്ടിയായ് നീ.
കീചക വേഷമണിഞ്ഞൊരാ നീചനെ
നീ ആളെ വിട്ടു വിളിച്ചു പോലും!
മാനക്കേടായി മനസ്സും മറവർക്കും.
മാനി നീ ലോകത്തിനാകമാനം.''
പൊട്ടിക്കരയുന്ന മുത്തശ്ശി, ''കഷ്ടമേ,
കട്ടിനീപ്പെണ്ണായോ താത്രിക്കുട്ടി?''
മാനാപമാനങ്ങൾ പെണ്ണിനാൽ മാത്രമൊ?
മൗനത്തിൽ ചോദ്യം ചികഞ്ഞിരുന്നു.
ഇല്ലത്തെ മാനം കെടുത്തിപോൽ, എമ്മട്ടി-
ലില്ലാത്ത മാനമൊരാൾ കെടുത്തും!

വേളി കഴിഞ്ഞൊന്നാം രാവിലെ തന്നെയും
വേശ്യയാക്കാൻ വന്നതേതൊരാളോ,
ആദ്യത്തെ കീചകൻ, ആ വിപ്രൻ തന്നിന്നിൽ
ആരോപണങ്ങൾ ഞൊടുത്തുനില്പ്പൂ.

ഭീമനായില്ലാ മണവാളനാ രാത്രി
ഭീരു ചമഞ്ഞു കിടന്നുറങ്ങി.
ചാരിത്രചോരനോ, നീതിധർമ്മാധിപൻ!
ചാരെ മരുവും വിടപ്രമാണി?
തേച്ചുമിനുക്കിയതില്ലാ താൻ തെററുകൾ-
പച്ചയായ് ചോപ്പായ് തെളിഞ്ഞു മെയ്യിൽ.
തെററായെന്നോററ പറയണോ, തൻ വാഴ്വിൽ
ചെററ സമയം സ്വയം മറന്നു.
ആയുസ്സിലൊററത്തവണയേ ജീവന്റെ
സ്നായുക്കളിൽ സ്നേഹവർഷമേററു.

കീചകവേഷത്തിൽ വന്ന മഴവില്ലിൻ
മേദുര കാന്തികൾ മെയ്യിലേററു.
പശ്ചാത്താപമല്ലഭിമാനം, അന്നുഞാൻ
നിശ്ചയം ചെയ്തതേ നിർവഹിച്ചു.
നാട്ടുകാർ നാലുവഴിക്കെത്തി, നായാട-
പ്പെട്ടൊരു ജന്തുവെ കാണ്മതിന്നായ്.
ഊഴിപിളർന്നെങ്കിലെന്നൊരു മോഹമോ
ചുളിച്ചുഴിയുമിവരംക്കെത്തു്?
പുരുഷനീതിയെപ്പേടിക്കും പെണ്ണിനു്
പൂതസങ്കേതമിപ്പുണ്യഭൂമി.

ചാരിത്രമില്ലാഞ്ഞോ മൈഥിലി, മാതാവിൻ
മാറിലഭയാർത്ഥയായ് മറഞ്ഞു?
നാഴികതെററിച്ചു പൂങ്കോഴിയായ്കൂകി
നാകേന്ദ്രൻ, തെററെന്തുചെയ്തഹല്യ?
ദ്രുപത്തിൽ ഗൗതമൻ, ഭാവത്തിൽ ഗൗതമൻ
ഊഹിച്ചിടാമോ മറിച്ചവരംക്ക്!

അമ്മയൊക്കൊന്നൊരു പുത്രനു്, കൊല്ലുന്ന
വെണ്ണഴ മാത്രമായുണ്ണ മന്നിൽ,
മാൻവേട്ടയും പിന്നെ മാനിനീവേട്ടയു-
മായി ദുഷ്യന്തൻ മറന്നുസത്യം.
കാന്താര മദ്ധ്യത്തിലേകാന്തയായ് വിട്ട
കാന്തയെ നൈഷധനർദ്ധരാത്രി.
ഇത്തിരിക്കാമത്തിൻ പുത്തരിയൂട്ടിനാ-
യെത്രപേർ(13)ദീർഘതമസ്സുകളായ്?
മാർഗ്ഗങ്ങൾ ദുർഗ്ഗമമാകിലബലയും
ദുർഗ്ഗാഭഗവതിയായ് ഭവിക്കും.
തീതിന്നുതിന്നേ വളർന്നവരം പില്ലാട്ട
തീനാളമായ് തിറകെട്ടിയാട്ടം!

സാധനമാകവാൻ സാധകം ചെയ്കിനി
സാവിത്രിയല്ല നീ സ്വാർത്ഥികൾക്കു്
കാക്ക മലർന്നു പറക്കുന്ന കാലത്തും
സ്മാർത്തന്മാർ സാത്വികരാകയില്ല.
വേണ്ട തെളിവുകൾ കണ്ണിലെ കണ്ടവർ
ഉണ്ടാക്കും വേറെ, തുരന്നെടുക്കും.
തിയ്യിൽപ്പഴുപ്പിച്ച കമ്പികൾ, ചോദ്യങ്ങൾ
നിൻചെവിക്കുള്ളിൽ തുളച്ചുകേറും.
നെയ്യിൽ കൈമുക്കിയാൽ പോരല്ലോ, നീയ്യിനി
നെയ്യായുരുകിയൊലിച്ചുപോണം.
ആയിരം സംബന്ധം ചെയ്താലും വേട്ടാലും
ആരാധ്യൻ, ആഢ്യൻ തിരുമനസ്സ്.

സ്മാർത്ത വിചാരക്കാരെത്തില്ലാ, കാമാർത്തി
പൂർത്തീകരണയജ്ഞം മുടക്കാൻ!
കൊച്ചിരാജാവിനമി ദുരാചാരങ്ങൾ
നിശ്ചയമില്ലാഞ്ഞിട്ടല്ല, പക്ഷേ...
പെണ്ണുപിഴച്ചാലുടനെ വിളംബരം:
''ധർമ്മസംസ്ഥാപനം നോന്റെ കർമ്മം.''
വാഴുന്നവർക്കും വിലക്കും വിലകേട്ടും.
പാതാളംപൂകീലേ പണ്ടൊരുത്തൻ?
താണുവണങ്ങും തലയിൽ ചവിട്ടുന്ന-
താണന്നുമിന്നും മേലാള നീതി.
നെട്ടനെ നിൽക്കാൻ നടക്കുവാൻ നട്ടെല്ല്,
മുട്ടിലിഴഞ്ഞാൽ കിഴിഞ്ഞുവാഴ്വു്.

നീന്തിയിഴയുന്ന കുഞ്ഞുങ്ങളാദ്യത്തിൽ
പൊന്തിയൊഴുക്കിലായ് മുന്നോട്ടു നീങ്ങാൻ!
ധീരയായ്ത്തന്നെ നീ നിന്നു കുനിയാതെ
ആ മറുകരപ്പുറം സാധനമായ്.
ഓതിക്കന്മാരൊന്നു മോതുവാനില്ലാതെ
ഓന്തുകൾപോലെ പകച്ചുനോക്കി:
ആധാരംവായിക്കുംപോലെ അനായാസേ-
ആരംപ്പേർ കുറിച്ചു കഥയുരച്ചു.
''നാലുമറുപത്തും ആളുകൾ'' ഊരി നീ
മോതിരം: ''ആരുടെതെന്നറിഞ്ഞോ?
ആണിവേരോടെ പിഴുതെടുക്കേണമോ
ആണുങ്ങൾ നിങ്ങൾക്കു ധൈര്യമുണ്ടോ?''
ചോദിച്ചു, വീണ്ടും ചൊടിയാർന്നു ചോദിച്ചു.
വൈദികൻമാർക്കപ്പോൾ വാക്കു മുട്ടി!
പൊള്ളുന്ന പട്ടാണും പേടിച്ചു സ്മാർത്തന്മാർ
കള്ളക്കളിക്കു കലാശമിട്ടു.
ധാടിയും, മോടിയും ധിക്കാരഭാവവും
ജാട; പേടിത്തൊണ്ടന്മാരിവന്മാർ!

ഏഴാം ഭാഗം

ആശീർവ്വദിക്കാനും ശാപവാക്കോതാനും
ആരിവൻ, പാവം, വെറും മനുഷ്യൻ!
ചേതോ വികാരങ്ങൾ ചോദനമേകുന്നു
ജാതാദരം വിട ചൊൽവതിന്നായ്.
നിന്റെ ചരിത്രം, വിചിത്രം, ദുരന്തത്തി—
ലന്തിമിനുക്കം, പുതിയ ചിത്രം.
വാധ്യാന്മാർക്കാകെ രുജയായ് ഭവിച്ച നീ
ആദ്യത്തെ നമ്പൂരിസ്ത്രീദ്വിജയായ്.
അമ്മതൻ ഗർഭത്തിൽനിന്നും സമൂഹത്തിൽ
നിന്നും പുറംതള്ളി രണ്ടു ജന്മം.

സാധനയോഗം കഴിഞ്ഞിനി സ്ത്രീയാകാം.
സാവകാശം നിൻ ഗതി വികാസം.
തന്ത്രിയിൽനിന്നു സാവിത്രിയായ്ത്തീർന്നു നീ
രാത്രിയിൽനിന്നുഷഃ കന്യപോലെ.
കാലനെ വെന്നവരം അന്നത്തെ സാവിത്രി
കാലത്തെ വെല്ലുവിളിച്ചവരം നീ.
(14) വേട്ടാളക്കുട്ടിലെ കീടംപോൽവാഴുന്ന
വേട്ടോനുയിരുട്ടാനൊത്തതില്ല.

നീയിരിക്കുമ്പോഴേ നിൻ ചേക്കതീർക്കുവാൻ
തീയുതിശ്വാസമൊടുക്കുമായാൾ!
പൂങ്കോഴി കൂകുന്നു, കേട്ടുവോ സാവിത്രി,
നിൻതോഴിപൊയ്ചൊല്ലിയെത്രവട്ടം?
നിന്നെ നീതന്നെവഹിക്കും മുഹൂർത്തമായ്,
മഞ്ചലും ഭാരവും മുള്ളും നീ.
പെററോരുമുറേറാരും തള്ളിക്കളഞ്ഞിനി
താത്രിക്കുതാങ്ങായി താത്രിമാത്രം.

എല്ലാമൊടുങ്ങീചടങ്ങുകൾ, വെക്കംനീ
വല്ലോന്റെ ഇല്ലം വെടിഞ്ഞുകൊൾക,
മുടിപ്പുതച്ചു ഗതികിട്ടാപ്രേതമായ്
മൂകയായ് മുഢന്റെ നീതിയേവം.

ബ്രഹ്മരക്ഷസ്സായ് നീ തിരിച്ചണഞ്ഞീടായ്വാൻ
വേണ്ട കരുതലവരെടുക്കും.
(15)ചെല്ലമക്കുഞ്ഞിനെ മാറോടുചേർക്കാതെ
ചൊല്ലിനീ ''ഉണ്ണി,ഞാൻ പോയ്വരട്ടെ''
ആചാരഭാഷയിൽ നീയും കുടുങ്ങിയ-
താവണം, നാവിൽപ്പിഴപിണഞ്ഞു.
പോവാം, വരുവാനിടഞ്ഞി ഇല്ലമായ്
വേരററുബന്ധം, വെറുങ്ങലിച്ചു.
ഓർമ്മകൾ ചുങ്ങിവരണ്ടു കരിയില—
യെന്നപോലോരോന്നടർന്നുവീഴും.
കുഞ്ഞുണ്ണിയില്ല, നീ പെററില്ല, ഇല്ലത്തു
നിന്നെ നിനയ്ക്കാനൊരുത്തനില്ല.

വന്ധ്യമിതേവരെ നീ വാണ ജീവിതം
ആന്ധ്യമകന്നിനി പുത്തനാകും.
കന്നിമണ്ണിൽപ്പുതുവേരും വളവുമായ്
മിന്നുന്ന താരും കനിയുമുണ്ടാം.
പൂവിന്റെ പുണ്യം ഫലത്തിൽ, ഒരമ്മയായ്
ജീവൻ കൊടുപ്പതിൽ മങ്കമാർക്കും.

സാക്ഷ തുറന്നിട്ട വാതിൽ, വലതുകാൽ
വയ്ക്കുക, വന്ന പോലാട്ടെ പോക്കും.
മോക്ഷത്തിനന്നു നീ വന്നതീ വാതില്ലൂൽ,
ഇപ്പോൾ അഭിശപ്തയായ് പുറത്തു്.
വേളി ചെയ്തെത്തിയ വേളയോർക്കുന്നുവോ,
വ്രീളയോ, രോഷമോ, വേദനയോ?
മന്ദം അടിവച്ചു നീങ്ങുക, കാല്പാടാൽ
പങ്കിലമാക്കേണ്ട, ഇല്ലമുററം!
പൂപ്പൽ പിടിച്ച പടിപ്പുര പിന്നിട്ടാൽ

പൂണൂനൂൽക്കാർക്കു നീ ചത്തപെണ്ണ്.
എത്തീ, പടിപ്പുര വാതിൽകടന്നു, കൈ-
മുട്ടുകൾ കേട്ടുവോ കാതടച്ചോ?
നിൻ കാതിലേല്ക്കുവാൻ തന്നെയീ കൈത്താളം
പിണ്ഡം കൊത്താൻവരും കാകൻേറയും.
വായസംവന്നു വിരുന്നുണ്ടു; പായസം
വാരിവിഴുങ്ങുന്നതാരിതന്നെ!
മാവു മുറിക്കാതെ ശേഷക്രിയ, പത്തു
കാവു വിറക ലാഭിച്ചുവല്ലൊ.

വായുള്ളതിന്നുവഴിയുണ്ടു്, വാതുറ-
ന്നോതിയവരംക്കൊ പെരുവഴിയും.
ആൽത്തറയ്ക്കുപ്പുറമത്താണി, അന്തിക-
ത്തക്കരെയെത്താൻ നടവരമ്പും.
ഈ വരമ്പും നീയുമായൊരു ബന്ധമു-
ണ്ടോതാണ്ടതെവ്വിധമെന്നറിഞ്ഞോ?
കർക്കടമാസത്തിൽ നിന്നുടിചൂടിയ
പത്തുപുഷ്പങ്ങളിവിടെനിന്നു്;
ഓർമ്മയൊരുതരം നോവാണതോർക്കേണ്ട
ഇന്നുമറവിയിൽ നിൻ പിറവി
ചോപ്പുകൊടിക്കൂറ തുക്കിയ കാവിന്റെ
മുററം, പെരാത്തമ്മയാണൊരുത്തി.
കുപ്പുകയുർപ്പിച്ചു നിന്നുവോ, നന്നായി,
വീർപ്പുവിട്ടൊട്ടിട ആശ്വസിച്ചോ?
ദുഷ്ക്കരമല്ലിവരംക്കൊന്നുമേ ദാരുക
മുഷ്കം മുരട്ടിൽ മുടിച്ചെറിഞ്ഞോരം.
വമ്പുള്ള ദേവത, അൻപുള്ളവരം, കാളി
ശംഭുവിനോമനപ്പുത്രിയല്ലേ?

(തുടരും)

---

13. ദീർഘതമസ്സിന്റെ കഥ: ദീർഘതമസ്സ് ഗർഭത്തിൽ കിടക്കുന്ന കാലം. അച്ഛന്റെ അനുജൻ കാമവിവശനാകകയും അമ്മയെ പ്രാപിക്കാൻ ശ്രമിച്ചപ്പോൾ ഇവിടെ രണ്ടുപേർക്കു് സ്ഥലമില്ല എന്നു് ഗർഭസ്ഥശിശു പറഞ്ഞു. പക്ഷേ, കാമകിങ്കരൻ വിട്ടില്ല. കാര്യം സാധിച്ചു. കുട്ടിയുടെ കണ്ണു രണ്ടും കുത്തിപ്പൊട്ടിക്കുകയും ചെയ്തു. അങ്ങനെയാണ് ദീർഘതമസ്സായതു്. ദീർഘതമസ്സിന്റെ മുഴുവൻ കഥ മഹാഭാരതത്തിൽ.

14. വേട്ടാളക്കുട്ടിലെ കീടം: വേട്ടാളൻ പുഴുവിനെയെടുത്തു ചുററിപ്പറക്കുന്നതു് ആ പുഴുവിനു് ജീവൻ കൊടുക്കാൻ വേണ്ടിയാണെന്ന ഒരു നാടൻ സങ്കല്പം ചിലയിടങ്ങളിലുണ്ടു്.

15. ചെല്ലമക്കുഞ്ഞിനെമാറാടു് ചേർക്കാതെ: ഇക്കഥ എന്നോടു് വി. ടി. പറഞ്ഞതാണു്. നന്നെ പുലർച്ചയ്ക്കു് ഇല്ലത്തു നിന്നിറങ്ങിപ്പോകുന്നതിനു് മുൻപു്, അവിടത്തെ ഉണ്ണിയാടു് ധാത്രി യാത്രപറഞ്ഞുവത്രെ. പിൽക്കാലത്തു് കുറിയേടത്തു ഒരു നമ്പൂതിരിയോടു് വി. ടി. അന്വേഷിച്ചപ്പോൾ നന്നേ ചെറുപ്പത്തിൽ ഇങ്ങനെയൊരനുഭവം ഉണ്ടായെന്നു് പറയുകയുണ്ടായി.

സച്ചിദാനന്ദൻ

ഒരു മൂന്നാം ലോക ആധുനികതയ്ക്കായി

യൂറോപ്പിൽ ജന്മംകൊണ്ട ആധുനികതയിൽ സ്വാതന്ത്ര്യത്തിന്റെ ചില സങ്കല്പങ്ങളല്ലാതെ മറ്റൊന്നുമില്ല. എന്നാൽ, മൂന്നാം ലോകരാഷ്ട്രങ്ങളിൽ ഉദയംകൊണ്ട ആധുനികത, ദേശീയ സങ്കുചിതത്വത്തിനുപുറം വളർന്ന് സമഗ്രതയുടെ ഒരു ദർശനമായിത്തീരുകയാണ്.

"ആധുനികത'' ഇന്നു ലോകമെമ്പാടും മനുഷ്യർ പങ്കുവയ്ക്കുന്ന സങ്കീർണ്ണമായൊരനുഭവത്തിന്റെ പേരാണ്. സ്ഥലത്തെയും കാലത്തെയും, അവനവനെയും മറ്റുള്ളവരെയും കുറിച്ചുള്ള, മനുഷ്യജീവിതത്തിന്റെ പ്രകാശപൂർണ്ണവും തമസ്കരവുമായ വികാസസാദ്ധ്യതകളെക്കുറിച്ചുള്ള, ഒരു പുതിയ ബോധമാണത്. ഒരു വശത്ത് നമുക്ക് ശക്തിയും ആഹ്ളാദവും വളർച്ചയും, നമ്മുടേയും ലോകത്തിന്റേയും പരിവർത്തനവും വാഗ്ദാനംചെയ്യുന്ന ഒരു പരിസരമായി ഈ അനുഭവം നമ്മെപ്പൊതിയുന്നു. മറുവശത്ത് നമുക്കുള്ളതും നാമറിയുന്നതും നാമായിരിക്കുന്നതുമെല്ലാം പൂർണ്ണമായും നശിപ്പിക്കുന്ന ഒരു ആസുരതയെക്കുറിച്ച് അത് നമ്മെ ഉത്കണ്ഠാകുലരാക്കുന്നു. ഒരേ സമയം പ്രത്യാശയും സംഭീതിയും നിറഞ്ഞ ഈ അനുഭവത്തോടുള്ള ഏറ്റവുമടുത്ത വംശത്തിന്റെയും വർഗ്ഗത്തിന്റെയും ദേശത്തിന്റെയും മതത്തിന്റെയും പ്രത്യയ ശാസ്ത്രത്തിന്റെയും ഭേദങ്ങൾക്കപ്പുറം പോകുന്ന, പല തോതുകളിലാണെങ്കിലും ലോകത്തിന്റെ ഏതാണ്ടെല്ലാ മൂലകളിലും മനുഷ്യരനുഭവിക്കുന്ന ഒന്നാണ്. മതപരവും സൗന്ദര്യാത്മകവും സദാചാരപരവുമായ മുടുപടങ്ങളെല്ലാം കീറി നമ്മുടെ ഭൗതിക നഗ്നതയിലേക്ക് നമ്മെ എടുത്തെറിയുന്ന, അതിജീവനത്തിനായി അവനവനെയും മറ്റുള്ളവരെയും ചൂഷണം ചെയ്യാൻ നമ്മെ നിർബ്ബന്ധിക്കുന്ന ഒരവസ്ഥയാണതു്. എന്നാൽ നമ്മുടെ ജീവിതത്തിലുടനീളം വീശുന്ന ഈ കൊടുങ്കാറ്റ് തന്നെ നമ്മെ ഒന്നിച്ച് നിറുത്തുകയും ചെയ്യുന്നു. നമ്മെ പിടിച്ചുകുറയ്ക്കുന്ന അതേ ശക്തികൾ നമ്മെ സഹോദരരാക്കുന്നു. അനൈക്യത്തിന്റെ ഈ ഐക്യം നമ്മെ നിരന്തരമായ വിഘടനത്തിന്റെയും നവീകരണത്തിന്റെയും ചുഴിയിലേക്കു വലിച്ചെറിയുന്നു. സമരത്തിന്റെയും സന്നിഗ്ദ്ധതയുടെയും, സംഘർഷത്തിന്റെയും ഉദ്വിഗ്നതയുടെയും വേഗമാർന്ന ഒരു ചുഴലി നമ്മെ അവിരാമമായി വേട്ടയാടുന്നു. ഈ അനുഭവം ഏറ്റവും ശക്തമായി ഉൾക്കൊണ്ട മാർക്സിന്റെ ഭാഷയിൽ ''ഉറച്ചതെല്ലാം ആവിയായി അലിഞ്ഞു മറയുന്നു.''

ഈ പ്രപഞ്ചചക്രത്തിലകപ്പെട്ടവർ കരുതുന്നതു് അവരാണ് ആദ്യമായി ഇതനുഭവിക്കുന്നതെന്നാണ്; അവർ മാത്രമാണിതനുഭവിക്കുന്നതെന്നും. ഈ പ്രതീതി, നഷ്ടസ്വർഗ്ഗത്തെക്കുറിച്ചുള്ള ഒരു ഗൃഹാതുരത്വം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ അഞ്ഞൂറു വർഷങ്ങളോളമായി ഭൂമിയുടെ പല ഭാഗത്തുമായി കൂടുതൽ കൂടുതലാളുകൾ ഈ വിചിത്രാനുഭവത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. സ്വന്തം ചരിത്രത്തിനും പാരമ്പര്യത്തിനും നേരേ ഉയരുന്ന ഒരു ഭീഷണിയാണ് ഈ ജനതകളേറെയും ആധുനികതയെ നേരിട്ടിട്ടുള്ളത്. എന്നാൽ ആധുനികത സ്വയം അതിന്റേതായ ഒരു ചരിത്രവും നാനാത്വമാർന്ന ഒരു പാരമ്പര്യവും സൃഷ്ടിച്ചിട്ടുണ്ട്.

ആധുനികതയുടെ ഈ ഭീമസംക്ഷോഭത്തിന് ഒരുപാടു ഘടകങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. പ്രപഞ്ചത്തെയും അതിൽ നമ്മുടെ സ്ഥാനത്തെയും കുറിച്ചുള്ള ചിത്രങ്ങൾ മാറ്റിയെഴുതിയ ഭൗതികശാസ്ത്രത്തിലെ കണ്ടുപിടുത്തങ്ങൾ, മനസ്സിന്റെയും സമൂഹത്തിന്റെയും ഘടനയെക്കുറിച്ച് മനഃശാസ്ത്രവും നരവംശ ശാസ്ത്രവും സാമൂഹികശാസ്ത്രങ്ങളും നല്കിയ പുതിയ വിജ്ഞാനങ്ങൾ, ശാസ്ത്രീയ ജ്ഞാനത്തെ സാങ്കേതിക വിദ്യയാക്കി മാറ്റുകയും പുതിയ പരിസരങ്ങൾ സൃഷ്ടിക്കുകയും പഴയവ നശിപ്പിക്കുകയും ജീവിതത്തിന്റെ വേഗം വർദ്ധിപ്പിക്കുകയും അധികാരത്തിന്റെയും വർഗ്ഗസമരത്തിന്റെയും പുതിയ രൂപങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഉത്പാദനത്തിന്റെ വ്യവസായവത്കരണം, ലക്ഷക്കണക്കിനാളുകളെ പൈതൃക വാസഭൂമികളിൽനിന്നു വിച്ഛേദിച്ച് നവജീവിതത്തിലേക്കെടുത്തെറിയുന്ന ജനസംഖ്യാപരമായ അട്ടിമറികൾ, അതിശീഘ്രവും പലപ്പോഴും അതിദാരുണവുമായ നഗരവികസനം, ധ്രുവാന്തരങ്ങളുള്ള സമൂഹങ്ങളേയും ജനതകളേയും ഒന്നിച്ചാവരണം ചെയ്യുകയും അന്യോന്യം കൂട്ടിയിണക്കുകയുംചെയ്യുന്ന ബഹുജന സംവേദനമാദ്ധ്യമങ്ങൾ ദിനംപ്രതി ശക്തിയാർജ്ജിക്കുന്ന ഒരു ഉദ്യോഗസ്ഥപ്രഭുവർഗ്ഗത്തിലൂടെ സംഘടിപ്പിച്ച നടത്തപ്പെടുന്ന, നിരന്തരം അധികാര വികസനത്തിനു ശ്രമിക്കുന്ന, പലപ്പോഴും ഭീകര സ്വേച്ഛാധിപത്യങ്ങളായി മാറുന്ന ദേശീയരാഷ്ട്രങ്ങൾ, തങ്ങളുടെ സാമ്പത്തിക–രാഷ്ട്രീയ മേൽക്കോയ്മകളെവെല്ലുവിളിച്ച് സ്വന്തം ഭാഗധേയത്തിന്നുമേൽ അല്പമെങ്കിലും നിയന്ത്രണംനേടാൻ ശ്രമിക്കുന്ന ജനങ്ങളുടെ സംയുക്തമായ സാമൂഹ്യചലനങ്ങൾ, ഈ ജനതകളെയും സ്ഥാപനങ്ങളെയുമെല്ലാം വഹിച്ചും ഓടിച്ചുംകൊണ്ട് അനസ്യൂതം പരിണമിച്ചു വികസിക്കുന്ന ഒരു ആഗോള മുതലാളിത്തവാണിഭം, മത്സരാധിഷ്ഠിതമായ ഈ ലോകവ്യവസ്ഥയുടെ വിസ്ഫോടനങ്ങളായ യുദ്ധങ്ങൾ: ഈ കടൽച്ചുഴിയെ ആയിത്തീരലിന്റേതായ ഒരവസ്ഥയിൽ നിലനിറുത്തുന്ന സാമൂഹ്യപ്രക്രിയകളെ ഒന്നിച്ചു വിളിക്കുന്ന പേരാണ് ഇന്ന് 'ആധുനികവത്കരണം.' സ്ത്രീ – പുരുഷന്മാരെ ആധുനികവത്കരണത്തിന്റെ കർത്താക്കളും വിഷയങ്ങളുമാക്കാനുദ്ദേശിച്ചുള്ള ഒട്ടേറെ വിസ്മയകരങ്ങളായ ദർശനങ്ങൾക്കും ആശയങ്ങൾക്കും അനുഭാവാവിഷ്കാരങ്ങൾക്കും ഈ ലോക–ചരിത്രപ്രക്രിയകൾ ജന്മം നൽകിയിട്ടുണ്ട്. ഈ ദർശനങ്ങൾക്കും മൂല്യങ്ങൾക്കും ഒന്നിച്ചു നൽകപ്പെട്ടിട്ടുള്ള ഒരയഞ്ഞ പേരാണ് 'ആധുനികത'.

1. ആധുനികത: യൂറോപ്പിൽ സങ്കോചിക്കുന്ന ദർശനം

യൂറോപ്പിൽ ഈ ആധുനികത മൂന്നുഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ടെന്നു പറയാം. ജനങ്ങൾ, തങ്ങൾക്കു സംഭവിച്ചിരിക്കുന്നതെന്തെന്നറിയാതെ, ആധുനിക ജീവിതം അനുഭവിക്കാനാരംഭിക്കുകയും അതിനുചേർന്ന ഒരാവിഷ്കാര ഭാഷ തിരയുകയും ചെയ്യുന്നു. തങ്ങളുടെ വിചാരണകളും പ്രതീക്ഷകളും പങ്കിടുന്ന ഒരാധുനിക സമുദായത്തെക്കുറിച്ച് ഇനിയും ബോധവാന്മാരായിട്ടില്ലാത്ത, പതിനാറു മുതൽ പതിനെട്ടുവരെയുള്ള ക്രിസ്ത്വബ്ദശതകങ്ങൾ ഒന്നാംഘട്ടമായിക്കരുതാം. ഫ്രഞ്ച്വിപ്ലവത്തിലൂടെ വിപ്ലവതരംഗത്തിനു തുടക്കമിട്ട പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യദശകം മുതൽ, തങ്ങൾ വ്യക്തിജീവിതത്തെയും സംഘജീവിതത്തേയും ആകെ മാറ്റിമറിക്കുന്ന ഒരു വിപ്ളവയുഗത്തിലൂടെ കടന്നുപോവുകയാണെന്ന ആത്മബോധം കൈവന്നതും അതേസമയം പഴയ ലോകത്തെക്കുറിച്ചുള്ള ഓർമ്മ സൂക്ഷിക്കുന്നതുമായ–അങ്ങനെ ഏകകാലത്തു് രണ്ടു ലോകങ്ങളിൽ ജീവിക്കുന്ന–ഒരാധുനിക സമുദായം നിലവിൽവന്ന പത്തൊമ്പതാംനൂറ്റാണ്ടുവരെയുള്ള കാലം 'ആധുനികത'യുടെ രണ്ടാംഘട്ടമാണ്. ആധുനികവത്കരണം ലോകത്തിന്റെ മിക്ക ഭാഗങ്ങളിലേക്കും വ്യാപിക്കുകയും, കലയേയും ചിന്തയേയും പുതിയ ചാലുകളിലേക്കു നയിക്കുകയും അതേസമയം ആധുനിക സമുദായത്തിന് മുൻനൂറ്റാണ്ടിലെ സമഗ്രദർശനവും ഭാഷയും നഷ്ടപ്പെട്ട് നിരവധി ഭാഗികദർശനങ്ങളും സ്വകാര്യ ഭാഷകളുമായിച്ചിതറുകയും ചെയ്ത ഇരുപതാം നൂറ്റാണ്ടിനെ മൂന്നാം ഘട്ടമായിക്കരുതാം. കഴിഞ്ഞ നൂറ്റാണ്ടുകളിലെ ആധുനികർ—റൂസ്സോ, സ്പിനോസാ, മാർക്സ്, നീത്ഷെ, കെർക്കഗോർ, സെർവാന്റീസ്, മെൽവിൽ, ടോൾസ്റ്റോയ്, ദൊസ്തോയെവ്സ്കി, ഗഥേ, വിററ്മൻ, റിംബോ, ബോദ്ലായർ, ഇബ്സെൻ, ഗോയ, ബീഥോവൻ– ഒരേസമയം ആധുനിക ജീവിതത്തിന്റെ നിഗ്രഹശക്തികളെയും അനുഗ്രഹശക്തികളെയും കണ്ടറിഞ്ഞവരായിരുന്നു; അതിന്റെ ഗൂഢാർത്ഥങ്ങളും സന്നിഗ്ദ്ധതകളുമായി അവർ നിരന്തരം മല്ലടിച്ചു. വലിയ അന്തഃസംഘർഷങ്ങളും ആത്മവൈരുദ്ധ്യങ്ങളും അനുഭവിച്ചു. പുതിയ ലോകാനുഭവത്തിന്റെ ചരിത്രപരത അതിന്റെ വൈരുദ്ധ്യാത്മകസാകല്യത്തിൽ അവരുൾക്കൊണ്ടു. എന്നാൽ ഇരുപതാം നൂറ്റാണ്ടിലെ അവരുടെ യൂറോപ്യൻ പിൻഗാമികൾ ധൈഷണികവും സാങ്കേതികവുമായി ആശികമായ ഒരു മുന്നോട്ടുപോക്കു നടത്തിയിട്ടുള്ളപ്പോൾത്തന്നെ, ലളിതമായ സാമാന്യവത്കരണങ്ങളിലേക്കും കർക്കശമായ ഒരു ധ്രുവീകരണത്തിലേക്കും അന്ധമായ ഒരു പരീക്ഷണ പരതയിലേക്കും നീങ്ങിയതായി നാം കാണുന്നു. ജീവിതത്തിന്റെ സമഗ്രതയിന്മേൽ എഴുത്തുകാരുടെ പിടി അയഞ്ഞുപോകുന്നു. വസന്ത ഹേമന്തങ്ങളുടെ കൂടിക്കലരൽ അവരെ ആത്മവിനാശത്തിനും ആത്മവിമോചനത്തിനുമിടയിലുള്ള ഒരു ചിന്താക്കുഴപ്പത്തിലേക്കു തള്ളിയിട്ടിരിക്കുന്നു. വിമർശനരഹിതമായ അന്ധോത്സാഹത്തോടെ ആധുനികയുഗത്തെ വാരിപ്പുണരുകയോ അത്രതന്നെ അന്ധമായ വൈരാഗ്യത്തോടെ അതിനെ നിഷേധിക്കുകയോ ചെയ്യുന്ന ഏകപക്ഷീയസമീപനങ്ങളിലേക്ക് ആധുനികത നീങ്ങുന്നു. ഈ രണ്ടു സമീപനങ്ങളും ആധുനികതയെ അടഞ്ഞ, ഏകശിലാരൂപമായ, തീർന്നകഴിഞ്ഞ ഒരനുഭവമായിക്കാണുന്നു. ആധുനികമനുഷ്യക്ക് അതിനെ രൂപീകരിക്കാനും മാറ്റിയെടുക്കാനുമുള്ള ഒരു സാദ്ധ്യതയും ഈ സമീപനങ്ങളിൽ അവശേഷിക്കുന്നില്ല. ആധുനിക ജീവിതത്തിന്റെ തുറന്ന ദർശനങ്ങളെ അടഞ്ഞ ദർശനങ്ങൾ അട്ടിമറിക്കുന്നു. അതും ഇതും എന്നതിന്റെ വൈരുദ്ധ്യാത്മക സമഗ്രതയുടെ സ്ഥാനത്തു് അതോ ഇതോ എന്ന ഭാഗികത പ്രത്യക്ഷമായിരിക്കുന്നു.

ഇററാലിയൻ ഫ്യൂച്ചറിസ്ററുകളെ നോക്കുക: പഴയ ഗ്രന്ഥപ്പുരകൾക്കു തീ കൊളുത്തുവാനും കാഴ്ചബംഗ്ലാവുകളെ പ്രളയത്തിൽ മുക്കിക്കൊല്ലുവാനും ആഹ്വാനംചെയ്തുകൊണ്ട് ആഴമേറിയ ഹൃദയമുള്ള ആവിവണ്ടികളെയും, ആവിക്കപ്പലുകളെയും, വിമാനങ്ങളുടെ മെലിഞ്ഞ വെളിച്ചത്തെയും ആയുധപ്പുരകളുടെ നിശാകാലാഹ്ലാദങ്ങളെയും ജ്വലിക്കുന്ന വിദ്യുത്ചന്ദ്രന്മാരെയും അവരുടെ മാനിഫെസ്റ്റോ പ്രകീർത്തിക്കുന്നു. പാരമ്പര്യഘടനകളുടെ ഈ തകർച്ചയിൽ മാർക്സും നീത്ഷെയും ആഹ്ലാദിക്കുമായിരുന്നു. എങ്കിലും ഈ വികസനത്തിനു നല്കേണ്ടിവരുന്ന മാനുഷികമായ വില അവർക്കറിയാമായിരുന്നു. യന്ത്രങ്ങൾ ജീവിതമാരംഭിച്ചതോടെ സുപ്രധാനമായ ചില മാനുഷികമൂല്യങ്ങൾ മരിക്കുന്നതായും നമുക്കനുഭവപ്പെടുന്നു. 'യുദ്ധമാണ് ഒരേയൊരു ആരോഗ്യശാസ്ത്ര'മെന്നും ധാർമ്മികസഹനവും ഹൃദയനന്മയും വാത്സല്യവും സ്നേഹവുംപോലെ ''ജീവോർജ്ജം നശിപ്പിക്കുന്ന വിഷങ്ങളെ''യെല്ലാം ദൂരീകരിക്കുന്ന ഒരു ''നിർമാനുഷിക നിർമ്മിതി''യാണ് തങ്ങളുടെ ലക്ഷ്യമെന്നും ഫ്യൂച്ചറിസത്തിന്റെ സ്ഥാപകനായ മാരിനെററിയുടെ പ്രസ്താവം ശ്രദ്ധിക്കുക. ഫ്യൂച്ചറിസ്ററു ചിത്രകാരനായ അംബർടോ ബക്ലോനിയും വാസ്തുശില്പിയായ അന്തോണ്യോ സാന്ത് ഏലിയായും അവർ സ്നേഹിച്ച യന്ത്രങ്ങളാൽ കൊല്ലപ്പെട്ടു; ബാക്കിയുള്ളവർ, അവർ വാരിപ്പുണർന്ന ഭാവിയുടെ സിമൻറായി മാറുവാൻ മുസ്സൊലിനിയുടെ മില്ലുകളിൽ പൊടിക്കപ്പെട്ടു. എങ്കിലും ഈ യന്ത്രസൗന്ദര്യശാസ്ത്രം 'ബോഹോസ്' ചിത്രകാരൻമാരുടെ സാങ്കേതികമേധാവിത്വപരമായ ഇടയഗീതങ്ങളിലും ലെ കോർബുസ്യേയുടെ ശിൽപകലയിലും, മാർഷൽ മക്ലൂഹാന്റെ കംപ്യൂട്ടർ പൂജകളിലും ബക്മിൻസ്ററർഫുള്ളറുടെയും അൽവിൻടോഫ്ളറുടെയും ഹൈ–ടെക്നോളജി പ്രകീർത്തനങ്ങളിലും പുനരവതരിക്കുന്നു. ആധുനിക വ്യവസായശാലയെ നവീന ജീവിതാനുഷ്ഠാനത്തിന്റെ മാതൃകയാക്കുകയും മാനേജ്മെന്റ് തത്വങ്ങളെ സമൂഹനിയന്ത്രണത്തിനുപയോഗിക്കുകയും ചെയ്യുന്ന ഒരാധുനികവികസന സങ്കൽപമാണ് മൂന്നാംലോകത്തു് ഇറക്കുമതി ചെയ്യാനായി യുദ്ധാനന്തരകാലത്തെ അമേരിക്കൻ സാമൂഹ്യശാസ്ത്രജ്ഞർ നിർമ്മിച്ചുവച്ചതു്. (വമ്പിച്ച മൂന്നാംലോക ഭരണകൂടങ്ങളെങ്കിലും ഈ കെണിയിൽ വീണിട്ടുണ്ട്; ഇന്നത്തെ ഇന്ത്യൻ ഭരണകൂടംപോലെ). ഫാക്ടറിയെ മാതൃകയാക്കുന്ന ഈ സമൂഹസങ്കൽപത്തിൽ മനുഷ്യന് ആകെയുള്ള പങ്കു് അതിലൊരു 'ഘ്ഗ്ഗി'ൽ സ്വയം ഘടിപ്പിക്കുക മാത്രമാണ്. 'ടെക്നോ ഫാസിസ'ത്തിന് പെട്ടെന്നു വളരാവുന്ന ഒരു സമുദായമാതൃകയാണിതു്.

മറുവശത്തു് ആധുനിക ജീവിതത്തോടു് തീർത്തും നിഷേധാത്മക സമീപനം പുലർത്തുന്നവരുണ്ട്. ആധുനിക സാമ്പത്തികക്രമം രക്ഷപ്പെടാൻ പഴുതില്ലാത്ത ഒരിരുമ്പുകൂടാണെന്നും ഇതിൽ പിറന്നുവീഴുന്ന വ്യക്തികളുടെ ജീവിതത്തെ അപ്രതിരോധ്യശക്തിയോടെ ഇതു നിർണ്ണയിക്കുന്നുവെന്നും കൽക്കരിയുടെ ഒടുവിലത്തെ ടണ്ണും തീർവോളം ഈ വ്യവസ്ഥ മനുഷ്യന്റെ ഭാവി നിർണ്ണയിച്ചുകൊണ്ടിരിക്കുമെന്നും പറയുന്ന മാക്സ്വെബറിന്റെ 'നിർണ്ണയവാദ'ത്തെ പിന്തുടരുന്നവരാണിവർ. ഇത്തരമൊരുനിർണ്ണയനം മാർക്സും ജെ.എസ്. മില്ലും ടൊക്കെ വില്ലും മററും മനസ്സിലാക്കാതിരുന്നില്ല. എന്നാൽ അതിനെതിരെ പൊരുതാനുള്ള ബുദ്ധിയും ഇച്ഛാശക്തിയും ആധുനികമനുഷ്യർക്കുണ്ടെന്ന ശുഭാപ്തിവിശ്വാസം അവർ കൈവെടിഞ്ഞില്ല. എന്നാൽ കാഫ്കയിലും ബെക്കെററിലുമെത്തുന്നതോടെ, മനുഷ്യന് ഇച്ഛ തീർത്തും നഷ്ടമാവുന്നു. പുതിയ മനുഷ്യർ വികാസത്തിന്റെ മിഥ്യയിൽ അന്ധവും പൂർണ്ണവുമായി ഉൾപ്പെട്ടിരിക്കുന്നുവെന്നും ജീവിതത്തിന്റെ അസംബന്ധവിചാരണകളിൽ വിധി അംഗീകരിക്കാൻ മാത്രമേ മനുഷ്യർക്കു് കഴിയൂ എന്നും നമ്മുടേതു് ഒരു 'അന്ത്യലീലയോ' 'അപായക്കളി'യോ മാത്രമാണെന്നും ഈ ദുരന്തദാർശനികർ പ്രചരിക്കുന്നു. ഫ്യൂച്ചറിസ്റ്റ്–ടെക്നോക്രാററിക് ആധുനികതയിലെന്നപോലെ തന്നെ ഇവിടെയും മനുഷ്യർ ചരിത്രത്തിന്റെ കർത്താക്കളായി, വിമർശനശേഷിയും പ്രതികരണശക്തിയുമുററ നിർമ്മാതാക്കളായി, ഗ്രഹിക്കപ്പെടുന്നില്ല. ജനങ്ങളെ തെരുവിൽക്കിടന്നു തള്ളുന്ന 'ആൾക്കൂട്ട'ങ്ങളായി, 'പൊള്ളമനുഷ്യരായി'ക്കാണുന്ന ആധ്യക്ഷ്യന്യവീക്ഷണം ടി. എസ്. എലിയററ്, അല്ലെൻ ടെയ്ററ്, സ്പെൻഗ്ളർ, ഓർത്തെഗാ തുടങ്ങിയ എഴുത്തുകാരുടെ ധൈഷണികചേഷ്ടകളിൽക്കാണുന്നു. സാമാന്യജനതയെക്കുറിച്ച് ഹിററ്ലറും മുസൊലിനിയും ഫ്രാങ്കോയും ഉൾപ്പെട്ട യൂറോപ്യൻ വലതുപക്ഷം പുലർത്തിയിരുന്ന സിദ്ധാന്തങ്ങളിൽ നിന്നു് ഇതു് മൗലികമായിവ്യത്യസ്തമല്ലെന്നുകൂടി നാം കാണേണ്ടതുണ്ട്.

യൂറോപ്പിലും അമേരിക്കയിലും അറുപതുകളിലുയർന്നുവന്ന ആധുനിക ജീവിത പ്രതികരണങ്ങളും ഏകപക്ഷീയംതന്നെയായിരുന്നു. സാഹിത്യത്തിൽ റൊളാങ് ബാർഥും ദൃശ്യകലകളിൽ ക്ലെമെൻറ് ഗ്രീൻബെർഗും മററും പുലർത്തിയതു് കല ജീവിതത്തിൽ നിന്നു തീർത്തും പിൻവാങ്ങണമെന്ന വീക്ഷണമാണ്. മാദ്ധ്യമം തന്നെയാണ് സന്ദേശമെന്നും ആധുനിക ചിത്രകാരന്റെ വിഷയം കാൻവാസ്സിന്റെ ഉപരിതലം മാത്രമാണെന്നും കല പുറത്തുള്ള ഒന്നിനെയും സൂചിപ്പിക്കാത്തതാണെന്നും (self–referential) ആധുനിക കലയും ആധുനിക ജീവിതവും തമ്മിലുള്ള ഒരേയൊരു ബന്ധം ബന്ധമില്ലായ്മയുടേതാണെന്നും, ആധുനിക സാഹിത്യകാരൻ സമൂഹത്തോടു പുറംതിരിഞ്ഞിരിക്കുകയും ചരിത്രത്തിന്റെയും സാമൂഹിക ജീവിതത്തിന്റെയും ഒരു രൂപത്തിലൂടെയും കടന്നുപോകാതെ വസ്തു ലോകത്തെ നേരിട്ടഭിമുഖീകരിക്കയാണെന്നും ഇവർ പ്രസ്താവിച്ചു. ബെക്കെററിന്റെ 'ഗൊദോയെക്കാത്തു്' എന്ന നാടകത്തിൽ സുന്ദരമായ ഭാഷ എന്തുത്തോളം ഇല്ലാതിരിക്കുന്നുവോ ചിന്തയും അത്രതന്നെ ഇല്ലാതിരിക്കുന്നുവെന്നു് പ്രശംസാരൂപത്തിൽ പറയുന്ന റോബ്ഗ്രിയേ. ഈ സമീപനം നൽകുന്ന സ്വാതന്ത്ര്യം, മനോഹരമായി നിർമ്മിച്ചു മുദ്രവച്ച ഒരു ശവകുടീരത്തിന്റെ സ്വാതന്ത്ര്യത്തിലേറെ ഒന്നുമല്ല.

(അടുത്ത ലക്കത്തിൽ അവസാനിക്കും.)

കെ. രാജേന്ദ്രബാബു

പറക്കും തവള

"കണ്ടുകിണററിൽ തവളക്കുഞ്ഞിനു കുന്നിനുമീതെ പറക്കാൻമോഹം.'' ഈ പഴമൊഴി കേട്ടാൽ, തവളയെ സംബന്ധിച്ചിടത്തോളം പറക്കുക എന്നതു് ഒരിക്കലും കഴിയാത്ത ഒരതിമോഹം ആണെന്നു തോന്നിപ്പോകും. പലരും കരുതിയിരിക്കുന്നതും അങ്ങനെയാണു്. എന്നാൽ ആ വിശ്വാസത്തെ ചോദ്യം ചെയ്യാൻപോന്ന ഏതാനും തവളകളെങ്കിലും ഇന്നും ജീവിച്ചിരിക്കുന്നു; ഫ്ലൈയിങ് ഫ്രോഗ്'; എന്നും, ഫ്ലൈയിങ് ഫ്രോഗ്' എന്നുമുള്ള പേരുകളിൽ. ഇക്കൂട്ടരുടെ ആകാശഗമനം. യഥാർത്ഥത്തിൽ ഒരു ചിറകടിച്ചു പറക്കലല്ല; പ്രത്യുത ചാട്ടവും പറക്കലും ചേർന്നുള്ള ഒരഭ്യാസം. മരങ്ങളിൽ കാലം പോക്കുന്ന മരത്തവളകളുടെ കൂട്ടത്തിലെ ചില ഇനങ്ങളാണു് ഈ അഭ്യാസികൾ. ഒരു മരത്തിന്റെ മുകളിൽനിന്നു് വേറൊരു മരത്തിന്റെ ചുവട്ടിലേക്കു്—പത്തിരുപതു മീററർ ദൂരെ—ചെന്നെത്താൻ ഈ അഭ്യാസികൾക്കു് അനായാസം കഴിയുന്നു. കുട്ടികൾ പട്ടം പറത്തുമ്പോൾ, ചിലപ്പോൾ ആകാശത്തുവച്ചു് ആലു പൊട്ടി പട്ടം നിലത്തേക്കു് മെല്ലെ തെന്നിത്തെന്നി വരുന്നതുകാണാം. നിലത്തേക്കിറങ്ങി വരുന്ന പാരച്ചൂട്ടിന്റെ ഗതിക്കു സമാനമായ സ്വഭാവമാണു്. ഇതിനോടൊക്കെ സാമ്യമുള്ള ഒരു സഞ്ചാരരീതി സ്വീകരിക്കാനുതകുമാറു് ശാരീരികമായ ചില ഘടനാവിശേഷങ്ങൾ ഉള്ള കുറെ തവളകൾ—അവയാണു് പറക്കും തവളകൾ എന്ന പേരിൽ പ്രസിദ്ധരായിത്തീർന്നതു്.

കാട്ടിലെ മരങ്ങളിൽ ജീവിതംപോക്കുന്ന തവളകളുടെ കുടുംബത്തിലെ ഏതാനും ഇനങ്ങൾക്കാണു് പറക്കാനുള്ള പ്രത്യേകസിദ്ധി കൈവന്നിട്ടുള്ളതു്. ഇവയിൽ പ്രധാനി മലയൻ ഫ്ലൈയിങ് ഫ്രോഗ്' എന്ന പേരിലറിയപ്പെടുന്ന തവളയാണു്. ആണിനെക്കാളും വലിപ്പം കൂടിയ പെൺതവളകൾ.ആണിനു്ഏറിയാൽ അഞ്ചര സെൻറിമീററർ നീളമേ കാണൂ. പെണ്ണിനാകട്ടെ അതിന്റെ പകുതികൂടി വലിപ്പം ഉണ്ടാകും. ചിറകു വച്ചതുപോലെ തോന്നിക്കുന്ന, നേർത്ത, മാർദ്ദവമേറിയ മാംസപാളികൾകൊണ്ടു് ബന്ധിക്കപ്പെട്ട വിരലുകൾ. വിരലുകളിലെ മാംസപാളി കൈമുട്ടുവരെ ചെന്നെത്തുന്നു. മരത്തിൽ അള്ളിപ്പിടിച്ചിരിക്കാനും, കയറിനടക്കാനും ഉപകരിക്കുമാറു് വിരൽത്തുമ്പുകളിൽ ''സക്കർ ഡിസ്ക''കൾ ഉണ്ടു്. വിരൽത്തുമ്പിലെ ഈ കുഞ്ഞറകളിൽ വായുവിന്റെ മർദ്ദം ഉപയോഗിച്ചാണു് കാലുകൾ ബലമായി ഉറപ്പിച്ചു നിറുത്തുന്നതു്.

പകൽ സമയങ്ങളിൽ മരങ്ങളിലും, കുററിച്ചെടികളുടെ ഉയർന്ന ശിഖരങ്ങളിലും പററിപ്പിടിച്ചിരിക്കുന്ന തവളകൾ. സൂര്യപ്രകാശമേല്ക്കുമ്പോൾ ഇതിന്റെ തൊലിപ്പുറത്തിനു പച്ചകലർന്ന നീലനിറമാണു്. വൈകിട്ടാകുമ്പോൾ ഇതു് കടുംപച്ചനിറമാകും; രാത്രി നല്ല കറുപ്പും. പെണ്ണിനെ അപേക്ഷിച്ചു് ആണിനാണു് ഓന്തിനെ ഓർമ്മിപ്പിക്കുന്ന നിറംമാററം അതിവേഗം സംഭവിക്കുന്നതു്. രാത്രിഞ്ചരന്മാരെന്നു വിശേഷിപ്പിക്കാവുന്ന ഈ തവളകൾ സൂര്യൻ അസ്തമിച്ചു കഴിയുന്നതോടെയാണു് ഊർജ്ജസ്വലരായി മാറുന്നതു്. ഇരുട്ടു വീണാലുടൻതന്നെ ഇവ ഒരു മരത്തിൽനിന്നു് മറെറാന്നിലേക്കു് ചാടിപ്പറക്കാൻ തുടങ്ങും. നാലുകാലും വിടർത്തി വച്ചുകൊണ്ടുള്ള ഒരു ഗഗനസഞ്ചാരം!

പുല്ച്ചാടികളും മററു ചെറു പ്രാണികളുമാണു് പറക്കുംതവളകളുടെ പ്രധാന ഇര. സസ്യാഹാരങ്ങളോടു് ഇവയ്ക്കു പൊതുവെ മടുപ്പാണു്. ആൺ തവള, സന്ധ്യമയങ്ങുന്നതോടെ സംഗീതം ആലപിക്കുന്നുവെങ്കിൽ അവന്റെ മനസ്സിൽ കാമം ഉണർന്നിരിക്കുന്നു എന്നൂഹിക്കാം. ആ സ്വരമാധുരിയിൽ ആകൃഷ്ടയാകുന്ന ഒരു പെണ്ണു് എവിടെ നിന്നെങ്കിലും അവന്റെ അടുത്തു് എത്തിച്ചേരും. അവനു് അവളെ ഇപ്പെടുകയാണെങ്കിൽ മെല്ലെ അവളുടെ ചുമലിൽ കെട്ടിപ്പിടിച്ചു് ആലിംഗനംചെയ്യും. പിന്നെ, അവർ ഒരുമിച്ചു് മുട്ടയിടാൻ പററിയ ഒരിടം കണ്ടുപിടിക്കും. മററു സാധാരണ തവളകളെപ്പോലെ മുട്ടയിടാൻ വെള്ളത്തിലേക്കിറങ്ങിപ്പോകുന്ന സ്വഭാവം ഇവയ്ക്കില്ല. വലിയ ഇലകളുള്ള മരങ്ങളിൽ ക്കയറി ഏതാനും ഇലകൾ, വിസർജ്ജനവസ്തുവായ പതകൊണ്ടു കൂട്ടിച്ചേർത്തു് വയ്ക്കും. മററു തവളകളെപ്പോലെതന്നെ മുട്ടയിടാൻ തുടങ്ങുമ്പോൾ ആണു് പെണ്ണിന്റെ മുതുകിൽക്കയറി അള്ളിപ്പിടിച്ചിരിക്കും. മുട്ടകളോടൊപ്പം വിസർജ്ജിക്കപ്പെടുന്ന 'ആൽബുമെൻ' ആണും പെണ്ണും ചേർന്നു് അടിച്ച പതപ്പിച്ചാണു് മുട്ടകൾ സംരക്ഷിക്കപ്പെടേണ്ടുന്ന പതപ്പടുകൾ നിർമ്മിക്കുന്നതു്.

പെണ്ണു് തന്റെ ഉടൽ ഒതുക്കി, ഉദരം ഞെരുക്കി മുട്ടയിടാൻ തയ്യാറെടുക്കും. അപ്പോൾ ആൺതവള അവളുടെ മുതുകിൽ കയറിയശേഷം അവന്റെ അരക്കെട്ടു് ആവളുടേതിനു മുകളിൽ വരത്തക്കവണ്ണം ഇരിക്കും. ആണും, പെണ്ണും ചേർന്നു് തങ്ങളുടെ പിൻകാലുകൾകൊണ്ടു് അടിച്ചുപതച്ചുണ്ടാക്കുന്ന പതപ്പടുകളുടെ അരികുകൾ കട്ടിപിടിച്ചു, ഉദ്രവശം ദ്രവരൂപത്തിലുമിരിക്കും. ഈ ദ്രാവകത്തിൽ മുങ്ങിക്കിടക്കുന്ന മുട്ടകളോ, അതു പൊട്ടി വിരിയുന്ന കൊച്ചുവടിത്തവളകളോ, അടുത്ത മഴയ്ക്കു് മരത്തിൽനിന്നു് ചുവടെ വെള്ളക്കെട്ടുകളിലേക്കു വീഴും. ഒരുപക്ഷേ മഴ പെയ്യില്ലെങ്കിലോ? നിശ്ചിതസമയത്തിനുള്ളിൽ മഴ ഉണ്ടായില്ലെങ്കിൽ പതപ്പടുകളുടെ അരികിൽ കട്ടിപിടിച്ചിരിക്കുന്ന പത ദ്രവരൂപത്തിലാവുകയും, അതിലൂടെ കുഞ്ഞുതവളകൾ പുറത്തേക്കു രക്ഷപ്പെടുകയും ചെയ്യും.

ചാട്ടത്തിലൂടെ ഒരു ആകാശ ഗമനം

പി. ആർ. ശ്യാമള

പിന്നിലായിപ്പോകുന്നവർ

സ്കൂൾ വിട്ടപ്പോൾ മഴ തോർന്നിരുന്നു. ഇറവുവീഴുന്ന ബാക്കി തുള്ളികൾ സായാഹ്നം ഈറനാക്കി. കുട്ടികൾ ആകാശത്തു വർണ്ണങ്ങൾ കണ്ടെത്തി. വയലററ്, ഇൻഡിഗോ ബ്ളൂ, ഗ്രീൻ...അവർ എണ്ണാൻ തുടങ്ങി. ചക്രവാളത്തിലെവിടംവരെ മഴവില്ലുവളഞ്ഞുകിടപ്പുണ്ടെന്നവർ നോക്കി.

വർണ്ണങ്ങൾക്കിടയിലെ വർണ്ണം കണ്ടെത്താനായി പുറപ്പെട്ട പ്രസീദ എന്ന താൻ കുട്ടികളുടെ ഈ ആഹ്ളാദത്തിന്റെ, മഴയുടെ വീണ്ടടഞ്ഞ തുള്ളികളുടെ ഇടയ്ക്കാണു വന്നുപെട്ടതു്. തീർച്ചയായും മാതാജിയെ ഇന്നു തനിക്കു കാണാൻ സാധിക്കും. മഴ കഴിഞ്ഞനേരത്തു് അധികമാളുണ്ടാവില്ല.

പല തവണ പോയിട്ടുണ്ടു്, മാതാജിയെ കാണാൻ. നിരാശയോടെയാണു് എല്ലാത്തവണയും മടങ്ങിയതു്. പലരും അടുത്തുപോയി സംസാരിച്ചു് അനുഗ്രഹം വാങ്ങി. തനിക്കു മാത്രം സാധിച്ചില്ല. എന്താണതു്? കാണാൻ ഉൽക്കടമായ ആഗ്രഹമുണ്ടായിരുന്നു എന്നതു സത്യം. പക്ഷേ, താൻ തിരക്കിനു പിന്നിൽത്തന്നെയായിരുന്നു. രണ്ടു ചുവടു മുന്നോട്ടു വയ്ക്കുമ്പോൾ നാലു ചുവടു പിന്നിലേക്കു തള്ളപ്പെടും. ഈ തള്ളലിൽക്കൂടി നുഴഞ്ഞും ഇടിച്ചും കയറി പലരും മാതാജിയെ കണ്ടു. ഒടുവിൽ ചതഞ്ഞപൂക്കളും വിയർപ്പുതുള്ളികളുമായി താൻ മടങ്ങി.

അന്നപൂർണ്ണേശ്വരീദേവി വീണ്ടും നഗരത്തിലെത്തിയിരിക്കുന്നു. തനിക്കു് ഒരു വസരം! ഇതു നഷ്ടപ്പെടുത്താനാവില്ല.

വെൺമയാർന്ന ബോർഡർ സാരിയുടുത്തു്, വലിയതുദ്രാക്ഷമാല സാരിയുടെ പുറത്തുകൂടി കഴുത്തിലിട്ടു് അവർ ഒരു യുവതിയുടെ മുദ്രവായ ശബ്ദത്തിൽ സംസാരിക്കുമ്പോൾ പുതിയ ഒരുണർവുണ്ടാകുന്നു. ആ ഉണർവ് പ്രസീദ എന്ന തന്നെ എവിടേക്കോ ഉയർത്തുന്നു. ചുരുണ്ട നീളംകുറഞ്ഞ മുടിയിൽ ജടയില്ല. ഒതുക്കിയ മുടിയിൽ നെററിയുടെ അരികിൽ നരയുള്ളതു ഭംഗിക്കുറവല്ല. വെള്ളപ്പൂവു് ചൂടിയതായിത്തോന്നും. മാതാജിയെ എത്രപേർ കണ്ടു, സംസാരിച്ചു. തനിക്കു സാധിക്കാത്തതു വേണ്ടെന്നു വച്ചിട്ടാണെന്നു്, അല്ലെങ്കിൽ ആത്മാർത്ഥമായി ശ്രമിക്കാഞ്ഞിട്ടാണെന്നു് ആളുകൾ പറയുന്നു.

വേണ്ടെന്നുവച്ചിട്ടാണോ? തിരിച്ചു വരുമ്പോൾ മാതാജിയെ കാണാൻ സാധിക്കാത്ത സങ്കടം മനസ്സിൽ ഉറവുകളുണ്ടാക്കിയെന്നാരറിയുന്നു!

പക്ഷേ, പോയതു സംശയനിവർത്തിക്കോ ചോദ്യം ചോദിക്കാനോ അല്ലായിരുന്നു, തീർച്ച. അനിതയും സുകമാരിയുമൊക്കെ പോയതു് ഭൗതികമായ അസംതൃപ്തികളുടെയും അപൂർണ്ണതകളുടെയും പരിഹാരം തേടിയായിരുന്നു. പ്രാതികൂല്യങ്ങളെ അതിജീവിക്കാനുള്ള ശക്തിയാർജ്ജിക്കാൻ; ഭാവിഭാഗധേയങ്ങളുടെ വചനം കേൾക്കാൻ; നിയതിയുടെ നിർണ്ണായകക്കുറിപ്പുകൾ തിരുത്താനാവുമോ എന്നറിയാൻ.

അതിന്റെ അർത്ഥശൂന്യത മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയാവാം, മാതാജി ഇപ്പോൾ അഭിമുഖം ഒഴിവാക്കി. പ്രത്യേകം അനുവാദം വാങ്ങി പ്രത്യേകം സന്ദർഭങ്ങൾ സൃഷ്ടിക്കാൻ പിന്നീടു് കഴിഞ്ഞില്ല. അനുവാദംകൂടാതെ കയറുക.

അതിനാണു് തള്ളൽ, ശ്വാസം മുട്ടൽ! മാതാജി പിന്നെപ്പിന്നെ എല്ലാവരോടും മാത്രമായേ സംസാരിച്ചുള്ളൂ; ആ വാക്കുകൾ തനിക്കായി മാത്രമാണു് പറഞ്ഞതെന്നു് ഓരോരുത്തർക്കും തോന്നത്തക്ക വിധത്തിൽ.

ആ വാക്കുകൾ, വാരിയെറിയുന്ന പുഷ്പങ്ങളിൽ ചിലതുപോലെ പലർക്കും കൊണ്ടു.

ഒരുദിവസം മാതാജി ഒരു ക്ലാസ്സ് നടത്തി; എല്ലാപേരെയും ഒന്നിച്ചിരുത്തി. മരത്തണലിലെ പുല്ത്തകിടിയിൽ ഒരു സായാഹ്നം. ക്വിസ്പോലെ ചോദ്യങ്ങളും ഉത്തരങ്ങളും.

—എന്തുകൊണ്ടു് ഈശ്വരനിൽ വിശ്വസിക്കുന്നു?

പലർക്കും പലതായിരുന്നു മറുപടി. പലരും ഈശ്വരനെ വിശ്വസിക്കാൻ കാരണങ്ങൾ കണ്ടെത്തിയപ്പോൾ താൻ മാത്രം ഒററപ്പെട്ടു. വേണമെങ്കിൽ അവർ പറഞ്ഞ സ്വഭാവത്തിലുള്ള ഒരനുഭവം തനിക്കും കണ്ടുപിടിക്കാം. പക്ഷേ, തന്നെ സംബന്ധിച്ചു് ഈശ്വരന്റെ അസ്തിത്വം അതിനൊക്കെ അപ്പുറത്താണു്. തന്റെ മറുപടി മനസ്സിൽ കിടന്നതേയുള്ളൂ. തന്റെ ഊഴം കാത്തിരുന്നപ്പോൾ ക്ളാസ്സുകഴിഞ്ഞു എന്ന അറിയിപ്പുണ്ടായി. തന്റെ അവസരം നഷ്ടപ്പെട്ടു. നിമിഷം തന്റെ മുമ്പിലെത്താൻ വൈകിപ്പോകുന്നു. അല്ലെങ്കിൽ താൻ നിമിഷത്തിന്റെ മുമ്പിലെത്താൻ വൈകുന്നു.

പറയാത്ത മറുപടി ഇപ്പോഴും മനസ്സിൽ കിടക്കുന്നു. മനസ്സിൽ ഒതുക്കി വച്ചിട്ടു് മാതാജിയുടെ മുമ്പിൽ നിരത്താൻ കഴിയാതെപോയ വാക്കുകൾ...

—ഈ സൂര്യൻ, ഈ കടൽ, പർവതങ്ങൾ, പക്ഷികൾ, മൃഗങ്ങൾ ഇവയുടെ സത്യസന്ധത. എല്ലാററിനും മീതെ ഒരു മനുഷ്യശിശു. ഒക്കെ കാണുമ്പോൾ ഈശ്വരൻ എന്ന ശക്തിയെപ്പററിയുള്ള ബോദ്ധ്യം...

മേഘങ്ങൾ ഉറഞ്ഞുകൂടിയ ഒന്നുപോലെ, അനന്തതയിലേക്കു് ഒരോള വൃത്തംപോലെ, വികസിച്ചു വികസിച്ചു്, വലിപ്പംകൊണ്ടു് രൂപം കാണാനാവത്ത ആ അദൃശ്യസങ്കല്പം...

ഇതൊക്കെ മാതാജിയോടു പറയണമെന്നുകരുതി. എന്തു പ്രതികരണമാവും മാതാജിക്കുണ്ടാവുകയെന്നു നിനച്ചു.

'തെററു്' എന്നാരക്കെ കുററപ്പെടുത്തുമായിരുന്നോ?

'ശരി' എന്നഭിനന്ദിക്കുമായിരുന്നോ?

രണ്ടിനുമിടയ്ക്കു ഒരുപക്ഷേ, നിഗമനങ്ങളുടെയും കണ്ടെത്തലുകളുടെയും സമസ്യാപൂരണത്തിനു നിയോഗിക്കപ്പെടുമായിരുന്നോ?

മാതാജിയുടെ പ്രതികരണം അറിയാൻ സാധിച്ചില്ലല്ലോ.

പ്രത്യേകാനുവാദം വാങ്ങി മാതാജിയെ നേരിട്ടു കാണുക ഇനി നടപ്പില്ല. കൂട്ടത്തിൽ എങ്ങനെയെങ്കിലും മാതാജിയുടെ അടുത്തു ചെന്നുപററി അനുഗ്രഹം വാങ്ങുക.

''മാതാജിയെ കണ്ടോ?''

പ്രസീദ തളർന്നമട്ടിൽ 'ഇല്ല' എന്നു തലയാട്ടി.

''അയ്യോ, ഇന്നും കണ്ടില്ലേ, കഷ്ടം!''

''ഓ, എന്തു തിരക്കു്!''

''പ്രസീദയ്ക്കുമാത്രം തിരക്കു്. തിരക്കിലുണ്ടായിരുന്നവരൊക്കെയല്ലേ പോയി കണ്ടിട്ടുവന്നതു്?''

''ഓ, പററിയില്ല,''

കൈയിലെ ഹാരം ചീത്തയാവാതെ പൊക്കിപ്പിടിച്ചു തള്ളലിലൂടെ കുറെദൂരം പോയതോർമ്മയുണ്ടു്.

''ഒന്നു്, ഒരു ശകലം നീങ്ങിത്തരൂ''—പിന്നിൽ തള്ളുന്നവർ പറഞ്ഞു. ശ്വാസം മുട്ടി, ഞെങ്ങിഞെരുങ്ങി ഒരു തുലിടകൊടുത്തു. അങ്ങനെ പല തുലിടകൾ കിട്ടിയതിലൂടെ ഒരാളല്ല, പലരും നുഴ

ഞ്ഞുകയറിയപ്പോൾ താൻ ചതഞ്ഞുചതഞ്ഞു പിന്നിലായി.

ഒരിത്തിരി മാറിത്തരൂ എന്നു താനാരോടെങ്കിലും പറഞ്ഞിരുന്നെങ്കിൽ അവർ അനുസരിക്കുമായിരുന്നോ?

തനിക്കു പറയാൻ കഴിഞ്ഞില്ല. സൂചികുത്താൻ സ്ഥലമില്ലാത്തിടത്തു് അതു പറയാൻ തനിക്കു കഴിഞ്ഞില്ല. അപ്പോൾ തൻെറ വളരെ പിന്നിൽനിന്ന സ്ത്രീ സ്റ്റേജിലെത്തി മാതാജിയെ നമസ്കരിക്കുന്നതുകണ്ടു് ആശ്ചര്യവും സങ്കടവുമുണ്ടായി. കയർകെട്ടിയ വലയത്തിൽ പല തൂണുകളുടെ ചുവട്ടിലായി പ്രവർത്തകർ—പുരുഷന്മാരും സ്ത്രീകളും നില്പുണ്ടായിരുന്നു. അവർ ആളുകളെ മാതാജിയുടെ അടുത്തെത്താൻ സഹായിക്കുന്നുണ്ടു്.

അവരാരെങ്കിലും തന്നെ ഒന്നു സഹായിച്ചാൽ തനിക്കു മാതാജിയെ കാണാം.

മുഖപരിചയം മാത്രമല്ല ഒന്നു സഹായിക്കാൻ വേണ്ടത്ര പരിചയമുള്ളവർ കൂട്ടത്തിലുണ്ടു്.

വർമ്മാജി തന്നെ കാണുന്നു, തിരക്കിൽ താൻ വഴിമുട്ടിനില്ക്കുന്നതു്.

ഭവ്യതഭാവിച്ചു, നമസ്കാരം പറഞ്ഞു ചെറുതായി ചിരിച്ചു, പിന്നെ ചിരി മാഞ്ഞു.

വീണ്ടും താൻ ഒഴുക്കിൽ.

വർമ്മാജി ഒഴുക്കു നിയന്ത്രിക്കുന്ന തിരക്കിൽ.

''വർമ്മാജിച്ചേട്ടാ—''

പിന്നിൽ ആരോ വിളിച്ചു.

''വർമ്മാജിച്ചേട്ടൻെറ ഈ സേവനം, ദൈവമേ, ഇന്നെനിക്കു ഭാഗ്യമായി. വർമ്മാജിച്ചേട്ടൻെറ കോഡ് മാറിയോ? തല വിയർത്താൽപ്പിന്നെ ജലദോഷം വരാണ്ടിരിക്കോ.''

''ഓ, ശ്രീദേവി, ഈ വഴി, ഇങ്ങോട്ടു കടന്നോളൂ. വളരെ കഷ്ടപ്പെടുന്നുണ്ടല്ലോ''

വർമ്മാജി രുദ്രാക്ഷമാല കഴുത്തിൻെറ പിന്നിലേക്കു വലിച്ചിട്ടു് ശ്രീദേവിക്കു് എങ്ങോട്ടോ വഴിതെളിച്ചു.

ശ്രീദേവി കൈകൂപ്പി.

''മഹാശയാ, ഈ ഉപകാരം ഞാൻ ആജീവനാന്തം ഓർക്കും.''

വർമ്മാജി പുഞ്ചിരി തൂകി.

ശ്രീദേവി ഇതിനിടയ്ക്കു് വർമ്മാജിയുടെ കാൽ തൊട്ടുവന്ദിച്ചതെങ്ങനെയെന്നദ്ഭുതപ്പെടുന്നതിനിടയ്ക്കു്, ആരോ കൈ മാറി എടുത്തെടുത്തു് എത്തപ്പെട്ടപോലെ സ്റ്റേറേജിലെത്തിക്കഴിഞ്ഞു!

ആരുടെയോ കൈകൾ, ആരുടേയോ മനസ്സുകൾ ഈ എത്തിപ്പെടലുകൾക്കു് സഹായകമാകുന്നു! അതു് എപ്പോൾ, എങ്ങനെ എന്നറിയില്ല. ഒരു പക്ഷേ, തൻെറ ചുവടുകൾക്കിടയിൽത്തന്നെ ചെറുതെന്നു താൻ തെററിദ്ധരിച്ച വലിയ നിമിഷങ്ങൾ അമർന്നുപോയിട്ടുണ്ടാവും.

ഒരു റോസാപ്പൂഹാരം, കട്ടം ചുവപ്പു റോസാപ്പൂവിൻെറ ഹാരം, കസവു നൂലുകൾ ചുററിയതു് നഷ്ടപ്പെട്ട ദുഃഖമേർത്തു.

കസവുനൂലുകളിൽ അങ്ങിങ്ങു് ഏതാനും ചുവന്ന ദലങ്ങൾ മാത്രമായി കൈയിൽ അവശേഷിച്ചിരുന്നു.

പിന്നീടൊരിക്കൽ പൂക്കൾ ചീത്തയാവാതിരിക്കാൻ, പ്ലാസ്ററിക് കവറിൽ പൊതിഞ്ഞ പൂച്ചെണ്ടായി കൊണ്ടുപോയി. ഒരു പ്രവർത്തകൻ തൻെറ കൈയിൽ നിന്നു് ആ പൂച്ചെണ്ടു വാങ്ങി.

''മാതാജി ഉടൻ സ്ഥലംവിടും. ഇതു് എത്തിച്ചാൽ മതിയെങ്കിൽ കൊടുക്കാം.''

കൊടുത്തു. മാതാജിക്കു കൊടുത്തപോ

ലെ തോന്നിയില്ല. അയാൾക്കു കൊടുത്തതായേ തോന്നിയുള്ളൂ.

പുറത്തേക്കു കടക്കുമ്പോൾ, പെട്ടെന്നു് വലിയ തിരക്കു്—മാതാജിക്കു വഴിയൊരുക്കുന്ന തിരക്കു്....!

ആശ്ചര്യം!

—മാതാജി ഈ വഴിക്കാണു് കാറിൽ കയറാൻവരുന്നതു്; തൻെറ തൊട്ടടുത്തുകൂടി!

തൻെറ അടുത്തുനിന്ന പലരും പൂക്കളും നാരങ്ങകളും മാതാജിയുടെ കൈയിൽ കൊടുത്തു. തൻെറ പൂച്ചെണ്ടു് മാത്രം കൈയിലില്ല! ഒരുനിമിഷം മുമ്പുവരെ അതു കൈയിലുണ്ടായിരുന്നു! തൻെറ നിമിഷം വീണ്ടും നഷ്ടപ്പെട്ടു!

പിന്നെ ഇപ്പോൾ.

ഇന്നു് മഴദിവസമാകയാൽ തിരക്കുണ്ടാവില്ല. നനഞ്ഞ ആൽത്തറയിൽനിന്നു് മാതാജി പ്രസംഗിക്കുന്നുണ്ടായിരുന്നു. ആ ശബ്ദത്തിൻെറ മൃദുലതയ്ക്കുപുറത്തെ ഗാംഭീര്യം പെട്ടെന്നു ശ്രദ്ധിച്ചു...

നാം ഒരിക്കലേ മരിക്കുന്നുള്ളൂ. കിട്ടിയ ജീവിതം ഒരു ചെറിയ കാലയളവാണെന്നോർക്കുക. എനിക്കു പറയാനുള്ളതു ഞാൻ പറയുകതന്നെ ചെയ്യും. എല്ലാവരെയും തൃപ്തിപ്പെടുത്തുന്നവാക്കുകൾ മാത്രം പറഞ്ഞാൽ അതെൻെറ മനസ്സിനെ നിങ്ങളുടെ മനസ്സിനെ, ലോകത്തിൻെറ മനസ്സിനെ നിന്ദിക്കലാവും. എനിക്കതുസാധിക്കില്ല. നന്മയിൽ അധിഷ്ഠിതമായ ഓരോ പുതിയ ചിന്തയ്ക്കും അഭിപ്രായത്തിനും എതിരുണ്ടാവും...

പെട്ടെന്നു മാതാജിയുടെ ശബ്ദത്തെ വിഴുങ്ങിക്കൊണ്ടു് ഘനഗംഭീരമായ മറെറാരു ശബ്ദം എവിടെനിന്നോ കേൾക്കായി:

''In this world in search of wealth Thou art, O Lord, the greatest jewel I have found....I sacrifice myself unto thee...''

മാതാജിയുടെ വാക്കുകൾ ആരും കേട്ടില്ല. പുത്തൻ ശബ്ദത്തിൻെറ ഉറവതേടി എല്ലാപേരും തിരിഞ്ഞു. മൈതാനത്തിൽ ഭൂമിശാസ്ത്രംകൊണ്ടുതന്നെ സ്റ്റേജുപോലെ ഉയർന്നുനിന്ന വലിയ തിട്ടയിൽ, മൈക്കിൻെറ മുമ്പിൽ നില്ക്കുന്ന 'സ്വാമിജി'യുടെ രൂപവും ശബ്ദവും ശ്രദ്ധിക്കപ്പെട്ടു. ഇംഗ്ലീഷിൽ, ഘനഗംഭീരമായ ശബ്ദത്തിൽ ഉപനിഷത്തുക്കളുടെ മുത്തുകൾ; ഗീതയുടെ സത്ത...

പുതിയ സ്വാമിജി. പരികർമ്മിയായി മറെറാരു സ്വാമി.

വൃദ്ധസ്വാമിജിമാരുടെ മുമ്പിൽ ആൾക്കൂട്ടം!

മാതാജിയുടെ വേദിക്കുമുമ്പിൽ കൂട്ടം കുറയുന്നു.

പ്രസീദ എന്ന താൻ അങ്കലാപ്പോടെ നോക്കിനിന്നു.

കൈയടികൾക്കിടയിൽ വൃദ്ധസ്വാമിജിയുടെ വാക്കുകൾ ഉയരുന്നു:

''The Lord is with me. Follow me. My blessings go with you. I do not care for fame or name...''

ശ്രീദേവിയെ സഹായിച്ച രുദ്രാക്ഷമിട്ട വർമ്മാജിപോലും അവിടെ...

ആലിൻെറ ഇലകൾ ചലിച്ചു. അമ്പലഗോപുരത്തിൽ മുട്ടനായി കൈനീട്ടുന്ന ചില്ലകളുടെ ചലനം. മാതാജിയുടെ സാരിയുടെ ചുളിവുകളിലേക്കു് അതു പടർന്നു.

മാതാജിയെ കാണാൻ പററിയ അവസരം—തനിക്കായി വന്നു ചേർന്ന നിമിഷം—

കള്ള നാണയങ്ങളെപ്പററി, ജനങ്ങളെ കബളിപ്പിക്കുന്ന വേഷങ്ങളെപ്പററിയുള്ള വൃദ്ധസ്വാമിജിയുടെ ഉറക്കെയുള്ള ഭാഷണം....

ജനങ്ങളെ രക്ഷിക്കാൻ, ഇതാ താൻ എത്തിയിരിക്കുന്നു.

മാതാജിയുടെ നേരെ എവിടുന്നോ കല്ലുകൾ വന്നുവീണു. പിന്നെ ചെരിപ്പുകൾ...കൂക്കിവിളി...

''അരുതരുതു്. എറിയരുതു്. പാപികൾ സ്വയം ഉണരട്ടെ. സ്വയം മോചിതരാവട്ടെ.'' —വൃദ്ധസ്വാമിജിയുടെ ശബ്ദം!

മാതാജിയെ അവരുടെ അപൂർവ്വ

അനുയായികൾ പെട്ടെന്നു കാറിൽക്കയററിക്കൊണ്ടുപോയപ്പോൾ പ്രസീദ എന്ന തനിക്കു് വീണ്ടും അവസരം നഷ്ടപ്പെട്ടു!

എന്നോ, എപ്പൊഴോ ത്രാസിൻെറ തട്ടിൽനിന്നു സ്നേഹത്തിൻെറ ഭാരം മറെറാരു തട്ടിലേക്കു് അകാരണമായി വീണതു് ഓർത്തുനിന്നുപോയി.

കൂട്ടം അടുത്ത മൈതാനത്തിലേക്കു കാൽമാററിവച്ചതു് എത്ര പെട്ടെന്നു്!

ദുഃഖത്തോടെ തിരിഞ്ഞുനടന്നു. അന്നപൂർണ്ണേശ്വരീദേവിയുടെ ചിത്രം ചുവരിൽ വച്ചിരുന്നതു നോക്കിനിന്നു പോയി.

ഈ ചിത്രത്തിൻെറ കോപ്പികൾ വാങ്ങാനും ഫ്രെയിം ചെയ്യിക്കുവാനും എന്തു തിരക്കായിരുന്നു!—മാതാജിയുടെ പടമുള്ള ലോക്കററുണ്ടാക്കുവാനും!

മാതാജി അതിനെ എതിർത്തിരുന്നു.

''അതു ഞങ്ങളുടെ സ്വാതന്ത്ര്യവും അവകാശവുമാണു മാതാജി!''—ആരാധകർ അന്നു് ഒരേ സ്വരത്തിൽ പറഞ്ഞു.

''നിങ്ങൾ എന്തിനിങ്ങനെ വിഡ്ഢിത്തം കാട്ടുന്നു. ചിത്രംവയ്ക്കുന്ന കാശുകൊണ്ടു് പാവപ്പെട്ട ഒരാൾക്കു ഭക്ഷണം കൊടുക്കൂ. ചിത്രം വയ്ക്കണമെന്നുണ്ടെങ്കിൽ പാവപ്പെട്ട പട്ടിണിക്കോലങ്ങളുടെ ചിത്രമെടുത്തു വലുതാക്കി പ്രദർശിപ്പിക്കൂ. അതു് എത്രയെങ്കിലും മനസ്സുകളിൽ പുതിയൊരു കഥയാവട്ടെ.''

വീട്ടിൽ ഇന്നു സംസാര വിഷയം മാതാജിയുടെ വാക്കുകളല്ല. വേണ്ടപ്പെട്ടവരോടു് അമർഷത്തോടെ പറഞ്ഞു:

''മാതാജിയെ ഓടിച്ചു. പുതിയ സന്ന്യാസി വന്നു.''

''വരുന്നതും പോകുന്നതും ഇങ്ങനെയാണു്''—പുതിയ സന്ന്യാസിയുടെ വാക്കുകൾക്കു് അർത്ഥം കണ്ടെത്താനുള്ള തിരക്കിലാണെല്ലാവരും.

പ്രസീദ എന്ന താൻ തനിച്ചിരുന്നു.

മാതാജി തിരിച്ചു വരും.

അടുത്ത പ്രസംഗം എവിടെ വച്ചാവും? ഏതെങ്കിലും ഒരു ഹാളിൽ മതിയെന്നു പ്രൊഫസർ അരവിന്ദനോടു പറയണം. അരവിന്ദൻ മാതാജിയെ കൊണ്ടുവിട്ടിട്ടു വരുന്ന വഴി തന്നെ കണ്ടിരുന്നു.

''പ്രസീദാമേനോൻ, സാമർത്ഥ്യം തന്നെ, ഒരു സായാഹ്നംകൊണ്ടു്...''

''അല്ല. ഒരു മൈക്കു് കൊണ്ടു്.''

''പക്ഷേ, നാം ഇത്ര പുഴക്കളായി താഴുന്നു്.''

''ഭൂരിപക്ഷം!''

വൃദ്ധസ്വാമിജിമാർ യജ്ഞം കഴിഞ്ഞു പോയില്ല. അമ്പലനടയിലെ ആൽത്തറയിലേ അവർ കിടക്കൂ. സ്വാഗ്രീയത ത്യജിക്കാനുള്ള പുറപ്പാടിൽ ദേവസ്വം വക മുറിപോലും സ്വീകരിച്ചില്ല!

മാതാജിക്കു് പ്രസംഗവേളയിൽ ഫാൻ വച്ചു കൊടുത്തതിനെപ്പററി വിമർശനമുണ്ടായി.

''കാററു്, സുഖം, സ്വാദു്—ഒക്കെ വേണ്ടവർ ഭുജിച്ചോട്ടെ. നാമെന്തിനു തടയുന്നു! അതു വേണ്ടാത്തവരെ വെറുതെ വിട്ടേക്കൂ!''— വൃദ്ധസ്വാമിജി പുച്ഛത്തോടെ പറഞ്ഞു. അദ്ദേഹത്തിൻെറ പാദങ്ങൾ ചുംബിക്കാൻ ആൽത്തറയിൽ തള്ളൽ! ശിവക്ഷേത്രത്തിൻെറ ശ്രീകോവിലിൻെറ തിരുനട ശൂന്യം!

വൃദ്ധസ്വാമിജിയിൽ നിന്നു് ഉപദേശങ്ങളുടെ പ്രസാദം വാങ്ങാൻ തിക്കിത്തിരക്കി നീളുന്നകരങ്ങൾ.

ആരോഗ്യത്തിനു മരുന്നു്.

മനശ്ശാന്തിക്കു മാർഗ്ഗം.

ദാരിദ്ര്യത്തിനറുതി.

വൃദ്ധസ്വാമിജിയുടെ പിൻപാട്ടുകാരൻ മെലിഞ്ഞുകറുത്ത ലാൽസ്വാമി. ഭിക്ഷയ്ക്കുനടന്നു് അരിയും വിശേഷങ്ങളും ശേഖരിച്ചു. ആ ഭിക്ഷ, മററു തെരുവുതെണ്ടികൾക്കു കൊടുത്തു. അമ്പലത്തിലെ നൈവേദ്യം അല്ലം ഗുരു ഭക്ഷിക്കും, ഒരുനേരം. ബാക്കി ശിഷ്യന്നു്.

ഭാഗവതപാരായണം. പകലന്തിയോളം തുടർന്നു.

ജനങ്ങൾ, പാദസ്പർശത്തിനായി മാത്രം അടുത്ത പ്രദേശങ്ങളിൽ നിന്നെത്തി.

ഇതിനിടയിൽ മാതാജി വീണ്ടും വരുന്നതായുള്ള വാർത്തകേട്ടു!

പ്രസീദ എന്ന തൻെറ ഉൾത്തടം തുടിച്ചു. പത്രണ്ടരയുടെ തീവണ്ടി സ്റ്റേഷനിലെത്തി. ജനക്കൂട്ടം സ്റ്റേഷൻ പരിസരത്തു്. മുദ്രാവാക്യം വിളികൾ ഉയർന്നു.

''ആരോഗ്യസ്വാമി സിന്ദാബാദ്''!''

''അന്നപൂർണ്ണ ഗോബാക്കു്''!''

''അന്നപൂർണ്ണയെ പിടിച്ചുകെട്ടു.''

''പൊള്ളത്തരങ്ങൾ പൊളിച്ചെറിയൂ!''

''കള്ളത്തരങ്ങൾക്കു് കമ്പോളമില്ല!''

''ആരോഗ്യസ്വാമി ആയുഷ്മാൻ!''

മാതാജിയെ അപകടം കൂടാതെ അടുത്ത തീവണ്ടിയിൽ മടക്കി അയയ്ക്കാൻ സ്റ്റേഷൻമാസ്റ്റർ പാടുപെട്ടു.

ആൽത്തറയിലെ പണ്ഡിതസ്വാമി

യെ പരികർമ്മി ഒരു ദിവസം അനുസരിച്ചില്ല. മറുപടി അഹങ്കാരം കലർന്നതായിരുന്നു എന്നു് തൊഴാൻപോയ ഒരു ഭക്ത പറഞ്ഞു.

പരികർമ്മി ഭിക്ഷയ്ക്കു പോകാതെയായി. വൃദ്ധസന്ന്യാസി ശാസിച്ചു.

നിവേദ്യം ഭുജിക്കാതെ അന്നദ്വേഷം നിരാഹാരമനുഷ്ഠിച്ചു.

അരയാലിലകൾ ഇളകിമറിഞ്ഞു. കരിയിലകൾ അമ്പലമുററത്തു പറന്നുകളിച്ചു.

ഒരു സിനിമയ്ക്കുവേണ്ടി ഷൂട്ടിങ് നടക്കുകയാണെന്നാണാദ്യം വിചാരിച്ചതു്—

കാവി സഞ്ചിക്കുവേണ്ടി ഗുരുവും ശിഷ്യനും തമ്മിൽ പിടിവലി! വാക്കേററവും അടികലശലും!

—സഞ്ചിക്കകത്തു സ്വർണ്ണം!

ഭക്തജനങ്ങൾ അടുത്തുകൂടി.

സംഭവത്തിൻെറ ഗൗരവം കുറയ്ക്കാനെന്നവണ്ണം വൃദ്ധസ്വാമിജി പറഞ്ഞു:

''മാററു കുറഞ്ഞ സ്വർണ്ണമാണു്! പൊലീസിൽ പറയണ്ട.''

അമ്പലത്തിൽവച്ചു തല്ലിച്ചതയ്ക്കാൻ പാടില്ല. ആളുകൾ തീർത്തുമാനിച്ചു. താടിയെടുപ്പിച്ചു് തല മൊട്ടയടിച്ചു്, മുമ്പിൽ നടത്തി, നാടിൻെറ അതിർത്തി കടത്തി...

സ്വർണ്ണം അമ്പലത്തിൻെറ ഭണ്ഡാരത്തിൽ സൂക്ഷിച്ചു.

പിന്നെ പശ്ചാത്താപത്തിൻെറ പരക്കം പാച്ചിലായിരുന്നു.

മാതാജിയെ കൊണ്ടുവരണം. വർമ്മാജിതന്നെ അവരുടെ അടുത്തേക്കു പറക്കുന്നു, മാപ്പു പറയാൻ.

നഗരം ഒരുഞ്ഞി. പഴയതൊന്നും ഓർക്കാൻ ആർക്കും നേരമില്ല. മാതാജി വരുന്നു. അവരെ സ്വീകരിക്കണം. തൊട്ടുവന്ദിക്കാൻ ഒരു പാദം കൂടാതെ ജനത്തിനു് ജീവിതമില്ല. മാതാജിവരുന്നു, മാതാജി വരുന്നു.!

മാതാജി പുണ്യനദിയുടെ തീരത്തെത്തി. അവിടെ എന്തൊരു തിരക്കു്! കല്ലെറിഞ്ഞ കൈകൾകൊണ്ടു വന്ദിക്കാനുള്ള തിരക്കു്! കൂട്ടത്തിൽ, പ്രസീദ എന്ന താനും. താൻ നേരത്തെ സ്ഥാനം പിടിച്ചിരുന്നതുകൊണ്ടു് മുമ്പിൽനിൽക്കാൻ കഴിഞ്ഞു.

മാതാജിയുടെ തിളങ്ങുന്ന കണ്ണുകൾ കണ്ടു. ചുണ്ടിൽ പഴയ പുഞ്ചിരി.

'പുനരപി ജനനം പുനരപി മരണം.—' എവിടുന്നോ കേട്ടവരികൾ സ്വരങ്ങൾചേർന്നു് രാഗസാന്ദ്രമായതു് ഒരു പക്ഷേ ഈ ചടങ്ങിനുവേണ്ടി മാത്രമാവാം....

മാതാജി കരങ്ങൾകൂപ്പി നില്ക്കുന്നു.

മുററത്തു വിരിഞ്ഞ ഒരു ചുവന്ന റോസാപ്പൂവുമായാണു് പ്രസീദ എന്ന താൻ മാതാജിയുടെ നേർക്കു് തിരക്കിലൂടെ ഓടിയതു്. എത്തിപ്പോയി, ഇതാണെൻെറ നിമിഷം. എന്നോർക്കവേ, മുമ്പിലെത്തിയ ഒരു ഭക്തൻ കൈ കൂപ്പുന്നു. മററാരാൾ വലിയൊരു ഹാരം പൊക്കിയെടുക്കുന്നു.

പെട്ടെന്നു വെടിയൊച്ച.
എവിടെ? എവിടെ?
പിൻതിരിഞ്ഞു നോക്കി.
പക്ഷേ, മുമ്പിൽത്തന്നെയായിരുന്നു.

ആരുടേയോ കൈയിലെ തോക്കു് ആരോ തട്ടിയെറിഞ്ഞു. ആരോ തിരക്കിലൂടെ ഓടി.

പിന്നെ മാതാജിയെ കണ്ടില്ല. ജനക്കൂട്ടത്തിനിടയിൽ അവർ വീണുകിടപ്പുണ്ടാവും.

റോസാപ്പൂവിൻെറ ദലങ്ങൾ ഉതിർന്നു വീണു.

പുണ്യ–പാപങ്ങൾ വേർതിരിച്ചറിയാൻ കഴിയുന്ന ജലകണങ്ങളുടെ സ്പർശം കൊണ്ടു നനഞ്ഞ തീരം മാത്രം.

ജനക്കൂട്ടം എവിടെ?
മാതാജി എവിടെ?
''ഒരിക്കലേ മരിക്കേണ്ടുള്ളു''—മാതാജിയുടെ ശബ്ദം എവിടെയോ പ്രതിധ്വനിക്കുന്നു.

ഒന്നുമറിയാതെ, അല്ലെങ്കിൽ എല്ലാമറിഞ്ഞുകൊണ്ടു് ഒഴുകുന്ന പ്രവാഹം. ഓളങ്ങളുടെ വലയത്തിൽ ചുവപ്പുനിറം. ചോരയുടെ നിറം. അല്ല, ചോരതന്നെ. ഉതിരുന്ന ദലങ്ങൾ അവിടേക്കു വീഴാൻ കൈനീട്ടി. ഇവിടെയാണു്, ഇതാണു് തൻെറ നിമിഷം. ഇവിടെയാണു് തൻെറ അർച്ചന.

ഇപ്പോൾ മനസ്സിലായി എന്തുകൊണ്ടാണു് ഇതുവരെ തൻെറ നിമിഷം എത്താതിരുന്നതെന്നു്.

പ്രസീദ എന്ന താൻ നനഞ്ഞ മണലിലൂടെ നടന്നു.

വർണ്ണങ്ങൾക്കിടയിലെ വർണ്ണം കണ്ടെത്താൻ താൻ ഇറങ്ങിപ്പുറപ്പെട്ടിട്ടു് എത്ര നാളായി?

ഇതായിരിക്കും ആ വർണ്ണം!

പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ

'കന്യാവനങ്ങൾ'

കലാകൗമുദിയിൽ
ഉടൻ പ്രസിദ്ധീകരിച്ചു തുടങ്ങുന്നു

എൻെറ 'കന്യാവനങ്ങൾ' എന്ന നോവലിൽ മരുഭൂമി ഒരു കഥാപാത്രമാണു്. മരുഭൂമിയുടെ ആത്മാവറിയാനുള്ള എൻെറ ദാഹത്തിൽ നിന്നാണു് ഈ നോവലുണ്ടായതു്. മരുഭൂമിയിലെ ബദുയിനുകൾ യഥാർത്ഥ മനുഷ്യരാണു്. വിശ്വാസം, സ്നേഹം, സഹിഷ്ണുത, സാഹോദര്യം—അതാണു് ബദുയിനുകൾ.

—പുനത്തിൽ കുഞ്ഞബ്ദുള്ള

സമയം ആറുമണി കഴിഞ്ഞു് മുപ്പതു മിനിററു്. അഞ്ചുമണി കഴിഞ്ഞപ്പോൾ വന്ന ചുവന്ന ഫിയററുകാർ പെരിവിങ്കിളിൻെറ മുററത്തുള്ള ഒട്ടാവിൻെറ ചുവട്ടിൽ അപ്പോഴും കിടക്കുന്നുണ്ടായിരുന്നു.

പതിവുപോലെ റീത്താമാവി സ്വീകരണമുറിയുടെ ജാലകത്തിനരികെയുള്ള കസേരയിലിരിക്കുന്നു. ജാലകത്തിരശ്ശീല 'ഒരുവശത്തേക്കു് നീക്കിവച്ചിട്ടുണ്ടു്. അവിടെയിരുന്നാൽ പെരിവിങ്കിളിൻെറ വരാന്തയും കാറിൻെറ ചുവന്ന ടോപ്പും കാണാം.

ഞാൻ മുറിയിൽത്തന്നെയായിരുന്നു. ചുവന്ന ഫിയററിലുള്ള താല്പര്യംകുറഞ്ഞുപോയതുകൊണ്ടല്ല. 'ഷെർലക് ഹോംസ് കഥകൾ' മുന്നിൽ തുറന്നുവച്ചു് അഞ്ചാമത്തെ കഥ രസത്തോടെ വായിക്കുകയായിരുന്നു ഞാൻ.

അപ്പോഴേക്കും മിസ്ററർ വാട്സനും എൻെറ ആത്മമിത്രമായിക്കഴിഞ്ഞിരുന്നു.

അങ്കിൾ ടോണി ഒരു ഭയങ്കരൻ തന്നെ. എത്ര വിദഗ്ദ്ധമായിട്ടാണു് എന്നെ അമ്പരപ്പിച്ചുകളഞ്ഞതു്.

പക്ഷെ വളരെ വൈകാതെ കള്ളി വെളിച്ചത്തായി.

ഞാൻ ബ്ളൂബെല്ലിൽ പോയതിൻെറ മൂന്നാംദിവസം തിങ്കളാഴ്ച. ഉച്ചകഴിഞ്ഞു് ഞങ്ങൾക്കു ഫിസിക്സ് പ്രാക്ടിക്കലായിരുന്നു. ട്രോയിങ് ബോർഡിൽ പിൻകുത്തിയുറപ്പിച്ച വെള്ളക്കടലാസിൻെറ പുറത്തു് ട്രയാംഗുലർ പ്രിസംവച്ചു് പ്രകാശരശ്മികളുടെ ഡീവിയേഷൻ അടയാളപ്പെടുത്തുകയായിരുന്നു ഞാൻ.

ട്രോയിങ്ബോർഡിൻെറ നിരപ്പിൽ കണ്ണുകൾ ചേർത്തുവച്ചു് പ്രിസത്തിലൂടെ നോക്കി മറുവശത്തു് മൊട്ടസൂചിയുറപ്പിച്ചു. അപ്പോൾ മേശയുടെ മറേറ അററത്തു കണ്ട മുഖം എൻെറ ശ്രദ്ധയിൽ പതിഞ്ഞു.

അതു് ഡെയ്സിയായിരുന്നു. ഒരേ ക്ളാസ്സിലായിരുന്നെങ്കിലും ഞങ്ങൾ തമ്മിൽ അത്ര അടുപ്പമൊന്നുമല്ല.

ഞാൻ നോക്കുന്നതു കണ്ടാവാം അവൾ പുഞ്ചിരിച്ചു. പിന്നെ അവൾ നീളൻ മേശയുടെ മുകളിലൂടെ ചോദിച്ചു: ''ബ്ലൂബെല്ലിൽ പോയിരുന്നു അല്ലേ?.'

''പോയിരുന്നു,'' തെല്ലദ്ഭുതത്തോടെ ഞാൻ പറഞ്ഞു.

''റോസ്കോട്ടേജിലെ ജോണിഅങ്കിളിൻെറ കസിനാണു് ആൻറണി എന്നു് ഇന്നലെയാണു് ഞാനറിഞ്ഞതു്. ഇററ് വാസ് റിയലി എ സർപ്രൈസ്.''

''എങ്ങനെയറിഞ്ഞു?''

''ഇന്നലെ ഞാൻ ബ്ളൂബെല്ലിൽ പോയിരുന്നു.''

''അങ്കിൾ ടോണിയെ അറിയുമൊ?'' എൻെറ ആകാംക്ഷയ്ക്കു് അതിരില്ലായിരുന്നു.

ഇത്തവണ അവളാണു് അദ്ഭുതം കൂറിയതു്.

''കൊള്ളാം അറിയുമൊ എന്നോ! എൻെറ ഗ്രാൻപായാണു്. മമ്മീസ് ഫാദർ.''

കാര്യങ്ങളുടെ കിടപ്പു് അപ്പോൾ അങ്ങനെയാണു്. അങ്കിൾ ടോണി ബുദ്ധിമാൻ തന്നെ. കൗശലത്തോടെ ആ ബുദ്ധി ഉപയോഗിച്ചിരിക്കുന്നു.

ആൻറണിയെപ്പററി എന്നോടു് പലതും ചോദിച്ചിരുന്നു. റോസ് കോട്ടേജിലാണു് ആൻറണി താമസം എന്നു് എനിക്കറിയില്ലായിരുന്നു.

''ഡെയ്സിയുടെ ഗ്രാൻപായുടെ വിചാരം പുള്ളിക്കാരൻ ഒരു ഷെർലക് ഹോംസാണെന്നാണു്.'' ഞാൻ പറഞ്ഞു.

ഡെയ്സി ശബ്ദമുണ്ടാക്കാതെ ചിരിച്ചു.

ചില്ലറ പൊടിക്കൈകൾ കൈവശമുള്ള അങ്കിൾ ടോണിയെ വീണ്ടും സന്ദർശിക്കണം. വായിച്ചുകഴിഞ്ഞു് പുസ്തകം തിരിച്ചുകൊടുക്കുകയും വേണം.

മുറിയിൽ വെളിച്ചം കുറഞ്ഞു. എഴുന്നേററു് ലൈററിട്ടുവന്നു് വീണ്ടും ഞാൻ വായിക്കാനിരുന്നു. അപ്പോൾ മേരി കടന്നുവന്നു ചോദിച്ചു, ''പഠിക്കാനുള്ളതുവല്ലോമാണോ വായിക്കുന്നതു്?''

''അല്ല, ഇതൊരു കഥാപുസ്തകമാണു്.''

മേരി എൻെറ വലതുവശത്തുവന്നുനിന്നു് ചുമലിനു മുകളിലൂടെ കുനിഞ്ഞു് പുസ്തകത്തിലേക്കു് നോക്കി. അവളുടെ ഉച്ഛ്വാസവായു എൻെറ കവിളിൽ തട്ടി.

''അമ്മാമ്മ മുൻവശത്തെ മുറിയിലിരിക്കുകയാണു്.'' മേരി പറഞ്ഞു.

''ഉം.''

''ആ കാറുവന്നു കിടപ്പുണ്ടു്. ഇനി അനുപോകാതെ അമ്മാമ്മ അവിടെ നിന്നു് എഴുന്നേക്കത്തില്ല.

മേരി എൻെറ ചുമലിൽ തൊട്ടു. ഞാൻ എഴുന്നേററു് അവൾക്കു് അഭിമുഖമായി നിന്നു. എൻെറ നെഞ്ചോളം പൊക്കമെയുള്ളു മേരിക്കു്.

നാലോ അഞ്ചോ നിമിഷങ്ങൾ കഴിഞ്ഞുകാണും.

''മേരി....''

സ്വീകരണമുറിയിൽ നിന്നു് റീത്താമാവി തിടുക്കത്തിൽ വിളിച്ചു. അന്യോന്യം പരിലാളനകളിൽ മുഴുകിയിരുന്ന ഞങ്ങൾ പെട്ടെന്നു് എഴുന്നേററു.

മേരിയാണു് ആദ്യം ചെന്നതു്. പിന്നെ ഞാനും. റീത്താമാവി ജാലകത്തിൻെറ അഴികളിൽ പിടിച്ചു് പുതിയ ഒരു സന്ദേഹത്തോടെ പെരിവിങ്കിളിലേക്കു് നോക്കിനില്ക്കുന്നു.

ഞാൻ ചെന്നപ്പോൾ പുറത്തുനിന്നും വരുന്ന പോൾ പൈലോക്കാരൻ ഗേററു തുറന്നു് ഉള്ളിലേക്കു കടക്കുകയാണു്. മുററത്തുകിടക്കുന്ന കാർ ദൃഷ്ടിയിൽപ്പെട്ടപ്പോൾ അയാൾ പെട്ടെന്നു് നിന്നു.

സന്ധ്യമയങ്ങുന്ന നേരിയ ഇരുട്ടിൽ ബാഗുംതൂക്കി നില്ക്കുന്ന ഒരു കറുത്ത പ്രതിമയായിരുന്നു അയാളപ്പോൾ.

നെഞ്ചിടിപ്പോടെ ഞങ്ങൾ മൂന്നുപേരും ജാലകത്തിനു പിന്നിൽ നിരന്നു.

ചലനശേഷി വീണ്ടെടുത്തു് മുന്നോട്ടു് കുതിച്ചു. കാറിനടുത്തെത്തിയപ്പോൾ കൈയിലിരുന്ന ലതർബാഗ് അയാൾ കാറിൻെറ ബോണററിൽ ആഞ്ഞടിച്ചു.

കെ. കെ. സുധാകരൻ

ഗ്രാമങ്ങളിൽചെന്നു് രാപ്പാർക്കാം

11

പിന്നെ കാററുപോലെ അയാൾ ഉള്ളിലേക്ക് പായുകയായിരുന്നു.

അകത്ത് ബഹളമുയർന്നു. ഞങ്ങൾക്ക് എല്ലാം ഊഹിക്കാനെ കഴിഞ്ഞുള്ളൂ.

പിടിയും വലിയും നടക്കുന്നതുപോലെ. അടിയുടെയൊ ഇടിയുടെയൊ ഒച്ച കേൾക്കുന്നു. ഫർണിച്ചർ മറിഞ്ഞു വീഴുന്നുണ്ട്. പാത്രങ്ങളും തകരുന്നു.

പൈലോക്കാരൻെറയും റോസിയുടെയും സ്വരത്തിനു പുറമെ അപരിചിതൻെറ ശബ്ദവും കേൾക്കുന്നുണ്ട്.

സോഫിയ? എലിസബത്ത്?

ഞാൻ പുറത്തേക്കിറങ്ങി മതിലിൻെറ അടുത്തേക്കു ചെന്നു. മുകളിലത്തെ മുറിയിൽ വെളിച്ചമുണ്ട്. ബാൽക്കണിയിൽ സോഫിയയും എലിസബത്തും അന്യോന്യം നോക്കാതെ നിൽക്കുന്നു. അവർ വല്ലാതെ ഭയന്നിട്ടുണ്ടെന്നു നില്പ്പുകണ്ടാൽ അറിയാം.

ഒരു ആക്രോശം. ഒരു അലർച്ച. മുൻവശത്തെ വാതിൽ ശക്തിയായി തുറന്നടഞ്ഞു. മുററത്തേക്ക് ഓടിയിറങ്ങിയ രൂപം മാവിൻചുവട്ടിൽ കിടന്ന കാറിൽ കയറുന്നു. കാർ മുന്നോട്ട് കുതിക്കുന്നു.

ശബ്ദങ്ങൾ അല്പനേരം കൂടി നീണ്ടു നിന്നു.

ഞാൻ സാവധാനം മുറിയിലേക്കു പോയി. റീത്താമാവിയും മേരിയും പഴയപടി നിൽക്കുന്നു. അവർ ഒന്നും പറയുന്നില്ല.

പുസ്തകം മടക്കിവച്ച് ഞാൻ കട്ടിലിൽ കിടന്നു.

എന്തിനാണ് എൻെറ മനസ്സ് വിങ്ങുന്നത്? സോഫിയയെയും എലിസബത്തിനേയും ഓർത്തിട്ടാണോ? പോരം പൈലോക്കാരനെ ഓർത്തിട്ടോ?

അതോ ജോണിച്ചായനെ ഓർത്തിട്ടോ?

രണ്ടുദിവസത്തേക്ക് പെരിവിങ്കിളിൽ ആരെയും പുറത്തേക്ക് കണ്ടില്ല. മൂന്നാം ദിവസം സായാഹ്നത്തിൽ റോസി ഹാൻഡ്ബാഗ് തോളിൽത്തൂക്കി പുറത്തേക്ക് പോകുന്നതു കണ്ടു.

പോരം പൈലോക്കാരനെ റയിൽവേസ്റേറഷനിൽവച്ച് കണ്ട കാര്യം ഞാൻ ആരോടും പറഞ്ഞില്ല. പൈലോക്കാരനെപ്പററി മാവിക്ക് എന്തോ ചില ധാരണകളൊക്കെയുണ്ട്. ആ ധാരണകൾ തെററാണെങ്കിൽപ്പോലും അവ തകർന്നാൽ മാവിക്ക് നിരാശതോന്നും.

വെറുതെയെന്തിനു് മാവിയെ നിരാശപ്പെടുത്തുന്നു. തെററിധാരണകളൊക്കെ എപ്പോഴെങ്കിലും തകരട്ടെ.

സോഫിയയെ വളരെ ചുരുക്കമായേ പിന്നീട് ഞാൻ കണ്ടുള്ളൂ. പഴയ ചൊടിയും പ്രസരിപ്പും എവിടെയോ പോയ് മറഞ്ഞതുപോലെ.

ഒട്ടുമാവിൻെറ തടിയിൽ ചാരി തടാകത്തിനു മുകളിലൂടെ വിദൂരതയിലെങ്ങോനോട്ടമുറപ്പിച്ച് ലോകം മറന്ന് അവൾ നില്ക്കുന്നതാണ് ഞാൻ മിക്കപ്പോഴും കണ്ടിട്ടുള്ളത്.

പ്രത്യേകിച്ചൊന്നും സംഭവിക്കാതെ ദിവസങ്ങൾ വന്നുപൊയ്ക്കൊണ്ടിരുന്നു. ധാരാളം പഠിക്കാനുള്ളതുകൊണ്ട് കൂടുതൽ സമയവും ഞാൻ മുറിക്കുള്ളിൽത്തന്നെയായിരുന്നു. പഴയതുപോലെ പെരിവിങ്കിളിലേക്ക് ശ്രദ്ധ പതിപ്പിക്കുവാൻ എനിക്ക് കഴിഞ്ഞില്ല.

ചൂടുകാലം വന്നെത്തി. തളർന്നുറങ്ങിയ ഒരു രാത്രിയിൽ ജോണിച്ചായൻെറ സ്വരം കേട്ടാണ് ഞാനുണർന്നതു്. ക്രിസ്മസിനുശേഷം ജോണിച്ചായൻ വന്നിട്ടില്ല. ഇപ്പോൾ രണ്ടുമാസമാകുന്നു. ഇത്ര നീണ്ട ഒരിടവേള ഞാൻ റോസ്കോട്ടേജിൽ വന്നതിനുശേഷം ഉണ്ടായിട്ടില്ല.

ഞാൻ എഴുന്നേററ് മുൻവശത്തേക്ക് ചെന്നു. റീത്താമാവിയോടൊപ്പം സോഫയിലിരിക്കുകയായിരുന്നു ജോണിച്ചായൻ. കൈയിലെ ഗ്ലാസ്സിൽ പാതിയോളം പാൽ ചേർക്കാത്ത കാപ്പിയുണ്ടായിരുന്നു.

ആ പഴയ വേഷംതന്നെ. ജീൻസും കഴുത്തുമുടിയ കറുത്ത ഫ്ളാനൽ ഷർട്ടും.

''ആൻറണി ഉറക്കമായിരുന്നു അല്ലെ? ഞാൻ വന്നിട്ട് അരമണിക്കൂറായി.'' ജോണിച്ചായൻ പറഞ്ഞു.

''ജോണിച്ചായനെ കണ്ടിട്ട് ഒത്തിരി നാളായതുപോലെ. ഇടയ്ക്കെന്താണ് ഒന്നു വരാഞ്ഞതു്?'' ഞാൻ അടുത്തു് കസേരയിൽ ചെന്നിരുന്നു.

''പററിയില്ല. ജോലിക്കൂടുതലുണ്ടായിരുന്നു.'' ജോണിച്ചായൻ കാപ്പി മൊത്തി.

''അവനു് ഇപ്പോൾത്തന്നെ പോകണമെന്നു്, എങ്കിൽപ്പിന്നെ മുഖം കാണിക്കാൻ മാത്രമായി ഇങ്ങോട്ട് വരണമായിരുന്നല്ലൊ.'' ജഗ്ഗിൽനിന്നു് കുറച്ചുകാപ്പി എനിക്കും ഒഴിച്ചുതന്നുകൊണ്ട് റീത്താമാവി പറഞ്ഞു.

''ഇന്നുതന്നെ പോകണൊ?'' ഞാൻ ചോദിച്ചു.

''പോകണം. പോയിട്ട്കാര്യമുണ്ട്.'' ജോണിച്ചായൻ ഒരു നിമിഷം എന്തൊ ചിന്തിച്ചിരുന്നു. എന്നിട്ട് എന്നോട് പറഞ്ഞു, ''ആൻറണി മുറിയിലേക്ക് പെയ്ക്കൊ. ഞാനങ്ങോട്ടു വരാം.''

ഞാൻ തിരിച്ച് മുറിയിലേക്ക് നടന്നു. എന്തോ സംഭവിക്കാൻ പോകുന്നു എന്ന് എൻെറ ഉള്ളം പറഞ്ഞുകൊണ്ടിരുന്നു.

അല്പം കഴിഞ്ഞപ്പോൾ ജോണിച്ചായൻ കടന്നുവന്നു് എൻെറ കട്ടിലിലിരുന്നു.

''ആൻറണിക്ക് എന്നാണ് പരീക്ഷ തുടങ്ങുന്നതു്?'' വന്നപ്പോൾത്തന്നെ ജോണിച്ചായൻ ചോദിച്ചു.

''ഏപ്രിൽ ആദ്യം കണ്ടേക്കും,'' ഞാൻ പറഞ്ഞു.

''ഉടനെയെങ്ങും ഞാനിനി വരില്ല ആൻറണി,'' ജോണിച്ചായൻ പോക്കററിൽനിന്നു് സിഗരററെടുത്തു് കത്തിച്ചു. ആദ്യത്തെ പുക ഉള്ളിലേക്കെടുത്തിട്ട് എന്നോട് പറഞ്ഞു: ''ഞാൻ ഈ ജോലിവിട്ടുകയാണ്. ഇതെൻെറ ലാസ്റ്റ് ട്രിപ്പാണ്.''

''ഇനി എന്തുചെയ്യാൻ പോകുന്നു?''

''അങ്കിൾ ടോണിയുടെ ബ്രദറിനു് വടക്കൊരു ദേശത്തു് ഒരു ഫാമുണ്ട്. കുറച്ച് കൃഷിയിടം. ഒരു ചെറിയ ഓറഞ്ചുതോട്ടവും. അങ്ങോട്ടുപോകാമെന്നു് വിചാരിക്കുകയാണ് ഞാൻ. ഒരു പരീക്ഷണം. എങ്ങനെയുണ്ടെന്നു് അറിയട്ടെ.''

''റീത്താമാവിയോ?'' ഞാൻ ചോദിച്ചു.

''അമ്മച്ചിയോട് ഇക്കാര്യം പറഞ്ഞില്ല. പിന്നീട് ഞാൻ അറിയിച്ചോളാം. ആൻറണി ഇവിടെയുണ്ടല്ലോ. അതൊരു സമാധാനമാണ്.''

ഞങ്ങൾ കുറെ നേരത്തേക്ക് നിശ്ശബ്ദരായി ഇരുന്നു. പലതും പറയണമെന്നും പലതും ചോദിക്കണമെന്നും എനിക്കുണ്ടായിരുന്നു. പക്ഷേ, ഒന്നിനും കഴിഞ്ഞില്ല.

''കുറച്ചുനേരംകഴിഞ്ഞ് ഞാൻ പോകും ആൻറണി. അതിനുമുമ്പ് ചില ജോലികൾ തീർക്കാനുണ്ട്.''

ജോണിച്ചായൻ എഴുന്നേററ് എൻെറ നേരെ കൈ നീട്ടി. ഞാൻ ആ കൈ കവർന്നു.

''ഗുഡ്നൈററ് ആൻറണി.''

''ഗുഡ്നൈററ്.''

ജോണിച്ചായൻ വാതിൽ ചാരിയിട്ട് പോയി.

ഉറക്കംവരാതെ ഞാൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. എപ്പോഴോ മയങ്ങിപ്പോയി.

എവിടെയോ വാതിലടയുകയോ തുറക്കുകയോ ചെയ്യുന്നു. ജോണിച്ചായൻ പോവുകയായിരിക്കുമൊ? ഞാൻ വേഗം എഴുന്നേററ് മുൻവശത്തേക്കു ചെന്നു.

റോസ്കോട്ടേജിൻെറ മുന്നിലെ റോഡിൽ ജോണിച്ചായൻെറ പെട്രോൾ ലോറി കിടക്കുന്നതു് നേരിയ നിലാവിൽ ഞാൻ കണ്ടു.

ലോറിയിലിരുന്നു് മുൻവശത്തെ തുറന്ന വാതിലിലൂടെ നീണ്ട വെള്ളക്കുപ്പായം ധരിച്ച ഒരു മാലാഖയെ ജോണിച്ചായൻ കൈപിടിച്ചുയർത്തിക്കയറ്റുന്നു. അവളുടെ കൈവിരലിലണിഞ്ഞ സ്വർണ്ണമോതിരത്തിലെ ചുവന്ന കല്ലിൻെറ തിളക്കം ഞാൻ കണ്ടു.

ഡോറടയുന്നു. സ്റ്റാർട്ടായ ലോറി ഒരിരമ്പലോടെ മുന്നോട്ട് കുതിക്കുന്നു.

ഒരു ദീർഘനിശ്വാസം എൻെറ പിന്നിൽനിന്നുയർന്നു.

ഞാൻ തിരിഞ്ഞുനോക്കി. മേരിയായിരുന്നു.

അപ്പോൾ നിലാവു് തെളിയുകയായിരുന്നു. തടാകത്തിനു മുകളിൽ ഒരു സ്വപ്നം പോലെ വെള്ളിനിലാവു് വീണുറയുന്നു.

റീത്താമാവിയെ ഉടനെ വിളിച്ചുണർത്തണം എന്നു് ഞങ്ങൾ തീരുമാനിച്ചു.

പിന്നെ ശബ്ദമുണ്ടാക്കാതെ ഞങ്ങൾ അകത്തേക്കു പോയി.

(അവസാനിച്ചു)

മഞ്ചേരി ഈശ്വരൻ

പരിഭാഷ:

കെ. പി. വാസു

നിമജ്ജനം

(കഴിഞ്ഞ ലക്കത്തിൽനിന്നു് തുടർച്ച)

രണ്ടു് എക്കകളിൽ അവർ കയറി. മുമ്പിലത്തെതിൽ കയറി പൂജാരി വഴി കാട്ടിയായി. പാവനമായ ഗംഗയുടെ തീരത്തു്, ഉദിച്ചുയരുന്ന സൂര്യനു് അഭിമുഖമായി കാശി. പ്രഭാതപ്രഭയിൽ കൂട്ടസ്തോത്രഗീതംപോലെ നിരവധി ഗോപുരങ്ങളും താഴികക്കുടങ്ങളും ഉയർന്നുനിന്നു. തീർത്ഥാടകർ കൂട്ടംകൂട്ടമായി തെരുവുകളിലൂടെ നീങ്ങുന്നുണ്ടായിരുന്നു. നാടിൻെറ നാനാഭാഗത്തുനിന്നും വന്നെത്തിയ ഭക്തന്മാർ, ചിത്രങ്ങളിൽ കാണുന്ന പൗരാണിക കാലത്തെ മുനിമാരെപ്പോലെ മുടിയും താടിയും നീട്ടിയവർ, നീതംബത്തിന്മേൽ കട്ടികളെ ഇരുത്തി തലയിൽ പാത്രങ്ങളും കെട്ടുകളും വച്ചു് അഭ്യാസത്തോടെ നടന്ന സ്ത്രീകൾ എല്ലാവരുംകൂടി വിശുദ്ധനദിയുടെ ഭാഗത്തേക്കു് അനന്തമായ നിരതന്നെ സൃഷ്ടിച്ചു.

അഖിലേശ്വരൻ ഒരു അന്വേഷകനായിരുന്നില്ല, ഒരു വേദാന്തിയുടെ ശാന്തഭാവവും ചിന്താപരതയുമായിരുന്നു അയാൾക്കു്. അയാൾ ആ നഗരത്തെ നോക്കിക്കണ്ടതു് ആത്മീയദൃഷ്ടിയിലൂടെയാണു്; ഹിന്ദുമതവിശ്വാസത്തിൻെറ ആത്മാവിൽ പ്രഭചൊരിയുന്ന ഒളിമങ്ങാത്ത കേന്ദ്രമായിട്ടു്. ക്ഷേത്രിമററിയ അവിടുത്തെ പ്രകാശം അയാളെ പൊതിഞ്ഞു. അയാൾ നടന്നുനീങ്ങിയ തെരുവുകളിലെ നാററമോ, കണ്ട പല കാഴ്ചകളും ഉണർത്തുമായിരുന്ന വേദനയോ ഒന്നും അയാൾ അറിഞ്ഞതേയില്ല. നഗരം അയാളിൽ സൃഷ്ടിച്ച മുദ്രയുടെ പാവനത്വത്തിനു് ഒരു മാററവും വന്നില്ല. അവിടവിടെ കണ്ട ഗോപുരങ്ങളെയും സ്തൂപങ്ങളെയും കോട്ടകളുടെ ഭീമാകൃതിയിലുള്ള ചുമരുകളെയും ചൂണ്ടിക്കാണിച്ചുകൊടുത്തു്, അയാൾ ഭാര്യയിൽ ഉന്മേഷം ഉണർത്താൻ ശ്രമിച്ചുകൊണ്ടേയിരുന്നു. വിളറിയ ചിരിമാത്രമായിരുന്നു അവളുടെ മറുപടി. ഉന്മേഷം അവൾക്കു് തിരിച്ചുകിട്ടുകയായിരുന്നുവെന്നു കരുതി അയാൾ സന്തോഷിച്ചു.

''കർമ്മംകഴിഞ്ഞാൽ നമുക്കു് പല കാര്യങ്ങൾ പോയിക്കാണണം.,''അയാൾ പറഞ്ഞു. ''ചുററുമുള്ള സ്ഥലങ്ങൾ ഗംഭീരമായിരിക്കും.''

ചിരിച്ചുകൊണ്ടുതന്നെ അവൾ തലകുലുക്കി സമ്മതം പ്രകടിപ്പിച്ചു. എന്നാൽ വികാരവായ്പോടെ അയാൾ കൈപിടിച്ചമർത്തിയതിനു് അവളിൽ നിന്നു് ഒരു പ്രതികരണവും ഉണ്ടായില്ല.

ഒരു തെക്കേ ഇന്ത്യക്കാരൻ ബ്രാഹ്മണൻെറ വീട്ടിൽ അവർക്കു് താമസിക്കാൻ പൂജാരി ഏർപ്പാട് ചെയ്തിരുന്ന മുറിയിൽ അവർ തനിച്ചായപ്പോൾ നീണ്ട സംഭാഷണത്തിനു് അയാൾ അവളെ പ്രേരിപ്പിച്ചു. അവളുടെ വിഷാദം ഇല്ലാതാക്കാൻ അയാൾ ഉറച്ചിരുന്നു.

''നമ്മൾ എന്തൊക്കെയാണു് വാങ്ങേണ്ടതെന്നു് നീ ആലോചിച്ചോ?'' അയാൾ തുടങ്ങി.

''നിങ്ങൾക്കു് അറിയാത്തതു പോലെയാണല്ലോ.''

''ആദ്യം നിനക്കു് ഒരു ഒന്നാന്തരം ബനാറസ് സാരി.''

''അതു് അവസാനം.''

''അതെന്താ?''

യുക്തിവിചാരത്തിനു് അവൾ ഒരുമ്പെട്ടില്ല.

''ശരി. അമ്മയ്ക്കു് ചെറുതും നല്ലതുമായ രുദ്രാക്ഷമണികൾ, രണ്ടു് അമ്മാമന്മാർക്കും അല്ലും വലുതും.''

''അതു തന്നെ ആദ്യം വാങ്ങേണ്ടതു്''

''പല വലിപ്പത്തിലുള്ള ചെമ്പു്, പിത്തളപ്പാത്രങ്ങളിൽ ഗംഗാജലവും, ത്രിവേണിജലവും, നടുവിൽ വിഷ്ണുപാദം കൊത്തിയ താലങ്ങൾ, പരമശിവൻെറയും പാർവ്വതിയുടെയും ചിത്രങ്ങൾ, ചെറിയ കുങ്കുമപ്പെട്ടികൾ...മോനു് എന്താണു് വേണ്ടതെന്നു് നീ പറയൂ..... മനോഹരമായ എന്തെങ്കിലും..''

മകനെപ്പററി കേട്ടപ്പോഴേക്കും വരണ്ടുപോയ അവളുടെ തൊണ്ടയിൽ നിന്നും പുറപ്പെട്ട് തേങ്ങൽ രണ്ടു കൈകൊണ്ടും മുഖം പൊത്തിക്കൊണ്ടു് അവൾ തടഞ്ഞു. ധൃതിയിൽ അവൾ അടുത്ത മുറിയിലേക്കു പോയി.

''അവനെ കൊണ്ടുവരാതിരുന്നതു് കഷ്ടമായി,'' അയാൾ പിറുപിറുത്തു. ''അവളുടെ മനഃപ്രയാസം എനിക്കും മനസ്സിലാക്കാൻ കഴിയും..''

മരിച്ചവരുടെയും ജീവിക്കുന്നവരുടെയും സംയോഗം എവിടെയും ആ അവസരത്തെപ്പററിയുള്ള പരാമർശംതന്നെ.

മണികർണ്ണിക ഘട്ടിൽ നേർത്ത മൂടൽമഞ്ഞിൻെറ ആവരണം. വെള്ളത്തിൽ മുങ്ങി അഖിലേശ്വരനും ഭാര്യയും ശുദ്ധി വരുത്തി.

കർമ്മം ആരംഭിച്ചു. പൂജാരികളുടെ മുഴങ്ങുന്ന മന്ത്രോച്ചാരണം അഖിലേശ്വരനെ ഉണർത്തിക്കൊണ്ടേയിരുന്നു. ഏകാഗ്രമായ ഭക്തിസ്ഫുരിച്ച അർദ്ധബോധാവസ്ഥയിൽ അയാൾ അനുഷ്ഠാനങ്ങൾ ഓരോന്നായി പൂർത്തിയാക്കി. നേരിയ ഒരു ഇടവേളയിൽ, ചടങ്ങിൽ തന്നോടൊപ്പം പങ്കാളിയാവാൻ പിന്നിൽ നില്ക്കുന്ന ഭാര്യയെ അയാൾ ഒന്നു നോക്കി; അടക്കാൻ വയ്യാത്ത ആശ്ചര്യമാണു് അയാൾക്കുണ്ടായതു്. ഒരു ദേവതയെപ്പോലെ ജ്വലിച്ചുനിന്ന അവളുടെ സൗന്ദര്യം അയാളെ വിവശനാക്കി. അവളുടെ രൂപം ശ്രദ്ധിച്ച പൂജാരിയും അസ്വസ്ഥനായിരുന്നു. തലേ ദിവസം വരെ വിളറി രോഗിണിയെപ്പോലെയായിരുന്ന അവളുടെ അപ്പോഴത്തെ തേജസ്സു് അലൗകികമായിരുന്നു.



കർമ്മങ്ങളെല്ലാം കഴിഞ്ഞു.

അഖിലേശ്വരനും ഭാര്യയും പടവുകളിറങ്ങി. അയാളുടെ വലതു കൈയിൽ അച്ഛൻെറ ചിതാഭസ്മമുള്ള പാത്രമുണ്ടായിരുന്നു. ഇടതുകൈകൊണ്ടു് അവളെ പിടിച്ചു, അയാൾ. വെള്ളം തൊടുന്നതിനു തൊട്ടുമുമ്പുള്ള പടവിന്മേൽ അവർ പെട്ടെന്നു നിന്നു. അയാൾ പിടിച്ചിരുന്ന അവളുടെ കൈ കഠിനമായി വിറയ്ക്കുന്നതു് അയാൾക്കനുഭവപ്പെട്ടു. അവളുടെ മുഖത്തു നോക്കിയപ്പോൾ അയാൾ ചൂളിപ്പോയി. അവളുടെ കണ്ണുകളിൽ ഇരുണ്ടുകണ്ട വർണ്ണനാതീതമായ ദൈന്യതയും ആ വ്യഥയിൽ പ്രതിഫലിച്ച സ്നേഹാദരങ്ങളുടെ ആർദ്രതയും ഒരു നിമിഷനേരം അയാളെ ഞെട്ടിച്ചു.

''പാത്രം വെള്ളത്തിലേക്കു് എറിഞ്ഞു് രണ്ടുപേരും കൈപിടിച്ചുകൊണ്ടു് ഒന്നിച്ചു് വെള്ളത്തിൽ മുങ്ങുക.'' പടവുകളുടെ മുകളിൽനിന്നു് പൂജാരിയുടെ ശബ്ദം.

ഗുള്ള ഗുള്ള ശബ്ദമുണ്ടാക്കി പാത്രം വെള്ളത്തിൽ താണു. രണ്ടുപേരും മുങ്ങി. ഭാര്യയുടെ കൈ തൻെറ പിടിയിൽനിന്നും ഊരിപ്പോകുന്നതും ഒടുവിൽ ഒരു കടച്ചിലോടെ കൈ തീർത്തും വിട്ടുപോയതായും അയാൾക്കു മനസ്സിലായി. അയാൾ പൊങ്ങി, ഉന്മാദിയായി നിലവിളിച്ചു. അവളുടെ ശരീരത്തിൻെറ ഏതെങ്കിലും ഭാഗമോ സാരിയോ പിടിക്കുവാൻ അയാൾ പെട്ടെന്നു് വെള്ളത്തിലേക്കു് ഊളിയിട്ടു് കൈകാലുകൾകൊണ്ടു് പരതി. അടിത്തട്ടിലുള്ള അഴുകിയ ചളി ഇളകി വായിലും മൂക്കിലും ചെന്നടിച്ചതിനാൽ അയാൾക്കു് ശ്വാസംമുട്ടി. നീന്താനറിഞ്ഞുകൂടാത്ത അയാൾക്കു് കൂടുതൽ ആഴത്തിലേക്കു് ഇറങ്ങാൻ ഭയം തോന്നി. വീണ്ടും പൊങ്ങിയ അയാൾ ഇഴഞ്ഞു് പടവിന്മേൽ ഇരുന്നു് കട്ടിയുള്ള ചളികലർന്ന വെള്ളത്തിലേക്കു് ഭീതിയോടെ നോക്കി. ഉച്ചത്തിൽ ഞരങ്ങിക്കൊണ്ടിരുന്ന അയാൾ പടവിന്മേൽ വീണു പോയി.

പൂജാരി ധൃതിയിൽ പടവുകൾ ചാടിയിറങ്ങി. എന്നാൽ അയാൾ വെള്ളത്തിലേക്കു് എടുത്തുചാടിയില്ല.

അവളുടെ ശരീരം കണ്ടു കിട്ടിയില്ല. ഗംഗയിൽ അലഞ്ഞൊഴുകിയ അസംഖ്യം ശവശരീരങ്ങളിൽ ഒന്നായിത്തീർന്നു അതു്.

''ഗംഗയുടെ വിശുദ്ധമാറിൽ അവൾ സുഖംഗലിയായിത്തീർന്നിരിക്കുന്നു. അവൾക്കു് ശ്രേയസ്സുണ്ടാവട്ടെ,'' പൂജാരി ഉച്ചത്തിൽ പറഞ്ഞു.

അഖിലേശ്വരൻ അതു് കേട്ടില്ല. ഉൽക്കണ്ഠയേക്കാൾ കൂടുതൽ ആകാംക്ഷയോടെ അവിടെ വന്നുകൂടിയ മററുള്ളവരുടെ ഉച്ചത്തിലുള്ള കരച്ചിലും അയാൾ കേട്ടില്ല. ആകാശം ഇടിഞ്ഞു വീണിരുന്ന അയാളുടെ ദേഹത്തിൽ. ഭൂമിയിൽ സർവ്വത്ര ഇരുട്ടു്. അയാൾ ബോധമററു കിടക്കുകയായിരുന്നു.

ആഘാതം കഠിനമായിരുന്നു. ഉഗ്രമായ പനി അയാളെ കിടപ്പിലാക്കി.

അർദ്ധബോധാവസ്ഥയിൽ അയാൾ പിച്ചും പേയും പറഞ്ഞുകൊണ്ടിരുന്നു. തീവ്രമായ വേദന സ്ഫുരിക്കുന്ന സ്വരത്തിൽ ഇടയ്ക്കിടെ അയാൾ പുലമ്പിക്കൊണ്ടിരുന്നു.

''പാത്രം....അതു് വണ്ടിത്തണ്ടിന്മേൽ തൂങ്ങുന്നുണ്ടു്. തീർച്ച...അതെങ്ങനെ കാണാതെപോയി?...നിന്നെ തനിച്ചു വിട്ടതിനു് മാപ്പുതരൂ...ജഗദാ നിനക്കെന്നോടു് വെറുപ്പില്ലയോ.....ഇല്ലെന്നു പറയൂ.''

ഇങ്ങനെയൊക്കെ വന്നുപെട്ടതിൽ പൂജാരിക്കു് ദുഃഖം തോന്നി. ഭാര്യ നഷ്ടപ്പെട്ട അഖിലേശ്വരൻെറ വ്യസനം അയാളെ വ്യാകുലപ്പെടുത്തിയില്ല. ആ മനോനില സ്വാഭാവികമായിട്ടേ അയാൾക്കു് തോന്നിയുള്ളു. പരസ്പരബന്ധമില്ലാതെ അയാൾ പുലമ്പിക്കൊണ്ടിരുന്നതെല്ലാം പൂജാരിക്കു് ഒരു കടങ്കഥ പോലെ തോന്നി. അന്യോന്യബന്ധമില്ലാത്ത വാക്കുകളെ, അയാൾ അർത്ഥത്തിൻെറ നൂലിൽക്കോർത്തു. ചിതാഭസ്മത്തെപ്പററിയുള്ള ആവർത്തിച്ചുള്ള പരാമർശം അർത്ഥമുള്ളതാവാം. അതു് നിമജ്ജനം ചെയ്യാനാണല്ലേ ബന്ധുക്കളിലേക്കുള്ള ദീർഘയാത്രയ്ക്കു് മുതിർന്നതു്. എന്നാലും അയാൾക്കു മനസ്സിലാവാതെ എന്തൊക്കെയോ അവശേഷിച്ചു.

അനന്തമെന്നു് അഖിലേശ്വരനു തോന്നിയ രണ്ടാഴ്ചയ്ക്കുശേഷം അയാളുടെ രോഗം മാറി. വെറും എല്ലിൻകൂടു് മാത്രമായിപ്പോയിരുന്നു അയാൾ. പൂജാരി വളരെ ശ്രദ്ധയോടെ അയാളെ ശുശ്രൂഷിച്ചിരുന്നു. അഖിലേശ്വരൻ അയാളോടു് നന്ദി പ്രകാശിപ്പിച്ചു.

''ഇതു് അത്ര വലിയ കാര്യമോ മറേറാ ആണോ? മനുഷ്യന്മാർ തമ്മിലുള്ള ഇടപാടു്. ഒരു തലമുറയായി നിങ്ങളുടെ കുടുംബത്തിൻെറ സുഖവും ദുഃഖവുമൊക്കെ അറിയുന്ന ഒരു അംഗമാണല്ലോ ഞാൻ. ഈ ദുഃഖം ഏറെ കഠിനംതന്നെ. നിങ്ങളുടെ ഭാര്യ...''

വേദനകൊണ്ടു് അഖിലേശ്വരൻ കണ്ണടച്ചു, നിസ്സംഗതയോടെ പറഞ്ഞു: ''അതായിരുന്നു വിധി.''

''പ്രിയ പിതാവിൻെറ ചിതാഭസ്മം പവിത്രമായ ഗംഗയിൽ ഒഴുക്കുകയെന്ന മഹത്തായ ഉദ്ദേശ്യത്തോടെ നിങ്ങൾ കാശിയിൽവന്നു,'' ഗൗരവസ്വരത്തിൽ പൂജാരി പറഞ്ഞു. ''നിങ്ങളിൽ നിന്നു് ഭാര്യയെ അങ്ങോട്ടുവിളിക്കണമെന്നു് ദൈവത്തിനു തോന്നി. പാവം മനുഷ്യർ. അദ്ദേഹത്തിൻെറ ആഗ്രഹത്തിനു് വഴങ്ങാതെ എന്തു ചെയ്യാൻ! നിങ്ങളുടെ ഭാര്യ വാസ്തവത്തിൽ ധന്യയാണു്. നിങ്ങൾക്കറിയാമല്ലോ, കാശിയിൽ നിന്നു മരിക്കുകയെന്നാൽ മോക്ഷം കിട്ടുകയെന്നാണു്. മരിക്കാൻ വേണ്ടിമാത്രം ഏറെപ്പേർ ഇവിടെ എത്തുന്നുണ്ടു്.''

''ചെറുപ്പക്കാരും വരുന്നുണ്ടോ?'' ദുഃഖത്തോടെ അഖിലേശ്വരൻ ചോദിച്ചു.

പൂജാരി അസ്വസ്ഥനായി. അയാൾ അറിയാൻ കൊതിച്ച കാര്യത്തിലേക്കു് അഖിലേശ്വരനെ എത്തിക്കാൻ അക്ഷമനായിരുന്നു അയാൾ. സൂത്രത്തിൽ അയാൾ തെന്നിമാറി: ''രോഗത്തിൽ കിടന്നപ്പോൾ നിങ്ങൾ പലതും പറഞ്ഞിരുന്നു അർദ്ധബോധാവസ്ഥയിൽ.''

ശരിയായിരിക്കുമെന്നു് അഖിലേശ്വരനുതോന്നി. അതിൽ താല്പര്യമില്ലെന്നു കാണിക്കാൻ അയാൾ നിശ്ശബ്ദനായി.

''വണ്ടിത്തണ്ടിന്മേൽ നിന്നു് പാത്രം കാണാതായതിനെപ്പററി നിങ്ങൾ എപ്പോഴും പറഞ്ഞുകൊണ്ടേയിരുന്നു. എന്തായിരുന്നു അതു്?''

പനിയിൽ പറഞ്ഞുപോയതു് ബോധാവസ്ഥയിൽ ഒളിച്ചുവയ്ക്കാൻ പററില്ലെന്നു മനസ്സിലാക്കിയ അഖിലേശ്വരൻ മടിച്ചുകൊണ്ടു് പറഞ്ഞു:

''ശരിയാണു്, ചരടു് പൊട്ടിപ്പോയതിനാൽ പാത്രം റോഡിൽ വീണുപോയി. ഞാൻ അതും അന്വേഷിച്ചു പോയിരുന്നു.''

''മടങ്ങിവരാൻ എത്ര സമയമെടുത്തു.''

''ഒരു മണിക്കൂറോ മറേറാ.''

''ഭാര്യയും കൂടെവന്നു. അല്ലേ?''

''ഇല്ല, അവൾ വന്നില്ല.''

''ഓഹോ.''

''അവൾ എന്നോടൊപ്പം ഓടേണ്ട ആവശ്യമുണ്ടായിരുന്നില്ല. അവൾ എനിക്കു് സഹായമല്ല, ഭാരമാവുമായിരുന്നു.''

''ശരിയാണു്.''

''ഗ്രാമത്തിൽ മടങ്ങിയെത്തിയാൽ ദയവായി ആരോടും ഈ കാര്യം പറയരുതേ. പാത്രം വീണുകിട്ടിയില്ലായിരുന്നുവെങ്കിൽ, അല്ലെങ്കിൽ അതു പൊട്ടുകയും ഭസ്മത്തിൽ നിറയുന്നിലെ മണ്ണു് കലർന്നുപോവുകയും [illegible] അ

മെല്ലിയ എല്ലിന്, വില്ലിനെ വെല്ലാം!



ഓമ്മകളുടെ നാളങ്ങൾകൊണ്ട് നിറഞ്ഞതാണ് ജീവിതം. സന്തോഷത്തിൻെറയും, സ്നേഹത്തിൻെറയും, അഭിമാനത്തിൻെറയും വിനോദത്തിൻെറയും അവസരങ്ങൾ. പിടിച്ചുനിത്തണമെന്ന് നിങ്ങൾ ആഗ്രഹിച്ചുപോകുന്ന ക്ഷണികനിമിഷങ്ങൾ ഏതവസരത്തിലുമുണ്ടാകാം. അവ പിന്നീട് അവത്തിച്ചുവെന്ന് വരികയില്ല.

ഒരു ഫോട്ടോ എടുത്തു സൂക്ഷിക്കുക.

ബ്ളാക്ക് ആൻഡ് വൈററ് ആയിരിക്കുന്നതു നല്ലതു്.

ബ്ളാക്ക് ആൻഡ് വൈററ് ഫോട്ടോകൾ മാത്രമെ മങ്ങൽ ഏൽക്കാതെ വർഷങ്ങളോളം നിലനിൽക്കുകയുള്ളു.

ഈ ഫോട്ടോകൾ നിങ്ങളുടെ ആൽബത്തിൽ സൂക്ഷിക്കൂ.

പിന്നീടൊരവസരത്തിൽ ആ ഓമ്മകൾ പങ്കിട്ട് ആനന്ദാനുഭൂതി പുനർജ്ജീവിപ്പിക്കാം.



ക്ഷണിക
സന്ദർഭങ്ങൾ
പകർത്തുവാൻ

ഇന്ദു
INDU

ഇൻഡു റോൾ ഫിലിമും
ബ്രൊമൈഡുകളും

Sista's - HPF.369.85 ML B

നന്തരഫലം ഇതൊന്നുമല്ലായിരുന്നു. ഇപ്പോൾ കുഴപ്പമൊന്നുമില്ല.''

''ആ...'' പൂജാരി താൽപര്യമൊന്നുമില്ലാതെ തുടർന്നു: പൊട്ടിക്കിടന്ന വണ്ടിയിൽ നിന്ന് താഴെ വീണുപോയ മൺപാത്രത്തിന് ഒരു ഉടവും പററാത്തതു് മഹാദ്ഭുതം തന്നെ.''

''ശരിയാണ്. അതു് അദ്ഭുതം തന്നെ. ദൈവത്തിൻെറ കൈയാണ് അതിനെ രക്ഷിച്ചതു്.''

ആത്മീയവളർച്ചയുടെ ലക്ഷണമാണ് സംശയം എന്നാണ് പറയപ്പെടുന്നതു്. ജോലിയിൽ വിജയിക്കാനാവശ്യമായ ആത്മീയത പൂജാരിക്ക് ഉണ്ടായിരുന്നു. അയാളിൽ അപ്പോൾ മൊട്ടിട്ട സംശയം ഈ ആത്മീയതയെ വികസിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നില്ല.

മടക്കയാത്രയ്ക്ക് തയ്യാറായി വണ്ടിക്കാരൻ സ്ററേഷൻ പരിസരത്തു് കാത്തു നിൽക്കുമെന്ന് അഖിലേശ്വരൻ കരുതിയിരുന്നില്ല. പറഞ്ഞ ദിവസത്തിനുശേഷം രണ്ടാഴ്ചകഴിഞ്ഞിട്ടും അവനെ അവിടെ കണ്ടപ്പോൾ അവൻെറ ക്ഷമയോടെയുള്ള കാത്തുനിൽപും സേവനത്തിനുള്ള ആകാംക്ഷയും അയ്യാളിൽ ആശ്ചര്യം ജനിപ്പിച്ചു. അന്ന് അധികം കൊടുത്ത ഒരു രൂപയായിരിക്കണം അതിനു കാരണം എന്ന് അയാൾ ഊഹിച്ചു.

വണ്ടിക്കാരനും അദ്ഭുതംകൊണ്ട് വാപൊളിച്ചുനിന്നു. യാത്രക്കാരൻെറ കൂടെ ഒരു പുരുഷനെയാണല്ലൊ കാണുന്നതു്.

''നീ അദ്ഭുതപ്പെടുന്നതു് എന്താണെന്ന് എനിക്കറിയാം. എനിക്ക് അസുഖമായിരുന്നു, കഠിനമായ അസുഖം. മാത്രമല്ല...''

പിന്നിൽനിന്ന് പൂജാരി തൻെറ കൈ പിടിച്ചുവലിക്കുന്നതു് അഖിലേശ്വരൻ മനസ്സിലാക്കി. തിരിഞ്ഞുകൊണ്ട് അയാൾ ചോദിച്ചു: ''അവനോട് പറയാതിരുന്നിട്ടെന്താണ്? മററുള്ളവരിൽനിന്ന് അറിയുന്നതിനുമുമ്പായി എന്നിൽ നിന്നുതന്നെ കേൾക്കുന്നതാണ് നല്ലതു്. ഞങ്ങളെ അവനല്ലേ ഇതുവരെ കൊണ്ടുവിട്ടതു്.''

വണ്ടിക്കാരനോട് അയാൾ പറഞ്ഞു: ''എൻെറ ഭാര്യ മരിച്ചുപോയി. അബദ്ധത്തിൽ നദിയിൽ മുങ്ങിമരിച്ചു.''

''മരിച്ചുവോ! പുഴയിൽ മുങ്ങി മരിച്ചു!'' വാക്കുകൾ അവൻെറ വായിൽ നിന്നും തെറിച്ചുവീണു. ഒരുനിമിഷം അവൻെറ മുഖം ഇരുണ്ടു.

സ്ററേഷൻെറ മുററത്തെ മങ്ങിയ വെളിച്ചത്തിലും അതു് പൂജാരിയുടെ കണ്ണിൽപ്പെട്ടു. ആ നാടൻെറ ഭാവപ്പകർച്ച ദുരൂഹത നിറഞ്ഞ ആശ്ചര്യമാണ് അയാളിൽ ഉണർത്തിയതു്. അയാൾ പലതും ഊഹിക്കാൻ തുടങ്ങി.

''കാളകളെ കെട്ടട്ടേ?'' വണ്ടിക്കാരൻ ചോദിച്ചു. മൊട്ടത്തലയും അത്യാഗ്രഹമുള്ള കടവയറും തുളച്ചുകയറുന്ന കണ്ണുകളുമുള്ള പൂജാരിയെ ഉള്ളാലെ വെറുക്കുന്നതരത്തിൽ അവൻ നോക്കി.

''ശരി, വെളുക്കുന്നേതിനുമുമ്പ് നാട്ടിലെത്തണം. ഞാൻ മടങ്ങിച്ചെല്ലുന്നതു് ആരും കാണരുതു്,'' സങ്കടത്തോടെ അഖിലേശ്വരൻ പറഞ്ഞു.

സാമാന്യം വേഗത്തിൽത്തന്നെ വണ്ടി നീങ്ങി. നിരത്തിലുണ്ടായിരുന്ന മററു വണ്ടികളുടെ മുമ്പിൽ അതു് എത്തി. വെളുത്തവാവിനുശേഷമുള്ള മൂന്നാമത്തെ രാത്രി. സാമാന്യം നല്ല ഇരുട്ട്. നക്ഷത്രങ്ങൾ മൗനം. പശ്ചിമഘട്ടത്തിൽനിന്നോ അറബിക്കടലിൽ നിന്നോ കാററടിച്ചില്ല. പ്രകൃതി ശ്വാസം പിടിച്ചുനിന്നു.

മുമ്പിൽ നീണ്ടുകിടന്ന ഇരുട്ടിലേക്ക് തുറിച്ചുനോക്കിക്കൊണ്ട് വണ്ടിക്കാരൻ ഇരുന്നു. കാളക്കൊമ്പുകളിലെ അലങ്കാരത്തൊപ്പികളും കഴുത്തിലെ മണികളും അവൻ എടുത്തു മാററിയിരുന്നു. പാട്ടും പാടി, തമാശ പറഞ്ഞ് ഒരു രാജാവിൻെറ ആഢ്യാഡംബരത്തോടെ വണ്ടിത്തണ്ടിന്മേൽ ഇരിക്കുമായിരുന്ന അവൻ ഈ അടുത്തായി വല്ലാതെ മാറിപ്പോയിരുന്നു. എന്തോ ഉന്മത്തചിന്തയിലാണ്, ഒന്നുമറിയാതെ അവൻ ഇരുന്നു. അസഹ്യമായ ഒരു വലിഞ്ഞു മുറുകൽ അനുഭവപ്പെട്ട അവയവങ്ങൾക്കെല്ലാം. ചിന്തകളുടെയും ഭാവനയുടെയും സമ്മർദ്ദംകൊണ്ട് അവൻ പെട്ടെന്ന് ഇളകി. അവൻെറ തലയിൽ എവിടെയോ എന്തോ ഒന്ന് മുറുകിപ്പൊട്ടാൻ തുടങ്ങുകയാണെന്ന് അവൻ ഭയപ്പെട്ടു. കാളകളുടെ വാൽ വളച്ച് ശക്തിയായി അടിച്ചു അവൻ. വണ്ടി മുമ്പോട്ടു കുതിച്ചു. കുളമ്പടികളുടെയും വണ്ടിച്ചക്രങ്ങളുടെയും പരുക്കൻ ശബ്ദമുയർന്നു. ഈ ശ്രാന്തൻ വേഗത അവൻെറ മനസ്സിന് അൽപം ആശ്വാസം നൽകി; ഒരു നാഴിക കഴിഞ്ഞിരിക്കണം. വണ്ടി വീണ്ടും സാവധാനത്തിലായി. വരണ്ടവാസ്സ് സുഖംകൊടുക്കുവാൻ ഒരു ചുരുട്ടുവലിക്കണമെന്നുതോന്നി അവന്. അയച്ചു പിടിച്ച മൂക്കുകയർ കക്ഷത്തിലുക്കി ഒരു ചുരുട്ടെടുത്തു് തീപ്പെട്ടിക്കോൽ കത്തിക്കാൻ അവൻ കുനിഞ്ഞു. പെട്ടെന്നുണ്ടായ ഞെട്ടലിൽ അവൻ പിന്നോക്കം തെറിച്ചു. മൂക്കുകയർ ഊരി താഴെ വീണു, തീപ്പെട്ടിക്കോൽ ഉരഞ്ഞു കെട്ടു. ശപിച്ചുകൊണ്ട് കാളകളെനോക്കിയ അവൻെറ മുമ്പിൽ കണ്ട കാഴ്ച അവനെ മരവിപ്പിച്ചു. തൊട്ടുമുമ്പിൽ ഏതാനും വാര ഇരുട്ടുമാററിയ വിളക്കിൻെറ മങ്ങിയ വെളിച്ചത്തിൽ പരിചയമുള്ള ഒരു ആകാരൂപം കണ്ടു അവൻ. മൃഗങ്ങളുടെ സഹജമായ കഴിവുകൊണ്ട് കാളകളും ആ രൂപത്തെ കണ്ടിരുന്നു. അവ അസ്വസ്ഥത പ്രകടിപ്പിച്ചു. തുറിച്ചുനോക്കിക്കൊണ്ടിരുന്ന അവനിൽനിന്ന് ജീവൻ പുറത്തേക്കു കടക്കുകയാണെന്നു തോന്നി. രൂപം നീങ്ങി നേരെ അവൻെറ അടുത്തേക്ക് ചെന്നു. നക്ഷത്രങ്ങൾ, പിന്നെ വണ്ടിത്തണ്ടിൻമേൽ. വിഷാദത്തിലാണ്ട ജ്വലിക്കുന്ന രണ്ട് കണ്ണുകൾ, പിന്നിപ്പാറി ചുമലുകളിലൂടെ രണ്ടുവശത്തും വീണുകിടക്കുന്ന മുടി, ചുരുട്ടിയും അയച്ചും ഉള്ള മുഷ്ടികൾ... മുറിവേററ മൃഗത്തിൻേറതെന്നു തോന്നിക്കുന്ന ശ്വാസംമുട്ടിയ ഒരു കരച്ചിൽ അവൻെറ ചെവിയിലൂടെ തുളച്ചുകയറി, അവൻെറ ഹൃദയം പിഴുതെടുത്തു.

''അതു് അവളാണ്. അവൾ'' ഭീതിയുടെ പിടിയിലമർന്ന അവൻ കിതപ്പോടെ പറഞ്ഞു. ചാട്ടപൊക്കി അവൻ അതിനെ അടിച്ചോടിക്കാൻ ഓങ്ങി. പെട്ടെന്ന് കാളകൾ ഉച്ചത്തിൽ ചീററിക്കൊണ്ട് പിന്നോട്ടുനീങ്ങി. അവൻ താഴെ തെറിച്ചുവീണു, ഭയങ്കരശബ്ദത്തോടെ. കാളകൾ മുന്നോട്ട് ഒരുചാടി. വീണ്ടും ഒരിക്കൽ പിന്നോട്ടും; ചക്രങ്ങൾക്കടിയിൽപ്പെട്ട് അവൻെറ വാരിയെല്ലുകളും കഴുത്തിൻെറ എല്ലും പൊട്ടിപ്പോയി,

കാളകൾ അനക്കമില്ലാതെ നിന്നു.

ഏതാനും നിമിഷനേരത്തെ ബഹളം കണ്ടു ഞെട്ടിയ അഖിലേശ്വരനും പൂജാരിയും വണ്ടിയിൽ നിന്നു പുറത്തു ചാടി; വണ്ടിക്കാരൻ നിരത്തിന്മേൽ മലർന്നടിച്ചുകിടക്കുന്നതു കണ്ട് അവർ അമ്പരന്നു. വണ്ടിത്തണ്ടിന്മേൽ നിന്ന് വിളക്ക് അഴിച്ചെടുത്തു് അഖിലേശ്വരൻ വണ്ടിക്കാരൻെറ ശരീരത്തിന്മേൽ ഉയർത്തിപ്പിടിച്ചു; അയാളുടെ കൈവിറയ്ക്കുന്നുണ്ടായിരുന്നു. ഒട്ടും കലുങ്ങാതെ പൂജാരി മുട്ടിന്മേൽ കൈവച്ച് താഴോട്ടുനോക്കി; അയാൾ ഗാഢമായി എന്തോ ആലോചിക്കുകയായിരുന്നു.

അവനെ പൊക്കാൻ അഖിലേശ്വരൻ കുനിഞ്ഞു. കർക്കശസ്വരത്തിൽ പൂജാരി പറഞ്ഞു, ''തൊടരുതവനെ.''

ഞരക്കത്തോടെ അവൻ കണ്ണു തുറന്നു. ഒരാൾ അവൻെറമേലെ കുനിഞ്ഞു നില്ക്കുന്നതു് അവ്യക്തമായി അവൻ കണ്ടു. ആവുന്നത്ര ശക്തിസംഭരിച്ചുകൊണ്ട് സൂക്ഷിച്ചുനോക്കിയപ്പോൾ അവന് ആളെ മനസ്സിലായി. അയാളുടെ കൈപിടിച്ചുകൊണ്ട് അവൻ പറയാൻ ശ്രമിച്ചു:

''ഞാൻ...ഞാൻ...'' ശബ്ദം തൊണ്ടയിൽ കുടുങ്ങി പുറത്തുവരുമ്പോൾ നേർത്തു പോയിരുന്നു.

''പറയൂ.'' അസാധാരണമായ ആജ്ഞാശക്തിയോടെ പൂജാരി ആവശ്യപ്പെട്ടു.

''വണ്ടിത്തണ്ടിന്മേൽ നിന്ന്...പത്രം...'' വാക്കുകൾ അവൻെറ ചുണ്ടുകളിൽ മരിച്ചുവീണു. തൊണ്ടയിലെ പത്തശബ്ദം നിലച്ചു, തല പെട്ടെന്ന് ചുമലിലേക്ക് ചരിഞ്ഞു.

എന്തായിരുന്നു സംഭവിച്ചതെന്ന് പൂജാരി ഒരുനിമിഷം കൊണ്ട് മനസ്സിലാക്കി. ആർദ്രമായി അയാൾ അഖിലേശ്വരനെ നോക്കി. ആ നോട്ടത്തിൽ സഹതാപവും അവജ്ഞയും കലർന്നിരുന്നു.

ഒന്നുമറിയാതെ അഖിലേശ്വരൻ ആ സ്ഥലംതന്നെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അല്പം അകലെയായി വണ്ടിക്കാരൻ അന്ന് ചുരുട്ടുവലിച്ചുകൊണ്ട് ഇരുന്ന ചരൽക്കുന്ന, തൻെറ ഭാര്യ ചാരിനിന്ന മരം. അയാളുടെ കണ്ണിൽ നിന്ന് ഒരുതുള്ളി കണ്ണുനീർ ഉരുണ്ടുവീണു.

''ബനാറസ്സിൽ എൻെറ ഭാര്യ അബദ്ധത്തിൽ മുങ്ങിമരിച്ചു,'' പതിഞ്ഞ സ്വരത്തിൽ അയാൾ പറഞ്ഞു. ''ഇവിടെ വണ്ടിക്കാരൻെറ അന്ത്യമുണ്ടായി, അബദ്ധത്തിൽ വണ്ടിയിൽനിന്നു തെറിച്ചുവീണിട്ട്. ലക്ഷണംകെട്ട നേരത്തായിരിക്കണം നാം യാത്രതുടങ്ങിയതു്.''

''സംശയമില്ല, ''പൂജാരി യോജിച്ചു.

(അവസാനിച്ചു)

സി. രാധാകൃഷ്ണൻ

ഗൃഹവാസികളേ

യോഗേഷും നിമ്മിയും

പ്രരസ്യം കൊടുത്തിട്ട് പത്തുദിവസം കഴിയുന്നു. ഉൽക്കണ്ഠയോടെ ലോഡ്ജിന്റെ പരിസരത്ത് തങ്ങിനിന്ന് പോസ്റ്റുമാനെ കാത്തു. പ്രവൃത്തിദിവസമായതുകൊണ്ട് ഷിഫ്റ്റുകാരും വിദ്യാർത്ഥികളുമായ ഏതാനും കടകിടപ്പുകാരെ മാത്രമേ കത്തിനു കാത്തു നിൽക്കുന്ന കൂട്ടുകാരായി അപ്പുവിന് കിട്ടിയുള്ളൂ.

കനം കുറഞ്ഞ നേരമ്പോക്കുകളും വലിയ പ്രാധാന്യമില്ലാത്ത നാട്ടുവർത്തമാനങ്ങളും പറഞ്ഞ് സമയം കളഞ്ഞു നിന്നു.

ദിവസത്തിൽ രണ്ടു തവണയെന്ന് പോസ്റ്റൽ ഡെലിവറി. ഉച്ചയോടടുത്തും പിന്നെ വൈകുന്നേരം നാലിനും. മഹാനഗരത്തിൽ നിന്നു വരുന്ന കത്തുകൾ രാവിലെ എത്തുന്ന തീവണ്ടിക്ക് വരേണ്ടതാണ്.

കഴിഞ്ഞ കാലുകൾകൊണ്ട് തുഴയുന്ന മട്ടിൽ സൈക്കിൾ ചവിട്ടി പോസ്റ്റ്മാൻ പ്രധാന നിരത്തിൽനിന്ന് തിരിയുമ്പോൾ രണ്ടുമൂന്നുതവണ ബെല്ലടിക്കും. അറിയിപ്പാണ്. ലോഡ്ജിൽ നിന്ന് ആരെങ്കിലും ഇറങ്ങിവന്ന് കത്തുകളുടെ കെട്ട് വാങ്ങിക്കൊണ്ടുപോകാനുള്ള മുന്നറിയിപ്പ്. അപ്പോൾ, കാൽ കുത്തിനിന്നാൽ മതി അയാൾക്ക്, സൈക്കിളിൽനിന്ന് ഇറങ്ങാതെ കഴിയും.

കത്തുകളുടെ കെട്ട് ഏറ്റുവാങ്ങിയ ആൾ ഒത്തുകൂടിയ തലകൾക്കു നടുവിൽ കത്തുകൾ ഓരോന്നായി മറിക്കും. കൈകൾ ഓരോന്നായി മുന്നോട്ടുവന്ന് ഓരോന്നോരോന്നായി എടുക്കും. ബാക്കിയുള്ളത് ഗൺപത് ബോർഡിൽ കലാപരമായി തൂക്കും. തൂക്കിയതിൽ പലതിന്റെയും മേൽവിലാസമെഴുതിയ ഭാഗം മറുപുറത്തേക്കോ തലതിരിഞ്ഞോ ആയിരിക്കും. വൈകിയെത്തുന്ന ആരെങ്കിലും തനിക്കുള്ളതെടുക്കാൻ ശ്രമിച്ച് ബാക്കിയുള്ളത് തിരികെ ബോർഡിൽ വയ്ക്കുമ്പോൾ എല്ലാം ക്രമത്തിലാവും.

ബെല്ലടി കേട്ടു.

സംസാരം നിലച്ചു.

കെട്ട് കിട്ടി.

തലകൾ കൂട്ടംകൂടി.

കത്തുകൾ മറിഞ്ഞുകൊണ്ടിരുന്നു.

പത്രമാപ്പീസിൽനിന്ന് കള്ളപ്പേരിൽ കവർ.

കൈ നീട്ടി എടുത്തില്ല.

അപരിചിതരാരും കൂട്ടത്തിൽ ഇല്ല.

ആ കവർ ആരും എടുത്തുമില്ല.

കിട്ടിയതുമായി എല്ലാവരും പോയി.

ബാക്കിയുള്ളത് സ്വീകരണമുറിയിൽ മേശപ്പുറത്ത് ചിതറിക്കിടന്നു.

ഗൺപത് സ്ഥലത്തില്ല. പുറത്തേ

ഏതെങ്കിലും മുറിയിലോ മറ്റോ ആയിരിക്കും.

പത്രമാപ്പീസിൽ നിന്നു വന്ന കവർ ആരും കാണാതെയെടുക്കാൻ പ്രയാസമൊന്നുമുണ്ടായില്ല. അത്രമായി സ്വീകരണമുറിയോട് തൊട്ടുള്ള കുളിമുറിയിൽ കയറി വാതിലടച്ചു. വെള്ളം നനച്ച് കതിർത്തു് കവർ തുറന്നു.

ഫോർവേഡിങ് നോട്ടിന്റെ കൂടെ മൂന്നു നാലു കത്തുകൾ.

ദീപയുടെ വിവരമില്ല.

കത്തുകളിൽ നിന്നു മനസ്സിലായതു് വിസ്മയകരമായ മ്റ്റൊരു കാര്യം; കപ്പ്റെയ്സുകളുടേയും ജാക്പോട്ടിന്റേയും ഉപയോഗശൂന്യങ്ങളായ ടിക്കറ്റുകൾ സംഭരിക്കുന്നതു് ഹോബിയാക്കിയിട്ടുള്ളവർ ധാരാളമുണ്ട്.

ഏതാനും ഡ്യൂപ്ലിക്കേറ്റുകൾ കൈവശമുണ്ടെന്നും നേരിട്ട് ബന്ധപ്പെട്ടാൽ കൈമാറാമായോ വിലയ്ക്കോ തരാമെന്നും പറയുന്ന കത്തുകൾ.

കത്തുകളിലും ഫോർവേഡിങ് ലെറ്ററിലും പതിഞ്ഞിരിക്കാവുന്ന വിരലടയാളങ്ങൾ തൂവാലകൊണ്ടു തുടച്ച് ഉരുപ്പടി വീണ്ടും കവറിലാക്കി. ഫ്ളാപ്പിലെ പശ അപ്പോഴും ഉണങ്ങിയിരുന്നില്ല. ഫ്ളാപ്പൊട്ടിച്ച് പുറത്തുവന്ന് കവർ മേശപ്പുറത്തിട്ടു.

ആരെങ്കിലും കണ്ടുവോ?

ഇല്ല.

ദീപ ജീവനോടെയില്ല എന്ന ചിന്ത മാത്രമായിത്തീർന്ന മനസ്സിൽ—തികട്ടിത്തികട്ടിവരുന്ന ഒരു തേങ്ങലിന്റെ അകമ്പടിയോടെ.

കൈയിലൊരു തുണിസ്സഞ്ചിയും മടക്കിയ നരച്ച കടയും ഗാന്ധിത്തൊപ്പി തലയിലും മുഷിഞ്ഞ ഷെർവാണി ഉടലിലുമായി എഴുപതോടടുത്ത ഒരാൾ, അപരിചിതൻ, പുറത്തുനിന്ന് ലോഡ്ജിലേക്കു കയറിവന്നു.

അന്തേവാസികളിലാരുടെ യെങ്കിലും അച്ഛനോ അമ്മാമനോ, അല്ലെങ്കിൽ, പെൺകുട്ടികളുടെ ജാതകക്കുറിപ്പുകളുമായി നടക്കുന്ന വിവാഹദല്ലാളോ ആണെന്നു തോന്നി. ഇത്തരം ദല്ലാളന്മാർ ലോഡ്ജിൽ നിത്യസന്ദർശകരാണ്. തരക്കേടില്ലാത്ത വരുമാനമുള്ള അവിവാഹിതരുടെ കൂട്ടായ താവളമാണല്ലൊ.

ദല്ലാളാണെങ്കിൽത്തന്നെ ഇതൊരു പുതുമുഖമാണ്. ദല്ലാളന്മാരുടെ ചിരിമുഖത്തില്ലാതാനും. ഒരു അന്വേഷണ ഉദ്യോഗസ്ഥന്റെ കെട്ടും മട്ടും ഇല്ല.

അടയ്ക്കാപ്പൊടി തിന്ന് മഞ്ഞച്ച പൽക്കുറ്റികൾ കാട്ടി വയസ്സൻ ചിരിച്ചു: മാനേജരാണോ?

അല്ല.

താമസക്കാരനായിരിക്കും?

അതെ. എന്താണ്? ആരെയാണ് കാണേണ്ടതു്?

കൃപേൻ ഗാന്ധിയെ. അദ്ദേഹം ഇവിടെ ഉണ്ടോ?

പത്രമാപ്പീസിൽ പരസ്യത്തിന്റെ മറുപടികളയയ്ക്കാനായി കൊടുത്ത വിലാസത്തിലെ കള്ളപ്പേര്.

കാര്യമെന്താണ്?

താങ്കളാണോ?

സംശയങ്ങളും പ്രതീക്ഷകളും മനസ്സിലൂടെ പാഞ്ഞുപോയി: ദീപയുടെ സന്ദേശവുമായി വന്നിരിക്കുകയാണോ? എങ്കിൽ ശരിയായ പേർ ചോദിക്കുമായിരുന്നില്ലെ? ശരിയായ ആളെ കണ്ടുകിട്ടിയിട്ട് മതി ശരിയായ പേർ ചോദിക്കുക, അടയാളവാക്യം പറയുക, എന്ന് വിചാരിച്ചാണോ? അതോ, അന്വേഷണ ഉദ്യോഗസ്ഥന്മാർ ഒരു പുതിയ അടവ് പ്രയോഗിക്കുകയാണോ? അത്ര വലിയ ഭാവനയും സാമർത്ഥ്യവും അവർ കാണിക്കുമെന്ന് കരുതിക്കൂട.

വിവാഹ ദല്ലാളാണോ?

ഓ, അല്ല.

പിന്നെ?

അദ്ദേഹമിവിടെയുണ്ടോ, കൃപേൻ ഗാന്ധി?

ഞാൻ തന്നെയാണ് എങ്കിലോ?

വളരെ നല്ലതു്!

കൈ നീണ്ടു. നീട്ടിയ കൈ പിടിച്ചു കുലുക്കി. ആരെങ്കിലും കണ്ടാൽ ഒരു തമാശയ്ക്കായി നിർദ്ദോഷമായ ആൾമാറാട്ടം നടത്തിയതാണെന്ന് ചിരിച്ചൊഴിയാം.

മഹാനഗരത്തിൽനിന്ന് വരികയാണെന്ന് ആഗതൻ അറിയിച്ചു. എന്നിട്ട് ചിരിച്ചു: എനിക്ക് ഒററനോട്ടത്തിൽ മനസ്സിലായി, താങ്കൾതന്നെയാണ് കക്ഷിയെന്ന്. ഒരു ചെറിയ ബിസിനസ്സ് സംസാരിക്കാനുണ്ട്.

എണ്ണമററവയാണ് കണ്ണിന്റെ വാലററങ്ങളിൽ ചിരിക്കുമ്പോഴുണ്ടാകുന്ന ചുളിവുകളെന്ന് കണ്ടു; അത്രതന്നെ എണ്ണമററവയാണ് മുഖത്ത് ഗൗരവം വരുമ്പോൾ നെററിയിൽ ചാലെടുക്കുന്ന ചുളിവുകളും.

എന്ത് ബിസിനസ്സാണ്?

അല്പം രഹസ്യമാണ്. മുറിയിൽ പോയാലോ?

എനിക്ക് ഒരു രഹസ്യബിസിനസ്സുമില്ല. ഇവിടെനിന്ന് സംസാരിക്കാവുന്നതേയുള്ളൂ. പറയൂ, എന്താണ്?

അങ്ങനെയല്ല. ഇതു് രഹസ്യംതന്നെ.

ഓ, അങ്ങനെയോ? എങ്കിൽ വരൂ. പേരെന്താണ്?

നാരായൺസേഠ്.

സേഠിനെ കുളിമുറിയിലേക്ക് കൊണ്ടുപോയി. അകത്തു കയറുമ്പോൾ തിരിഞ്ഞുനോക്കിപ്പറഞ്ഞു: ഇവിടെ മതി, മുകളിൽ, മുറിയിൽ വേറേയും ആളുണ്ട്, പതുക്കെപ്പറയണം.

മനസ്സിൽപ്പറഞ്ഞു: അന്വേഷണഉദ്യോഗസ്ഥന്മാർ മണംപിടിക്കാനയച്ച വല്ല മനുഷ്യപ്പട്ടിയുമാണെങ്കിൽ ഈ കുളിമുറിക്കകത്തുവച്ച് കഴുത്തുഞെരിച്ചു കൊല്ലാൻ കഴിയും. സിയനൈഡ് ഗുളികപൊട്ടിച്ച് പ്രാണൻപോകുംമുൻപ് വായിലിട്ടു കൊടുത്താൽ ആത്മഹത്യതന്നെ. വലിയ പ്രയാസംകൂടാതെ തനിച്ച് കീഴടക്കാവുന്ന ശക്തിയേ സേഠിനുള്ളൂ.

സേഠ് പിന്നാലെകയറി വാതിലടച്ച് പിറുപിറുക്കുന്ന സ്വരത്തിൽ പറഞ്ഞു: ഒരുലക്ഷം കൂടുതൽ തരാം.

ഒന്നും മനസ്സിലായില്ലെങ്കിലും മനസ്സിലായില്ലെന്ന് നടിച്ചില്ല. അത്രപ്പി പ്രകടിപ്പിച്ച് മിണ്ടാതെ നിന്നു. കൂടുതൽ പറയട്ടെ. ഈ പറഞ്ഞതു് ഒരു കോഡല്ല. ഒന്നിൻേറയും സൂചനയുമല്ല.

സേഠ് തുടർന്നു: അതാണ് ഇപ്പോഴത്തെ നിരക്ക്. കൂടുതൽ തരാൻ ആഗ്രഹം കഴിയുകയില്ല.

ഇടുങ്ങിയ മുറി. സേഠിന്റെ വായ് നാററം. സംസാരിക്കുമ്പോൾ അല്പം പോലും അകന്നുനിൽക്കാൻ മുറിയിൽ സ്ഥലമില്ല.

എന്തും അർത്ഥമാകട്ടെ എന്ന് വിരസമായി ചിരിച്ചു. ആലോചിക്കുകയാണെന്ന് നടിച്ചു.

സമർത്ഥനായ സേഠ് ഒന്നും കൂടുതൽ പറയാതെ ശീതസമരത്തിൽ നിന്നു. പന്ത് നിങ്ങളുടെ ഭാഗത്തല്ലേ ഇപ്പോൾ, വേണമെങ്കിൽ തട്ട് എന്ന മട്ടിൽ.

കരുതലോടെ തുടരുന്നു: പരസ്യം....?

അതെ.

മേൽവിലാസമെങ്ങനെ കിട്ടി?

ഞങ്ങളുടെ തൊഴിലിതല്ലെ? ബോക്സ്, നമ്പറിന്റെ പിന്നിലെ മേൽവിലാസങ്ങൾ വാങ്ങാൻ ഞങ്ങൾക്ക് കഴിയും, അറിയാമോ?

മനസ്സിലായി പക്ഷേ, ഒരു ലക്ഷം....

ഞാൻ പറഞ്ഞില്ലെ, അതു് പരമാവധി കിട്ടാവുന്ന മാർജിനാണ്, വിജിക്കാതെ പോയതുകൊണ്ട് ജാക്പോട്ടിന് നാലരലക്ഷമുണ്ട്. അതു് താങ്കൾക്കും അറിയാം. അതുകൊണ്ടാണ് ഒന്നെന്നു് പറയുന്നതുതന്നെ. നാല്പ്പെപ്പിക്കാൻ, അല്ല നാലരയെന്ന്വച്ചോളൂ, കൃത്യമായിരിക്കട്ടെ, ഒന്നിലേറെ ചെലവിടാൻ ഇപ്പോൾ ആരും തയ്യാറില്ല. നാലരയും ഒന്നും അഞ്ചര. ശരിയല്ലെ?

അത്രയുമായപ്പോൾ പിടികിട്ടി: മഹാനഗരത്തിലെ ഒരു ദിവസത്തെ കുതിരപ്പന്തയത്തിൽ വിജിക്കാതെ കിടക്കുന്ന ജാക്പോട്ട് ടിക്കററ് സമ്മാനം നാലരലക്ഷം. അതു് ആരും ക്ലെയിം ചെയ്തില്ലെന്ന് പത്രവാർത്തയുണ്ടായിരുന്നു. കള്ളപ്പണം വെളുപ്പിച്ചുകൊടുക്കുന്ന ദല്ലാളോ കള്ളപ്പണക്കാരനോ ബുക്കിയോ ആണ് സേഠ്. വിന്നിങ്ടിക്കററ് അധികവിലയ്ക്ക് വാങ്ങിയാൽ കിട്ടുന്ന ആൾക്ക് അത്രയും കള്ളപ്പണം വെളുപ്പിക്കാം. പരസ്യം കണ്ടപ്പോൾ ഇത്തരം വില്പനയ്ക്കുള്ള ബിസിനസ്സ് പ്രൊപ്പോസലിന്റെ കവചിത രൂപമായിരിക്കുമെന്നാണ് ഇദ്ദേഹം കരുതിയിരിക്കുക. കവറിൽ വന്ന മററ് കത്തുകളുടെ പിന്നിലും ഇതേ ഉദ്ദേശ്യവും തന്നെയായിരിക്കാം ഉള്ളതു്.

മനസ്സിൽ മൊട്ടിട്ട ചിരി അവിടെത്തന്നെ ചവിട്ടി അരച്ച് മായ്ച്ചു. എന്തായാലും സംഗതി പന്തിയല്ലെന്ന നിഗമനത്തിലേക്ക് ആലോചന നീണ്ടു: പരസ്യത്തിനു പിന്നിലെ ആളെ മറെറാരു പേരിലാണെങ്കിലും ഈ വയസ്സൻ കണ്ടുപിടിച്ചിരിക്കുന്നു. ടിക്കററ് വിൽക്കാനോ അധികപ്പണമുണ്ടാക്കാനോ ഒന്നുമുള്ള പരസ്യമല്ലായിരുന്നു അതെന്നു് ഈയാളറിയുമ്പോൾ...

ആരും താനല്ലെന്നും ഇതൊരു തമാശ മാത്രമായിരുന്നെന്നും വയസ്സനെ ബോദ്ധ്യപ്പെടുത്തുകയേ ഇനി നിർവ്വാഹമുള്ളൂ.

മറുപടിക്കായി കാത്തുനിൽക്കുന്ന സേഠിന്റെ മുഖത്തുനോക്കി വാപൊത്തിച്ചിരിച്ചു: വരൂ, പറയാം.

വാതിൽ തുറന്ന് സേഠിനെ ആദ്യം പുറത്തിറക്കി പിന്നാലെ പോന്നു.

നല്ല നേരം. ഡ്രൈക്ലീനിങ് ഷോപ്പിൽ നിന്ന് കിട്ടിയ വലിയ കവറിൽ തുണികളുമായി ഭാരം സർക്കാർ കയറി വരുന്നു. അയാളോട് വിളിച്ചുപറഞ്ഞു: ദാദാ, ഇദ്ദേഹമൊരു അഞ്ചര ലക്ഷത്തിന്റെ പ്രൊപ്പോസലുമായിവന്നിരിക്കുന്നു, വിൽക്കുന്നോ?

വയസ്സൻ ഇരുവരേയും മാറിമാറി നോക്കി.

ദാദ ചിരിച്ചു, അഞ്ചരലക്ഷം? ച്ചെ! ച്ചെ! ഒരു പത്താണെങ്കിൽ പരിഗണിക്കാം. വിവാഹക്കാര്യമാണോ? അതാണെങ്കിൽ അഞ്ചരയായാലും മതി. ഒരു നിബന്ധനയുണ്ട്, പക്ഷേ, പണംമാത്രം മതി, പെണ്ണുവേണ്ട!

ഇദ്ദേഹം പറയുന്നതു് ആ കാര്യമല്ല,

കേരളശ്രേയസ്

മാസിക

എറണാകുളത്തു നിന്നും
പ്രസിദ്ധീകരിക്കുന്നു.

കഥ, ലേഖനം ക്ഷണിച്ചുകൊള്ളുന്നു.

എഡിററർ,
കേരളശ്രേയസ് മാസിക,
ബി. എം. സി. P. O.,
കൊച്ചിൻ–21 .

അന്തർദ്ദേശീയ യുവജനവർഷം പ്രമാണിച്ച് നവംബറിൽ ഒരു സ്പെഷ്യൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

JAYAMATHA COLLEGE OF ENGLISH & INSTITUTE OF CORRESPONDENCE EDUCATION
PATHANAPURAM-689 695.

Offers efficient Postal Coaching for M.A. in English, Sociology, Economics, History, M. Sc. Maths and M.Com. No Subject on age restrictions. Send Rs.5/- M.O. to the Principal for detailed prospectus.

രചന

വിജയകൃഷ്ണൻെറ ചലച്ചിത്രഗ്രന്ഥം

മലയാളത്തിൽ നിന്ന് ആദ്യത്തെ ദേശീയ അവാർഡും ആദ്യത്തെ സംസ്ഥാന അവാർഡും നേടിയ ഗ്രന്ഥകാരൻെറ ഏററവും പുതിയ ചലച്ചിത്രഗ്രന്ഥം

മാറുന്ന പ്രതിച്ഛായകൾ

പ്രസിദ്ധീകരണദിനം:
1985 ഡിസംബർ 16
വില : 35 രൂപ
വമ്പിച്ച പ്രീ–പബ്ലിക്കേഷൻ സൗജന്യം. ഒന്നിച്ച് : 20 രൂപ മാത്രം
തവണകളായി : 25 രൂപ (10+15)
എം. ഒ. അയയ്ക്കുക

രചന
14 / 473, നന്ദാവനം റോഡ്
തിരുവനന്തപുരം–695 033

ദാദ. മറെറാരു ആകർഷകമായ നിർദ്ദേശമാണ്.

നിങ്ങൾ സ്വീകരിച്ചില്ല?

ദാദയല്ലേ സ്വീകരിക്കേണ്ടതു്? കാര്യം കിടക്കുന്നതു് ദാദയുടെ കൈയിലല്ലേ?

വയസ്സൻ ദാദയെ ശ്രദ്ധിക്കുകയായിരുന്നു. ദാദയോട് കണ്ണിറുക്കിക്കാണിച്ചതു് വയസ്സൻ കണ്ടില്ല.

ദാദ കളിയിൽ ചേർന്നു: അത്രയ്ക്കുള്ള കോപ്പ് കൈയിരിപ്പുണ്ടെന്നു് ഈയാളെ കണ്ടിട്ട് തോന്നുന്നില്ലല്ലോ!

വയസ്സനെ നനക്കെ തോണ്ടി: ചെല്ല. ഞാനല്ല അദ്ദേഹമാണ് കക്ഷി. കച്ചവടം നടന്നാൽ എനിക്കും എന്തെങ്കിലും തന്നാൽ മതി.

ദാദ കോണിപ്പടികൾ കയറാൻ തുടങ്ങി, താല്പര്യമില്ലാത്തമട്ടിൽ. വയസ്സൻ പിന്നാലെ പുറപ്പെട്ടു.

ഫലമെന്തായെന്നറിയാൻ നില്ക്കാതെ ലോഡ്ജിൽ നിന്നിറങ്ങി.

അന്വേഷകർ വന്നിരിക്കുന്നു. പക്ഷേ, ഉദ്ദേശിച്ച രീതിയിലുള്ള അന്വേഷകരല്ല. പ്രതീക്ഷിച്ചതു് കറുനരികളെ, വന്നതോ, കഴുകന്മാർ!

ഉച്ചയുണിൻെറ തളർച്ചയോടെ വീട്ടിലെത്തി. കത്തുപെട്ടിയിൽ വിവാഹക്കുറി. മുകളിലേക്ക് കോണിപ്പടികൾ കയറുമ്പോൾ ഡ്രൈയിൻ കാർഡിൽ ആർഭാടമൊന്നുമില്ലാതെയടിച്ച ക്ഷണം വായിച്ചു:

നിർമ്മി ദേശ്പാണ്ഡെ. യോഗേഷ് ശർമ്മയെ വിവാഹം കഴിക്കുന്നു. സകുടുംബം വരണം. സ്ഥലം ഹനുമാൻമന്ദിറിനപ്പുറത്തെ കല്യാണമണ്ഡപം. സമയം വൈകുന്നേരം നാലു മണി. തീയതി: ഇന്നുതന്നെ.

മാസം മാറിയിട്ടുണ്ടോ?

ഇല്ല, ഇതേ മാസം, ഇന്നു്.

പക്ഷേ, ആരാണ് നിർമ്മി ദേശ്പാണ്ഡെ. അറിഞ്ഞുകൂട. ഓർമ്മയുള്ള പേരല്ല. ഒരു പരിചയവുമില്ല. യോഗേഷ് ശർമ്മ? അങ്ങനെയൊരു പേരും പരിചിതമല്ല. വധൂവരന്മാരുടെ ആരുടെയെങ്കിലും രക്ഷാകർത്താക്കൾ പരിചയമുള്ളവരായതുകൊണ്ട്...? അല്ല, അതും ഓർക്കാൻ കിട്ടുന്നില്ല.

മേൽവിലാസം തെററി വന്നതായിരിക്കാം.

കവറിന്മേൽ ഒരിക്കൽക്കൂടി നോക്കി.

ഇല്ല. കൃത്യമായ മേൽവിലാസം. ഭംഗിയുള്ള കൈപ്പട. തെററു പററിയതുമല്ല.

വാച്ചിൽ നോക്കി. രണ്ടു മണിക്കൂർ സമയമുണ്ട്.

കിടക്കയിൽ മലർന്നുകിടന്ന് ആലോചിച്ചു: ഇതെങ്ങനെ? സംഘടനയുടെ ഒരു രഹസ്യയോഗം കൂടാനുള്ള വിദ്യയാണോ? ആയിക്കൂടെന്നില്ല. ഏതോ ഒരു വിവാഹത്തോടനുബന്ധിച്ച് വിരുന്നുകാർക്കിടയിൽ സംഘാംഗങ്ങളുമുണ്ടായാൽ പുറമേ ആർക്കും സംശയം കൂടാതെ ആശയവിനിമയം നടക്കും. പക്ഷേ, അത്തരമൊരു രഹസ്യയോഗം ഇപ്പോൾ കൂടേണ്ട കാര്യം? ഞായറാഴ്ചയാണ് പാർക്കിൽ ലീനയെ കണ്ടതു്. സൈരമായി സംസാരിക്കാൻ കഴിഞ്ഞില്ല എങ്കിലും, നൽകാനുള്ള സന്ദേശം ലീന കൃത്യമായി നൽകി: വിദ്ധ്വംസകപ്രവർത്തനങ്ങൾ അനിശ്ചിതകാലത്തേക്ക് നിർത്തിവച്ചിരിക്കുകയാണ്. വേറെ കഴപ്പമൊന്നുമില്ല.

അതിനുശേഷം രണ്ടു ദിവസമേ ആയുള്ളൂ. ഈ കത്തു് അതിനുശേഷം അയച്ചതു തന്നെ. പക്ഷേ, പെട്ടെന്നു് എന്തുണ്ടായി ഇത്ര പ്രധാനമായിട്ട്?

പോയി നോക്കാമെന്നു് നിശ്ചയിച്ച് കണ്ണടച്ചു.

ദീപയെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ജീവനോടെയുണ്ടെങ്കിലല്ലേ കണ്ടുപിടിക്കാൻ കഴിയൂ! ഇനി അന്വേഷിക്കേണ്ടതില്ല. ഫലമുണ്ടാവുകയില്ലെന്നു് പ്രേമ സൂചിപ്പിച്ചിരുന്നതാണ്. എന്നിട്ടും ഇറങ്ങിത്തിരിച്ചു. തിരിച്ചെത്തിയ [illegible] പ്രേമയോട് പരാജയം സമ്മതിക്കുകയും ചെയ്തു. പരസ്യക്കാര്യം, പക്ഷേ, പറഞ്ഞില്ല. പരാജയം സമ്മതിക്കുമ്പോൾപ്പോലും ഉള്ളിൽ നേരിയ പ്രതീക്ഷയുണ്ടായിരുന്നു. ഇപ്പോൾ ഇല്ല.

വിദ്ധ്വംസനങ്ങളുടെ നിർണ്ണായക ദിവസം നീട്ടിവയ്ക്കാനുണ്ടായ യഥാർത്ഥ കാരണമെന്തെന്നറിയാൻ ഇനി നിരഞ്ജനെ കണ്ടു ചോദിക്കുകതന്നെ വേണ്ടി വരും. നിരീക്ഷണത്തിന് വിധേയനായി കഴിയുകയാണ് നിരഞ്ജൻ എങ്കിൽ അതു് ഇരുകൂട്ടർക്കും അപകടകരവുമായിരിക്കും.

സംഘടനയുടെ കേന്ദ്രനേതൃത്വവുമായി നേരിട്ട് ബന്ധപ്പെടാൻ ശ്രമിച്ചാലോ എന്നും ആലോചിച്ചു. പക്ഷേ, എവിടെയാണതു്? ആരാണ്? പ്രേമയ്ക്കറിയാമായിരിക്കാം. ചോദിക്കുകതന്നെ.

സംശയത്തോടെയാണ് കല്യാണമണ്ഡപത്തിലേക്കു കയറിച്ചെന്നതു്. അപരിചിതമുഖങ്ങൾ മാത്രം.

അകത്തു കടന്നപ്പോൾ പ്രേമ ഉത്സാഹത്തിമിർപ്പോടെ എതിരേററു. മുഹൂർത്തത്തിന് പത്തുമിനിറേറയുള്ളൂ. ഹാൾ നിറഞ്ഞിരിക്കുന്നു. കതിർമണ്ഡപം ഒരുങ്ങിയിരിക്കുന്നു. എല്ലാവരുമുണ്ട്: പ്രേമയ്ക്കും അച്ഛനും പുറമെ, മനോഹർ, ജോസഫ്, നിരഞ്ജൻ, ബാനർജി, നാനി!

മുൻനിരയിലെ കസേരകളിൽ ഒന്നു് ഒരു വീൽച്ചെയറാണെന്നു് മുഹൂർത്തമായപ്പോഴാണ് മനസ്സിലായതു്. വരൻ വീൽച്ചെയറിൽ! വീൽച്ചെയറോടെ വരൻ കതിർമണ്ഡപത്തിലേക്ക് നീങ്ങി.

പിന്നിലെ അണിഞ്ഞൊരുങ്ങുന്ന മുറിയിൽനിന്നു് വധു വന്നു.

ലീന!

സരളമായവേഷം. പ്രസന്നമായമുഖം.

ഇതു് വേറെ ആരോ ആണ്, വെറുതെ തോന്നുകയാണ് ലീനയെന്നു് എന്നും അല്ല ലീനതന്നെ എന്നും മനസ്സ് തർക്കിച്ചു.

അരികിലിരിക്കുന്ന പ്രേമ കൈയിൽ പതുക്കെത്തൊട്ട് പറഞ്ഞു: അതെ.

മുഖത്തു് നോട്ടമുന്നിയപ്പോൾ പ്രേമ ചെറുതായി ചിരിച്ചു. ക്ഷമിക്കൂ, പിന്നീട് പറയാം എന്നു് മുദ്ര കാണിച്ചു, മററാരും കാണാതെ.

വരൻെറ വലതുവശം തളർന്നിരിക്കുന്നു. മുഖത്തു് വലത്തെ കവിളിനും കണ്ണിനും ചുണ്ടിനുമെല്ലാം ആ തളർച്ചയുടെ ലക്ഷണമുണ്ട്. മററുള്ളവർ പറയുന്നതെല്ലാം ഒരു കൊച്ചുകുട്ടിയെപ്പോലെ അനുസരിക്കുകയാണ്.

തൻെറ കഴുത്തിൽ താലിചാർത്താൻ വരനു് തളർന്ന വലതുകൈ വധുതന്നെ പിടിച്ചു പൊക്കിക്കൊടുക്കുന്നു. പലരും ചേർന്നു് താങ്ങിനിറുത്തിയിരിക്കുകയാണ് വരനെ.

ലീനയുടെ മുഖത്തെ സ്ഥായീഭാവം എന്നും കാണാറുള്ള നിശ്ചയദാർഢ്യതതന്നെ.

സദസ്സിലെ സ്ത്രീകൾക്കിടയിൽനിന്നു് മുറുമുറുപ്പുകളും നെടുവീർപ്പുകളും. മനസ്സിൽ അത്രയൊന്നും ഇല്ലാത്ത സന്തോഷം പുറമെ പ്രകടിപ്പിക്കാൻ പാടുപെടുന്ന അതിഥികൾ.

ലളിതമായ ചടങ്ങ്.

ശീതളപാനീയം.

വധൂവരന്മാർക്ക് ആശംസകളും സമ്മാനങ്ങളും.

സങ്കടം തോന്നി. ഒന്നും കൊണ്ടുവരാൻ പററിയില്ല—ഒരു പൂച്ചെണ്ടു പോലും.

വെറുംകൈയോടെ വധൂവരന്മാരുടെ മുന്നിൽച്ചെന്നു് ആശംസകൾ നേർന്നു.

ലീന ഭവ്യതയോടെ ചിരിച്ചു.

വരനെ അടുത്തുകാണാൻ അപ്പോഴാണ് കഴിഞ്ഞതു്. കാഴ്ചയും ശ്രവണശേഷിയും ഓർമ്മയുമുണ്ട്. തളരാത്ത ദേഹഭാഗങ്ങൾക്ക് കരുത്തുണ്ട്.

ചിരിക്കുമ്പോൾ ചുണ്ടിൻെറ ഒരു പകുതിയേ അനങ്ങുന്നുള്ളൂ.

പക്ഷേ എന്ന ചിന്ത മനസ്സിൽ വലുതായി വന്നു.

വിവാഹം കഴിഞ്ഞു് അതിഥികൾ എഴുന്നേററു് ഒററതിരിഞ്ഞും ചെറിയ കൂട്ടങ്ങളായും സംഭാഷണവും കുശലവും തുടങ്ങിയിട്ടും സംഘടനയുടെ രഹസ്യയോഗമുള്ളതിൻെറ ഒരു സൂചനയുമുണ്ടായില്ല. ലീനയുടെ വിവാഹമായതുകൊണ്ട് സംഘടനയുമായി ബന്ധമുള്ളവർ കൂടി പങ്കെടുക്കുന്നുവെന്നു മാത്രമേ കരുതാനുള്ളൂ എന്നു തീർത്തമാനിച്ചു.

ലീനയുടെ അച്ഛനമ്മമാരുമായി പരിചയപ്പെട്ടു. അച്ഛൻ സിവിൽ സർവ്വീസിൽനിന്നു് വിരമിച്ചിരിക്കുകയാണ്. അമ്മ ഡോക്ടറാണ്.

വരൻെറ അച്ഛൻ ഡോക്ടറാണ്, അമ്മ ജീവിച്ചിരിപ്പില്ല എന്നു് പ്രേമ, ആ അച്ഛനെ പരിചയപ്പെടുമ്പോൾ, പറഞ്ഞു.

അപ്പോഴും ആ ചോദ്യം ബാക്കിയായി: പക്ഷേ...?

സ്വന്തം വീട്ടിലെ സ്വീകരണമുറിയിൽ തിരിച്ചെത്തുമ്പോൾ പ്രേമ ഇതിനെപ്പററി ഒന്നും പറഞ്ഞില്ല.

അവരുടെ കഥ അറിഞ്ഞുകൂടാ, അല്ലെ? എന്നാണു് തുടങ്ങിയതു്.

ഒന്നും മിണ്ടിയില്ല. ലീനയുടെയാണ് വിവാഹമെന്നു് നേരത്തെ അറിയാമായിരുന്നിട്ടും ഒരു വാക്ക് മുൻകൂട്ടി പറയാതിരുന്നതിൽ അതൃപ്തി തോന്നി, പ്രേമയോട്.

പെട്ടെന്നാണു് എല്ലാം തീരുമാനിച്ചതു്.

അപ്പോഴും ഔത്സുക്യം കാണിച്ചില്ല.

ആരേയും അറിയിക്കേണ്ടെന്നു് കരുതിയതാണവർ. നാനിയുടെ നിർബ്ബന്ധത്തിനു വഴങ്ങിയാണ് ഒരു ചെറിയ സംഘം ആളുകളെ ക്ഷണിക്കാമെന്നു് അവർ അവസാന നിമിഷത്തിൽ തീരുമാനിച്ചതു്.

ഒരു പൂച്ചെണ്ടുപോലും....കൊണ്ടുചെല്ലാൻ...

അതിനെന്തു്? അതല്ലല്ലോ പ്രധാനം.

എന്നാലും....

തൻെറ വൈദ്യപഠനം പൂർത്തിയാവാൽ യോഗേഷിനെ വിവാഹം കഴിക്കാൻ അനുവദിക്കണമെന്നു് ലീനയ്ക്കു് ശാഠ്യമായിരുന്നു. യോഗേഷിനുതന്നെ സമ്മതമില്ലാത്ത കാര്യം. ലീനയെ ഇഷ്ടമില്ലാഞ്ഞല്ല. ഇഷ്ടം കൂടുതലായതുകൊണ്ട്...അവർ ഞങ്ങളെപ്പോലെ ആയിരുന്നു എന്നു പറയാം, എന്നേയും തരുണിനേയുംപോലെ. ഞങ്ങൾ നാലുപേരുമൊരുമിച്ചായിരുന്നു ഉല്ലാസയാത്രകളും കളിയും ചിരിയുമെല്ലാം....അതിസമർത്ഥനായ ഒരു ജീവശാസ്ത്രജ്ഞനാണ് യോഗേഷ്...അഥവാ, ആയിരുന്നു. കാരണം, യോഗേഷിൻെറ ഓർമ്മശക്തി ഇന്നു് തുണ്ടുമേഘങ്ങൾ മൂടിയ ഒരു ഉച്ച നേരത്തെ വെയിലും നിഴലുംപോലെയാണ്. ഇടയ്ക്കു് തെളിയും, വീണ്ടും മങ്ങും. കുറേക്കൂടി ചെച്ചപ്പെടും. ചെറുപ്പമായതുകൊണ്ടെന്നാണ് വിദഗ്ദ്ധാഭിപ്രായം. പക്ഷേ, പഴയ രൂപത്തിലാവുമെന്നു് ആർക്കും പ്രതീക്ഷയില്ല...തലച്ചോറിലേക്കുള്ള ഈ രക്തപ്രവാഹം കുറച്ചുനേരം നിലച്ചുപോയി. അതെങ്ങനെ എന്നല്ലെ? ഹൃദയം നിന്നതിനാലല്ല. ഹൈമർജ്ജമല്ല. യോഗേഷ് സ്വയം തൻെറ കഴുത്തിലെ രക്തക്കുഴൽ മുറിച്ചു. അതെ, മരിക്കാൻതന്നെ. അതെന്തിനെന്നല്ലെ? തരുൺ എന്തിനു് മരിച്ചുവോ അതിനുതന്നെ. മാനഹാനിയിൽനിന്നു് രക്ഷപ്പെടാൻ. രണ്ടും രണ്ടു രീതിയിലായിരുന്നെന്നുമാത്രം. യോഗേഷിനെ അപഹരണക്കുററം ചുമത്തി അറസ്ററു ചെയ്യിക്കുകയാണ് യോഗേഷിൻെറ ഗവേഷണ മഹാസ്ഥാപനത്തിലെ 'ദൈവങ്ങൾ. 'ചെയ്തതു് എതിർപ്പുണ്ട്, യുദ്ധംചെയ്യണം, തോററുകൂടാ എന്നല്ലാതെ ചതിപ്രയോഗമുണ്ടാകുമെന്നു് യോഗേഷ് കരുതിയിരുന്നില്ല. നല്ല ബുദ്ധി ഉള്ളവരാരും അങ്ങനെ കരുതാറില്ലല്ലോ. യഥാർത്ഥ ദൈവവും ദൈവമെന്നു് നടിക്കുന്ന ചെകുത്താനും തമ്മിൽ യുദ്ധംചെയ്താൽ ചെകുത്താനേ ഇക്കാലത്തു് ജയിക്കൂ എന്നാണു് എനിക്ക് തോന്നുന്നതു്. അതിരിക്കട്ടെ. യോഗേഷ് മരിച്ചില്ല. പക്ഷേ, ഇങ്ങനെയായി. യോഗേഷിനെ ശുശ്രൂഷിക്കലും ചികിത്സിക്കലും ഫിസിയോതെറാപ്പി ചെയ്യിക്കലും ജീവിതപ്രമയെടുത്തിരിക്കുകയാണു് നിർമ്മി. യോഗേഷിനു് രോഗവിമുക്തിക്കാവശ്യമായ ഇച്ഛാശക്തിനൽകാൻ ഈ വിവരം കൂടിയേ കഴിയൂ എന്നായിരുന്നു നിർമ്മിയുടെവാദം. നിഷേധിക്കാനാവാത്ത ഒരു വാദം. പക്ഷേ, രോഗം തികച്ചും മാറുമോ എന്നതു് മറെറാരു കാര്യം. മാറുമെന്നു് നിർമ്മിതന്നെ പ്രതീക്ഷിക്കുന്നില്ല. യോഗേഷ് കഴിയുന്നതും ചെറുത്തു നോക്കി. ഒരിടയ്ക്കു്, മരിക്കാൻ രണ്ടാമതൊരു ശ്രമംപോലും നടത്തിനോക്കി.

ഒന്നു് നിറുത്തി പ്രേമ നിശ്വസിച്ചു.

യോഗേഷിൻെറ തളർന്ന വലതുകൈ പിടിച്ചു താലി കെട്ടിക്കാൻ സ്വന്തം കഴുത്തിലേക്കുയർത്തുന്ന ലീനയുടെ ചിത്രം മനസ്സിൽ തെളിഞ്ഞുനിന്നു.

പ്രേമ ഒരിക്കൽക്കൂടി നെടുവീർപ്പിട്ടു; സന്തോഷിക്കാനുള്ള ഒരു അവസരം തന്നെ.

സമ്മതിച്ചു: അതെ.

എന്നിട്ടും സന്തോഷം തോന്നിയില്ല.

പ്രേമ ചോദിച്ചു: യോഗേഷിൻെറ മുഖം കണ്ടിട്ട് എന്തു തോന്നുന്നു? ലബോറട്ടറിയിൽ നിന്നു് നാല്പത്തിയേഴായിരത്തി മുന്നൂററി ഇരുപത്തിയാറുറുപ്പിക എൺപത്തിനാലു പൈസ മോഷ്ടിച്ചിരിക്കാവുന്ന ഒരാളുടെ മുഖമാണോ അതു്?

പ്രേമ എൻെറ സഹനശക്തി പരീക്ഷിക്കുകയാണോ?

അല്ലല്ല, പ്രേമ പൊള്ളയായി ചിരിച്ചു, വെറുതെ ചോദിച്ചുപോയതാണ്.

പ്രേമയെപ്പോലെ ചിരിക്കാനെങ്കിലും കഴിഞ്ഞുവെങ്കിൽ എന്നു മോഹിച്ചു.

മോഹങ്ങളും പ്രതീക്ഷകളും ഒന്നുമില്ലാതെ മ്ളാനമായ മനസ്സുമായാണ് വീട്ടിലേക്കു നടന്നതു്. കുറെദൂരം നടന്നാൽ മനഃസ്വാസ്ഥ്യം വീണ്ടുകിട്ടുമെന്നാശിച്ചു.

(തുടരും)



"ഡാബർ ച്യവനപ്രാശം നിങ്ങൾക്കേകുന്നു ഓജസ്സും ഉന്മേഷവും കളിയാടും ജീവിതം"



എന്റെ ജീവിതത്തിലെ വഴിത്തിരിവു്

കുട്ടിക്കാലത്തു് ഞാൻ മെലിഞ്ഞ് ശോഷിച്ച് വനായിരുന്നു. സ്കൂളിൽ കുട്ടികൾ "എലുമ്പൻ" എന്നാണ് എന്നെ വിളിച്ചിരുന്നതു്. അവരെപ്പോലെ ആരോഗ്യവും, കരുത്തും നേടാൻ ഞാൻ കൊതിച്ചു. ഒരു ദിവസം ഞാൻ മുത്തശ്ശിയോടിതു പറഞ്ഞു. മുത്തശ്ശിക്ക് അതിനുള്ള പോംവഴി അറിയാമായിരുന്നു. എന്തും പറഞ്ഞു തരാൻ രസകരമായ പഴയ രീതിയാണ് അവർക്കുള്ളതു്. മുത്തശ്ശി എനിയ്ക്കൊരു കഥ പറഞ്ഞുതന്നു.

എന്നെ ആരോഗ്യവാനാക്കിയ 3000 വർഷം പഴക്കംചെന്ന ഔഷധയോഗം

മുത്തശ്ശി എനിക്ക് 3000 വർഷം പഴക്കമുള്ള ച്യവന മഹർഷിയുടെ കഥയാണ് പറഞ്ഞു തന്നതു്. ച്യവന മഹർഷി തികഞ്ഞ ഈശ്വരഭക്തനും ഏറെ സമയവും ധ്യാനത്തിൽ മുഴുകിയും ഇരിക്കലായിരുന്നു. ക്രമേണ അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിച്ചു. അതുകണ്ട് ദേവന്മാർ അദ്ദേഹത്തിന്റെ ആരോഗ്യം വീണ്ടെടുക്കാൻ ,ദേവലോക വൈദ്യന്മാരോടാജ്ഞാപിച്ചു. അവർ ആരോഗ്യപ്രദായിനിയായ ച്യവന പ്രാശം തയ്യാറാക്കി. ച്യവന മഹർഷിയുടെ ഓജസ്സും, ഉണർവും വീണ്ടെടുക്കാൻ അത് തികച്ചും ഫലപ്രദമാണെന്ന് കണ്ടു.

അതിലേറെ എന്നെ ആകർഷിച്ചതു് ഇതേ സിദ്ധൗഷധം 'ഡാബർ' നിർമ്മിയ്ക്കുന്നതും, നിത്യവും അതു് കഴിച്ച് എനിക്ക് ഓജസ്സും ഉന്മേഷവും നേടാൻ കഴിയും എന്നതായിരുന്നു എന്നു ഓർമ്മപ്പെടുത്താൻ എന്റെ മുത്തശ്ശി ഇന്ന് ജീവിച്ചിരിപ്പില്ലെങ്കിലും ഞാൻ ഒരു ദിവസവും ഡാബർ ച്യവനപ്രാശം കഴിക്കാൻ മറക്കാറില്ല.

ഡാബർ ച്യവനപ്രാശം പാരമ്പര്യമായി ഉപയോഗിച്ചു വരുന്ന ഒരു കുടുംബ ഔഷധം

എന്റെ പുത്രനേയും ഞാൻ ഡാബർ ച്യവനപ്രാശം കഴിപ്പിച്ചുതുടങ്ങി. അവൻ

"ഇപ്പോൾ ഡാബർ ച്യവനപ്രാശം ആണെന്റെ കുടുംബത്തിന്റെ ആരോഗ്യ രഹസ്യം"

Shreeram Lagoo

തടിച്ച് കൊഴുത്ത് ഉന്മേഷഭരിതനായി വളരുന്നതു് കാണാനെന്തു് സന്തോഷമാണെന്നോ ! ഇന്നത്തെ കഞ്ഞങ്ങൾ ബുദ്ധിയും വിവരവും ഉള്ളവരാണെന്ന് അറിയാമോ ? ഒരു ദിവസം ഞാൻ പുത്രനോടു ചോദിച്ചു "ഓരോന്നിന്റെ 20 ഇരട്ടി വിറ്റാമിൻ 'സി' ഏതിലാണ് ഉള്ളതു്" ഉടനെ കിട്ടിയ മറുപടി ഇതായിരുന്നു 'നെല്ലിക്ക'. എന്റെ അടുത്ത ചോദ്യം "നെല്ലിക്ക കൂടുതലടങ്ങിയ എന്തു സാധനമാണ് നീ നിത്യവും കഴിക്കാറ് ? ഞൊടിയിടയിൽ മറുപടി വന്നു "ഡാബർ ച്യവനപ്രാശം."

നന്നായി, എന്റെ പ്രായമാകുമ്പോൾ അവനും എന്നെപ്പോലെ ആരോഗ്യവും ഉന്മേഷവും ഉള്ളവനായിരിക്കുമെന്നു് തീർച്ച. നിങ്ങൾക്കറിയാമോ, എന്റെ ഈ തൊഴിലിന്റെ തിരക്കിനിടയിലും, ഞാൻ ഇപ്പോഴും പിയാനോ വായിക്കുകയും, പന്തു നോട്ടപ്പുകാരേനേരം ബാഡ്മിൻറൺ കളിയ്ക്കുകയും, തോട്ടത്തിൽ എന്റെ ചെടികളെ പരിചരിയ്ക്കുകയും ചെയ്യാറുണ്ട്.

ജീവിതത്തിൽ ഒരിക്കലും മാറേമ്പി ല്ലാത്ത നല്ല കാര്യങ്ങൾക്ക് ഈശ്വരന് നന്ദി !



OBM/9928 Mal

നെല്ലിക്കയും 40-ലേറെ പ്രകൃതി സിദ്ധമായ മൂലികകളും കൊണ്ട് സമ്പുഷ്ടം

ഡാബർ ച്യവനപ്രാശം

നിങ്ങളുടെ കുടുംബത്തിനു വേണ്ടിയുള്ള സ്വാഭാവിക ഹെൽത്ത് ടോണിക്

ഡോ.ബാലകൃഷ്ണ കരുണാകരൻ നായർ

പരീക്ഷാവിജയവും പള്ളിക്കൂടങ്ങളും

ഹൈസ്കൂളുകളിൽ മലയാളവും ഇംഗ്ലീഷും മാദ്ധ്യമങ്ങളാണ്. റാങ്കുനേടുന്നവരിൽ ഭൂരിഭാഗവും ഇംഗ്ലീഷ് മാദ്ധ്യമത്തിൽ പഠിക്കുന്നവരാണ്. വിദ്യാഭ്യാസ രംഗത്തുനിന്ന് ഇംഗ്ലീഷിന്റെ ആധിപത്യം ഒഴിയുന്നില്ല.

ഇക്കൊല്ലത്തെ എസ്. എസ്. എൽ. സി. പരീക്ഷയിൽ ഏററവും പ്രശസ്തമായ വിജയം നേടിയ മൂന്നു സ്കൂളുകളാണ് നിർമ്മലഭവൻ ഗേൾസ് ഹൈസ്കൂൾ, തിരുവനന്തപുരം, ക്രൈസ്റ്റ്നഗർ ഇംഗ്ലീഷ് ഹൈസ്കൂൾ, തിരുവനന്തപുരം, സെൻറ്ജോസഫ്സ് കോൺവെൻറ് ഗേൾസ്ഹൈസ്കൂൾ, കൊല്ലം എന്നിവ. തൊണ്ണൂററിഏഴു ഫസ്റ്റ്ക്ലാസ്സോടുകൂടി നൂറു കുട്ടികളും ജയിച്ച നിർമ്മലഭവൻ ഒന്നും അഞ്ചും പത്തുണ്ടും പതിന്നാലും റാങ്കുകൾ നേടി. നൂററി എഴുപത്തിഒന്ന് ഫസ്റ്റ് ക്ളാസ്സോടുകൂടി നൂററി എഴുപത്തിമൂന്നു പേരും ജയിച്ച ക്രൈസ്റ്റ്നഗറിന് ആറ്, പത്തു്, പന്ത്രണ്ടു്, പതിന്നാലു് (2) എന്നീ അഞ്ചു റാങ്കുകൾകിട്ടി. നൂററി എൺപത്തിഒൻപതു് ഫസ്റ്റ്ക്ളാസ്സോടുകൂടി മുന്നൂററി ഇരുപത്തിഎട്ടിൽ മുന്നൂററി ഇരുപത്തിനാലു കുട്ടികളും ജയിച്ച സെൻറ് ജോസഫ്സ് കോൺവെൻറിന് എട്ട്, ഒൻപതു്, പതിനഞ്ചു് (2) എന്നീ നാലു റാങ്കുകൾ കിട്ടി. വിജയത്തിലും, ക്ളാസ്സിലും, സർവ്വോപരി റാങ്കിലും അസൂയാവഹമായ സാഫല്യം കൈവരിച്ച ഈ മൂന്നു സ്കൂളുകളും.

എന്താണ് ഈ സ്കൂളുകൾക്കുള്ള പ്രത്യേകത? മൂന്നും ക്രിസ്ത്യൻ സ്കൂളുകളാണ്. അറിവിലേക്കുള്ള വഴി അറിഞ്ഞു പ്രവർത്തിക്കുന്നവരുടെ സ്കൂളുകൾ. ഇതാണ് ഒരു പ്രത്യേകത. മററൊന്നു് ഈ മൂന്നു വിദ്യാലയങ്ങളുടെയും മുഖ്യകാര്യകർത്താക്കൾ കർത്താവിലും കർത്തവ്യത്തിലും വിശ്വസിച്ച് ക്രിയചെയ്യുന്നവരാണ് എന്നുള്ളതാണ്. സർക്കാരിന്റെ ധനസഹായം കൂടാതെ നടത്തപ്പെടുന്ന ഈ മൂന്നു വിദ്യാലയങ്ങളിലേയും അദ്ധ്യയനമാദ്ധ്യമമാണ് മററൊരു പ്രത്യേകത. നൂറുശതമാനം വിജയവും തൊണ്ണൂററിയഞ്ചു ശതമാനത്തിലേറെ ഫസ്ററ് ക്ലാസ്സും നേടിയ നിർമ്മലാഭവനും ക്രൈസ്ററ് നഗറും ഇംഗ്ലീഷിലാണ് പഠിപ്പിക്കുന്നതു്. തൊണ്ണൂററി ഒൻപതുശതമാനം ജയവും അൻപത്തിയെട്ടുശതമാനം ഒന്നാംക്ലാസ്സും നേടിയ സെൻറ് ജോസഫ്സ് കോൺവെൻറിൽ ഇംഗ്ലീഷും മലയാളവും മാദ്ധ്യമങ്ങളായി ഉപയോഗിക്കുന്നുണ്ട്. മെച്ചമായ റാങ്കുനേടിയ ഇവിടത്തെ മൂന്നു കുട്ടികൾ ഇംഗ്ലീഷ് മാദ്ധ്യമക്കാരും. നാലാമത്തെ കുട്ടി—പതിനഞ്ചാം റാങ്കുകാരി—മലയാള മാദ്ധ്യമക്കാരിയുമായിരുന്നു.

ഇപ്രകാരം പ്രശസ്തവിജയം നേടിയ ഈ മൂന്നു സ്കൂളുകളിൽനിന്ന് റാങ്കുനേടിയ പതിമ്മൂന്നുപേരിൽ പന്ത്രണ്ടു പേരും ഇംഗ്ലീഷ് മാദ്ധ്യമത്തിൽ പഠിച്ചവരായിരുന്നു.

ആദ്യത്തെ പതിനഞ്ചുറാങ്കുകൾ വീതിച്ചെടുത്ത നാല്പത്തിയാറു സമർത്ഥരിൽ പകുതിയോളം ഇംഗ്ലീഷ് മാദ്ധ്യമത്തിൽ പഠിച്ചവരായിരുന്നു.

ഇംഗ്ലീഷും മലയാളവും

ഹൈസ്കൂളുകളിൽ ഇംഗ്ലീഷും മലയാളവും പഠനഭാഷയായി ഉപയോഗിക്കുന്ന നമ്മുടെ സംസ്ഥാനത്തു് രണ്ടു മാദ്ധ്യമത്തിൽ പഠിച്ചവരിലും ഒരുപോലെ റാങ്കുകാർ ഉണ്ടാവാം. അതിൽ അതിശയത്തിനു വകയില്ലതന്നെ. ഓരോ ഭാഷയും മാദ്ധ്യമമായി ഉപയോഗിക്കുന്നവരുടെ സംഖ്യകൾ പരിഗണിച്ചാൽ മാത്രമേ ശരിയായ ചിത്രം നമുക്കു ലഭിക്കൂ.

ആകെ 317,221 വിദ്യാർത്ഥികളാണ് ഇക്കൊല്ലം എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു് ഹൈസ്കൂളുകളിൽ നിന്നു ചേർന്നതു്. അവരിൽ ഇംഗ്ലീഷ് മാത്രം മാദ്ധ്യമമായ സ്കൂളുകളിൽ പഠിച്ചവർ മുവായിരത്തി അറുനൂറോളം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇംഗ്ലീഷും മലയാളവും മാദ്ധ്യമമായി ഉപയോഗിക്കുന്ന സ്കൂളുകളിൽ നിന്നു് ഇരുപത്തി ആറായിരത്തിൽപ്പരം കുട്ടികളും ഉണ്ടായിരുന്നു.

അങ്ങനെ ഇംഗ്ലീഷ്മാത്രമോ, ഇംഗ്ലീഷുംകൂടെയോ, മാദ്ധ്യമമായി ഉപയോഗിക്കുന്ന സ്കൂളുകളിൽനിന്നു ചേർന്ന പരീക്ഷാർത്ഥികൾ മുപ്പതിനായിരത്തോളമേ ഉണ്ടായിരുന്നുള്ളൂ; ആകെ പരീക്ഷാർത്ഥികളിൽ പത്തു ശതമാനത്തോളം മാത്രം. അവരിൽത്തന്നെ ഒട്ടേറെ മലയാളം മാദ്ധ്യമമായി ഉപയോഗിച്ചവർ ആയിരുന്നിരിക്കണം.

1981-ൽ ഇംഗ്ലീഷ് മാദ്ധ്യമം ഉപയോഗിച്ച പരീക്ഷാർത്ഥികളുടെ സംഖ്യ 4337 ആയിരുന്നു. 1983-ൽ ഇംഗ്ലീഷ് മാദ്ധ്യമക്കാരുടെ എണ്ണം 5153-ആയി വർദ്ധിച്ചു. 1985-ൽ അതു് ഏഴായിരത്തോളം ആവാം. ഏതായാലും ഇക്കൊല്ലം ഇംഗ്ലീഷ് മാദ്ധ്യമത്തിൽ എസ്.എസ്. എൽ. സി. പരീക്ഷ എഴുതിയ സ്കൂൾ കുട്ടികളുടെ സംഖ്യ പതിനായിരത്തിലധികമാവാൻ വഴി ഇല്ലതന്നെ.

പതിനായിരത്തോളം ഇംഗ്ലീഷ് മാദ്ധ്യമക്കാർ, അതിന്റെ മുപ്പതിരട്ടി മലയാളമാദ്ധ്യമക്കാർക്കു് ബദലാണ് ആയിരുന്നു എന്നു തോന്നുന്നു, റാങ്കിന്റെ കാര്യത്തിൽ.

ഇംഗ്ലീഷ് മാദ്ധ്യമക്കാരിൽ അഞ്ചുറിൽ ഒരാൾ (1/500) എങ്കിലും റാങ്കുനേടി. പക്ഷേ മലയാള മാദ്ധ്യമക്കാരിൽ ഏതാണ്ടു് പതിനയ്യായിരത്തിൽ ഒരാൾക്കു (1/15,000) മാത്രമേ റാങ്കു് കിട്ടിയുള്ളൂ.

മാദ്ധ്യമവും വിജയവും

ഇംഗ്ലീഷ് പഠനഭാഷയായി ഉപയോഗിക്കുന്ന സ്കൂളുകളെ അഞ്ചായി വിഭജിക്കാം. 1) സർക്കാർ സഹായംകൂടാതെ നടത്തപ്പെടുന്ന ഇംഗ്ലീഷ്മാദ്ധ്യമ വിദ്യാലയങ്ങൾ. 2) ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ. (ഇവയിലെ മാദ്ധ്യമം ഇംഗ്ലീഷ് ആണ്.) 3) സർക്കാർസഹായം കൂടാതെ നടത്തപ്പെടുന്ന ഇംഗ്ലീഷ്-മലയാളം മീഡിയം സ്കൂളുകൾ. 4) സർക്കാരിന്റെ സഹായത്തോടുകൂടി നടത്തപ്പെടുന്ന ഇംഗ്ലീഷ്-മലയാളം മീഡിയം സ്വകാര്യ വിദ്യാലയങ്ങൾ 5) സർക്കാർ നേരിട്ടു നടത്തുന്ന ഇംഗ്ലീഷ്-മലയാളം മീഡിയം സ്കൂളുകൾ.

ഇവയിൽ ഓരോന്നിലും സ്കൂളിൽനിന്നും ഇക്കൊല്ലം എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു ചേർന്ന കുട്ടികളുടെ വിജയവിവരം താഴെ ചേർക്കുന്നു.

സർക്കാർ സഹായം ഇല്ലാത്ത ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ് ഏററവും മെച്ചം. മുപ്പത്തൊൻപതു് സ്കൂളുകളിൽ ശതപ്രതിശതം വിജയം ഉണ്ടായിരുന്നു. തൊണ്ണൂററിയെട്ടുശതമാനത്തിൽക്കുറഞ്ഞ വിജയം ഉണ്ടായിരുന്ന മൂന്നു ഇംഗ്ലീഷ് മീഡിയം സ്കൂളുകളേ കാണുന്നുള്ളൂ. ഒന്നു് 92% വിജയവും 32% ക്ളാസ്സും ഉണ്ടായിരുന്ന എൻ. എസ്. എസ്. സ്കൂൾ, മഞ്ചേരി, മറെറാന്നു് 77% ജയവും 17% ക്ളാസ്സും ഉണ്ടായിരുന്ന ശ്രീ ഗുജറാത്തി വിദ്യാലയ, കോഴിക്കോട്. മൂന്നാമത്തേതു് 50% ജയവും 15% ക്ളാസ്സും ഉണ്ടായിരുന്ന പുതുക്കറിശ്ശിയിലെ ഔവർ ലേഡി ഒഫ് മേർസി ഹൈസ്കൂൾ. ഈ മൂന്നു വിദ്യാലയങ്ങൾ ഒഴിച്ചാൽ ബാക്കിയുള്ള നാല്പത്തിനാലു് ഇംഗ്ലീഷ്മീഡിയം സ്കൂളുകളിൽ മിക്കവാറും എല്ലാവരും ജയിച്ചിരുന്നു. എൺപതുശതമാനത്തിലേറെപ്പേർക്കു് ഫസ്റ്റ്ക്ലാസ്സും കിട്ടി.

ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിലും പ്രായേണ എല്ലാ കുട്ടികളും ജയിച്ചിട്ടുണ്ട്.

കേരള
ദിനേശ്
ബീഡി
കണ്ണൂർ



Silent
Movie
Home
Cinema
Projector
Rs. 250

For detailed Catalogue send
Rs. 2.50 stamp. Write in English
FILM COMPANY
Post Box No. 269, Sivakasi,

നിങ്ങൾക്കാവശ്യം ഒരു
തൊഴിലാണോ?
കരിയർ
POST BOX NO. 219
QUILON-691001
മാഗസിൻ

സ്വർണ്ണാഭരണങ്ങൾക്ക
എസ്.സ്വാമിനാഥൻ
ജൂവലേഴ്സ് A/C
ഹൈറോഡ്, കൊല്ലം
ഫോൺ 2082

പുരുഷന്മാർക്ക്
വാജീകരണത്തിനും യൗവ്വനോജ്ജ്വലനത്തിനും പ്രശസ്തിയാർജ്ജിച്ച
വാജീകല്പം
ഓരോ ഡോസും ഫലപ്രദം
Druglicence. 95/25D/84
ആയുർവേദാചാര്യ—
കെ. കുഞ്ഞുരാമൻ വൈദ്യൻ
Asst. Dr. P. K. ജീവൻലാൽ
DAM, DACT
ഗുണമേന്മയും വ്യക്തമായറിയിക്കുക
പൗരസ്ത്യ ഫാർമസി
നഴ്സിംഗ് ഹോം
(Sevasadanam Medical Trust)
അഞ്ചാവുംമൂട്
P. O. Perinad (691601) QUILON
PHONE : 2895.

പത്രപ്രവർത്തകരേയും
ആർട്ടിസ്റ്റുകളേയും ആവശ്യമുണ്ട്

എ. ബി. സി. പബ്ലിക്കേഷൻസിന്റെ ബാനറിൽ വിപുലമായ സന്നാഹങ്ങളോടെ തിരുവനന്തപുരത്തു നിന്നും ജനുവരിയിൽ പ്രസിദ്ധീകരണമാരംഭിക്കുന്ന നാലു വാരികകളുടെ ടൈറ്റിലുകൾക്ക് ലളിതവും ആകർഷകവുമായ ഡിസൈനുകൾ ആവശ്യമുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന നാലു ടൈറ്റിലുകൾക്കും കൂടെ രണ്ടായിരം രൂ. പ്രതിഫലം നൽകുന്നതാണ്. ടൈറ്റിലുകൾ :—

1. വാരാന്ത്യകേരളം (രാഷ്ട്രീയം)
2. നായിക (സിനിമ)
3. ഇന്നത്തെ സ്പോർട്സ് (സ്പോർട്സ്)
4. മിഥുനം (സാംസ്കാരികം)

പരിചയ സമ്പന്നരായ ആർട്ടിസ്റ്റുകൾ, ഫോട്ടോഗ്രാഫർമാർ, അസി.എഡിറ്റർമാർ, ഓഫീസ്സ്റ്റാഫ്, ഡെൽഹി, ബോംബെ, കല്ക്കത്ത, മദ്രാസ് എന്നിവിടങ്ങളിലും കേരളത്തിന്റെ ജില്ലാ തലസ്ഥാനങ്ങളിലും പ്രതിനിധികൾ എന്നിവരേയും ആവശ്യമുണ്ട്. ഒക്ടോബർ 31-നു മുമ്പ് ഡിസൈനുകളും അപേക്ഷകളും ലഭിച്ചിരിക്കണം.

A. B. C. Publications, Post Box No. 1033
Pattom Palace P. O., Trivandrum-4
Phone : Office 62074, Res. 60977, 61799
Telex : 0884-264

The super magic show By Prof. R.K. MALAYATH I.B.M(U.S.A)
fund raising entertainment !
mysteria
MALAYATHS
CONTACT:
DIRECTOR,
MALAYATH MAGICAL ENTERTAINERS,
P.B. NO: II, NILAMBUR. 679 329,
KERALA.

ന്നിൽ ഒരാളും മറ്റൊന്നിൽ മൂന്നുപേരും മാത്രമേ തോറ്റിട്ടുള്ളൂ. ആകപ്പാടെ തൊണ്ണൂറ്റിയെട്ടരശതമാനം വിജയമുണ്ട്. ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിലെ ഫസ്റ്റ് ക്ലാസ്സ് ശതമാനം ഇംഗ്ലീഷ്മീഡിയം ഉള്ള തനി ഇന്ത്യൻ സ്കൂളുകളെ അപേക്ഷിച്ച് തെല്ലു കുറവാണ്. എഴുപത്തിയാറുശതമാനം.

ഇംഗ്ലീഷും മലയാളവും മാദ്ധ്യമമായി ഉപയോഗിക്കുന്നവയും സർക്കാർ സഹായം സ്വീകരിക്കാത്തവയുമായ അഞ്ചു സ്കൂളുകളിൽ ശരാശരി തൊണ്ണൂറ്റി ഏഴരശതമാനം വിജയവും അറുപതുശതമാനത്തിലേറെ ഫസ്റ്റ്ക്ലാസ്സും ഉണ്ടായിരുന്നു. പതിനൊന്നോ റാങ്കുകാരി പഠിച്ച മുഖത്തല സെൻറ്ജൂഡ് സ്കൂളിൽ പൂർണ്ണവിജയവും 96 ശതമാനം ക്ലാസ്സും ഉണ്ടായിരുന്നു. ഇക്കൂട്ടത്തിൽ ഏറ്റവും വലിയ സ്കൂളായ കൊല്ലം സെൻറ് ജോസഫ്സ് കോൺവെൻറ് സ്കൂളിൽ മൂന്ന് മലയാളം മീഡിയവും, മൂന്ന് ഇംഗ്ലീഷ്മീഡിയവും ക്ളാസ്സുകൾ നടത്തിയിരുന്നു. 324 കുട്ടികൾ ജയിച്ചു; തൊണ്ണൂറ്റി ഒൻപതുശതമാനത്തോളം. പക്ഷെ ക്ലാസ്സ് അറുപതുശതമാനത്തിൽ അല്പം കുറവായിരുന്നു. ഈ വിഭാഗത്തിൽ ഏറ്റവും പിന്നിലായിരുന്ന ഏലൂർ എഫ്. എ. സി. ടി, ഹൈസ്കൂളിൽപ്പോലും തൊണ്ണൂറ്റിനാലു ശതമാനം ജയവും നാല്പത്തിഅഞ്ചുശതമാനം ക്ലാസ്സും ഉണ്ടായിരുന്നു!

സർക്കാർ സഹായമുള്ള ദ്വിഭാഷാ മാധ്യമ സ്കൂളുകളിലാണ് എന്നു നു ഇംഗ്ലീഷ് മാധ്യമത്തിൽ പഠിക്കുന്ന വരിലേയും. മൂന്നിൽ രണ്ടു കുട്ടികളും ജയിച്ചുവെങ്കിലും മുപ്പതുശതമാനത്തോളമേ ക്ലാസ്സ് ഉണ്ടായിരുന്നുള്ളൂ. ഉയർന്ന ഭാഷാവിദ്യാലയങ്ങളിൽ പ്രശസ്തവിജയം നേടിയ ഏതാനും സ്കൂളുകളുടെ പേരു് ഓർത്തിക്കത്തക്കതാണ്. എറണാകുളം സെൻറ് തെരെസാസ് (274), നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം (179), സെൻറ്ജോസഫ്സ് കോൺവെൻറ് തൃശ്ശൂർ (144) എന്നിവ പൂർണ്ണവിജയം നേടി. സെൻറ് ജോസഫ്സ് തിരുവനന്തപുരം (249), സെൻറ്മേരീസ്, കായംകുളം (140), സെൻറ്മേരീസ്, പട്ടം (289), പ്രോവിഡൻസ് ഗേൾസ്, കോഴിക്കോട് (225), സെൻറ്തോമസ്, ഷൊർണ്ണൂർ (159), ബേക്കർ മെമ്മോറിയൽ, കോട്ടയം (173), സേക്രഡ്ഹാർട്ട്, തലശ്ശേരി (198), സെൻറ്ജോസഫ്സ്, തലശ്ശേരി (186) എന്നിവയിൽ തൊണ്ണൂറ്റിയെട്ടുശതമാനത്തിലേറെ വിജയമുണ്ടായിരുന്നു. മൂന്നും നാലും അഞ്ചും ഡിവിഷനുകളുള്ളവയാണ് ഈ വിദ്യാലയങ്ങളിലെ പത്താംക്ലാസ്സ്. മലയാള മാധ്യമത്തിൽ പഠിപ്പിച്ചാലും തൊണ്ണൂറു ശതമാനത്തിലേറെ വിജയം നേടാം എന്നതിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ് ഇവ. ഈ പതിനൊന്നു പ്രശസ്ത വിദ്യാലയങ്ങളും ക്രിസ്ത്യൻ സ്കൂളുകളാണ് എന്ന പ്രത്യേകത ശ്രദ്ധേയമാണ്.

ഇംഗ്ലീഷും മലയാളവും ബോധന

ഇംഗ്ളീഷ് അദ്ധ്യയനമാദ്ധ്യമമായി ഉപയോഗിക്കുന്ന
വിദ്യാലയങ്ങളിലെ പരീക്ഷാവിജയം.*

സ്കൂളിന്റെ തരംതിരിപ്പ്	എണ്ണം	പരീക്ഷാർത്ഥികൾ	വിജയ%	ക്ലാസ്സ്%
A. ഇംഗ്ലീഷ് മീഡിയം				
സർക്കാർ സഹായം ഇല്ലാത്തവ	47	3310	98.8	83.4
ആംഗ്ലോ ഇന്ത്യൻ	3	265	98.5	76.2
B. ഇംഗ്ലീഷ്-മലയാള-മാദ്ധ്യമങ്ങൾ				
സർക്കാർ സഹായം ഇല്ലാത്തവ	5	866	97.7	63.7
സർക്കാർ സഹായം ഉള്ളവ	91	18,865	68.0	28.4
സർക്കാർ വക	24	6,665	51.5	19.5
ആകെ	170	29,971	68.9.	34.0

മാധ്യമങ്ങളായി ഉപയോഗിക്കുന്ന 24 സർക്കാർ പള്ളിക്കൂടങ്ങളിലൊന്നിലും ഇത്ര നല്ല വിജയം ഇല്ല. അറുപതുശതമാനത്തിലേറെ വിജയവും. ഇരുപത്തിയഞ്ചുശതമാനത്തിലേറെ ക്ലാസ്സുള്ള ആറു സർക്കാർ വിദ്യാലയങ്ങൾ മാത്രമേ ഇക്കൂട്ടത്തിലുള്ളൂ. തൊണ്ണൂറ്റി ഏഴു ശതമാനം ജയവും അൻപത്തിഒന്നു ശതമാനം ക്ലാസ്സും നേടിയ തിരുവനന്തപുരം മോഡൽ സ്കൂൾ ആണ് തലപ്പത്ത്. മറ്റുള്ളവ കോട്ടൺഹിൽ സ്കൂൾ തിരുവനന്തപുരം (86% ജയം, 40% ക്ലാസ്സ്) എസ്. എം. വി. തിരുവനന്തപുരം (67%, 26%), ഗവണ്മെൻറ് ഗേൾസ് ഹൈസ്കൂൾ, എറണാകുളം (69%, 29%), എസ്. ആർ. വി. സ്കൂൾ, എറണാകുളം (67%, 32%), മോഡൽ ബോയിസ് സ്കൂൾ, തൃശ്ശൂർ (90%, 43%) എന്നിവയാണ്.

ആകത്തുക

എസ്. എസ്. എൽ. സി. പരീക്ഷാരംഗത്തു് പ്രശസ്ത വിജയത്തിന്റെ പാരമ്യത്തിൽഎത്തിയവ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളായിരുന്നു. ഇംഗ്ലീഷ് ഒരു മാധ്യമമായി ഉപയോഗിക്കുന്ന സ്കൂളുകളിൽ നിന്നു പരീക്ഷയ്ക്കു ചേർന്നവർ ആകെ പരീക്ഷാർത്ഥികളിൽ പത്തിലൊന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിലും അവർ പകുതിയോളം റാങ്കുകൾ കരസ്ഥമാക്കി.

ഇംഗ്ലീഷ് മാധ്യമമായി നടത്തുന്ന അൻപതോളം സ്കൂളുകളിൽ ശരാശരി വിജയം തൊണ്ണൂറ്റിഎട്ടു ശതമാനത്തിൽ കൂടുതലും ഫസ്റ്റ്ക്ലാസ് എൺപതു ശതമാനത്തിലേറെയും ആയിരുന്നു. ഇംഗ്ലീഷ് മാധ്യമമായി പഠിപ്പിക്കുന്ന നാല്പത്തിമൂന്നു സ്കൂളുകൾ പൂർണ്ണവിജയം നേടി.

ഇംഗ്ലീഷും മലയാളവും മാധ്യമങ്ങളായി ഉപയോഗിക്കുന്ന പ്രൈവറ്റ് സ്കൂളുകൾ ശരാശരി 70 ശതമാനത്തോളം വിജയവും 30 ശതമാനത്തോളം ക്ലാസ്സും നേടി. ഇരു ഭാഷകളും മാധ്യമമായ സർക്കാർ സ്കൂളുകളിൽ ശരാശരി അൻപതുശതമാനത്തിലേറെ വിജയവും ഇരുപതു ശതമാനത്തോളം ക്ലാസ്സും ഉണ്ടായിരുന്നു.

മാദ്ധ്യമംകൊണ്ടുമാത്രം മേന്മ കൈവരില്ല, മതം മാറിയിട്ടും ചെകുത്താനു് ചെരുപ്പേണ്ടിവരുന്നവരുടെ ദുർഗതി നമുക്കറിയാം. മലയാളത്തോടൊപ്പം ഇംഗ്ലീഷും ഒരു മാധ്യമമാണ് എങ്കിലും ഒന്നുകൊണ്ടും ഒരു വിശേഷവുമില്ലാത്ത ഒരു സ്കൂൾ എങ്കിലുമുണ്ട്. നൂററി ഒന്നുപേരിൽ നാൽവർപാസായ എച്ച്. ഇ. എച്ച്. എം. എം. എച്ച്. എസ്, മട്ടാഞ്ചേരി, ഇംഗ്ലീഷും മലയാളവും മാധ്യമങ്ങളായ ഇരുപത്തിനാലു സർക്കാർ പള്ളിക്കൂടങ്ങളിൽ പതിന്നാലു ശരാശരിയിൽ മോശമായിരുന്നു. ഗ്രന്ഥകരത്തിലുണ്ടായാൽ മതിവരാ.

ഗൈർവാണി

'ഗീർ' വാക്കാണ്. വാക്കുകളുടെ ദേവി, ഗീർദേവി, സരസ്വതിയുമാണ്.

ഗീർവാണം അഥവാ ഗൈർവാണി എന്നു പറഞ്ഞാൽ സാധാരണയായി ദേവഭാഷ, സംസ്കൃതം, സാധാരണക്കാർക്ക് മനസ്സിലാകാത്ത ഒരു ഭാഷ, എന്നൊക്കെയാണ് അർത്ഥം. ദേവഭാഷ സംസ്കൃതമാണ് എന്നായിരുന്നു വയ്പ്. ഭൂദേവന്മാർ, ബ്രാഹ്മണർ, പ്രഗത്ഭമായി കൈകാര്യംചെയ്തിരുന്ന ഭാഷയും അതായിരുന്നു. ഇന്ന് നമ്മുടെ ഭൂദേവന്മാർ പ്രഗത്ഭമായി, നാട്ടിലും മറുനാട്ടിലും, കൈകാര്യംചെയ്യുന്ന ഭാഷ ഇംഗ്ലീഷാണ്. സംസ്കൃതത്തിന്റെ മാന്യതാപ്രാപ്തി ഇന്ന് ഇംഗ്ലീഷിന് സാധിച്ചിട്ടുണ്ട്. അമരത്വം ഇല്ലെങ്കിലും ദേവത്വം അവകാശപ്പെടാവുന്നവരും ഇംഗ്ലീഷ് സംസാരിക്കുന്നവരാണ് അധികവും.

ഗൈർവാണി വാസ്തവത്തിൽ ഗീരിനെ, വാക്കിനെ, ബാണം ആക്കുന്നവന്റെ ഭാഷയാണ്. ശാപലക്ഷണമായ വാക്കിനെ ബാണം ആക്കുന്നവന്റെ ഭാഷ. ഫലിക്കുന്ന വാക്കുകൾ പറയുന്നവന്റെ ഭാഷ. അധികാരത്തിന്റെ ഭാഷ. അതു് ഇന്നും ഇംഗ്ലീഷ്തന്നെയല്ലേ; ആരെന്തുപറഞ്ഞാലും.

ഇംഗ്ലീഷ് ജയിക്കുന്നു. ഇംഗ്ലീഷ് പഠിക്കുന്നവർ ജയിക്കുന്നു. കൂടുതൽ ജയിക്കുന്നു. കൂടുതൽ പ്രശസ്തരായി ജയിക്കുന്നു.

* നാല് ആംഗ്ലോ ഇന്ത്യൻ സ്കൂളുകളുടേയും സർക്കാർ സഹായമുള്ള ഒരു സ്വകാര്യ വിദ്യാലയത്തിന്റേയും, രണ്ടു സർക്കാർ പള്ളിക്കൂടങ്ങളുടേയും വിവരങ്ങൾ കിട്ടാതിരുന്നതുകൊണ്ട് ഇവിടെ ചേർത്തിട്ടില്ല. അവ നമ്മുടെ ചർച്ചയെ ഗണ്യമായി ബാധിക്കാൻ ഇടയില്ലതന്നെ.

കെ. സുരേന്ദ്രൻ

ജീവിതവും ഞാനും

38

ഒന്ന്

ഇതിനകം അവിടവിടെ വന്നിട്ടുള്ള ആത്മാപഗ്രഥനത്തിൽ, ഞാൻ ഒരു 'മാൻ ഒഫ് ആക്ഷൻ' അല്ല, ഒരു കർമ്മപ്രിയനല്ല, എന്ന വശം പലയിടത്തും സൂചിതമായിട്ടുള്ളതു് വായനക്കാരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നു് വിചാരിക്കുന്നു.

അഥവാ, ഇതു് ഒരു വീക്ഷണം മാത്രമാണു്. എന്റെ കർമ്മം ജഡലോകത്തിലല്ല ആശയലോകത്തിലാണു് എന്നല്ലേയുള്ളു. ആശയങ്ങളാണു് കർമ്മത്തിന്റെ പ്രേരണകൾ എന്നുള്ളതുകൊണ്ടു് ആശയലോകത്തിലെ കർമ്മം കൂടുതൽ മൗലികമാണെന്നു വേണമെങ്കിൽ പറയാം. സാമാന്യവീക്ഷണമനസരിച്ചു് ഞാൻ ഒരു മാൻ ഒഫ് ആക്ഷനല്ല എന്നു് മുകളിൽ സൂചിപ്പിച്ചെന്നേയുള്ളു. സാധാരണഗതിയിൽ വ്യക്തികളോടു് കയറിച്ചെന്നു് ഇടപെടാനും സംഭവങ്ങൾക്കു് കാരണമാകാനും മുൻകൈയെടുക്കാൻ എനിക്കു മടിയാണു്. ആവശ്യത്തിനുള്ള ഒരു സാധനം വാങ്ങുക എന്ന ലളിതമായ പ്രവൃത്തിപോലും ഞാൻ മാററി വയ്ക്കുന്നു; അല്ലെങ്കിൽ [illegible] കൂട്ടുകാരെക്കൊണ്ടു് നിർവ്വഹിപ്പിക്കുന്നു. എന്റെ ജീവിതം ആകെക്കൂടി പറഞ്ഞാൽ സംഭവബാഹുല്യമല്ല പ്രധാനം സംഭവങ്ങൾ തന്നെ പുസ്തകങ്ങളാണു്.

ഇങ്ങനെ ഞാൻ ഒരു കർമ്മപ്രിയനല്ലെങ്കിലും, എന്നിൽ മറെറാരുവശം മഞ്ഞിച്ചിട്ടുള്ളതു്, എന്റെ കണ്ണുകൾതന്നെ തുറപ്പിച്ചുകൊണ്ടു് ചിലപ്പോൾ പുറത്തുവരാറുണ്ടു്. അതായതു് ഒരു പ്രതിസന്ധി മുന്നിൽ വന്നുപെടുമ്പോൾ ഒഴിഞ്ഞുമാറാതെ നേരിടാനുള്ള ഒരു സന്നദ്ധത, അതിനുവേണ്ട ഒരു ശക്തി, എവിടെനിന്നോ എനിക്കു് ലഭിക്കാറുണ്ടു്. അപ്പോൾ വരുംവരാഴികകളെക്കുറിച്ചോ ലാഭനേട്ടങ്ങളെക്കുറിച്ചോ ഓർത്തു് തളരാറില്ല; മററുള്ളവരുടെ മുമ്പിൽ നിലനിൽക്കുമോ താഴുമോ എന്നും ഓർക്കാറില്ല. ഒരുപക്ഷേ എന്റെ മുമ്പിൽ എന്റെനിലനിൽപ്പു് താഴാതെ നോക്കാനാവാം. അബോധമായ ഈ സന്നദ്ധത. ചില്ലറ അളവുകളിൽ പലതവണ എനിക്കനുഭവപ്പെട്ടിട്ടുണ്ടെങ്കിലും—ഉദ്യോഗം ഉപേക്ഷിച്ചു ഉപകഥ നേരത്തേ പറഞ്ഞുവല്ലോ. ഒന്നുകൂടി പ്രത്യക്ഷമായി എടുത്തുകാട്ടാവുന്നതു് ഞാൻ എസ്.പി.സി.എസ്. പ്രസിഡൻറ് ആയിരുന്നപ്പോൾ വന്നുപെട്ട ഒരു സാഹചര്യമാണു്. അതു മുഴുവൻ അറിയാൻവേണ്ടി സംഭവഗതി ആദ്യം മുതൽതന്നെ പറയാം.

1980–ജൂലൈയിലാണു് ഞാൻ സംഘം ഡയറക്ടർബോർഡിലേക്കു് തിരഞ്ഞെടുക്കപ്പെട്ടതു് – മൂന്നാമത്തെതവണ.

ഇതിനുമുമ്പു് 1967–ൽ ഞാൻ മത്സരിച്ചു് ഭയനീയമായി പരാജയപ്പെട്ട സംഭവം നേരത്തെ വിവരിച്ചിരുന്നല്ലോ. അതിനുശേഷം ഒരിക്കൽ, ഡി. സി. കിഴക്കേമുറിയെ സസ്പെൻഡ് ചെയ്ത ബോർഡിനെ അവിശ്വാസപ്രമേയം മൂലം പുറത്താക്കിയതിനെത്തുടർന്നുവന്ന തിരഞ്ഞെടുപ്പിൽ നകൾ, [illegible] പാറപ്പുറം മുതലായവരോടൊപ്പം ഞാനും സ്ഥാനാർത്ഥിയായി നിന്നെങ്കിലും, അന്നു് പാറപ്പുറം മാത്രമേ ജയിച്ചുള്ളു. എനിക്കു് അസാധുവാകിപ്പോയ മൂന്നു വോട്ടിന്റെ കുറവായിരുന്നു. ഞാനും ദേവും തിരുവനന്തപുരത്തുള്ള വോട്ടറന്മാരെ [illegible]ട്ടത്തിൽചേർന്നു് പോയി കണ്ടു എന്നല്ലാതെ, പുറത്തുള്ള വോട്ടറന്മാർക്കു് [illegible]ത്തെഴുതുകയോ ഒന്നും ചെയ്തില്ല. എതിർപാനലിലുണ്ടായിരുന്ന ഒ. എൻ. വി. കുറുപ്പു്, ഉറൂബു്, സി. പി. ശ്രീധരൻ മുതലായവർ ഫലപ്രദമായി പ്രവർത്തനം നടത്തുന്നയും എറണാകുളം, മലബാർ പ്രദേശങ്ങളിൽനിന്നു് കൂടുതൽ സമഗ്രശക്തിയോടെ വോട്ടറന്മാരെ സംഘടിപ്പിച്ചു് എത്തിക്കുകയും ചെയ്തിരുന്നു. സി. പി. ശ്രീധരനായിരുന്നു അവരുടെ പ്രധാന സംഘാടകൻ. ഒരു കാര്യത്തിൽ ഉറപ്പെടുത്താൽപ്പിന്നെ ഊണും ഉറക്കവും അതിൽത്തന്നെയാണു് ശ്രീധരനു്; അഥവാ അതു കഴിയുന്നതുവരെ ഊണും ഉറക്കവുമില്ല എന്നുവേണമെങ്കിലും പറയാം. എങ്കിലും ഫലം വന്നപ്പോൾ 6–6—ഇങ്ങനെ ഇരുകൂട്ടർക്കും തുല്യബലം.

ഈ ബോർഡിന്റെ കാലാവധി അവസാനിക്കാറായപ്പോൾ, രണ്ടുകക്ഷിയായി നില്ക്കാതെ ഒരു പാനലായി തിരഞ്ഞെടുപ്പിനു നില്ക്കണമെന്ന ആശയം ഉയർന്നുവന്നു. ശ്രീധരനിൽനിന്നുതന്നെയാവണം വന്നതു്—അല്ലെങ്കിൽ പിറകെ അദ്ദേഹം ഉണ്ടാവില്ലായിരുന്നു. മദ്ധ്യസ്ഥനായിനിന്ന പാറപ്പുറമാണെന്നു തോന്നുന്നു ഈ ആശയം തിരുവനന്തപുരം ഗ്രൂപ്പിനെ അറിയിച്ചതു്. ഇവിടെ ദേവ്, ആനന്ദക്കുട്ടൻ, ജി. വിവേകാനന്ദൻ, ഞാൻ; കോട്ടയത്തു് സി. പി. ശ്രീധരൻ, വെട്ടൂർ തുടങ്ങിയവർ; പിന്നെ പാറപ്പുറവും. ഇരുകൂട്ടരും അങ്ങോട്ടും ഇങ്ങോട്ടും പലതവണ യാത്ര ചെയ്തു് ആലോചനകൾ നടത്തി. ഒടുവിൽ കൊല്ലത്തു് തേവള്ളിക്കൊട്ടാരത്തിൽ വച്ചുചേരുന്ന ഒത്തുതീർപ്പുണ്ടായതു്. സ്ഥാനാർത്ഥികളുടെ പേരും നിർദ്ദേശിക്കപ്പെട്ടു. നമ്മളാരും നില്ക്കണ്ടായെന്നു് ദേവ് പറഞ്ഞു. തന്റെ ഇഷ്ടം മിക്കപ്പോഴും തത്വത്തിന്റെ ഛായ കൊടുത്താണു് ദേവ് പറയുക. വിവേകാനന്ദൻ ഒന്നും മിണ്ടിയില്ല. പാറപ്പുറം പറഞ്ഞു:

''സുരേന്ദ്രൻ നില്ക്കട്ടെ. ഹി വിൽ ബി യൂസ്ഫുൾ.''

ഞാൻ മൗനം പാലിച്ചു. അങ്ങനെ എന്റെ പേരും ലിസ്റ്റിൽ വന്നു.

അവസാനം പൊതുവായ അംഗീകാരത്തിനു ശേഷം തിരുവനന്തപുരത്തുവച്ചു് സി. പി. ശ്രീധരൻ എഗ്രിമെൻറ് ഉണ്ടാക്കിയപ്പോൾ ഞാൻ പറഞ്ഞു എന്റെ പേർ ചേർക്കേണ്ടെന്നു്. ശ്രീധരൻ എതിർത്തു. എല്ലാവരും അംഗീകരിച്ച പേരിനു് പകരം ഇനി ഒരു പുതിയ പേർ എങ്ങനെ ചേർക്കും? എങ്കിലും ഞാൻ ഉറച്ചുനിന്നു. കൂടെനിന്ന പ്രവർത്തിച്ച സുഹൃത്തുക്കളുടെ മനസ്സിനു് പടിക്കുന്നതല്ലെങ്കിൽ എനിക്കും വേണ്ടാ എന്നു തോന്നി. അവരുടേയും വിലക്കുകൊണ്ടൊന്നുമല്ല, എന്റെ ഹൃദയം ത്യജിച്ചതുകൊണ്ടുമാത്രം. അതു വരത്താനാണു് രേഖയിലാവതിനു ശേഷം മാത്രം ഞാൻ [illegible]ിൻമാറിയതു്. പകരം ഞാൻ ഡോ. കെ. ശ്രീനിവാസന്റെ പേർ നിർദ്ദേശിച്ചു. ഭരത്തവണ പാനലിലുണ്ടായിരുന്നവരെല്ലാം ജയിക്കുകയും ചെയ്തു.

ഇതു കഴിഞ്ഞാണു് 1980–ലെ തിരഞ്ഞെടുപ്പു്. സത്യം പറഞ്ഞാൽ എനിക്കു് തീരെ താല്പര്യമുണ്ടായിരുന്നില്ല ഇത്തവണയും നില്ക്കാൻ. തലേ ബോർഡിൽ വൈസ് പ്രസിഡൻറായിരുന്ന ജി. എൻ. പണിക്കരാണു് ഞാൻ നില്ക്കണമെന്ന ആശയം ആദ്യം പുറപ്പെടുവിച്ചതു്. ''അയ്യോ പണിക്കരേ, ഞാനില്ല, നിങ്ങൾതന്നെ നിൽക്കൂ'' എന്നു് കേട്ടപാടേ ഞാൻ പറഞ്ഞു. പണിക്കർ നട്ടെല്ലുള്ളവനാണു്; തെററു് കാണാനും തുറന്നടിക്കാനും മടിയില്ലാത്തവനാണു്. കുറെ മുമ്പു മുതലേ ഒന്നിച്ചു പ്രവർത്തിച്ച അനുഭവങ്ങളുമുണ്ടു്. അതുകൊണ്ടു് ഗൗരവമായിത്തന്നെയാണു് പണിക്കർ നിൽക്കണം എന്നു ഞാൻ പറഞ്ഞതു്. പക്ഷേ, പണിക്കർ പറഞ്ഞു, തനിക്കു് വ്യക്തിപരമായ ചില അസൗകര്യങ്ങളുണ്ടെന്നു്. ഇതിനെക്കുറിച്ചു് [illegible]ണ്ടു് ആലോചിക്കണം എന്നാവർത്തിച്ചു്ടാണു് പിരിഞ്ഞതു്.

ഏതാനും ദിവസം കഴിഞ്ഞു് ഗ്രൂപ്പുനായരുടെ മകൻ ശശിഭൂഷന്റെ കല്യാണസ്ഥലത്തു വച്ചു് വീണ്ടും പണിക്കർ, ഈ കാര്യം എടുത്തിട്ടു. എന്റെ ബുദ്ധിമുട്ടുകൾ ഞാൻ പറഞ്ഞു. ഒന്നാമതു് യാത്രാക്ലേശം. സംഘത്തോടുള്ള ബന്ധം കൂടിയിട്ടേയുള്ളെങ്കിലും [illegible]കുന്നു കടക്കാൻ ആഗ്രഹമില്ല. വെറുതെ ശത്രുക്കളുണ്ടാകും. പിന്നെ ഞാൻ [illegible]ചിയ ഒരു ജോലിയുടെ ഇടയിലാണു്; മനസ്സു് മറെറങ്ങോട്ടും പോകുന്നില്ല.

അപ്പോൾ പണിക്കർ തന്റെ പ്രധാനവാദം കൊണ്ടുവന്നു. അന്നു് ഇടതുപക്ഷ സർക്കാരാണു്. നോമിനേഷൻ വഴി* സ്വന്തം ആൾക്കാരെ കയററി ബാലൻസ് തെററിച്ചു് സംഘത്തെ വിധേയമാക്കിയാലോ? അപ്പോൾ സ്വന്തം കാലിൽ നില്ക്കുന്ന ചിലരെങ്കിലും വേണ്ടേ?

എന്നിട്ടും ഞാൻ സമ്മതിച്ചില്ല. സംഘത്തിൽ രാഷ്ട്രീയവും വർഗ്ഗീയതയും ഇതുവരെ കടന്നുകൂടിയിട്ടില്ല. സംഘത്തിനു് സ്വന്തവും സജീവവുമായ ഒരു കർത്തവ്യമുള്ളപ്പോൾ എളുപ്പത്തിൽ ആർക്കും അതിനെ വ്യതിചലിപ്പിക്കാൻ കഴിയുമെന്ന ഭയം എനിക്കുതന്നെ തോന്നിയില്ല.

ഇതു കഴിഞ്ഞു് ഒരിക്കൽ, ഒരു രാത്രി, എഴുത്തുകാരനും സംഘാംഗവുമായ ബി. കൃഷ്ണൻനായരുമൊത്തു് പണിക്കർ ഇതേ കാര്യത്തിനു് മൂന്നാമതും വീട്ടിൽ വന്നു. ഞാൻ വിചാരിച്ചു, പണിക്കരേക്കാൾ മുമ്പേ സംഘത്തോടു ബന്ധപ്പെട്ടതും കൂടുതൽ കൊടുക്കൽ വാങ്ങൽ നടത്തിയിട്ടുള്ളതും ഞാനാണു്. ഈ മനുഷ്യൻ സംഘത്തിന്റെപേരിൽ ഇങ്ങനെ ക്രിയാത്മകമായ താല്പര്യമെടുക്കുമ്പോൾ ഞാൻ ഇനിയും വയ്യെന്നു് പറയുകയോ? എന്റെ എതിർവാദങ്ങളെല്ലാം അതേപടി മനസ്സിലുണ്ടു്; എങ്കിലും ഞാൻ ഒന്നും പറഞ്ഞില്ല. ഞാൻ സമ്മതിച്ചു.

പിന്നീടു് തിരഞ്ഞെടുപ്പു പ്രചരണമായി. തിരുവനന്തപുരത്തുനിന്നു് ജോർജ്ജ് ഓണക്കൂറും കെ. എസ്. കൃഷ്ണനും ഞാനുമായിരുന്നു. പ്രചരണത്തിനു് ഒ. എൻ. വി. കുറുപ്പ്. ആനന്ദക്കുട്ടൻ, ജി. വിവേകാനന്ദൻ, ജി. എൻ. പണിക്കർ ഇവരും ഞങ്ങളെക്കൂടാതെ ഉണ്ടായിരുന്നു. ഒ. എൻ. വി. വിശേഷിച്ചും തല്പരനായിരുന്നു. എതിർ പാനലിലായിരുന്നെങ്കിലും ധാരാളം സ്വതന്ത്രർ ഉണ്ടായിരുന്നതുകൊണ്ടു് ഞങ്ങൾ പ്രവർത്തനം ഒട്ടും കുറച്ചില്ല. ഓരോ വോട്ടർക്കും വ്യക്തിപരമായും കത്തുകളെഴുതി. പാനലിൽ ഉണ്ടായിരുന്നവരെല്ലാം ജയിച്ചു. എനിക്കായിരുന്നു ഏററവും കൂടുതൽ വോട്ടു്.

പിന്നെ ഭരണ സമിതികളെ തിരഞ്ഞെടുക്കണം. അതായതു്, പ്രസിഡൻറ്, വൈസ്പ്രസിഡൻറ്, ഇവർക്കു പുറമേ മുമ്മൂന്നു പേർകൂടി ഉൾപ്പെട്ട എക്സിക്യൂട്ടീവ് കമ്മിററി, പബ്ലിക്കേഷൻ കമ്മിററി, ഇവയെ. ഇതിന്റെ പശ്ചാത്തലചർച്ചകൾക്കായി തിരഞ്ഞെടുപ്പു ദിവസം ജി. എൻ. പണിക്കരും ഞങ്ങളോടൊപ്പം വന്നിരുന്നു. സി. പി. ശ്രീധരൻ, പാറപ്പുറം, എം. അച്യുതൻ, പണിക്കർ ഇവരിരുന്നാണു് കൊല്ലം തോറും മാറിമാറി വരുന്ന പേരുകളുടെ ആദ്യരൂപം ശരിപ്പെടുത്തിയതു്. ആദ്യത്തെ കൊല്ലം പ്രസിഡൻറ് അച്യുതൻ; രണ്ടാമത്തെ കൊല്ലം പാറപ്പുറം, മൂന്നാമത്തെ കൊല്ലം ഞാൻ. എന്നിട്ടു് പാറപ്പുറവും പണിക്കരുംകൂടി എന്നോടു് വന്നു് വിവരം പറഞ്ഞു. എന്റെ ഭാവം പെട്ടെന്നു് പകർന്നിരിക്കണം. എന്റെ വീട്ടിലും, എൻ. രാമചന്ദ്രനെപ്പോലെയുള്ള അടുത്ത സുഹൃത്തുക്കളോടും ഞാൻ മുൻകൂട്ടിപറഞ്ഞിരുന്നതു് പ്രസിഡൻറാവാൻ ഞാൻ ഇല്ലെന്നാണു്. എന്റെ പ്രകൃതത്തിനു പിടിക്കാത്ത പണി. ആദ്യത്തെ കൊല്ലം നിങ്ങൾ—എന്നവർ പറഞ്ഞെങ്കിൽ, ശങ്കിച്ചു്—അഥവാ, പേടിച്ചു്, ഞാൻ പിന്മാറിയേനെ എന്നാണു് എന്റെ വിശ്വാസം. എന്നിട്ടുകൂടി എന്നെ തള്ളി മൂന്നാമനാക്കിയ 'അവരവർക്കു് അവരവർ മട്ടു്'' എന്നെ പ്രകോപിപ്പിക്കുകയാണു ചെയ്തതു്. എങ്കിലും ഇതിന്റെ പേരിൽ സുഹൃത്തുക്കളോടു് തക്കിക്കുക എന്റെ കഴിവിൽപ്പെട്ടതല്ല. അതുകൊണ്ടു് ഞാൻ 'ശരി' എന്നു മാത്രം പറഞ്ഞു.

അതു പോരാ, അങ്ങോട്ടുവന്നു് നിങ്ങൾതന്നെ പറയണം—എന്നായി അപ്പോൾ പാറപ്പുറം.

'ഓഹോ, ഞാൻ വന്നു് ഒപ്പുകൊള്ളുകയും വേണോ!'' ലേശം ക്ഷോഭത്തിൽ ഞാൻ പറഞ്ഞു പോയി.

അപ്പോൾ പണിക്കർ എന്റെ ഭുജത്തു് പിടിച്ചു് വരണം ആശാനേ എന്നു് പ്രേരിപ്പിച്ചു. ഞാൻ അവരുടെ കൂടെ ചെന്നു.

ആറേ അതിലധികമോ കൊല്ലമായി സംഘത്തെ ഫലത്തിൽ നിയന്ത്രിച്ചിരുന്ന സി.പി. ശ്രീധരനാണു് നിർണ്ണായക വ്യക്തി എന്നു് രംഗം കണ്ടപ്പോൾതന്നെ തോന്നി.

പ്രൊഫ. എം. അച്യുതൻ ഏററവും അനുനയത്തോടെ പറഞ്ഞു: സുരേന്ദ്രൻ, എനിക്കു് ഈ കൊല്ലമേ ഫ്രീ ആയിട്ടുള്ളു. ഇതു കഴിഞ്ഞാൽ ഔദ്യോഗികമായി എനിക്കു് ബുദ്ധിമുട്ടുണ്ടാവും. ഈ ചാൻസ് എനിക്കു തരൂ.''

എന്റെ മനസ്സിലെ എല്ലാ വല്ലായ്മയും മാറി.

—''അതിനെന്തു്? എനിക്കു് ഒരു വിരോധവുമില്ല'' — തുറന്ന മനസ്സോടെ ഞാൻ പറഞ്ഞു.

മററു വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല.

ഇതിനു് രണ്ടു ദിവസം കഴിഞ്ഞു് ഞങ്ങളെ വിജയിപ്പിച്ചവരോടുള്ള നന്ദി സൂചിപ്പിക്കുവാനായി ഒരു ചെറിയ പാർട്ടി ഞങ്ങൾ തിരുവനന്തപുരത്തുവച്ചു് നടത്തി. സംഭവം കഴിഞ്ഞു് വീണ്ടും ഒന്നിച്ചിരുന്നു് പ്രത്യവലോകനം ചെയ്യുന്നതിലുള്ള ചാരിതാർത്ഥ്യമായിരുന്നു പ്രധാനം.

അന്നു് ഒ. എൻ. വി. കുറുപ്പ് എന്നെ നോക്കി പറഞ്ഞു:

''ത്യാഗമൊക്കെക്കൊള്ളാം—പക്ഷേ, മണ്ടൻ കളിക്കരുതു്.''

ഈ വാചകം പലപ്പോഴും എന്റെ മനസ്സിൽ വരുമായിരുന്നു. ഓരോ തവണ വരുമ്പോഴും അതു കൂടുതൽ അനുഭവങ്ങൾ ഉണർത്തിയിരുന്നു; അഥവാ അങ്ങനെ, കൂടുതൽ അനുഭവങ്ങൾ ഉണ്ടാകുമ്പോഴാണു് ഈ വാചകം മനസ്സിൽ വന്നിരുന്നതു്. ഒടുവിൽ പ്രസിഡൻഷിപ്പു് എന്ന അപരിചിതഭാരം വൃദ്ധമെന്നുവച്ചതും ഈ വാചകം ഉള്ളിലിരുന്നു കത്തിയതുകൊണ്ടുകൂടിയാണു്.

അന്നുതന്നെ വിവേകാനന്ദനും ചോദിച്ചു: ''ആദ്യത്തെകൊല്ലം പ്രത്യേക പരിഗണനയിൽ അച്യുതനു പോയി, ശരി. ഏററവും കൂടുതൽ വോട്ടുകിട്ടിയ കൂടുതൽ സീനിയറായ ആൾ എങ്ങനെ മൂന്നാമത്തെ കൊല്ലത്തിലായി?''

പണിക്കർ അതിനു് ഒന്നും പറഞ്ഞില്ല.

ഒരുപക്ഷേ പണിക്കരുടെ മനസ്സിൽ അപ്പോൾ വന്നിരിക്കാനിടയില്ലാത്ത ഒരു കാര്യം എന്നെ മൂന്നാംകൊല്ലത്തിലേക്കു മാററിയതിന്റെ പിന്നിൽ ഒളിഞ്ഞിരുന്നു എന്നു വരാം. വളരെ വളരെ കഴിഞ്ഞേ അതിന്റെ ഒരു നിഴൽ എനിക്കു് കിട്ടിയുള്ളു. അതേക്കുറിച്ചു് പിറകെ സൂചിപ്പിക്കാം.

ഇതിനിടയിൽ അച്യുതന്റെ നേതൃത്വത്തിൽ ഞങ്ങൾ സംഘത്തിന്റെ ചുമതലകൾ ഏറെറടുത്തു. ഞങ്ങൾ നയിച്ച മൂന്നുകൊല്ലക്കാലവും സംഘത്തിനു് ഒരു പുതിയ ഉണർവ്വും മുന്നേററവും ഉണ്ടായി എന്നാണു വില്പനക്കണക്കുകൾ തെളിയിക്കുന്നതു്.

തലേക്കൊല്ലങ്ങളിലെ വില്പന

1978–79 4031616
1979–80 4466258

ഞങ്ങളുടെ മൂന്നുകൊല്ലങ്ങളിലെ വില്പന

1980–81 6307162

(പതിനെട്ടേകാൽ ലക്ഷത്തിന്റെ വർദ്ധന)

1981–82 7438949
1982–83 7577030

ഈ വർദ്ധിച്ച വില്പനമൂലം ഞങ്ങൾ വരുന്നതിനുമുമ്പു് കൂടിക്കിടന്ന സംഘത്തിന്റെ നഷ്ടം—അതു് ഒരുലക്ഷത്തിമുപ്പതിനായിരം ആയിരുന്നു എന്നാണു് ഓർമ്മ—നികത്തുവാനും കുറെ ലാഭമുണ്ടാക്കുവാനും ഞങ്ങൾക്കു് കഴിഞ്ഞിരുന്നു.

ഞങ്ങളുടെ ആദ്യത്തെ കൊല്ലത്തിൽ വില്പനയിലുണ്ടായ കുതിച്ചുകയററത്തിന്റെ പ്രധാന കാരണം ഭരണസമിതിയുടെ സമർപ്പണഭാവമായിരുന്നു എന്നു തന്നെ പറയാം. ഒന്നാമതു് പുസ്തകങ്ങളുടെ ചംക്രമണം വളരെ ത്വരിതപ്പെടുത്തി. പാഴ്സൽസർവ്വീസിനെ ആശ്രയിക്കുന്നതിനു പകരം ഒരു ചെറിയ വാൻ വാങ്ങിച്ചു് അപ്പഴപ്പോൾ സ്റ്റോക്കു് എത്തിച്ചു. പിന്നെ പ്രസിഡൻറ് അച്യുതന്റെ ഭരണസാമർത്ഥ്യത്തേയും എടുത്തുപറയണം. അതുപോലെ ഓണക്കൂർ, എ. പി. ചെല്ലപ്പൻനായർ, ശ്രീമന്ദിരം കെ. പി, കെ. എസ്. കൃഷ്ണൻ തുടങ്ങിയവരേയും ഞാൻ പബ്ലിക്കേഷൻ കമ്മിററിയിലായിരുന്നു. നല്ല പുസ്തകങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞില്ലെങ്കിലും ചീത്ത പുസ്തകങ്ങൾ ഒഴിവാക്കാൻ കഴിയും. ഞാനിരുന്ന മൂന്നു കൊല്ലവും മുഖംനോക്കാതെ, പലതുകളേയും പരിഗണിച്ചും, അങ്ങനെ ചെയ്യാനായിരുന്നു എന്റെ ശ്രമം. എന്നാലും പലതുകൾപ്പെട്ടു സമിതിയാകുമ്പോൾ ചിലതൊക്കെ പിടിതരാതെ അകത്തു കയറിപ്പോകും. പബ്ലിക്കേഷൻ കമ്മിററിയിൽ ഒന്നോ രണ്ടോ കൊല്ലം വൈലോപ്പിള്ളിയും ഉണ്ടായിരുന്നു. കലർപ്പില്ലാത്ത ഒരു പ്രതിഭാശാലിയുമായി അങ്ങനെ അടുത്തു് ഇടപഴകാൻ കഴിഞ്ഞതു് സംഘംവഴി കിട്ടിയ ഒരു ബോണസ്സായി ഞാൻ കരുതുന്നു.

(തുടരും)

* നോമിനേഷനിൽ അഞ്ചുപേർ തിരഞ്ഞെടുപ്പിൽപങ്കുണ്ടുപേ-

എം കൃഷ്ണൻനായർ

സാഹിത്യവാരഫലം

വി. ടി. ഉഷ ഓടുന്നു. പരുഭാഷയിൽ പറഞ്ഞാൽ സ്വർണ്ണം കൊയ്യുന്നു. കൂടെ ഓടുന്നവരെക്കാൾ ഉഷ വേഗത്തിലോടി നിശ്ചയിക്കപ്പെട്ട സ്ഥലത്തു് എത്തുന്നതും ഉറുബ് 'രാച്ചിയമ്മ'എന്ന കഥയെഴുതി ജനപ്രീതി നേടുന്നതും ഒന്നുപോലെയാണോ? അതേയെന്നു പറയുന്നവരുണ്ട്. വിംബൽഡൻ പട്ടണത്തിൽ ടെന്നീസ്മത്സരം നടക്കുന്നു. ഒരുത്തൻ ബാററ്കൊണ്ടടിക്കുന്നു പന്തിനെ വലയ്ക്കു് ഇപ്പുറം നില്ക്കുന്നവൻ കൂടുതൽ ശക്തിയോടെ അടിച്ച് അപ്പുറത്തുതന്നെ വീഴ്ത്തുന്നു. പ്രതിയോഗിക്ക് അതു് എടുക്കാൻ സാധിക്കുന്നില്ല. പ്രേക്ഷകർ ആഹ്ലാദത്തോടെ കൈയടിക്കുന്നു. എതിരാളിക്ക് ബാററ്കൊണ്ടു തിരിച്ചടിക്കാൻ വയ്യാത്തവിധത്തിൽ പന്തടിച്ചു

ഉഷയുടെ ഓട്ടം: സ്പഷ്ടതയാർജിക്കുന്ന സംഭവം

വീഴ്ത്തുന്നതും ഐൻസ്റ്റൈൻ $E = mc^2$ എന്ന സമവാക്യമെഴുതുന്നതും സദൃശങ്ങളായ പ്രക്രിയകളാണോ? അവിടെയും 'അതേ'എന്ന ഉത്തരം നല്കുന്നവരുണ്ട്. ഈ രണ്ടുത്തരങ്ങളും എത്രകണ്ടു ശരി, ഇവയ്ക്കു് എത്രത്തോളം സാധുതയുണ്ട് എന്നതൊക്കെ നമ്മെ ഇപ്പോൾ പര്യാലോചിക്കേണ്ടതില്ല. പക്ഷേ, ഒരു കാര്യം വ്യക്തമാണ്. ഉഷ സ്റ്റാർട്ടിങ് പോയിൻറിൽ കുനിഞ്ഞുനില്ക്കുന്നതും അടയാളമുണ്ടായാലുടൻ ഓടുന്നതും മററുള്ളവരെ പിൻതള്ളി ലക്ഷ്യത്തിലെത്തുന്നതും സ്പഷ്ടതയാർജ്ജിച്ച സംഭവങ്ങളാണ്. ടെന്നീസ്താരം കൈലേസ്കൊണ്ടു ബാററിന്റെ പിടിതുടയ്ക്കുന്നു. പന്ത് താഴെ രണ്ടുമൂന്നു തവണ തട്ടി തയ്യാറെടുക്കുന്നു. അതു് ഉയർത്തിയിട്ട് ആഞ്ഞടിക്കുന്നു. എതിരാളി തിരിച്ചിങ്ങോട്ട് അടിക്കുന്ന പന്തിനെ വീണ്ടും മറുപുറത്തേക്ക് അടിച്ചുവീഴ്ത്തുന്നു. പ്രതിയോഗി മുട്ടുകുത്തുന്നു. ഇത്രയും കാര്യങ്ങൾ സ്പഷ്ടം. ഒരു വേഷ്ടയിലും അവ്യക്തതയില്ല. ഈ സ്പഷ്ടതയും ലക്ഷ്യം സാക്ഷാത്കരിക്കലുമാണ് ഓട്ടത്തിനും പന്തടിച്ചുവീഴ്ത്തലിനും മൂല്യം നല്കുന്നതു്. ഇതുപോലെ കാവ്യം രചിക്കുന്നവനും കഥയെഴുതുന്നവനും നിരൂപണം നിർവഹിക്കുന്നവനും തങ്ങളുടെ രചനകളിലൂടെ വികാരസംക്രമണമോ ആശയ വിനിമയമോ നടത്തുമ്പോൾ ആ പ്രക്രിയകൾ സ്പഷ്ടങ്ങളായിത്തീരുന്നു. സ്പഷ്ടത മൂല്യം ജനിപ്പിക്കുന്നു. സ്പഷ്ടതയില്ലാത്ത അല്ലെങ്കിൽ ദുർഗ്രഹതയേറിയ രചനകൾക്കു മൂല്യം സൃഷ്ടിക്കാൻ കഴിയുകയില്ല. നവീന സാഹിത്യത്തിന്റെ ദോഷം ഇതത്രേ.

നിത്യചൈതന്യയതി

മരണത്തെക്കുറിച്ചു ഫ്രഞ്ചെഴുത്തുകാരൻ ഫിലീപ് ഏറേസ് എഴുതിയ The Hour of Our Death എന്ന ഗ്രന്ഥം monumental—ചിരന്തനമൂല്യമാർന്ന—എന്നാണ് വിശേഷിപ്പിക്കപ്പെടുന്നതു്. നോവൽ, കവിത, ചിത്രം, വാസ്തുശില്പം ഇവയെയൊക്കെ അവലംബിച്ചുകൊണ്ട് മരണസങ്കല്പം മാറിമാറി വരുന്നതെങ്ങനെയെന്ന് ഈ ഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്നു. കൊച്ചക്ഷരത്തിൽ എഴുന്നൂറു പുറങ്ങളോളം വരുന്ന ഈ പുസ്തകം വായിക്കാൻ പ്രയാസമുണ്ടെങ്കിൽ റോബർട്ട് ഈ നീൽ എഴുതിയ The Art of Dying എന്ന ഗ്രന്ഥം വായിക്കാം. നൂറുകൊല്ലംമുൻപ് ഒരു വീട്ടിലുണ്ടാകുന്ന മരണം സമൂഹത്തിന്റെ ജീവിതത്തെ താല്ക്കാലികമായി തകിടം മറിച്ചിരുന്നുവെന്നും ശവസംസ്കാരത്തിനുശേഷമേ സമനില വീണ്ടെടുക്കാൻ കഴിഞ്ഞിരുന്നുള്ളുവെന്നും നീൽ പറയുന്നു. പക്ഷേ, നഗരത്തിലെ ഇന്നത്തെ മരണം സ്വകാര്യസംഭവമായി മാറിയിരിക്കുന്നുവെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ട്. പണ്ടു മരണത്തെസ്സംബന്ധിച്ചുണ്ടായിരുന്ന സംസ്കൃതി അല്ലെങ്കിൽ അതിസൗഹൃദം ഇന്നില്ല എന്നാണ് അദ്ദേഹത്തിന്റെ വാദം. ഇതു പടിഞ്ഞാറൻ നാടുകളിൽ. കേരളത്തിൽ മരണസങ്കല്പത്തിനോ അതിനോടു ബന്ധപ്പെട്ട ചടങ്ങുകൾക്കോ ഒരു മാററവും വന്നിട്ടില്ല. മരണം സംഭവിച്ചുവീട്ടിൽ ചെന്നു കഴിഞ്ഞാൽ പലപ്പോഴും ഒരുദിവസം തന്നെ കാത്തിരിക്കേണ്ടിവരും ശവസംസ്കാരം നടക്കാൻ. മദ്ധ്യപ്രദേശത്തോ നേപ്പാളിലോ ജോലിനോക്കുന്ന ബന്ധു അവിടെനിന്ന് തിരുവനന്തപുരത്തേക്കു തിരിച്ചിട്ടുണ്ടാവും. അയാളെത്തി ഒരു ചുവന്നതുണി ശവത്തിൽ ഇടുന്നതുവരെ ചെല്ലുന്നവർ കാത്തിരുന്നുകൊള്ളണം. ശവസംസ്കാരം കഴിഞ്ഞാലോ? സന്ധ്യയനമായി. അന്നാണ് ആളുകൾ വളരെ കൂടുന്നതു്. പിന്നെ പതിനാറാം ദിവസം കളി. എണ്ണതൊട്ട്, കച്ചമുറിച്ച് കളിക്കാൻ പോകും. അന്ധവിശ്വാസജന്യങ്ങളായ ഇത്തരം ഏർപ്പാടുകൾ ജീവിച്ചിരിക്കുന്നവരെ വല്ലാത്തെ പീഡിപ്പിക്കുന്നുണ്ട്. കടുവയെപ്പോലെ ചാടാൻ ഒരുങ്ങിനിന്ന മരണത്തെ പടിഞ്ഞാറൻ ദേശത്തുള്ളവർ മെരുക്കിയെടുത്തു. നമുക്കതിനു കഴിഞ്ഞിട്ടില്ല. മരണം ഇപ്പോഴും നമുക്കു കടുവതന്നെയാണ്. ഈ കടുവ കടിച്ചുകൊല്ലുന്നതു് നാലു പീറ നോവലുകളോ നാലു പാട്ടുക്കഥകളോ എഴുതിയ ഒരാളെയാണെങ്കിൽ പിറേറ ദിവസത്തെ പത്രം നോക്കാൻ വയ്യ. വെണ്ടയ്ക്കാ തലക്കെട്ടിനു താഴെ വരുന്ന അർത്ഥരഹിതങ്ങളും അസംബന്ധങ്ങളുമായ റിപ്പോർട്ടുകൾ. മരിച്ചയാളിന്റെ ഭാര്യ ശവത്തിന്റെ നെററിയിൽ അർപ്പിക്കുന്ന ചുംബനത്തിന്റെ പടം. ഇവയെല്ലാം കാണണം. പിന്നെ അനുശോചന സമ്മേളനങ്ങളുടെ റിപ്പോർട്ടുകൾ. അതു വളരെക്കാലത്തേക്ക് ഉണ്ടാകും. വേറൊരു നേരമ്പോക്കുകൂടിയുണ്ട്. വായനക്കാർ അതു കണ്ടിരിക്കും. എങ്കിലും ഞാൻ പറയാം. 'മഹാദുഃഖത്തിൽ വീണ പുത്രിമാർ' എന്ന വാക്യത്തിന്റെ മുകളിലായി തെല്ലൊരു ചിരിയോടെ നില്ക്കുന്ന പെൺമക്കളുടെ പടം. ആകെക്കൂടി ഹിപോ

യതി: ഹിപോക്രിസിക്കെതിരെ ഒരു ശബ്ദം.

ക്രിസി. ഈ കാപട്യത്തിനെതിരായി ഒരു സന്ന്യാസിശ്രേഷ്ഠൻ ശബ്ദമുയർത്തുന്നു. കലാകൗമുദിയിൽ 'ഓർമ്മിക്കാൻ' എന്ന പേരിൽ നിത്യചൈതന്യ യതി എഴുതിയ ലേഖനമാണ് ഞാനുദ്ദേശിക്കുന്നതു്.

മരണത്തെ ''ഓമനേ മടിക്കേണ്ടെ പോരൂ'' എന്ന മട്ടിൽ ചങ്ങമ്പുഴയെപ്പോലെ പ്രേമാതിരേകത്തോടെ വിളിക്കേണ്ടതില്ല. വാലട്ട് വിററ്മാനെപ്പോലെ ''Come lovely and soothing death'' എന്നു മാധുര്യത്തോടെ ആഹ്വാനം ചെയ്യേണ്ടതുമില്ല. അതിനെ മെരുക്കിയെടുത്തു മാൻകുട്ടിയാക്കണം. ആ മാനിനെ പ്രതീക്ഷിച്ചു കഴിഞ്ഞുകൂടുന്ന സാഹിത്യവാരഫലക്കാരന്റെ നിർവ്യാജമായ അഭിപ്രായമാണിതു്. സത്യമെഴുതിയ യതിക്കു ധന്യവാദം.

പ്രായോഗിക മനസ്സ്

സ്ത്രീകളുടേതു് ഒരിക്കലും ഗഹനതയുള്ള മനസ്സല്ല. മനസ്സിനു ഗഹനതയില്ലാത്തവർക്കു സുശക്തമായ ആന്തരജീവിതം കാണുകയില്ല. ആ ആന്തരജീവിതത്തിന്റെ അഭാവംകൊണ്ട് അവരെഴുതുന്ന എന്തിലും പ്രായോഗികതലത്തിനായിരിക്കും പ്രാധാന്യം വരിക. അതുതന്നെയാണ് ശാരദാബാലചന്ദ്രന്റെ 'പഴയ ഗ്രാമം പുതിയ നഗരം' എന്ന കഥയിൽ കാണുന്നതു്. ഒരുമിച്ചു ഗ്രാമത്തിൽ കളിച്ചുവളർന്ന രണ്ടു പെൺകുട്ടികൾ. അവരിൽ ഒരാൾ ആ ഗ്രാമത്തിലെ പാഠശാലയിൽ അദ്ധ്യാപികയായി. രണ്ടാമത്തവൾ ഡൽഹിയിലെ ഒരു ബിസ്നെസ്സുകാരന്റെ ഭാര്യ. അവരുടെ ജീവിതത്തിൽ നാഗരികപരിഷ്കാരം പൂവിട്ടുനിന്നു. വർഷങ്ങൾ കഴിഞ്ഞപ്പോൾ പട്ടണത്തിലുള്ളവൾ ഗ്രാമത്തിലുള്ളവളെ കാണാനെത്തുന്നു. ഗ്രാമജീവിതം നയിക്കുന്ന കൂട്ടുകാരിയോട് നഗരജീവിതം നയിക്കുന്നവൾക്കു പല്ലു്. പട്ടണത്തിൽ കഴിയുന്നവളോട് ഗ്രാമത്തിൽ കഴിയുന്നവൾക്കുള്ള മനോഭാവവും അതുതന്നെ. ഇതു വ്യക്തമാക്കാൻ കഥയെഴുത്തുകാരി രണ്ടുപേരെയും ഒരു ഡിന്നറിലേക്കുകൊണ്ടുവരുന്നു. അദ്ധ്യാപികയുടെ അപരിഷ്കൃതത്വവും പട്ടണത്തിലുള്ളവളുടെ പരിഷ്കാരഭ്രമവും ചില സംഭവങ്ങളിലൂടെ ചിത്രീകരിക്കുന്നു. അവർ രണ്ടുപേരും പിരിയുന്നു. താൽകാലികമായിട്ടല്ല, സ്ഥിരമായിട്ട്. ലളിതസുന്ദരമായ ഗ്രാമജീവിതത്തെയും അതിന്റെ പ്രതീകമായ അദ്ധ്യാപികയെയും വാഴ്ത്തുന്ന ഇക്കഥ സ്ത്രീകൾ കലയിൽ പ്രായോഗികത കൊണ്ടുവരുന്നതെങ്ങനെയെന്നു വ്യക്തമാക്കിത്തരുന്നു. ഭക്ഷണപ്രിയന്മാരായ സായ്പന്മാർ തങ്ങളുടെ നോവലുകളിലെല്ലാം ലഞ്ചുകളും ഡിന്നറുകളും കുത്തിനിറയ്ക്കുന്നതുപോലെ പ്രായോഗികതയിൽ അഭിരമിക്കുന്ന സ്ത്രീകൾ സാരി, ആഭരണം, കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം ഇവയെല്ലാം രചനകളിൽ നിവേശിപ്പിക്കുന്നു. ദീർഘമായ ഇക്കഥയിൽ തൊണ്ണൂറുശതമാനവും ഇമ്മട്ടിലുള്ള വർണ്ണനകളാണ്. നഗരവാസിനിയുടെയും ഗ്രാമവാസിനിയുടെയും അന്തരം വ്യക്തമാക്കാനായിട്ടാണ് താനതു ചെയ്തതെന്ന് ശാരദാബാലചന്ദ്രൻ പറയുമായിരിക്കും. അതൊരു സമാധാനമേയല്ല. പ്രതിഭയുള്ളവർ ഒന്നോ രണ്ടോ രേഖകൾവരച്ച് അതുധ്വനിപ്പിക്കും. സത്യജിത്റേ പെണ്ണിന്റെ ഒരുവളപൊട്ടിച്ച് അവളുടെ വൈധവ്യം ധ്വനിപ്പിക്കുന്നു. തമിഴൻ നീലാംബരിരാഗത്തിൽ, ''ഏറന്തുപോച്ചാനേ'' എന്നു വിധവയെക്കൊണ്ടു പാടിപ്പിക്കുകയും മരണരംഗം സന്ധ്യയനംവരെ കാണിക്കുകയും ചെയ്യുന്നു. കലാപരമായ ആവശ്യകതയ്ക്കതീതമായിട്ടാണ് കഥയെഴുത്തുകാരി വേഷഭൂഷണങ്ങളെ വർണ്ണിച്ചുവയ്ക്കുന്നതു്. ചില സ്ത്രീകൾ പ്രേമവും വിവാഹവും വർണ്ണിക്കുന്നു. ശാരദാ ബാലചന്ദ്രനെപ്പോലുള്ളവർ ഇംപാലകാറിനെയും പട്ടുസാരിയെയും ചുവപ്പു സെററിനെയും വർണ്ണിക്കുന്നു. രണ്ടുകൂട്ടരും ഒരുപോലെ. സാഹിത്യത്തിനു് അഭിജ്ഞന്മാർ നല്കിയ നിർവ്വചനത്തെ കാസർഗോട്ടുനിന്നു കന്യാകുമാരിവരെ വലിച്ചുനീട്ടിയാൽപ്പോലും വനിതാമാസികയിലെ ഇക്കഥയ്ക്കു് അതിനെ സ്പർശിക്കാൻപോലും സാധിക്കുകയില്ല.

* * *

അന്നു സ്കൂൾ വിദ്യാർത്ഥിയായിരുന്ന ഞാൻ ഇടപ്പള്ളി രാഘവൻപിള്ളയോടൊരുമിച്ച് ശംഖുംമുഖം കടപ്പുറത്തുനിന്നു വഞ്ചിയൂരേക്കു നടക്കുകയായിരുന്നു. പാറുരെന്ന ജങ്ഷൻ എത്താറായപ്പോൾ കാണാൻ കൊള്ളാവുന്ന ഒരു ചെറുപ്പക്കാരി ക്രിസ്മസ് ദീപം കത്തിച്ചു വരാന്തയിൽ തൂക്കി. ആ ദീപമേററ് അവളുടെ മുഖം തിളങ്ങി. ഞാനതുകണ്ടു. രാഘവൻപിള്ള കണ്ടില്ല.

മാംസപേശികളുടെ വക്രീകരണം

എനിക്കൊരു സ്നേഹിതനുണ്ടായിരുന്നു. പാവം മരിച്ചുപോയി. ഞങ്ങളൊരുമിച്ച് തിരുവനന്തപുരത്തെ ശ്രീമൂലവിലാസം ഇംഗ്ലീഷ് ഹൈസ്കൂളിൽ പഠിച്ചു. അന്നു സ്നേഹിതനു പതിന്നാലു വയസ്സുവരും. എല്ലാ ചായക്കടകളിലും പററുവരവാണ് അയാൾക്ക്. പക്ഷേ ഒരിടത്തും പണംകൊടുക്കില്ല. ഒരു കടയിലെ തുക പത്തോ പതിനഞ്ചോ രൂപയായാൽ പിന്നെ അയാൾ ആ വഴി പോകുകയില്ല. എന്നാൽ ഈ മാർഗ്ഗവ്യതിയാനം എത്രനാൾ വച്ചുനടത്താൻ സാധിക്കും! ചിലപ്പോൾ പണം കൊടുക്കാനുള്ള കടയുടെ മുൻപിൽക്കൂടെത്തന്നെ അയാൾക്കു പോകേണ്ടിവരും. അങ്ങനെ പോകേണ്ടതായിവന്നാൽ സ്നേഹിതൻ ഒരു വിദ്യ പ്രയോഗിക്കും. കഴുത്തിലെ മാംസപേശികൾ വലിച്ചുനീട്ടി തല ഒരു വശത്തേക്കു ചരിച്ചുവയ്ക്കും. മുഖത്തെ മാംസപേശികൾ വക്രിപ്പിക്കും. എന്നിട്ട് നടത്തത്തിന്റെ രീതിക്കു മാററം വരുത്തി ഒററപ്പോക്ക് അങ്ങു് പോകും. പുതിയ ഭാഷയിൽ തെരുവിൽ ''കണ്ണുംനട്ട്'' ഇരിക്കുന്ന ചായക്കടയുടമസ്ഥൻ അയാളെ തിരിച്ചറിയുകയേയില്ല.

ചില സംസ്കാരഹീനന്മാർ സ്ത്രീകളെ വശപ്പെടുത്താൻ ശ്രമിക്കുന്നതും മുഖത്തെ മാംസപേശികൾ വക്രിപ്പിച്ചാണ്. പെണ്ണു വശപ്പെടുമെന്നു കണ്ടാൽ കീചകനെപ്പോലെ ഒന്നു ചിരിക്കും. ജന്മനാ വൈരൂപ്യമാർന്ന മുഖത്തെക്കാൾ സ്ത്രീക്ക് അസഹനീയമാണ് പുരുഷന്റെ വക്രീകരണമാർന്ന മുഖം. എങ്കിലും സഹിച്ചേ പററൂ. ചായക്കടയിൽ കയറി ഉഴുന്നുവടയും ഇറച്ചിയും തിന്നിട്ട് ചിലർ മാസങ്ങൾ പലതു കഴിഞ്ഞതിനുശേഷം തല തിരിച്ചുവച്ച് മാംസപേശികളെ ക്ഷോഭിപ്പിക്കും. കാമം അധീശത്വം നടത്തുമ്പോഴും ഈ ക്ഷോഭിപ്പിക്കൽ ഉണ്ടാകും. ഇതുപോലെ സാഹിത്യത്തെ നോക്കി മാംസപേശികളെ വക്രിപ്പിക്കുന്നവരുണ്ടോ? ഉണ്ട്. ദേശാഭിമാനി വാരികയിൽ 'ഓടുന്ന ബസ്സിൽ ഒരു പെൺകുട്ടി'എന്ന കഥയെഴുതിയ ഇലിപ്പക്കുളം രവീന്ദ്രൻ അത്തരത്തിലുള്ള അനേകം എഴുത്തുകാരിൽ ഒരാളാണ്. ബസ്സിൽ ഭാര്യയും ഭർത്താവും അവരുടെ കുഞ്ഞും. ആ സ്ത്രീയുടെ അടുത്തു വന്നിരുന്ന് ഒരു സാവിത്രി വാതോരാതെ സംസാരിക്കുന്നു. സ്വന്തം ഭർത്താവിനെക്കുറിച്ചും അയാളോടിക്കുന്ന സ്കൂട്ടറിനെക്കുറിച്ചുമൊക്കെയാണ് സംസാരം. ദമ്പതികൾക്ക് ഇറങ്ങേണ്ട സ്ഥലമെത്തിയപ്പോൾ സാവിത്രി അവരുടെ കുഞ്ഞിനെ പിടിച്ചുവാങ്ങിക്കുന്നു. അപ്പോഴാണ് അവൾക്കു ഭ്രാന്താണെന്ന് ആരോ പറയുന്നതു്. കഥ അവിടെ തീരുന്നു. ഒരു പോയിൻറുമില്ലാത്ത, ജീവിതാവബോധം തീരെയില്ലാത്ത ഈ സാഹസികത്തെ കഥയെന്ന് എങ്ങനെ വിളിക്കാനാണ്? സൂക്ഷിച്ചു നോക്കൂ. അസററൽ കൊലീൻ—acetyl choline—എന്ന രാസദ്രവ്യം ഒഴുകുന്നു. മാംസപേശികൾ വക്രിക്കുന്നു. സാഹിത്യംഗന മുഖം തിരിച്ചു നില്ക്കുന്നു.

* * *

എഴുത്തുകാർ സ്വന്തം മനസ്സിനെ പിഴിച്ചു തെററായ സ്ഥാനത്തു നിർത്തുമ്പോഴാണ് കലാശൂന്യമായ രചനയുടെ ആവിർഭാവം. അതു തെററാണെന്ന് ആ എഴുത്തുകാർക്ക് അറിഞ്ഞുകൂടാ. പ്രാ

യോഗികതലം മാത്രം കണ്ടു രസിക്കുന്ന പരിപാകമില്ലാത്ത വായനക്കാർക്കും അറിഞ്ഞുകൂടാ. അറിവുള്ളവർ അതു പറയുമ്പോൾ എഴുത്തുകാരും അവിദഗ്ധരായ വായനക്കാരെയും ഒരുമിച്ചു ചേർന്ന് അവരെ ആക്രമിക്കുന്നു. കഥാകാരനായ ടി. വി. വർക്കി 'കണ്ണമ്മ ചിരിക്കുന്നു' എന്ന കഥയിൽ തന്റെ മനസ്സിനെ നിറുത്തേണ്ടിടത്തുതന്നെ നിറുത്തിയിട്ടുണ്ട്. എന്നിട്ടും പരിപാകമുള്ളവർക്കും പരിപാകമില്ലാത്തവർക്കും രസമുണ്ടാകുന്നില്ല. കറുത്തമ്മ കടിയനായ വേലായുധന്റെ ഭാര്യ. അവർക്ക് മകനും മകളുമുണ്ട്. മകൻ നാടകം കഴിഞ്ഞ് രാത്രിയാണെത്തുക. ഭർത്താവ് കുടിച്ചു മറിഞ്ഞു വരും. കുടുംബഭാരം വഹിക്കേണ്ട രണ്ടു പേരും ഇങ്ങനെയായാൽ (വിലക്ഷണ ഭാഷയിൽ) ''പുരനിറഞ്ഞു നിൽക്കുന്ന'' മകളെ യോഗ്യനായ ഒരുത്തന്റെ കൂടെ പറഞ്ഞയയ്ക്കുന്നതെങ്ങനെ? പ്രതീക്ഷയോടുകൂടി കണ്ണമ്മ ഇരിക്കുമ്പോൾ മദ്യപിച്ച് ബോധശൂന്യനായ വേലായുധനെ കൂട്ടുകാർ എടുത്തുകൊണ്ടുവരുന്നു. ബോധശൂന്യനേ ആയിട്ടുള്ളു അയാൾ. മരിച്ചിട്ടില്ല. മരിച്ചെങ്കിൽ അന്ന് കണ്ണമ്മയ്ക്കു കഞ്ഞികുടിക്കാൻ പററുമായിരുന്നില്ല. അതോർത്ത് അവൾ ചിരിക്കുന്നു. നിത്യജീവിതസംഭവങ്ങളെ കഥയെഴുത്തുകാരൻ വർണ്ണിച്ചുകഴിയുമ്പോൾ ''ഹാ, ഇതാണല്ലോ ജീവിതം!'' എന്ന് അനുവാചകർ അദ്ഭുതത്തോടെ പറയണം. ടി. വി. വർക്കിയുടെ ഒരു കഥ വായിച്ചാലും വായനക്കാരൻ അങ്ങനെ പ്രഖ്യാപിക്കില്ല. കഥയുടെ total effect-ലേക്ക് മററെല്ലാ അംശങ്ങളും ചെന്നുചേരുമ്പോഴാണ് അതു് (കഥ) കലാത്മകമാകുന്നതു്. അതു സംഭവിക്കുമ്പോൾ കഥ കവിതപോലെ ലയാത്മകമാകും. കേന്ദ്രസ്ഥിതമായ ആശയമോ വികാരമോ എല്ലാ അംശങ്ങളെയും തഴുകുന്ന ലയമോ 'ദേശാഭിമാനി'യിലെ ഇക്കഥയിൽ ഇല്ല. ഉമിക്കരി ചവയ്ക്കുന്ന പ്രതീതിയാണ് ഇക്കഥയുടെ പാരായണം. ഉളവാക്കുക.

മാലാഖകൾ പേടിക്കുന്നിടത്തു്...

സെക്കിനെക്കുറിച്ചു ധാരാളം നോവലുകളും ചെറുകഥകളും എഴുതിയ ഇററലിയിലെ സാഹിത്യകാരൻ ആൽബർട്ടോ മൊറാവ്യാ (മൊറേവിയ എന്നല്ല) യഥാർത്ഥത്തിൽ സെക്കിനെ നിന്ദിക്കുകയാണു് ചെയ്തതു്. സ്നേഹിക്കാൻ മനുഷ്യനു കഴിവില്ല; അതുകൊണ്ടു് സെക്കിൽ അയാൾ വ്യാപരിക്കുന്നു. (Martin Seymour-Smith) അദ്ദേഹത്തിന്റെ 'ആവർത്തന'മെന്ന കഥയിൽ ഈ ലൈംഗിക വൈരസ്യം രമണീയമായി പ്രതിപാദിച്ചിരിക്കുന്നു. (ഭാഷാന്തരീകരണം കുങ്കുമം വാരികയിൽ—പി. ആർ. അരവിന്ദൻ) ജോർജ്ജിയ എന്ന യുവതി സീന്യോർ ലാനാറിയുടെ സെക്രട്ടറിയായിരുന്നു. കഥ തുടങ്ങുന്നതിനു മൂന്നുകൊല്ലം മുൻപ് അവൾ ലാനാറിക്കു കിട്ടിയ ഒരു ചിത്രത്തെക്കുറിച്ച് വിദഗ്ധാഭിപ്രായമറിയാൻ സെർജിയോയുടെ അടുക്കലെ



ആൽബർട്ടോ മൊറാവ്യ

ത്തി. ചിത്രം അനുകരണമാണെന്നും അതിനാൽ മൂല്യമില്ലാത്തതാണെന്നും ഒററനോട്ടത്തിൽ സെർജിയോ പറഞ്ഞു. പക്ഷേ ജോർജ്ജിയയ്ക്കു തിരിച്ചുപോകാൻ കഴിഞ്ഞില്ല. അവർ അന്യോന്യം ഉററുനോക്കി. കാമംകത്തുന്ന കണ്ണുകൾ. രണ്ടുപേരും മൂന്നുവർഷം ഒരുമിച്ചു താമസിച്ചു. അന്ന് അവർ വേർപിരിയുകയാണ്. മൂന്നുവർഷത്തിനു മുൻപ് ജോർജ്ജിയ ചിത്രവും കൊണ്ടെത്തിയപ്പോൾ അവർ രണ്ടുപേരും എന്തെല്ലാം ചാപല്യങ്ങൾ ഹർഷാതിരേകത്തോടെ കാണിച്ചുവോ അതൊക്കെ അവർ അപ്പോൾ കാണിച്ചുനോക്കി. ചേഷ്ടകളും സംഭവങ്ങളും ആവർത്തിക്കാൻ സാധിച്ചു. പക്ഷേ, അന്നത്തെ ഹർഷാതിശയം ആവർത്തിക്കാനൊത്തില്ല. ആദ്യദർശനത്തിലുണ്ടാകുന്ന വികാരം പിന്നീട് ഒരിക്കലും ഉൽപാദിപ്പിക്കപ്പെടുകില്ലെന്നു സൂചന. അവർ എല്ലാക്കാലത്തേക്കുമായി പിരിഞ്ഞുപോകുമ്പോൾ കഥ അവസാനിക്കുന്നു. കാമത്തിന്റെ ഈ താൽക്കാലികമായ മതിവിഭ്രാമകസ്വഭാവത്തെ, ആവർത്തിക്കാൻ കഴിയാത്ത അതിന്റെ അവസ്ഥാവിശേഷത്തെ ചിത്രനിരൂപണത്തിൽക്കൂടിയും വ്യഞ്ജിപ്പിക്കുന്നുണ്ട് മൊറാവ്യാ. മൂന്നുവർഷം മുൻപ് രണ്ടുപേരും തമ്മിൽ സംസാരിച്ചതു് ആവർത്തിക്കുകയാണ്: [സെർജിയോ:] 'സീന്യോറീനാ, ഇതൊരു പകർപ്പാണ്. എന്നുമാത്രമല്ല, പ്രഖ്യാതമായ ഒരു ചിത്രത്തിന്റെ പകർപ്പും...പകർപ്പ് അന്യനമാണ്. പക്ഷേ, അതേസമയം കപടവും! പില്ക്കാലത്തു്—മൂന്നുവർഷത്തിനുശേഷം—പ്രഥമദർശനവും അതിനോടു ബന്ധപ്പെട്ട വികാരങ്ങളും ആവർത്തിക്കുന്നതു് കാപട്യമായേ ഭവിക്കൂ എന്നാണ് ധ്വനി. സുന്ദരമായ ഈ കഥയെ തർജ്ജമചെയ്തു വികലമാക്കിയിരിക്കുന്നു പി. ആർ. അരവിന്ദൻ. ഒരുദാഹരണം മാത്രം നല്കാം. ''Signorina, it's a copy, and of a well-known picture into the bargain.'' ഇതിന്റെ തർജ്ജമകളിൽ ഞാൻ നല്കിക്കഴിഞ്ഞു. ഇനി അരവിന്ദന്റെ തർജ്ജമ കേട്ടാലും: ''സിഞ്ജ്യോറിനാ ഇതൊരു പകർപ്പാണ്. അതും ചന്തയിൽ കിട്ടുന്നതു്.'' into the bargain എന്നതിന് ''അതിനുംപുറമേ,'' ''കൂട്ടത്തലായി'' എന്നൊക്കെയാണ് അർത്ഥം. അതിനെയാണ് ''ചന്തയിൽ കിട്ടുന്നതു്'' എന്നാക്കിയിരിക്കുന്നതു്. ''മാലാഖകൾ പേടിച്ചു നില്ക്കുന്നിടത്തു്...'' ശേഷംഭാഗം ഓർമ്മയില്ല. അലക്സാണ്ടർ പോപ്പിന്റെ An essay on criticism എടുത്തു നോക്കട്ടെ.

* * *

''ഒരുനാൾ ഞാനൊരു ചരിത്രിക വീക്കിലി ദർശിച്ചീടുവാൻ ഇടയായ് അതിൽ മാഷ്ടെ വിഭവം വെടിവട്ടം. മാഷെകണ്ടാൽ ചിരിപൊട്ടും വാചകമയ്യോ മഹാമോശം'' എന്നു് എ. കെ. അബു പെരുമ്പടപ്പ് കുഞ്ഞുണ്ണിയോടു്. അതിനു് അദ്ദേഹം ചോദിക്കുന്നു: എന്തിനീ പദ്യവൈകൃതം. കുഞ്ഞുണ്ണിമാസ്റ്റർക്കു തെററിപ്പോയി. എ. കെ. അബു ആധുനികോത്തരകവിയാണ്. അദ്ദേഹത്തെക്കുറിച്ചു നമ്മുടെ ആധുനികോത്തര നിരൂപകർ ഉടനെ എഴുതും.

ഓർമ്മകൾ

ചങ്ങമ്പുഴ തിരുവനന്തപുരത്തെ ഒരു ഹോസ്റ്റലിൽ താമസിക്കുന്ന കാലം. ഞാൻ അദ്ദേഹത്തോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആകർഷകത്വമുള്ള ഒരു ചെറുപ്പക്കാരി കവിത തിരുത്താനെന്നു പറഞ്ഞ് അവിടെയെത്തി. ഞാൻ പോകാനെഴുന്നേററു. എങ്കിലും കവി സമ്മതിച്ചില്ല. അദ്ദേഹം അവളുടെ കവിത വായിച്ച് ഒരു വരി ചൂണ്ടിക്കാണിച്ച് എന്തോ സംശയം ചോദിച്ചു. നെയ്ൽ പോളീഷിട്ട അവളുടെ വിരലുകൾ കടലാസ്സിൽ പതിഞ്ഞു. അവ അവിടെ റോസാപ്പൂക്കൾ വിടർത്തി.

1934. ഹരീന്ദ്രനാഥ് ചട്ടോപാധ്യായ ആലപ്പുഴ എസ്. ഡി. വിദ്യാശാലയിൽ പ്രസംഗിക്കാൻ വന്നു. മഞ്ചേരി രാമകൃഷ്ണയ്യർ അദ്ധ്യക്ഷൻ, ഹെഡ്മാസ്റ്ററും. യുവാവായ ഹരീന്ദ്രനാഥ് സ്വന്തം കവിതകൾ ചൊല്ലി അനർഗ്ഗളമായി ഇംഗ്ലീഷിൽ പ്രസംഗിച്ചു. എനിക്കൊന്നും മനസ്സിലായില്ല. അസാധാരണമായ ആകൃതി സൗഭഗമായിരുന്നു അദ്ദേഹത്തിന്. ചിരി എത്ര മനോഹരം!

പുരുഷനായാൽ ഇങ്ങനെ ജനിക്കണമെന്നു് എനിക്കു തോന്നി. ഇന്നും ആ ചേതോഹരമായ രൂപം എന്റെ മനസ്സിലുണ്ട്. സ്കൂളിലെ പെൺകുട്ടികൾ അന്നു രാത്രിമാത്രമല്ല പിന്നീടുള്ള പല രാത്രികളിലും ഉറങ്ങാതെ കിടന്നിട്ടുണ്ടാവും.

തിരുവനന്തപുരത്തിനു അടുത്തുള്ള ഒരു സ്ഥലത്തെ ഹൈസ്കൂളിൽ വാർഷിക സമ്മേളനം, അദ്ധ്യക്ഷൻ സി. ഒ. കരുണാകരൻ, പ്രഭാഷകർ ചെമ്മനം ചാക്കോയും ഞാനും. പട്ടംതാണുപിള്ള ഉദ്ഘാടകൻ. അദ്ദേഹം പ്രസംഗം തുടങ്ങി. അഞ്ചുമിനിററു കഴിഞ്ഞപ്പോൾ തിരിഞ്ഞു് എന്നെ നോക്കി ഒരു ചോദ്യം. ''ഏയ് കേരള കാളിദാസന്റെ ആ ശ്ലോകത്തിന്റെ തുടക്കമെങ്ങനെ?'' ഏതു ശ്ലോകമെന്നറിയാതെ ഞാനെങ്ങനെ മറുപടി പറയും? ഞാൻ മിണ്ടാതിരുന്നു. ഉടനെ പട്ടം:—''മലയാളം പഠിപ്പിക്കുകയല്ലേ കോളേജിൽ? എന്നിട്ടു് ഈ ശ്ലോകമറിഞ്ഞുകൂടെ? നിങ്ങളെ വാദ്ധ്യാരായി നിയമിച്ചതാരു്?''

മണ്ടന്റെ ചിരി

ചെല്ലമ്മ ജോസഫിനു കഥപറയാനറിയാം. പ്രേമംപോലുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അവരുടെ ശൈലിക്ക് ഇന്ദ്രിയഗതധർമ്മം—sensuous quality—ലഭിക്കാറുണ്ട്. ഈ ഗുണങ്ങളെല്ലാം അവരുടെ 'സുഹാസിനി' എന്ന നീണ്ടകഥയിൽ കാണാം. (കലാകൗമുദി–525, 526 ലക്കങ്ങൾ) ഒററയിരിപ്പിനു് ഞാനതു വായിച്ചുതീർത്തു. നേരിയ ഒരാറ്റാദം എനിക്കുണ്ടാവുകയും ചെയ്തു. പിന്നീട് ആലോചിച്ചപ്പോഴാണ് ആ ആറ്റാദത്തിനു് കല ജനിപ്പിക്കുന്ന ആഹ്ലാദവുമായി ബന്ധമില്ലെന്നു മനസ്സിലായതു്. ചുമച്ചു രക്തംതുപ്പുന്ന ക്ഷയരോഗിയായ അച്ഛൻ. അയാളുടെ രണ്ടാമത്തെ ഭാര്യ. അവരുടെ പീഡനങ്ങൾ സഹിക്കാനാവാതെ അവൾ ഒരുത്തന്റെ സഹായത്തോടെ ഒരു വീട്ടിൽ വേലക്കാരിയായി നില്ക്കുന്നു. രണ്ടാമത്തെ അമ്മ എപ്പോൾ വേണമെങ്കിലും തന്നെ കണ്ടുപിടിക്കുമെന്നും അവിടെനിന്നു കൂട്ടിക്കൊണ്ടുപോകുമെന്നും അവൾക്കു പേടി. പേടിയിൽനിന്നു് അവളെ മോചിപ്പിക്കാനായി ഗൃഹനായിക ഒരു കള്ളം പറയുന്നു. അവരുടെ ബന്ധുവായ ഒരു മദ്ധ്യവയസ്കൻ അവളെ വിവാഹംകഴിക്കാൻ സന്നദ്ധനാണെന്നു്. അയാളുടേതായി ഒരു കള്ളയെഴുത്തു് ഉണ്ടാക്കി അവർ സുഹാസിനിയെ വായിച്ചുകേൾപ്പിക്കുന്നു. ന്യൂറോസിസോളമെത്തിയ ആ പാവപ്പെട്ട പെണ്ണു് അതൊക്കെ വിശ്വസിക്കുന്നു. അവൾ ഒററയ്ക്കു വീട്ടിലിരിക്കുമ്പോൾ അവിടെ വന്നുകയറുന്ന മദ്ധ്യവയസ്കൻ അവളുടെ വിശ്വാസ്യതയെ ചൂഷണം ചെയ്യുന്നു. ചാരിത്രം ധ്വംസിക്കപ്പെട്ട സുഹാസിനി തകർന്നടിയുന്നു.

ഗൃഹനായികയുടെ സ്വഭാവത്തിന്റെ അവിശ്വാസ്യതയും അതുളവാക്കുന്ന ദൗർബ്ബല്യവുമാണ് ഈ കഥയുടെ ദൗർബ്ബല്യം. വീട്ടിലെപ്പോഴും കരഞ്ഞുകൊണ്ടു

> പ്രസംഗം തുടങ്ങി അഞ്ചുമിനിററു കഴിഞ്ഞപ്പോൾ പട്ടം താണുപിള്ള എന്നെ നോക്കി ഒരു ചോദ്യം. ''ഏയ്, കേരള കാളിദാസന്റെ ആ ശ്ലോകത്തിന്റെ തുടക്കമെങ്ങനെ?'' ഏതു ശ്ലോകമെന്നറിയാതെ ഞാനെങ്ങനെ മറുപടി പറയും? ഞാൻ മിണ്ടാതിരുന്നു. ഉടനെ പട്ടം: ''മലയാളം പഠിപ്പിക്കുകയല്ലേ കോളേജിൽ? എന്നിട്ടു് ഈ ശ്ലോകമറിഞ്ഞുകൂടേ നിങ്ങളെ വാദ്ധ്യാരായി നിയമിച്ചതാരു്?''

നില്ക്കുന്ന വേലക്കാരി വീട്ടുകാർക്കൊക്കെ ഉപദ്രവക്കാരിയാണു്. അവളെ ഏവരും വെറുക്കും. വിശേഷിച്ചു ഗൃഹനായിക. ചെല്ലമ്മജോസഫിന്റെ കഥാപാത്രം വെറുക്കാത്തതു് അവരുടെ അതിരുകടന്ന ദയകൊണ്ടാണു്. അത്ര കാരുണ്യമുള്ള ഒരു സ്ത്രീ ഒരു കൊച്ചുപെണ്ണിനെ വാർദ്ധക്യത്തിലേക്കു ചെല്ലുന്ന ഒരുത്തനുകെട്ടിച്ചു കൊടുക്കാമെന്നു കള്ളം പറയുമോ? പറഞ്ഞാലും അയാളുടേതായ പ്രേമലേഖനമെഴുതി അവളെവായിച്ചു കേൾപ്പിക്കുമോ? സത്യത്തിന്റെ കഴുത്തറുക്കുന്ന ഈ പ്രവൃത്തി അസത്യത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നു. ദീർഘതയിലേക്കു വലിച്ചുനീട്ടിയ അവാസ്തവികതയാണ് ഇക്കഥ. ആഖ്യാനത്തിന്റെ തിളക്കമുണ്ട് ഇതിൽ. കഥയുടെ ആന്തരതലം അസത്യാത്മകവും. ബുദ്ധിശൂന്യന്റെ ചിരിപോലെയാണിതു്. ചിരിക്കു ഭംഗിയുണ്ട്. പക്ഷേ അയാളുടെ മസ്തിഷ്കം പ്രയോജനശൂന്യവും.

* * *

കഴിഞ്ഞവർഷം ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രസംഗിക്കാൻപോയി. സമ്മേളനദിനമെത്തി. ഉച്ചയ്ക്കു രണ്ടുമണിക്ക് ഒരു 'വാൻ' വീട്ടിന്റെ മുൻപിൽ വന്നുനിന്നു. വിനയംകലർന്ന പുഞ്ചിരിയോടെ ഒരു നമ്പൂതിരിപ്പയ്യൻ ''സാർ പോകാ''മെന്നു പറഞ്ഞു. ''കാറെവിടെ'' എന്നു് എന്റെ ചോദ്യം. ''വാൻ കൊണ്ടുവന്നിട്ടുണ്ട്'' എന്നു മറുപടി. ഞാൻ പറഞ്ഞു ''വാൻ വേണ്ടായിരുന്നു. വള്ളമില്ലേ ആലപ്പുഴയിൽ. ഇവിടെ ചാക്കക്കടവിൽനിന്നു കയറിയാൽ ആലപ്പുഴെ വാടത്തോട്ടിലടുക്കും. വള്ളം, അവിടെനിന്നു ചക്കടാവണ്ടിയിൽ കയറിയാൽ മെഡിക്കൽകോളേജിലെത്താം. വള്ളം കൊണ്ടുവരൂ. ഞാൻ വരാം.'' വിളിക്കാൻ വന്ന ബാലന്റെ വൈഷമ്യം കണ്ടു ഞാൻ വാനിൽ കയറി. തിരയടിയുടെ കളിലേക്കു ചെന്നിട്ട് താഴത്തേക്കു നോക്കി. പിന്നെയും മുകളിലേക്കു പോകുക. ഇതിനുതുല്യമാണു് യാത്ര. അഞ്ചുമണിക്ക് ആലപ്പുഴെ എത്തി. പ്ളാററ്ഫോമിൽ വിലക്ഷണമായ ഡിസ്കോ സംഗീതം, റോക്ക് ആൻഡ് റോൾ ഡാൻസ്. അഞ്ചുമണിതൊട്ട് രാത്രി പത്തുമണിവരെ ഒരു മുറിയിൽ ഒററയ്ക്കിരുന്നു. നേഷനൽ ഇൻഷ്വറൻസ് കോർപ്പൊറേഷൻ മാനേജർ കൃഷ്ണകുമാർ ചിലപ്പോഴൊക്കെ വന്നു സംസാരിക്കും. ഇല്ലെങ്കിൽ ഞാൻ ആരുംകാണാതെ ഹോഡിലിറങ്ങി ബസ്സിൽ കയറി തിരുവനന്തപുരത്തേക്കു പോരുമായിരുന്നു. പത്തുമണിക്കു പ്ളാററ്ഫോമിലേക്കു എന്നെ കൊണ്ടുപോയി. ഞാൻ എഴുന്നേററു. രണ്ടു വാക്യം പറഞ്ഞു. അത്രതന്നെ കൂവൽ, ബഹളം. ഞാനിരുന്നു. ഇരുന്നില്ലെങ്കിൽ കല്ലേറ് ഉണ്ടാകുമായിരുന്നു. ഉടനെതന്നെ വാനിൽക്കയറി. ശ്രീ പത്മനാഭൻ പാല്പടലിൽ അനന്തനിൽ കിടക്കുമ്പോൾ തിരയടിയേററ് പൊങ്ങുകയും താഴുകയും ചെയ്യുമല്ലോ. അതുപോലെ പൊങ്ങിയും താണും സാക്ഷാൽ ശ്രീ പദ്മനാഭനോയി ഞാൻ തിരുവനന്തപുരത്തേക്കു യാത്രചെയ്തു. നമ്പൂതിരിപ്പയ്യൻ (എം. ബി. ബി. എസ്സ്. വിദ്യാർത്ഥി) ഹരിപ്പാട്ടോ മററോ വച്ച് വാനിൽനിന്നു ഇറങ്ങിപ്പോയി. പോകുന്നതിനുമുൻപ് എന്റെ കാലിൽ തൊട്ടു മാപ്പുപറഞ്ഞു. 'സാരമില്ല' എന്നു ഞാനും പറഞ്ഞു. ഈ സംഭവം ഞാനോർമ്മിച്ചതു് മനോരമ ആഴ്ചപ്പതിപ്പിൽ മോപസാങ്ങ് വാലത്തു് വരച്ച ഹൃദ്യമായ ഹാസ്യചിത്രം കണ്ടതുകൊണ്ടാണു്. പ്രസംഗിക്കാൻ കോളേജിൽ പോകുന്നവന്റെ ദുരന്തം അദ്ദേഹം അഭിനന്ദനാർഹമായ വിധത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

(15–ാം പേജിൽനിന്നു തുടർച്ച)

ഏഴു പത്രലേഖകരുടെ ഭാഷ്യത്തിനു് ബാലകൃഷ്ണപിള്ളയുടെ പ്രസ്താവനയേക്കാളേറെ അവർ വില കല്പിക്കുകയും ചെയ്തു. ആ ലേഖകരിൽ ചിലരെങ്കിലും, അവർ സാക്ഷ്യപ്പെടുത്തിയ പ്രസംഗത്തിന്റെ ആപൽക്കരവും അതുകൊണ്ടുതന്നെ വാർത്താപ്രധാനവുമായ അംശം റിപ്പോർട്ട് ചെയ്യാൻപോലും വിട്ടുപോയെന്നതു് പരിഹാസ്യമായ വസ്തുതയായി അവശേഷിക്കുന്നു.

ബാലകൃഷ്ണപിള്ള ചെയ്തതായി പറയുന്ന പ്രസംഗത്തെത്തുടർന്നുളവായ വികാരം വിചിത്രമായൊരു മാനസിക സാംക്രമികരോഗംപോലെ കേരളമെങ്ങും പടർന്നുപോയി. അതിനു കാരണം, തെളിയിക്കാവുന്ന വസ്തുതയിലുള്ള ബോധ്യമല്ല, സാദ്ധ്യതയിലും സംഭാവ്യതയിലുമുള്ള അന്ധമായ വിശ്വാസമാകുന്നു. ആ വിശ്വാസത്തെ, ആ ധാരണയെ സാംക്രമികസ്വഭാവം നൽകി ഊട്ടിയുറപ്പിച്ച പത്രപ്രവർത്തനശൈലിയും രാഷ്ട്രീയതന്ത്രവും ആത്യന്തികമായി നോക്കുമ്പോൾ ഏറെ ഹാനികരമാകും.

സാദ്ധ്യതകളേയും സംഭാവ്യതകളേയും ഊഹിച്ചും വിലയിരുത്തിയും പത്രലേഖകർ എഴുതുന്ന നിഗമനങ്ങളും, ആ നിഗമനങ്ങളെ ഏറ്റുപിടിച്ചുകൊണ്ടു് പ്രസ്താവനകൾ നിർമ്മിക്കുന്നവർ ഉന്നയിക്കുന്ന ആരോപണങ്ങളും ആരുടേയും ഇൻറഗ്രിററി ചോദ്യംചെയ്യുന്നതുവരെ പോകരുതു്. വസ്തുനിഷ്ഠമായി, അസന്ദിഗ്ദ്ധമായി തെളിയിക്കാൻ കഴിയാത്തിടത്തോളം, ആരുടേയും ഇൻറഗ്രിററിക്കെതിരെ വെല്ലുവിളി ഉയർത്തുന്ന ആരോപണം ഉന്നയിക്കുന്നതു് ബൗദ്ധികമായ ഫാസിസമാണു്. അതു വർജ്ജിക്കുകയെന്നതാണു് പത്രപ്രവർത്തനത്തിന്റെയെന്നല്ല ഏതു തുറയിലുള്ള പ്രവർത്തനത്തിന്റെയും ജനാധിപത്യപ്രമാണം. അതനുവർത്തിച്ചാലേ, വല്ലപ്പോഴും തമ്മിലടിച്ചാലും തലതല്ലിക്കീറി നശിക്കാതെ സമൂഹജീവിതം പുലരുകയുള്ളു.

സർക്കാർ സ്ഥാപനങ്ങളിൽ മേലുദ്യോഗസ്ഥന്മാർ കീഴുദ്യോഗസ്ഥന്മാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് എഴുതുമ്പോൾ അനുവർത്തിക്കുന്ന ഒരു നയമുണ്ടു്. ഏതു കോളത്തിലും എന്തഭിപ്രായവും എഴുതിച്ചേർക്കാമെങ്കിലും, ഇൻറഗ്രിററിക്കെതിരെ ആരും പ്രകടമായൊന്നും കുറിക്കാറില്ല, തെളിയിക്കപ്പെട്ട വസ്തുതകളില്ലെങ്കിൽ, പലരും എഴുതാറു്, കീഴുദ്യോഗസ്ഥന്റെ ഇൻറഗ്രിററിയെപ്പററി പ്രതികൂലമായി ഒന്നും കേട്ടിട്ടില്ലെന്നത്രെ. സൗകര്യപ്രദമായ ഈ ചേരിചേരായ്മ പാലിക്കുന്നതു് ഇൻറഗ്രിററിക്കുനേരെ ചോദ്യചിഹ്നമിട്ടാൽ പിന്നെ ആ കീഴുദ്യോഗസ്ഥനെ വച്ചിരിക്കാൻ കൊള്ളില്ലാത്തതുകൊണ്ടാണു്. വസ്തുനിഷ്ഠമായി ഇൻറഗ്രിററി ചോദ്യംചെയ്യപ്പെട്ടാൽ, പിന്നെ അയാൾക്കു് ഊരുവിലക്കുതന്നെ ഗതി—ഉദ്യോഗസ്ഥനായാലും മന്ത്രിയായാലും ആരായാലും.

പരക്കെ അറിയാവുന്ന അഴിമതിരഹസ്യങ്ങളെക്കുറിച്ചെഴുതുമ്പോൾ, പത്രലേഖകരും സാമാന്യേന പാലിക്കുന്ന നയം ഇതുതന്നെ. കൈക്കൂലിയുടെ കഥകൾ എത്രയോ നമുക്കറിയാം. അവയിൽ പലതും പൂർണ്ണമായും, പലപ്പോഴും കേൾക്കുന്നതിൽ കൂടുതലായും, സത്യമാണെന്നുമറിയാം. അതെല്ലാം കണ്ടുമാനം അച്ചടിച്ചു നിരത്താത്തതു് മാനനഷ്ടക്കേസ് വരുമെന്ന പേടികൊണ്ടു മാത്രമല്ല, ഒരു പക്ഷേ നിരപരാധിയെന്നു് തെളിഞ്ഞേക്കാവുന്ന ഒരാളുടെ ഇൻറഗ്രിററി കാലേക്കൂട്ടി ചോദ്യം ചെയ്യുന്നതു് മര്യാദയല്ലെന്ന കൺവിക്ഷൻകൊണ്ടുകൂടിയാകുന്നു. ഒരു കരാറിലേയോ, നിയമനത്തിലേയോ കച്ചവടത്തിലേയോ, പ്രകടമായ പൊരുത്തക്കേടുകൾമാത്രം മറനീക്കിക്കാണിച്ചു് റിപ്പോർട്ടർ പിൻവാങ്ങുന്നു, കൈക്കൂലിയുടെ കാര്യം ഊഹത്തിനു വിട്ടുകൊണ്ടു്. ഏതു സാമൂഹ്യവ്യാപാരത്തിലും അനുവർത്തിക്കേണ്ട ഈ മര്യാദയും കൺവിക്ഷനും കൈവിട്ടുകളിച്ചാലുണ്ടാവുന്ന സ്ഥിതി മന്ത്രിക്കും പ്രതിപക്ഷനേതാവിനും പത്രലേഖകനും ന്യായാധിപനും സുഖകരമാവില്ല.

ബാലകൃഷ്ണപിള്ളയുടെ പ്രസംഗത്തെച്ചൊല്ലിയുണ്ടായ വിവാദത്തിന്റെ ഒരു വിദൂര സമാന്തരത്വം ഞാൻ സങ്കല്പിക്കട്ടെ. എം. വി. രാഘവൻ മുഖ്യമന്ത്രിയാകുന്നു. ഒരു പ്രസംഗത്തിൽ അദ്ദേഹം ഇന്ത്യയുടെ ഒരു ഭാഗം ചൈനയിൽ ചേർക്കണമെന്നു് അഭിപ്രായപ്പെട്ടതായി, ഇന്നത്തെ പത്രപ്രവർത്തന കാലാവസ്ഥയിൽ, എവിടെയെങ്കിലും അച്ചടിച്ചുവരുത്താവുന്നതേയുള്ളു. കാളപെറെന്നു കേട്ടാൽ കയർമാത്രമല്ല പാൽക്കുടംകൂടി എടുത്തോടുന്ന രാഷ്ട്രീയപ്രവണത വ്യാപകമാകുന്ന സന്ദർഭത്തിൽ, രാഘവന്റെ രാജ്യദ്രോഹത്തെപ്പററി ഒന്നോ രണ്ടോ പ്രസ്താവനകളും ഒരു പ്രിയദർശിനി കക്ഷിയിൽനിന്നോ മറേറാ അരഡസൻ റിട്ട്ഹർജികളും അനിവാര്യമാക്കാം. രാഘവൻ രാജിവയ്ക്കണമെന്നു് അദ്ദേഹംതന്നെ ആവശ്യപ്പെടുമോ? ഇ. എം. എസ്സിന്റെ ഒന്നിലധികം നിരീക്ഷണങ്ങൾ, അദ്ദേഹം പലവട്ടം വിശദീകരിച്ചിട്ടും, തെററിദ്ധരിപ്പിക്കുംവിധം നിരന്തരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കാര്യംകൂടി ഇവിടെ ഓർക്കുക.

സ്വന്തം അപ്രമാദിത്വത്തിലുള്ള വിശ്വാസവും ന്യായാധിപന്റെ വേഷമണിയാനുള്ള വ്യഗ്രതയും മൂലം, കരുണാകരന്റെ ഫോൺവിളിയെ, അദ്ദേഹം നടത്തിയതായി പറയുന്ന ഫോൺവിളിയെ, കേന്ദ്രീകരിച്ചുണ്ടായ വിവാദത്തിൽ പത്രലേഖകർ അനുഷ്ഠിച്ച സേവനം എത്രയോ പ്രോജ്ജ്വലമാകുന്നു. ഈ ഹസ്യനാടകത്തിൽ സൃഷ്ടിയുടെയും സ്ഥിതിയുടെയും സംഹാരത്തിന്റെയും പൗരാണികമായ കർത്തവ്യമേററെടുത്തുകൊണ്ടു് പത്രലേഖകർ അരങ്ങുതകർക്കുകതന്നെ ചെയ്തു. കരുണാകരൻ കാലിടറി വീഴുകയോ തലയുയർത്തി നിൽക്കുകയോ ചെയ്യട്ടെ; ഒരാൾ ഒരു ഫോൺവിളി നടത്തിയെന്ന കുററം പോലും വിചാരണയില്ലാതെ വിധി പറയാറാക്കുന്ന സ്ഥിതി സൃഷ്ടിക്കുന്നതിലെ, മര്യാദയായി പറഞ്ഞാൽ, മര്യാദകേടു നമുക്കാലോചിക്കേണ്ടതുള്ളു.

ഫോറൻസിക് ഡോക്ടറുകളുടെ അസ്സലുകളുടേയും നക്കലുകളുടെയും കഥയിലേക്കു കടക്കേണ്ട. ഒരേ രേഖയ്ക്കു് രണ്ടു് അസ്സലുകൾ ഉണ്ടാകുന്ന യക്ഷകഥാസന്ദർഭത്തിലെ സത്യംപോലും അംഗീകരിക്കാം. പക്ഷേ, ആ അസ്സലുകളിലൊന്നുപോലും കരുണാകരൻ ബാലകൃഷ്ണപിള്ളയുടെ കേസ്സിൽ ജസ്ററിസ് രാധാകൃഷ്ണമേനോനെ ഫോണിൽ വിളിച്ചു സ്വാധീനിച്ചുവെന്നു് സ്ഥാപിക്കുന്നില്ല. ഫോണിൽ വിളിച്ചുവെന്നും സ്ഥാപിക്കുന്നില്ല. കരുണാകരന്റെ വീട്ടിലൊരാൾ തന്നെ രാധാകൃഷ്ണമേനോന്റെ ഫോൺ കേടാണെന്നു് പരാതിപ്പെട്ടെന്നുപോലും സ്ഥാപിക്കുന്നില്ല.

ഞാൻ ഉയർത്തുന്ന പ്രശ്നം ഫോൺവിളിയുടെ നിജസ്ഥിതിയല്ല, അതിന്റെ സ്ഥാപനീയതയാണു്; തീർത്തും സ്ഥാപനീയമല്ലാത്ത കാര്യം, പത്രങ്ങളോ രാഷ്ട്രീയകക്ഷികളോ പൊതുജനമൊന്നടങ്കമോ ആവർത്തിച്ചുപറഞ്ഞാൽ സത്യമായംഗീകരിക്കണമെന്നു് ശഠിക്കുന്നതിലെ പ്രവൃത്തിപരമായ സദാചാരരാഹിത്യമാണു്. അങ്ങനെ ഒരുഫോൺവിളി ഉണ്ടായിരുന്നെങ്കിൽ, അതു് കരുണാകരന്റെ വീട്ടിൽനിന്നായിരിക്കാമെന്നതു് ഒരു സാദ്ധ്യതമാത്രം—പേറെ ഏതു നമ്പറിൽനിന്നുമായിരിക്കാമെന്നതുപോലുള്ള ഒരു സാദ്ധ്യത. സാദ്ധ്യതയുടെ മേഖലയിൽ ഒതുങ്ങിനിന്നുകൊണ്ടു് തെളിവിന്റെ മേഖലയിൽനിന്നുകൊണ്ടുമാത്രം പറയാവുന്ന വിധി ആരും പറയാൻ ഒരുമ്പെടരുതു്. ഇവിടെ അസന്ദിഗ്ദ്ധമായ തെളിവില്ലാതെ കരുണാകരന്റെ ഇൻറഗ്രിററി ചോദ്യം ചെയ്യുമ്പോൾ, ചോദ്യംചെയ്യുന്നവരുടെ ഇൻറഗ്രിററിയും സംശയാസ്പദമാകും. അതു വഴിയുണ്ടാകാവുന്ന സമൂഹത്തിന്റെ മൊത്തത്തിലുള്ള ഇൻറഗ്രിററിയുടെ ചോർച്ചയെ കല്ലട അണക്കെട്ടിലെ ചോർച്ചയേക്കാൾ ഗൗരവത്തോടെ കാണണം.

എന്നാലും ഒരുവാദം മനസ്സിലാക്കാം. കരുണാകരന്റെ പ്രവർത്തനശൈലി വച്ചുനോക്കുമ്പോൾ ഇതെല്ലാം നടന്നിരിക്കാമെന്നു കരുതിക്കൂടേ എന്നാണു് ചോദ്യം. നോക്കൂ, സാദ്ധ്യത സത്യമാണെന്നു ശഠിക്കാനുള്ള ഭ്രാന്തമായ പ്രവണത അതാവീണ്ടും ചോദ്യരൂപത്തിൽ വരുന്നു. കരുണാകരന്റെ മുൻകാലചെയ്തികളിലൂടെ അദ്ദേഹം ആർജ്ജിക്കുകയോ നശിപ്പിക്കുകയോ ചെയ്ത വിശ്വാസ്യതയുടെ അടിസ്ഥാനത്തിൽ, അദ്ദേഹം ഫോൺവിളി നടത്തിയിരിക്കാനിടയുണ്ടെന്നു് വേണമെങ്കിൽ ധരിച്ചുകൊള്ളുക. എന്നാൽ സാദ്ധ്യതയെക്കുറിച്ചുള്ള ആ സങ്കല്പം തെളിവു വേണ്ടാത്ത സത്യമാണെന്നു വിശ്വസിക്കരുതു്, വിധി പറയരുതു്. സങ്കല്പത്തെ സ്വയം സ്പഷ്ടമായ സത്യമായും പിന്നെ അനിഷേധ്യമായ വിധിന്യായമായും അംഗീകരിക്കണമെന്നു് നിർബ്ബന്ധിക്കുമ്പോൾ, വ്യക്തിയുടെ തലതിരിയുന്നു, സമൂഹത്തിന്റെ അടിപുഴകുന്നു.